വാല്യം 104

പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*


1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി


# സമഗ്ര വികസനം-ഒരു മാർഗ്ഗ


## കൊടുമ്പ് പഞ്ചായത്ത്

# ജനകീയാസൂത്രണം

## 1996






**മുഖചിത്രം:**

1. ശോകനാശിനിപ്പുഴ
2. കൊടുമ്പ് സുബ്രഹ്മണ്യക്ഷേത്രം
3. കൊടുമ്പ് ഗ്രാമദൃശ്യം
4. തസ്റാക്ക് പള്ളി
5. കണ്ണാടി അകപ്പാക്കട്ട്
6. തിരുവാലത്തൂർ രണ്ടുമൂർത്തിക്ഷേത്രം

**അവസാനചുറ:**


ചെയ്തിരുന്നത് – വൈജുദേവ്

104-1



പ്രസിഡണ്ട്
കൊടുമ്പ ഗ്രാമ പഞ്ചായത്ത

# PALAKKAD DISTRICT






## രൂപശില്പം-സംയോജനം

എ.പി.ചന്ദ്രഹാസൻ
എൻ.സ്വാമിദാസ്
എം.മോഹൻദാസ്

## മാർഗ്ഗരേഖ

പി.പി.കിട്ട
ഡോ:ശുദ്ധോധനൻ
വി.പങ്കുണ്ണി
ആർ.മുരളീധരൻ
ടി.പി.ചാമി
കുഞ്ഞുകുട്ടൻ
പി.വി.സത്യഭാമ
ആർ.ഗോപാലകൃഷ്ണൻ
പി.ഷൺമുഖദാസ്
എം.ഹരിദാസ്
ടി.ശ്രീധരൻ
പി.ഗോപാലൻ
കെ.ആറുമുഖൻ
കെ.കുട്ടികൃഷ്ണൻ
കെ.കെ.ഹരിഹരനാഥൻ
എസ്.മുഹമ്മദ്
മാണിക്യൻ മാസ്റ്റർ
സി.ഗോപിനാഥൻ
പി.ഗംഗാധരൻ
ജയറാം.കെ.

## സാങ്കേതിക സഹായം:

എം.രഘുനന്ദനൻ
ഡോ.തങ്കപ്പൻ
എസ്.ശ്രീനാഥൻ
വി.കെ.അശോകൻ
കെ.ഗോപിനാഥൻ നായർ
ഡോ:എൻ.പി.മാധവൻ
എൻ. രാജീവൻ
കെ.കെ.കുട്ടൻപിള്ള
അംബുജാക്ഷൻ
ടി.പൊന്നപ്പൻ
സിന്ധു.പി.കെ.

## കല

ബൈജുദേവ്, ജയറാം.കെ.

## ദലങ്ങൾ


### ഒന്ന്

### തിരനോട്ടം

1. പഞ്ചായത്ത് ഒറ്റനോട്ടത്തിൽ 7
2. മുഖമൊഴി 9
3. കൊടുമ്പ് പഞ്ചായത്ത്: അന്നും ഇന്നും 12
4. സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ 13
5. നവോത്ഥാനത്തിന്റെ കാലൊച്ചകൾ 18
6. പഠനപര്യടനം 21
7. ഭൂവിഭവം : ജലവിഭവം : ജനവിഭവം 25
8. നാം മുന്നോട്ട് 28

### രണ്ട്

### വികസനമേഖലകൾ

1. കൃഷിയും ജലസേചനവും 29
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും 40
3. വിദ്യാഭ്യാസം 48
4. വ്യവസായം 60
5. കുടിവെള്ളവും പൊതുജനാരോഗ്യവും 65
6. ഗതാഗതവും ഊർജ്ജവും 71
7. പാർപ്പിടവും സാമൂഹ്യക്ഷേമവും 86
8. സംസ്കാരം, ടൂറിസം 98
9. വനിത 107
10. സഹകരണം 112
11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 120
12. വിഭവസമാഹരണം 127

### മൂന്ന്

### ദർപ്പണം 139


### ജനകീയാസൂത്രണ സമിതി

എ.പി.ചന്ദ്രഹാസൻ
പി.വി.സത്യഭാമ
എൻ.സ്വാമിദാസ്
പി.ഷൺമുഖദാസ്
പി.ഗോപാലൻ
എസ്.മുഹമ്മദ്
ടി.സന്തോഷ്കുമാർ
എ.അശോക്കുമാർ
വാഴൂർ വാസുദേവൻ
രാജൻ

**DTP & PRINTING:** SINCERE OFFSET, Palakkad. Ph: 530164, 539032, 520176


# ഭരണസാരഥികൾ

| | | |
|---|---|---|
| പാർലിമെന്റ് അംഗം | : | എൻ.എൻ. കൃഷ്ണദാസ് |
| അസംബ്ലി അംഗം | : | ടി.കെ. നൗഷാദ് |
| ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് | : | കെ.വി.വിജയദാസ് |
| ജില്ലാ പഞ്ചായത്ത് മെമ്പർ | : | ലളിതാ മേനോൻ |
| ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | : | സേതുമാധവൻ.പി. |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | : | പി.വി.സത്യഭാമ |


## കൊടുമ്പ് ഗ്രാമപഞ്ചായത്ത്



പി.പി.കിട്ട
(പ്രസിഡന്റ്)



കെ.ആർ.കുമാരൻ
(വൈസ് പ്രസിഡന്റ്)




കെ.രാജൻ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

### മെമ്പർമാർ

1. കെ.രാജൻ
2. ആർ.ചൊക്കനാഥൻ
3. ഇ.പാഞ്ചാലി
4. പി.പി.കിട്ട
5. കെ.ആർ.കുമാരൻ
6. ജി.പത്മിനി
7. പി.എസ്.മുത്തുകൃഷ്ണൻ
8. പി.ഗോപാലകൃഷ്ണൻ
9. എം.സുജാതകുമാരി

ഗ്രാമപഞ്ചായത്ത് സെക്രട്ടറി: എ. ബാലചന്ദ്രൻ

# കൊടുമ്പ് ഗ്രാമപഞ്ചായത്ത്



ഭാരതീയ ഹൃദയങ്ങളിൽ

അക്ഷരങ്ങളുടെ ചൈതന്യദീപം കൊളുത്തിയ

നമ്മുടെ പ്രിയങ്കരിയായ ജന്മഭൂമി

ഒരിക്കൽകൂടി മറ്റൊരു മഹായജ്ഞത്തിന്

കർമ്മവേദിയൊരുക്കുകയാണ്.

അധികാരം—ദന്തഗോപുരങ്ങളിൽ നിന്നിറങ്ങി,

ഗ്രാമീണരും നഗരവാസികളുമായ

സാമാന്യ ജനങ്ങളുടെ മുന്നിലെത്തുന്നു.

രാഷ്ട്രപിതാവിന്റെ സ്വപ്നസാക്ഷാത്കാരമായ

ഗ്രാമസ്വരാജിന്റെ ഉണർത്തുപാട്ടുമായി

ദശലക്ഷക്കണക്കായ ഭാരതീയ ഗ്രാമങ്ങൾക്കു മാർഗ്ഗദീപമായി

ആത്മവിശ്വാസപ്രചോദനമായ ഒരിതിഹാസമായി

ഒമ്പതാം പദ്ധതിയെ

ജനകീയ പദ്ധതിയാക്കി രൂപാന്തരം നൽകുകയാണ്.

ഇവിടെ നാം വിലമതിക്കാനാവാത്ത ജനക്ഷേമപദ്ധതികളുടെ

കർമ്മഭടന്മാരായി മാറുകയാണ്.

വികസനത്തിന്റെ നാട്ടുപാതകൾ

രാജവീഥികളായ് മാറ്റുമ്പോൾ

നാം നേരിടേണ്ടി വരുന്ന വെല്ലുവിളികൾ അസംഖ്യമാണ്.

മഹത്തായൊരു ലക്ഷ്യപ്രാപ്തിക്കായ്—

ദേശഭേദങ്ങളും മതദ്വേഷങ്ങളും വെടിഞ്ഞ്

നാം ഒന്നിച്ചാണായ്

ക്ഷേമത്തിന്റെ—ഐക്യത്തിന്റെ ഗാഥകൾ പാടുകയാണ്.

മൂന്നുകോടിയോളം വരുന്ന

പ്രബുദ്ധരായ ഒരു ജനസഞ്ചയത്തിന്റെ കരങ്ങളിലേക്ക്

നമ്മുടെ പ്രിയങ്കരനായ രാഷ്ട്രപിതാവിന്റെ സ്വപ്നങ്ങൾ

ഒരായിരം സുഗന്ധ പുഷ്പങ്ങളായ് കൈമാറുകയാണ്




# 1. പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | | |
|---|---|---|---|
| പഞ്ചായത്തിന്റെ പേര് | | : | കൊടുമ്പ് ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | | : | കൊടുമ്പ്<br>കണ്ണാടി - II |
| ജില്ലാപഞ്ചായത്ത് | | : | കൊടുവായൂർ ഡിവിഷൻ. |
| ബ്ലോക്ക് പഞ്ചായത്ത് | | : | പാലക്കാട് |
| താലൂക്ക് | | : | പാലക്കാട് |
| അസംബ്ലി മണ്ഡലം | | : | പാലക്കാട് |
| പാർലമെന്റ് മണ്ഡലം | | : | പാലക്കാട് |
| വിസ്തീർണ്ണം | | : | 25.42 ചതുരശ്ര കി.മി. |
| അതിരുകൾ | വടക്ക് | : | മരുതറോട് ഗ്രാമപഞ്ചായത്ത്,<br>NH 47, പാലക്കാട് മുനിസിപ്പാലിറ്റി. |
| | കിഴക്ക് | : | പൊൽപ്പുള്ളി, എലപ്പുള്ളി<br>ഗ്രാമ പഞ്ചായത്തുകൾ |
| | തെക്ക് | : | പെരുവെമ്പ് ഗ്രാമപഞ്ചായത്ത് |
| | പടിഞ്ഞാറ് | : | പാലക്കാട് മുനിസിപ്പാലിറ്റി,<br>കണ്ണാടി ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| ജനസംഖ്യ: ( 1991 ) | : | 18034 |
| പുരുഷൻ | : | 8897 |
| സ്ത്രീ | : | 9137 |
| ജനസാന്ദ്രത | : | 709 |
| അക്ഷരാഭ്യാസമുള്ളവർ | : | 13734 |
| വാർഡുകൾ | : | 9 |
| പ്രസിഡന്റ് | : | പി.പി.കിട്ട. |
| വൈസ് പ്രസിഡന്റ് | : | കെ.ആർ. കുമാരൻ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | കെ.രാജൻ |

# കൊടുമ്പ് ഗ്രാമപഞ്ചായത്ത്





# 2. മുഖമൊഴി

## അധികാര വികേന്ദ്രീകരണം

1997-ൽ ആരംഭിയ്ക്കുന്ന ഒമ്പതാം പഞ്ചവൽസര പദ്ധതിയുടെ അടങ്കൽ തുകയിൽ 35% മുതൽ 40% വരെയുള്ള സംഖ്യ ജനകീയ പങ്കാളിത്തത്തോടെ ഗ്രാമതലങ്ങളിൽ നിന്നും പദ്ധതികളായി രൂപപ്പെടുത്തുന്ന കർമ്മപരിപാടിയാണ് ജനകീയാസൂത്രണം അഥവാ അധികാരവികേന്ദ്രീകരണം. പ്രാദേശിക വികസന പ്രശ്നങ്ങൾ സർക്കാരിന്റെ ധന സഹായത്തോടെ ജനങ്ങൾ നേരിട്ടു നടത്തുന്ന കൂട്ടായ്മയാണ് ഈ വികസന മാതൃക. സർക്കാരിൽ നിന്നും എന്തു ലഭിക്കുമെന്നതിനെ മാത്രം ആശ്രയിച്ചല്ല; നാടിന്റെ സമഗ്രമായ വികസനത്തിനായ് ഒന്നോരുമയോടെ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് ഉറക്കെച്ചിന്തിക്കുന്ന ഒരു പുത്തൻ ശൈലിയാണ് ജനകീയാസൂത്രണം എന്നു പറയാം.

സാമൂഹ്യമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതനുസരിച്ച് വിഭവങ്ങൾ മാറ്റി വെയ്ക്കുകയും ചെയ്യുന്ന ഒരു സംരംഭമാണ് ഈ ജനകീയ പദ്ധതി. നീതി പൂർവ്വവും സമയബന്ധിതവുമായ സാമ്പത്തിക വളർച്ചക്ക് ജനകീയ പങ്കാളിത്തത്തോടുകൂടിയ ആസൂത്രണം അനിവാര്യമാണ്. കമ്പോള വ്യവസ്ഥിതിയിൽ വ്യക്തികളോ, സ്വകാര്യസ്ഥാപനങ്ങളോ, അവരുടെ സ്ഥാപിതനേട്ടങ്ങൾക്കു മാത്രമായിരിക്കും ലക്ഷ്യമിടുന്നത്. ആ വ്യവസ്ഥിതി നമ്മെ സാമ്പത്തികമായ അസമത്വത്തിലേക്കും ദാരിദ്ര്യത്തിലേക്കും വഴിതെളിയ്ക്കും. വിഭവങ്ങളുടെ ദുർവ്വിനിയോഗവും സമ്പത്തിന്റെ അമിതമായ കേന്ദ്രീകരണവും അങ്ങനെ സ്വകാര്യമേഖലയുടെ കുത്തകയായി മാറുന്നു. ഇന്ത്യയിലെ സമ്പത്ത്, വിരലിലെണ്ണാവുന്ന വ്യവസായ പ്രമുഖൻമാരുടെ കരങ്ങളിലേയ്ക്ക് ഒതുങ്ങുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനങ്ങളുടെ സംഖ്യ പെരുകാൻ അതു വഴിയൊരുക്കുന്നു.

കൃഷി, ചെറുകിട വ്യവസായം തുടങ്ങിയ വികസനമേഖലകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആരോഗ്യം വിദ്യാഭ്യാസം കലാ കായിക സംസ്കാരിക രംഗം തുടങ്ങിയവയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും വനിതകൾ ദുർബലവിഭാഗങ്ങൾ തുടങ്ങിയവരുടെ താത്പര്യങ്ങളെ പരിഗണിച്ചുകൊണ്ടും സഹകരണമേഖലയുടെ അനന്ത സാദ്ധ്യതകളെ പ്രായോഗികമാക്കിയും, സ്ഥായിയും, നീതിപൂർവ്വവും, സുതാര്യവുമായ ഒരു പുത്തൻ വികസന യജ്ഞത്തിന്റെ ശക്തിയും ചൈതന്യവുമാർജ്ജിച്ച് ആത്മവിശ്വാസത്തിന്റെയും കർമ്മശേഷിയുടെയും ശുഭദായകമായ നല്ലൊരു നാളെ നമ്മിൽ ഒരു അഗ്നിനാളം പോലെ ജ്വലിച്ചുനിൽക്കട്ടെ !

ആ പ്രകാശപ്പൊലിമയിൽ ശ്രേയസ്സിന്റെ കർമ്മപഥങ്ങളിലേക്ക് നമുക്ക് ഒരേ മനസ്സായി മുന്നോട്ടുനീങ്ങാം

## ജനകീയാസൂത്രണ പരിപാടി പഞ്ചായത്തു തലത്തിൽ

ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായി നടന്ന ഒന്നാംഘട്ട ജില്ലാപരിശീലനത്തിൽ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് അഞ്ചുപേർ പങ്കെടുത്തു. തുടർന്ന് സെപ്തംബർ 14ന് പഞ്ചാത്തുതല ഏകദിന പരിശീലനക്യാമ്പ് സംഘടിപ്പിച്ചു. 44 പുരുഷൻമാരും 22 സ്ത്രീകളും പങ്കെടുത്തു. ഗ്രാമസഭകളുടെ മുന്നോടിയായി ജനകീയാസൂത്രണ വിളംബരം നടത്തി. വാർഡുതലത്തിൽ മെമ്പർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. പ്രധാന ജംഗ്ഷനുകളിൽ ബാനറുകളും പോസ്റ്ററുകളും വച്ചു. തീയ്യേറ്ററുകളിൽ സ്ലൈഡുകൾ പ്രദർശിപ്പിച്ചു. ഒമ്പതാം പദ്ധതിയുടെ പ്രാധാന്യത്തെയും അധികാരവികേന്ദ്രീകരണത്തിന്റെ സാദ്ധ്യതകളെക്കുറിച്ചും അച്ചടിച്ച നോട്ടീസുകൾ വീടുവീടാന്തരം വിതരണം ചെയ്തു.

സെപ്തംബർ 21, 22, ഒക്ടോബർ 1,2 എന്നീ തീയ്യതികളിലായി ഗാമസഭകൾ ചേർന്നു. ഏറ്റവും കുറഞ്ഞ ജനപങ്കാളിത്തം എഴുപത്തഞ്ചും, ഉയർന്നപങ്കാളിത്തം ഇരുനൂറ്റിഅമ്പത്തിനാലും ആയിരുന്നു. ആകെ ആയിരത്തി മുന്നൂറ്റി നാല്പത്തി ഒന്നുപേർ പങ്കെടുത്തു. പുരുഷൻമാർ-1042, സ്ത്രീകൾ-299. ശരാശരി പങ്കാളിത്തം-149. കാർഷിക മേഖലയായ കൊടുമ്പിൽ കൊയ്തുകാലവും, കനത്ത മഴയും ഉണ്ടായിരുന്നതിനാൽ പ്രതീക്ഷിച്ച ജനപങ്കാളിത്തമുണ്ടായില്ല. പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ D.R.P മാർ എന്നിവർ എല്ലാ ഗ്രാമസഭകൾക്കും നേതൃത്വം നൽകി. L.R.P. മാരുടെ സേവനം സാമാന്യം തൃപ്തികരമായിരുന്നു. വികസന മേഖലകളെ 5,6,7 എന്നീ ഗ്രൂപ്പുകളായി തിരിച്ചാണ് ചർച്ച നടത്തിയത്. എല്ലാഗ്രൂപ്പുകൾക്കും ചർച്ചചെയ്യേണ്ട വിഷയങ്ങളുടെ വിശദാംശങ്ങൾ അടങ്ങുന്ന ഫോട്ടോ കോപ്പി നൽകിയിരുന്നു. ഓരോ ഗ്രൂപ്പിന്റെയും നേതൃത്വം D.R.P. മാർ തന്നെ ചെയ്തു. ഗ്രൂപ്പ് ചർച്ചക്ക് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകിയിരുന്നതിനാൽ സാമാന്യം ഭേദപ്പെട്ട ഗ്രാമസഭാ റിപ്പോർട്ടു ലഭിച്ചു.

ഒക്ടോബർ 3-ാം തീയ്യതി കർമ്മസമിതികളുടെയും L.R.P. മാരുടേയും യോഗം കൊടുമ്പ് പ്ലാസാ തീയ്യേറ്ററിൽ ചേർന്നു. 95 പേർ പങ്കെടുത്തു. പുരുഷൻമാർ 65, സ്ത്രീകൾ 30. പ്രാഥമിക, ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുവാനുള്ള പരിശീലന ക്ലാസുകൾ എടുത്തു. ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ അക്കിഡി. മാരും പഞ്ചായത്ത് ജീവനക്കാരും ചേർന്ന് ശേഖരിച്ചു. പ്രാഥമിക സ്ഥിതിവിവരക്കണക്കുകൾ ശരിയായ വിധത്തിൽ രേഖപ്പെടുത്തുവാനും അവ ക്രോഡീകരിക്കുവാനും അധികം വാർഡുകൾക്കും കഴിഞ്ഞില്ല. അതുകൊണ്ട് പുതിയതായി കുറെ ആളുകളെക്കൂടി കർമ്മസമിതിയിലേക്ക് തെരഞ്ഞെടുത്തു. ഒക്ടോബർ 14ന് ബാങ്കുഹാളിൽ L.R.P. മാരുടെയും കർമ്മസമിതിയുടെയും യോഗം ചേർന്നു; സർവ്വേയുടെ പുരോഗതി വിലയിരുത്തി, സംശയങ്ങൾക്കു നിവാരണം കണ്ടെത്തി.

കലാജാഥക്ക് പഞ്ചായത്തിലെ മൂന്നു പ്രധാനകേന്ദ്രങ്ങളിൽ സ്വീകരണം നൽകി. ജനകീയാസൂത്രണ പ്രസ്ഥാനത്തെക്കുറിച്ച് വിശകലന പ്രഭാഷണങ്ങൾ നടത്തി. സാമാന്യം നല്ല ജനപങ്കാളിത്തമുണ്ടായിരുന്നു. പ്രാഥമിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിൽ ചില വാർഡുകളിലെ മെമ്പർമാരും, L.R.P.. മാരും ഉദാസീനത കാണിച്ചിരുന്നുവെന്നത് ഖേദകരമായ ഒരു വസ്തുതയാണ് D.R.P. മാർ നേരിട്ട് കർമ്മസമിതികളോടൊപ്പം നടന്ന് പ്രവർത്തിക്കേണ്ടിവന്നു.

രണ്ടാം ഘട്ട ജില്ലാതല പരിശീലനത്തിന് അഞ്ചുപേരെകൂടി ഉൾപ്പെടുത്തി. അതുകൊണ്ട് തുടർന്നുള്ള പ്രവർത്തനങ്ങൾ വളരെ സജീവമായി നടത്തുവാൻ സാധിച്ചു.

കേരളപ്പിറവിദിനമായ നവംബർ 1 ന് നടന്ന പുനരർപ്പണദിനം ജനകീയ പങ്കാളിത്തത്തോടെ വികസന പ്രക്രിയയ്ക്ക് രൂപം നൽകി, സമുചിതമായി ആഘോഷിച്ചു. കാടാങ്കോട്, അക്ഷര നഗറിൽ വച്ചു നടന്ന പഞ്ചായത്തുതല പുനരർപ്പണ-കർമ്മപരിപാടി എം.എൽ.എ. ടി.കെ. നൗഷാദ് നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവർ പങ്കെടുത്തു. സ്വാതന്ത്ര്യസമര സേനാനി കെ.വി.മുരുകൻ സ്മാരക അനുബന്ധ റോഡ് മാനവവിഭവശേഷി കൊണ്ടും, ജനവിഹിതം കൊണ്ടും 200 മീറ്റർ നീളം പണിയെടുത്ത് പഞ്ചായത്തിനു സമർപ്പിച്ചു. തിരുവാലത്തൂർ ഗോപാൽ മെമ്മോറിയൽ ഹൈസ്കൂൾ റോഡ്, തിരുവാലത്തൂർക്ഷേത്ര കിഴക്കേനട റോഡ്, കനാൽ-കാക്കത്തറ റോഡ്, ആലയങ്കാട് റോഡ്, പൂതങ്കാട്-ശാന്തിഗിരി ആശുപത്രി റോഡ്, ചിറ്റൂർ പുഴ കനാലിലെ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട്, കാരക്കാട്-ബി.പി.എൽ. റോഡ് (6 മീറ്റർ വീതിയിൽ 400 മീറ്റർ), വാരിയത്തുകാട് റോഡ് (800 മീറ്റർ), നെല്ലിക്കാട്-ഹരിജൻ കോളനി റോഡ്, എന്നിവ ജനങ്ങൾ തന്നെ ശ്രമദാനം മൂലം നിർമ്മിച്ചു.

തസ്റാക്ക്(ഖസാക്കിന്റെ ഇതിഹാസത്തിലെ ഖസാക്ക്) പള്ളിയങ്കണത്തിൽ നിന്നും ആരംഭിച്ച്, മുല്ലേരി, പേഴുംപള്ളം കണക്കുവളപ്പ്, തിരുവാലത്തൂർ ക്ഷേത്രം, കൊടുമ്പ് ആൽത്തറ ജംഗ്ഷൻ, ചേപ്പിലം തിട്ട, കുയിലംപുള്ളി, ഊറപ്പാടം, ഊറക്കുളം, മണമ്പ്രാട്ടുകളം, തെക്കേക്കുളം, മിഥുനംപള്ളം, ധർമ്മനഗർ, അഞ്ചാംമൈൽ പുഴക്കടവ്,(മാമാങ്കം നടക്കുന്ന സ്ഥലം) വരെ നീണ്ടുനിന്ന പഠനപര്യടന യാത്രയിൽ 1) സസ്യാവരണം, 2)ജലസമ്പത്ത്, 3)ഭൂപ്രകൃതി, 4)സാംസ്കാരിക ചരിത്രം എന്നീ

നാലു ഗ്രൂപ്പുകളിലായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വനിതാ മെമ്പർ ശ്രീമതി പാഞ്ചാലി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി സത്യഭാമ എന്നിവരടക്കം 47 പേർ പങ്കെടുത്തു. പഠന പര്യടനം ഗ്രാമചേതനയുടെ സ്പന്ദനങ്ങൾ തിരിച്ചറിയാനും അമൂല്യമായ ചരിത്ര വസ്തുതകൾ ശേഖരിക്കുവാനും സഹായകമായി.

പഞ്ചായത്തതിർത്തിയിൽ വരുന്ന സർക്കാരാഫീസിലെ വകുപ്പുദ്യോഗസ്ഥൻമാരുടെ യോഗം 5-ാം തീയ്യതി രാവിലെ 10മണിക്ക് കമ്മ്യൂണിറ്റി ഹാളിൽ വച്ചു നടന്നു. ഉച്ചക്ക് മൂന്നുമണിക്ക് ശില്പശാലയും, വികസന സെമിനാറും, വിജയപ്രദമാക്കുവാൻ വിവിധസംഘടനാ നേതാക്കളുടെയും, സന്നദ്ധ പ്രവർത്തകരുടേയും, സ്ഥലത്തെ പ്രമുഖ വ്യക്തികളുടേയും, യോഗം ചേർന്ന് സ്വാഗതസംഘം രൂപീകരിച്ചു.


പഞ്ചായത്ത് തല ശില്പശാല നവംബർ 8-ാം തിയ്യതി കൊടുമ്പ് A.G.M.U.P സ്കൂളിൽ വച്ച് നടന്നു. 29 വകുപ്പുദ്യോഗസ്ഥന്മാരും 149 ഗ്രൂപ്പ് കൺവീനർ മാരും പങ്കെടുത്തു. പതിമൂന്ന് ഗ്രൂപ്പുകളാക്കി തിരിച്ച്, സാങ്കേതിക വിദഗ്ദ്ധൻമാർ ചർച്ച നയിച്ചു. ഗ്രാമസഭാ റിപ്പോർട്ടുകളും പഞ്ചായത്തല നിർദ്ദേശങ്ങളും സമഗ്രമായി ചർച്ച ചെയ്യപ്പെട്ടു.

നവംബർ-16,17 എന്നീ തിയ്യതികളിലായിശില്പശാലാറിപ്പോർട്ടുകൾ രൂപവൽക്കരിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പ് കൺവീനർമാരുടേയും, വകുപ്പുദ്യോഗസ്ഥൻമാരുടേയും യോഗം ചേർന്നു.



"പക്ഷിമൃഗാദികളെപ്പോലെതന്നെ ഓരോ മനുഷ്യനും ജീവിതാവശ്യങ്ങൾ ലഭിക്കുന്നതിന് തുല്യാവകാശമുണ്ട്"

— ഗാന്ധിജി



# 3. കൊടുമ്പ് പഞ്ചായത്ത്-അന്നും ഇന്നും

കേരള സംസ്ഥാനം രൂപം കൊള്ളുന്നതിനു മുൻപ് മദിരാശി സംസ്ഥാനത്തിലെ മലബാർ ജില്ലയിൽപെട്ട പാലക്കാട് താലൂക്കിലെ ഒരു പ്രദേശമായിരുന്നു കൊടുമ്പ്. നഗരത്തിൽ നിന്നും ഏകദേശം 5 കിലോമീറ്ററോളം ദൂരെ സ്ഥിതിചെയ്യുന്ന കൊടുമ്പ് ദേശത്ത് സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് അധികാരിയും, സ്ഥലത്തെ പൌരമുഖ്യന്മാരായ രണ്ടോ മൂന്നോ ഭൂവുടമകളും അടങ്ങിയ ബ്രിട്ടീഷ്കാരുടെ വില്ലേജ് പഞ്ചായത്ത് വ്യവസ്ഥയാണ് നിലവിലുണ്ടായിരുന്നത്. സ്വതന്ത്ര്യാനന്തര ഭാരതത്തിൽ മിനി പഞ്ചായത്തുകൾ നിലവിൽ വന്നു. കൊടുമ്പ്, ഓലശ്ശേരി, തിരുവാലത്തൂർ എന്നിവയായിരുന്നു അന്നത്തെ മിനി പഞ്ചായത്തുകൾ. 1964 വരെ ആ വ്യവസ്ഥയിലായിരുന്നു ഗ്രാമഭരണം നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്. നാട്ടുകൂട്ടം കൂടി കൈപൊക്കി ഭൂരിപക്ഷം തെളിയിച്ചാണ് പ്രസിഡന്റിനെയും ഔദ്യോഗിക ഭാരവാഹികളെയും അന്നു തെരഞ്ഞെടുത്തിരുന്നത്.

ഓലശ്ശേരി-ആദ്യത്തെ പ്രസിഡന്റ്-നടേശൻപിള്ള
കൊടുമ്പ്-ആദ്യത്തെ പ്രസിഡന്റ്-കൃഷ്ണൻ നമ്പിടി
തിരുവാലത്തൂർ-ആദ്യത്തെ പ്രസിഡന്റ്-കുതിരയിൽ മാധവൻ മാസ്റ്റർ

ഓലശ്ശേരി, കൊടുമ്പ്, തിരുവാലത്തൂർ എന്നീ മിനി പഞ്ചായത്തുകൾ സംയോജിപ്പിച്ച് ഇന്നത്തെ കൊടുമ്പ് പഞ്ചായത്ത് രൂപാന്തരപ്പെട്ടു. 1964-ജനുവരി ഒന്നിന് രഹസ്യ ബാലറ്റിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വന്നു. കെ. വേലപ്പൻ (പ്രസിഡന്റ്) കെ.രാമൻ(വൈസ് പ്രസിഡന്റ്) എന്നിവരടങ്ങുന്ന എട്ടംഗ സമിതിയായിരുന്നു ആദ്യത്തെ ഭരണം നടത്തിയിരുന്നത്. ആദ്യത്തെ നോമിനേറ്റഡ് വനിതാമെമ്പർ തിരുവാലത്തൂരിലെ ലക്ഷ്മീദേവി അമ്മയായിരുന്നു. 1979 ഒക്ടോബർ ഒന്നിന് വീണ്ടും കെ.വേലപ്പൻ(പ്രസിഡന്റ്), കെ.രാമൻ(വൈസ് പ്രസിഡന്റ്) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ആ ഭരണസമിതി 84 ഒക്ടോബർ-19 വരെ നീണ്ടു നിന്നു.

1988 സെപ്തംബർ 2-ാം തിയ്യതി രൂപം കൊണ്ട ഭരണ സമിതിയിൽ പി.പി.കിട്ട പ്രസിഡന്റും, പി.കെ.ശിവദാസ് വൈസ് പ്രസിഡന്റുമായി എട്ട് അംഗങ്ങളുണ്ടായിരുന്നു. രാജീവ് ഗാന്ധി സർക്കാരിന്റെ കാലത്ത് അവതരിപ്പിച്ച പഞ്ചായത്തീരാജ് -നഗരപാലികാബിൽ ചില പ്രായോഗികപ്രശ്നങ്ങൾമൂലം നടപ്പിലാക്കുവാൻ സാധിച്ചില്ല. പിന്നീട് 1994-ൽ ഭരണഘടനയുടെ 73,74 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്തു. അതനുസരിച്ച്, രൂപീകൃതമായ പഞ്ചായത്തീരാജ് ഭരണസമിതി 1995-ൽ നിലവിൽവന്നു. പി.പി.കിട്ട (പ്രസിഡന്റ്), കുമാരൻ(വൈസ് പ്രസിഡന്റ്) കെ.രാജൻ(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) എന്നിവരടങ്ങുന്ന ഒമ്പത് അംഗങ്ങളാണ് ഇപ്പോഴത്തെ ഭരണസമിതിയിൽ ഉള്ളത്.



# 4. സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ

സംസ്കാര സമന്വയത്തിന് വഴിമാറിക്കൊടുത്ത സഹ്യാദ്രിയിലെ പാലക്കാടൻ ചുരം താണ്ടിയെത്തിയ തമിഴകത്തിന്റെ മുഖമുദ്രയായ നിഴലിക്കുന്ന കൊടുമ്പ് ഗ്രാമം. ഗ്രാമത്തിനു നടുവിലൂടെ നിസ്സംഗയായ തപസിനിയെ പോലെ ഒഴുകി നീങ്ങുന്ന ശോകനാശിനി. കേരളീയ സംസ്കാരത്തിന്റെ പ്രതീകം പോലെ, കർഷകന്റെ സ്വപ്നങ്ങൾക്കു കരുത്തേകിയ, സഹ്യാദ്രിയുടെ ഓമനപുത്രി - പശ്ചിമഘട്ടത്തിലെ ഏറ്റവും ഉയരംകൂടിയ കൊടുമുടിയായ ആനമലയിൽ നിന്നാണ് ഈ നദിയുടെ ഉത്ഭവം. കേരളത്തേയും, തമിഴകത്തേയും തമ്മിൽ സംയോജിപ്പിക്കുന്ന ഈ നദിക്ക് ഭാരതപ്പുഴയെന്ന പേര് അന്വർത്ഥമാണ്. അവൾ-പാപനാശിനി ശോകനാശിനി, ചിറ്റൂർപ്പുഴ, കണ്ണാടിപ്പുഴ, എന്നീ അപരനാമങ്ങളാൽ അറിയപ്പെടുന്നു. മോക്ഷദായിനിയായും, അന്നപൂർണ്ണയായും പാലക്കാടൻ ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്നു; പുഴയോരങ്ങളിൽ സമൃദ്ധിയുടെ പൊൻകതിരുകൾ ചൂടി നിൽക്കുന്നു.

നാണം കുണുങ്ങികളായ ഉൾനാടൻ കന്യകമാരെപ്പോലെ, വയലോരങ്ങളിൽ ഒതുങ്ങിനിൽക്കുന്ന തെങ്ങുകൾ. നോക്കെത്താ ദൂരത്തോളം പടർന്നുകിടക്കുന്ന ഹരിതാഭമായ വയലേലകൾ. വരമ്പുകൾതോറും പച്ചക്കുടനിവർത്തി-കാര്യക്കാരന്മാരെപ്പോലെ വയലേലയിലേക്ക് മിഴിയും നട്ടു നിൽക്കുന്ന കരിമ്പനകൾ. മണ്ണിൽ പൊൻമണി മുത്തുകൾ വിളയിക്കുന്ന മണ്ണിന്റെ മക്കൾ - അവർ ജീവിത സമരങ്ങൾക്കു മുന്നിൽ അടിപതറാതെ നിൽക്കുന്നു. എങ്കിലും അവരുടെ നെഞ്ചകങ്ങളിൽ മീനച്ചൂടെരിയുന്നു. നെൽക്കൃഷിയെമാത്രം ആശ്രയിച്ച് ജീവിതം തള്ളിനീക്കുന്ന ഭൂരിപക്ഷ ചെറുകിട കർഷകരും, അർദ്ധപട്ടിണിക്കാരായ കർഷകത്തൊഴിലാളികളുമടങ്ങുന്ന ജനസഞ്ചയമാണ് ഈ ഗ്രാമത്തിന്റെ ഹൃദയം. മാറിമാറിവരുന്ന ഓണനിലാവും സമൃദ്ധിയുടെ വിഷുപ്പുലരികളും ദീപാവലിയുടെ പൂത്തിരിവെട്ടങ്ങളുമായി, ഇല്ലായ്മയും വല്ലായ്മയും മറന്ന് ഹൃദയം തുറന്നാഹ്ലാദിക്കുന്ന കളങ്കമേറെയില്ലാത്ത ഗ്രാമീണർ. ഉത്സവങ്ങളുടെ നാട് എന്നുവിശേഷിപ്പിക്കാവുന്ന പാലക്കാടൻ സംസ്കാരത്തിന്റെ ഒരു ശരിപ്പകർപ്പകാണ് കൊടുമ്പ്. വേലയും, അയ്യപ്പൻ വിളക്കുകളും പൊറാട്ടുനാടകങ്ങളും ഇവിടുത്തെ ഗ്രാമീണ ജീവിതത്തെ ആഹ്ലാദഭരിതമാക്കുന്നു.

കേരളത്തനിമ നിറഞ്ഞ തിരുവാലത്തൂരും, തമിഴകത്തിന്റെ മുഖഭാവങ്ങളുമായി നിൽക്കുന്ന കൊടുമ്പ് തേർവീഥിയും വ്യത്യസ്ത ഐതിഹ്യസംസ്കാരങ്ങളെ കോർത്തിണക്കുന്ന കഥകളുടെ വിളഭൂമിയാണീ കൊച്ചുഗ്രാമം. മനുഷ്യന്റെ സ്വപ്നങ്ങളും, ഭാവനകളും, ഭക്തിവിശ്വാസങ്ങളും കോർത്തിണക്കിയ ഇന്നും സ്പന്ദിക്കുന്ന കഥകളാണവ.

## കൊടുമ്പ്

ശതാബ്ദങ്ങളോളം പഴക്കമുള്ള സുബ്രഹ്മണ്യക്ഷേത്രത്തിന്റെ പേരിൽ പ്രശസ്തമായ കൊടുമ്പ് ഗ്രാമം ചോള രാജാക്കന്മാരുടെ അധീനതയിലായിരുന്നു. ചോളസൈന്യത്തിലെ ഒരുവിഭാഗമായ സേനൈമുതലികൾ കൊടുമ്പാളൂർ ദേശവാസികളായിരുന്നു. ശൈവ മതാനുയായികളായ അവർ വീരശൈവ ശൈങ്കുന്ത മുതലിയാർമാർ എന്നറിയപ്പെടുന്നു. അവരുടെ കുലത്തൊഴിൽ നെയ്ത്തായിരുന്നു. കേരളത്തിലേക്ക് പടനയിച്ചെത്തിയ ചോളന്മാരുടെ ആശ്രിതരായി വന്ന ഇവർ മറ്റു പ്രതിയോഗികളൊന്നുമില്ലാത്തതിനാൽ മടങ്ങിപ്പോയില്ല. കൊടുമ്പാളൂർകാർ തിങ്ങിപ്പാർക്കുന്ന സ്ഥലമെന്ന പേരിൽ ആ ദേശത്തിന് "കൊടുമ്പ്" എന്ന നാമം ലഭിച്ചു. ചിലപ്പതികാരത്തിൽ കൊടുമ്പാളൂരിന് "കൊടുമ്പൈ" എന്നു വിശേഷിപ്പിക്കുന്നത് ഈ ദേശവുമായി കൊടുമ്പുനിവാസികൾക്കുണ്ടായിരുന്ന ബന്ധം ദൃഢമാക്കുന്നു. ഉപജീവനാർത്ഥം നെയ്തെടുത്ത തുണികൾ കാളപ്പുറത്തു കയറ്റി പഴനി, മധുര തുടങ്ങിയ തമിഴക ദേശങ്ങളിൽ കൊണ്ടുചെന്നു വിറ്റിരുന്നു. മുരുക ഭക്തന്മാരായ മുതലിയാർമാരുടെ കൂട്ടത്തിൽ പഴനിയാണ്ടവൻ കൊടുമ്പു ദേശമണഞ്ഞുവെന്നു വിശ്വസിക്കപ്പെടുന്നു. "പഴനിയിൽ പാതി കൊടുമ്പ്" എന്ന ചൊല്ലും കാലക്രമേണ വ്യാപിച്ചു. ശ്രീമുരുകൻ തന്റെ പ്രണയിനിമാരായ വള്ളിയോടും, ദൈവാന (ദേവസേന) യോടും കൂടി ഒരേ പീഠത്തിൽ കുടികൊള്ളുന്ന ഒരു അപൂർവ്വ സംഗമം ഇവിടുത്തെ സവിശേഷതയാണ്. (ദ്രാവിഡസംസ്കാരത്തിന്റെയും, ആര്യസംസ്കാരത്തിന്റെയും സമന്വയമാണ് ഈ സങ്കല്പത്തിലൂടെ ദൃഢമായിത്തീർന്നത്.

ചോളന്മാരുടെ വിജയനഗര സംസ്കാരം ഇവിടുത്തെ ജനങ്ങളിലേക്കും സംക്രമിച്ചിട്ടുണ്ടെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഏകദേശം പതിമൂന്നാം ശതകത്തിലായിരിക്കാം കൊടുമ്പ് ക്ഷേത്രത്തിന്റെ ഉത്ഭവകാലമെന്ന് പറയപ്പെടുന്നു. തഞ്ചാവൂർ ശില്പകലയുടെ മകുടോദാഹരണമായ ക്ഷേത്രഗോപുരങ്ങളും കമനീയ ശില്പങ്ങളും ഇവിടെ ഇന്നും കാണാം.

തമിഴക സംസ്കാരത്തിന്റെ ഒരു ശരിപ്പകർപ്പാണ് തൈപ്പൂയം നാളിലെ കൊടുമ്പ് തേര്. അനേകായിരം ഭക്തജനങ്ങളെ ആകർഷിക്കുന്ന ഒരു ഉത്സവമാണിത്. ഇവിടുത്തെ മറ്റൊരു പ്രധാന ആഘോഷമാണ്, പന്ത്രണ്ടു വർഷത്തിലൊരിക്കൽ മാഘമാസത്തിലെ മകം നാളിൽ കൊണ്ടാടുന്ന-മാമാങ്കം. ഈ വേളയിൽ ദേവവിഗ്രഹം ശോകനാശിനിയിലെ തീർത്ഥക്കടവിൽ അഭിഷേകമാടുമ്പോൾ-നദീതടത്തിൽ പുത്തൻ നീരുറവകൾ പൊട്ടിമുളയ്ക്കുമെന്ന് പഴമക്കാർ പറയുന്നു.

## തിരുവാലത്തൂർ

ആര്യാവർത്തം പിന്നിട്ടെത്തിയ പരശുരാമൻ, താൻ സ്വന്തമാക്കിയ കേരളഭൂമിയിൽ ആര്യസംസ്കാരത്തിന്റെ അസ്ഥിവാരമുറപ്പിക്കുവാൻ വേണ്ടി പ്രതിഷ്ഠിച്ച നൂറ്റിയെട്ട് ദുർഗ്ഗാക്ഷേത്രങ്ങളിൽ ഒന്നാണത്രേ തിരുവാലത്തൂർ രണ്ടുമൂർത്തി ക്ഷേത്രം. കൃതാ യുഗത്തിലാണ് ഇവിടുത്തെ പ്രതിഷ്ഠാകർമ്മം നടത്തിയതെന്നു പറയപ്പെടുന്നു. നൂറ്റാണ്ടുകളുടെ കഥകൾ മൗന മുദ്രിതമായ ശിലകളിലൊതുക്കി, ഈ മഹാക്ഷേത്രം ആൾക്കൂട്ടത്തിൽനിന്നുമൊഴിഞ്ഞ്, ശോകനാശിനിയുടെ തീരത്ത് തലയുയർത്തി നിലക്കുന്നു. മറുവശത്തു നോക്കെത്താ ദൂരത്തോളം പരന്നുകിടക്കുന്ന പാടശേഖരങ്ങൾ. ശാന്തിയുടെ പ്രതീകംപോലെ ചെമ്പോല മേഞ്ഞ ശ്രീകോവിലുകൾ. അവയ്ക്കു ചുറ്റും പ്രാചീനവാസ്തുശില്പമാതൃകയിൽ പണിതുയർത്തിയ ചുറ്റമ്പലങ്ങൾ. തിരുവാലത്തൂർ രണ്ടുമൂർത്തി ക്ഷേത്രത്തിനു തികച്ചും കേരളീയമായ ഒരന്തരീക്ഷമാണ്. വിസ്തൃതമായ തിടപ്പള്ളികൾ, അനേകം ഭക്തജനങ്ങൾക്കു അന്നദാനമേകിയ വിശാലമായ അഗ്രശാലൾ ഒരിക്കൽ ഇരുപതിനായിരം പറ നെല്ല് മിച്ചവരമായി കിട്ടിയിരുന്ന നടുവിൽ മഠം ദേവസ്വം വകയായ ഈ ക്ഷേത്രം പ്രതാപം നിറഞ്ഞു നിന്ന ഭൂതകാലത്തിന്റെ നിഴൽ പാടുകൾ പോലെ മൗനം പൂണ്ടുനിൽക്കുന്നു. അര ശതാബ്ദത്തിനു മുൻപ് ഇവിടുത്തെ അഗ്രശാലകളിൽ ദേവീപ്രസാദമായ അന്നദാനത്തിനായി ചീന്തിലയുമായി ഭക്തജനങ്ങൾ നിന്നിരുന്നു. ഇന്നാകട്ടെ പൊട്ടിപ്പൊളിഞ്ഞ തറയും, ചിതലുകൾ കാർന്ന് മുഖം കുത്തി നില്ക്കുന്ന മേൽപുരകളുമായി അഗ്രശാല ആളൊഴിഞ്ഞ ഒരു കോണിൽ ഓർമ്മത്തെറ്റു പോലെ കിടക്കുന്നു.

പുരാതന സാങ്കേതിക വിദ്യക്കു ഒരു ഉത്തമ മാതൃകയാണ് ഈ ക്ഷേത്രത്തിലെ ചുറ്റമ്പലത്തിനു വെളിയിലുള്ള ഭൂഗർഭഡ്രെയ്നേജ് സിസ്റ്റം. ക്ഷേത്രാങ്കണത്തിൽ വീഴുന്ന മഴത്തുള്ളികൾ അവിടെ തളം കെട്ടിനിൽക്കാതെ വാർന്നു പോകുന്ന ഈ പ്രാചീന സമ്പ്രദായം ആധുനിക ടെക്നോളജിയെപ്പോലും വെല്ലുവിളിക്കുന്നു.

ഭഗവതിയുടെ തിരുവലത്തുകൂടി ശോകനാശിനി ഒഴുകുന്നതിനാൽ തിരുവാലത്താറ്-തിരുവാലത്തൂരായി എന്നു പറയപ്പെടുന്നു. ഭാഷാ ശാസ്ത്രപ്രകാരം തിരു ആലം ഊരാണ് തിരുവാലത്തൂരായത് എന്നും പറയാം. ആലം എന്ന പദത്തിന് ജലം എന്നും ഊരിന് ദേശം എന്നുമാണർത്ഥം ആ നിലക്കു ദേവീസാന്നിദ്ധ്യമുള്ള പുണ്യജലത്തിന്റെ ഊരാണ് തിരുവാലത്തൂർ. ഈ ക്ഷേത്രത്തിന്റെ നിർമ്മിതി ചിലപ്പതികാരകാലത്തിനു മുൻപാണെന്ന് നിസ്സംശയം പറയാം. പാലക്കാട് ജില്ലയിലെ ഭഗവതീക്ഷേത്രങ്ങളിൽ ഒട്ടുമുക്കാലം കണ്ണകിയുമായി

ബന്ധപ്പെട്ടവയാണ്. എന്നാൽ ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത് ദുർഗ്ഗയുടെ സംഹാരരൂപമായ മഹിഷാസുര മർദ്ദിനിയും, സാത്വികരൂപമായ അന്നപൂർണ്ണേശ്വരിയുമാണ്. പ്രധാനപ്രതിഷ്ഠയാണ് മഹിഷാസുരമർദ്ദിനി. അഷ്ടബാഹുവായ ദേവി വിഗ്രഹം ദാരുനിർമ്മിതമാണ്. തിന്മയെ ഹനിക്കുന്ന, നന്മയുടെ മൂർത്തീഭാവമായ മഹിഷാസുരമർദ്ദിനിയുടെ കോപാരുണമായ കടാക്ഷങ്ങൾ നേരിട്ട് പതിക്കാതിരിക്കാൻ സാധാരണ ക്ഷേത്രങ്ങളിലൊന്നും കാണാത്തവിധം ഉയർന്നതാണ്-ഇവിടുത്തെ ബലിക്കല്ല്. അകത്തളത്തിലെ മച്ചിൽ ദേവി. ഭഗവതത്തിലെയും, രാമായണത്തിലെയും അവിസ്മരണീയ മുഹൂർത്തങ്ങൾ ആലേഖനം ചെയ്തിരിക്കുന്നതുകാണാം. ഭാവനയും കരവിരുതും ഒന്നിച്ചിണങ്ങിയ ആ ശില്പപരമ്പര കേരള സംസ്കാരത്തിന്റെ മാറ്റുരച്ചു കാണിയ്ക്കുന്നു.

മതിൽക്കെട്ടിനോടു ചേർന്ന് ഗിരി കന്യകയായ അന്നപൂർണ്ണേശ്വരി കുടികൊള്ളുന്നു. സ്വയം മറന്ന് കഠിന തപസ്സിലൂടെ-സാക്ഷാൽ പരമശിവന്റെ തിരുവുടൽപോലും പങ്കിട്ട് - ആ പരമാത്മാവിനെ അർദ്ധനാരീശ്വരനാക്കി മാറ്റിയ അന്നപൂർണ്ണേശ്വരി. ജീവാത്മാവിന്റെ പരമാത്മാവിലേക്കുള്ള സാക്ഷാത്ക്കാരമാണ് ഈ ദുർഗ്ഗാരൂപം പ്രതിനിദാനം ചെയ്യുന്നത്.



## ഭൂതഗണങ്ങൾ കെട്ടിയ ചുറ്റുമതിൽ

തലമുറകൾ തലമുറകളിലേക്കു പകർന്ന പഴങ്കഥകൾ നിറഞ്ഞ ഈ ക്ഷേത്രത്തിന്റെ മതിൽക്കെട്ട് ഇന്നും ഒരു വിസ്മയമായി തന്നെ അവശേഷിക്കുന്നു. പടുകൂറ്റൻ ശിലാഖണ്ഡങ്ങൾ ചതുരവടിവുകളിലായി കൊത്തിയെടുത്ത്, യാതൊരു തരത്തിലുള്ള കുമ്മായക്കൂട്ടുമില്ലാതെ പടുത്തുയർത്തിയിരിക്കുന്ന മതിൽക്കെട്ട് കേരളത്തിൽ മറ്റൊരിടത്തും കണ്ടെത്തുവാൻ കഴിയില്ല. നൂറ്റാണ്ടുകളെ അതിജീവിച്ചു നിൽക്കുന്ന ഈ നെടുങ്കോട്ട മനുഷ്യാധ്വാനത്തിന്റെ മഹത്വം വിളിച്ചറിയിക്കുന്നു. എങ്കിലും മനുഷ്യനാൽ അസാധ്യമായൊരു സൃഷ്ടിയാണിതെന്ന് പഴമക്കാർ വിധിയെഴുതി. അജ്ഞാതരായ ശില്പികൾ അഹോരാത്രം പണിയെടുത്ത് നിർമ്മിച്ച മതിൽക്കെട്ടിന്റെ പിതൃത്വം സവർണ്ണ മേധാവിത്വം അമാനുഷശക്തിയ്ക്കേകിയ ഒരു കഥയാണ് ഇന്നു പ്രചാരത്തിലുള്ളത്.

ദേവീനിയോഗമനുസരിച്ച് ഭൂമിയിലെത്തിയ ശിവപാർഷദന്മാർ ഒരൊറ്റ രാത്രികൊണ്ട് സഹ്യാദ്രിയിൽനിന്ന് ശിലകൾ കൊണ്ടുവന്ന് പടുർത്തുയർത്തിയ മതിൽക്കെട്ട് കിഴക്കേ കവാടത്തിനരികിലെത്തിയപ്പോഴേക്കും ചക്രവാളത്തിൽ പ്രഭാതനക്ഷത്രം ഉദിച്ചുയർന്നു. ഭൂമിയിൽ തങ്ങാനുള്ള സമയം കഴിഞ്ഞ ഭൂതഗണങ്ങൾ മതിൽക്കെട്ടിന്റെ പണിപൂർത്തിയാകും മുൻപ് ശിവലോകത്തേക്കു യാത്രയായി. അതുകൊണ്ടാണ് ഇന്നും അപൂർണ്ണമായി അവശേഷിക്കുന്ന മതിൽക്കെട്ട് എന്ന് ഇതിനെ വിശേഷിപ്പിക്കുന്നത്.

## കാളി നീലി പ്രതിമ

ക്ഷേത്ര മതിലിന്നപ്പുറത്തു പോലും കഥകൾ ഉറങ്ങിക്കിടക്കുന്നു. പണ്ടെന്നോ വയലിൽ ഞാറു നട്ടു തളർന്ന ഒരു അധ:കൃത കന്യക വയൽ വരമ്പത്ത് തെല്ലിട ഒന്നിരുന്നു പോയി. അപ്പോൾ അതുവഴിയെത്തിയ നമ്പൂതിരിപ്പാടിന്റെ തീണ്ടൽപ്പാടിൽ പാവം പെട്ടുപോയി. താൻ ചെയ്ത മഹാപരാധവും ബ്രാഹ്മണകോപവും ഭയന്ന്, ആ കറുത്ത സുന്ദരി തന്റെ മാറിടം മറച്ച കൈത്തലം ശിരസ്സിൽ വച്ച് വഴിമാറാൻ പോലും കഴിയാതെ പകച്ചുനിന്നു പോയി. മന്ത്ര തന്ത്രാദികളുടെ മറുകരകണ്ട ബ്രാഹ്മണൻ അവളെ ശപിച്ച് ശിലാരൂപിണിയാക്കി മാറ്റി. ഇന്നും വയൽ വരമ്പിലെ അത്താണിക്കല്ലിൽ ആ കറുത്ത സുന്ദരിയുടെ രൂപം കാലങ്ങളുടെ ബന്ധനത്തിൽ കുരുങ്ങിക്കിടക്കുന്നതു കാണാം. ഒരുപക്ഷേ ആ മനോഹര ശില്പത്തിനു ചരിത്രപരമായ കഥ പറയാനുണ്ടാവാം. വർഷങ്ങളോളം നീണ്ടുനിന്ന ക്ഷേത്രനിർമ്മാണത്തിനിടയിൽ ഏതോ അജ്ഞാതനായ ശില്പി, തന്റെ മനം കവർന്ന, സമൃദ്ധമായ മുടികൊണ്ടയായി കെട്ടിയ അങ്കവടിവുള്ള കറുത്ത സുന്ദരീ രൂപം ശിലയിലേക്കു പകർന്നതാവാം.

ഒരുകാലത്ത് ഗ്രാമീണരെ ഏകോപിപ്പിച്ച് നിർത്തുവാനുള്ള കേന്ദ്രങ്ങളായിരുന്നു ക്ഷേത്രങ്ങൾ. ക്രമേണ ബ്രാഹ്മണമേധാവിത്വം വർണ്ണവൃത്യാസങ്ങളുടെപേരിൽ ഗ്രാമീണ ജനതയുടെ ഐക്യം ശിഥിലീകരിച്ചു. അസ്ഥിമാടങ്ങൾപോലെ ജീർണ്ണിച്ച കൂറ്റൻ മുഖപ്പുകൾ ഫ്യൂഡൽ വ്യവസ്ഥിതിയുടെ വളർച്ചയും തളർച്ചയും കാണിച്ചുകൊടുക്കുന്നു.

## ചെമട്ടിയക്കാവ്

പണ്ടെങ്ങോ ഒരുശതകത്തിൽ ചെമ്മലക്കോരി എന്ന ചണ്ഡാലഗോത്രക്കാരനായ മാന്ത്രികൻ വൃക്ഷനിബിഢമായ വനാന്തരത്തിലൂടെ ഇരതേടി നടന്നു. അവൻ പുല്ലുകൾകൊണ്ട് ആവരണംചെയ്ത ദേവിയുടെ ശിലാവിഗ്രഹത്തിൽ ചവിട്ടി നിന്ന് തന്റെ ആയുധം മറ്റൊരു കല്ലിൽ ഉരസി. പെട്ടെന്ന് കല്ലിൽനിന്ന് ചോരത്തുള്ളികൾ കിനിഞ്ഞുവീഴാൻ തുടങ്ങി. മാന്ത്രിക സിദ്ധിയുള്ള

ചെമ്മലക്കോരിക്ക് താൻ ചവിട്ടി നിൽക്കുന്നത് വനദുർഗ്ഗാവിഗ്രഹത്തിലാണെന്ന് തിരിച്ചറിയാൻ അധികനേരം വേണ്ടിവന്നില്ല. അവൻ ചവിട്ടിയതുമൂലം ദേവിക്കു ചെമട്ടിയ ഭഗവതി എന്നപേരു ലഭിച്ചുപോലും. ദേവീപൂജനടത്തിയ ചെമ്മലക്കോരിക്കു ദേവീപ്രസാദം ലഭിച്ചിരുന്നുവത്രേ. ചണ്ഡാലവർഗ്ഗക്കാരനായ ചെമ്മലക്കോരിയുടെ സിദ്ധികളിൽ സവർണ്ണർ വിളറിപൂണ്ടു. വന്യമൃഗങ്ങൾക്കിരയായി മാറിയിരുന്ന തങ്ങളുടെ വളർത്തുമൃഗങ്ങളെ ചെമ്മലക്കോരി മന്ത്രസിദ്ധിക്കായി കുരുതികൊടുക്കുകയാണെന്നവർ വിധിയെഴുതി. കല്ലേപ്പിളർക്കുന്ന ആജ്ഞകൾ പുറപ്പെടുവിച്ചിരുന്ന നാടുവാഴികൾ, സവർണ്ണപ്രീതിക്കായി ചെമ്മലക്കോരിയുടെ ശിരസ്സറുത്തു പുഴയിലെറിയാൻ ആജ്ഞാപിച്ചു. രാജകിങ്കരന്മാർ, ദേവീപൂജ നടത്തിയിരുന്ന ചെമ്മലക്കോരിയെ ബന്ധിച്ച് പുഴയോരത്തുവെച്ച് തലയറുത്തു. നിറഞ്ഞു കവിഞ്ഞൊഴുകുന്ന പുഴയിലേക്ക് ചെമ്മലക്കോരിയുടെ ചോരയിൽ കുതിർന്ന ശിരസ്സ് തെറിച്ചുവീണു. കബന്ധം നിശ്ചലമായി പുഴയോരത്തുകിടന്നു. പെട്ടെന്ന് ചെമ്മലക്കോരിയെ ബന്ധിച്ച കയർ നിന്നു തുള്ളാൻ തുടങ്ങിയത്രെ. നിർത്താത്ത തുള്ളൽകണ്ട് നാടുവാഴിയും സവർണ്ണ ഗോത്രങ്ങളും ഭയാക്രാന്തരായി നിന്നുപോയി. പ്രശ്നവിധി പ്രകാരം ചെമ്മലക്കോരിയുടെ പ്രേതാത്മാവ് തന്റെ ഉപാസനാമൂർത്തിയായ ചെമട്ടിയ ഭഗവതിക്ഷേത്രത്തിനുമുന്നിലെ ആലിൻചുവട്ടിൽ ഇരുന്നുകൊള്ളാമെന്നു സമ്മതിച്ചുവത്രെ. അതോടെ കൊലക്കയർ തുള്ളൽനിർത്തിയെന്നും ചെമ്മലക്കോരി, ഭഗവതിയുടെ കാവൽക്കാരനായി ക്ഷേത്രമതിൽക്കെട്ടിനപ്പുറം കുടികൊണ്ടുവെന്നും പറയപ്പെടുന്നു. അങ്ങനെ നീചജാതിക്കാരനായ ചെമ്മലക്കോരി സവർണ്ണർക്കുപോലും ആരാധ്യനായ ഒരു മൂർത്തിയായിതീർന്നു. ഹരിജനങ്ങൾ ഇന്നും തങ്ങളുടെ ഇഷ്ടദേവനായി ചെമ്മലക്കോരിക്കും പൂജകൾ നടത്തിവരുന്നു.

## വയ്യാട്ടുകാവുകുളം

നൂറ്റാണ്ടുകൾക്കുമുമ്പ് ഭൂവുടമകളായിരുന്ന ഒരു ബ്രാഹ്മണകുടുംബം സ്ഥിതിചെയ്തിരുന്ന ഒരു സ്ഥലമാണിത്. "വൈകൈകുളം" എന്നപേരുണ്ടായിരുന്ന ആ കുളത്തിനരികിൽ ഒരു കാവും ഉണ്ടായിരുന്നു എന്നു പറയപ്പെടുന്നു. അതുകൊണ്ടാണ് ഇത് വയ്യാട്ടുകാവുകുളമായി മാറിയത്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് നീലി എന്നൊരു ഹരിജൻ പെൺകുട്ടിയുടെ ചാരിത്ര്യം ബ്രാഹ്മണരിൽ ആരോ കവർന്നെടുത്തുവെന്നും അവൾ അയാളെ ശപിച്ചുകൊണ്ട് തന്റെ ജീവൻ വെടിഞ്ഞുവെന്നും പറയുന്നു. അവളുടെ പ്രേതബാധയും ശാപവും ഏറ്റിട്ടെന്നപോലെ ആ ജന്മികുടുംബവും കാവും തകർന്ന് നാമാവശേഷമായി. നീലിയുടെ പ്രേതത്തെ ദേവതയാക്കി ഇന്നും ഗ്രാമീണർ വഴിപാടുകൾ നടത്തുന്നുണ്ട്.

## കാഞ്ഞിരംകുന്നം

കാഞ്ഞിരമരങ്ങൾ ഇടതൂർന്നുനിന്ന ഒരുകാടായിരുന്നുവത്രെ പണ്ടിവിടം. ഇവിടെ മണമ്പ്രാട്ടു കളരിപണിക്കൻമാരുടെ കളരിയും നാലുകെട്ടും പ്രസിദ്ധമാണ്. നാടുവാഴികളെയും പ്രഭുകുടുംബങ്ങളെയും ആയോധനവിദ്യകൾ അഭ്യസിപ്പിച്ചിരുന്ന ഇവർ ഗുരുക്കൾ എന്നറിയപ്പെടുന്നു. ടിപ്പുവിന്റെ പടയോട്ടം ഭയന്ന് ഓടിയൊളിച്ച ബ്രാഹ്മണകുടുംബത്തെ പുഴകടത്തിവിട്ട ഗുരുക്കൾക്ക് അവർ സന്തോഷപൂർവ്വം അനുഗ്രഹിച്ചു നൽകിയ വിളക്കും മൂന്നുകുത്തു മണ്ണും ഇന്നും ഈ കുടുംബം വെച്ചാരാധിച്ചുവരുന്നു. ഇവിടുത്തെ കളരിയിൽ വാളും പരിചയുംവെച്ച് പൂജിക്കുന്നുണ്ട്.

## പുളിയങ്കാവു ഭഗവതിക്ഷേത്രം

കരിങ്കരപ്പുള്ളിയിലെ പ്രസിദ്ധമായ ഈ ഭഗവതിക്ഷേത്രം ധാരാളം ഭക്തജനങ്ങളെ ആകർഷിക്കുന്ന ആരാധനാലയമാണ്. അഭയവരദയായ ദേവീപ്രീതിക്കായി പാലക്കാടിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ആളുകൾ എത്താറുണ്ട്. പണ്ടൊരിക്കൽ അത്ഭുതസിദ്ധികളുണ്ടായിരുന്ന ചാത്തുമ്മാൻ എന്ന ഒരു ദേവീ ഭക്തൻ തനിക്കുപ്രായാധിക്യം മൂലം ക്ഷേത്രദർശനം ദർശനം നടത്തുവാൻ വയ്യാ എന്ന് മനസ്സുരുകി പ്രാർത്ഥിച്ചപ്പോൾ, ഭഗവതി അവിടെയിരുന്ന ഒരുപുളിമരത്തിൽ പ്രത്യക്ഷയായി അദ്ദേഹത്തിനു ദർശനമരുളി എന്ന് ഐതിഹ്യം. അതിനാൽ ദേവിക്ക് പുളിയഭഗവതി എന്നു പേരു വന്നു. ടെറക്കോട്ട സംസ്കാരം പ്രതിനിധീകരിക്കുന്ന ഭഗവതീവിഗ്രഹം ഒരപൂർവ്വദർശനമാണ്.

## തസറാക്ക്

പ്രശസ്ത നോവലിസ്റ്റും കാർട്ടൂണിസ്റ്റുമായ ഒ.വി.വിജയന്റെ "ഖസാക്കിന്റെ ഇതിഹാസം" എന്ന നോവലിലെ ഖസാക്ക് എന്നസ്ഥലത്തിന്റെ പ്രാഗ്രൂപമാണ് തസറാക്ക്. കൊടുമ്പു പഞ്ചായത്തിന്റെ അതിർത്തിദേശമായ ഈ ഗ്രാമം ഇന്നും പരിഷ്കാരങ്ങൾ കടന്നുചെല്ലാൻ മടിക്കുന്ന ഒരുൾനാടൻ പ്രദേശമാണ്. നിറം മങ്ങിയ പള്ളിമിനാരങ്ങളും, ഷേയ്ക്കിന്റെ സാന്നിദ്ധ്യവും, അറബിക്കുളവും, ശിവരാമൻനായരുടെ ഞാറ്റുപുരയും, യാഗാശ്വത്തിനൊത്തുള്ള മൈമുനയും, അള്ളാപ്പിച്ച മൊല്ലാക്കയും, തുന്നൽക്കാരൻ മാധവൻനായരും, മന്ദബുദ്ധിയായ അപ്പുക്കിളിയും, കൊലുസിന്റെ കിലുകിലാരവം മുഴക്കി കുണുങ്ങിചിരിച്ചോടിമറയുന്ന തലയിൽ തട്ടമിട്ട കുഞ്ഞാമിനയും ഗ്രാമാന്തരീക്ഷത്തിൽ ഇന്നും ഒളിമങ്ങാതെ ജീവിക്കുന്നു. വിജയന്റെ സഹോദരിയായ ശാന്തടീച്ചർ കുറച്ചുകാലം പണ്ടിവിടുത്തെ ഏകാധ്യാപക വിദ്യാലയത്തിലെ അദ്ധ്യാപികയായിരുന്നു. അന്നു സഹോദരിയോടൊപ്പം


താമസിച്ചിരുന്ന വിജയൻ ഈ ഗ്രാമീണ കഥാപാത്രങ്ങളെ ഇതിഹാസകഥാപാത്രങ്ങളാക്കി മാറ്റി. നൂറ്റാണ്ടുകൾക്കു മുമ്പ് പൂർവ്വ റഷ്യയിലെ ഖസാക്കിസ്ഥാനിൽനിന്നും കുതിരകളുമായി വന്ന അറബികൾ ഇവിടെ താവളമടിച്ചിരുന്നതിനാലാണ് ഈ ദേശത്തിന് തസറാക്ക് എന്ന പേരു ലഭിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു.

## കുതിര

ടിപ്പുവിന്റെ പടയോട്ടം ഭയന്ന് ഇവിടെയെത്തിയ പ്രമാണികൾ തങ്ങളുടെ കുതിരകളെ തളയ്ക്കുവാൻ കെട്ടിയ ശിലാസ്തൂപങ്ങൾ ഇന്നും ചരിത്രത്തിന്റെ ഓർമ്മക്കുറിപ്പുപോലെ കാണാം. ഇതുകൊണ്ടായിരിക്കണം ഈ സ്ഥലത്തിന് കുതിര എന്നുപേരുവന്നത്.



*****



# 5. നവോത്ഥാനത്തിന്റെ കാലൊച്ചകൾ

ഗ്രാമവൃദ്ധന്മാരുടെ നെഞ്ചകങ്ങളിൽ ഇന്നും നിറം മങ്ങാതെനിൽക്കുന്ന ചരിത്രസ്മരണകൾ മാത്രമേ നമുക്കീ രചനക്കു അവലംബമായുള്ളൂ. സ്വാതന്ത്ര്യത്തിനു മുൻപുതന്നെ ദേശീയധാരയുമായി ഇണങ്ങിച്ചേരുവാൻ ഈഗ്രാമത്തിനു കഴിഞ്ഞിരുന്നു എന്ന വസ്തുത അഭിമാനാർഹമാണ്. ഗാന്ധിജിയുടെ സ്വദേശീപ്രസ്ഥാനത്തിന്റെ സന്ദേശം ഭാഷാഭേദങ്ങളും അകലങ്ങളും ഭേദിച്ച് ഇവിടെ എത്തി. ഇന്നും കൊടുമ്പിലെ തെരുവോരങ്ങളിലെ പഴമയുടെ പൂപ്പൽപിടിച്ച കൊച്ചു വീടുകൾതോറും ചർക്കകളുടെയും തറികളുടെയും ശബ്ദങ്ങൾ മാറ്റൊലി കൊള്ളുന്നു.

ഐതിഹാസികമായ കിറ്റിന്ത്യാസമരം ഉണർത്തിവിട്ട കൊടുങ്കാറ്റ് ഭാരതത്തിലെ ഗ്രാമീണജനതയൽപോലും സ്വാതന്ത്ര്യബോധത്തിന്റെ ശക്തമായ ചലനങ്ങൾ സൃഷ്ടിച്ചിരുന്നുവെന്നതിന് ഉത്തമോദാഹരണമാണ് കൊടുമ്പിന്റെ സ്വാതന്ത്ര്യ സമരചരിത്രം.

നിറം മങ്ങാത്ത ഓർമ്മയുടെ ഛായാചിത്രംപോലെ ഇന്നും ഗ്രാമഹൃദയങ്ങളിലാകെ നിറഞ്ഞുനിൽക്കുന്ന ഉജ്ജ്വലനായ ഒരു സ്വാതന്ത്ര്യസമരസേനാനിയായിരുന്നു. തെക്കില്ലത്ത് ബാലകൃഷ്ണൻനായർ. അക്ഷരങ്ങളിലൂടെ അറിവിന്റെ ലോകത്തേക്ക് ഇളം തലമുറയെ നയിച്ച ബാലകൃഷ്ണൻ മാസ്റ്റർ ബ്രിട്ടീഷ്കാരുടെ മേൽക്കോയ്മക്കെതിരെ അടിപതറാതെ സന്ധിയില്ലാസമരം ചെയ്ത ഒരു കർമ്മഭടനായിരുന്നു. ദേശീയ ഐക്യത്തിന്റെ കണ്ണികൾ ഇണക്കിച്ചേർക്കുവാൻവേണ്ടി ഹിന്ദിപഠിച്ച അദ്ദേഹം കോൺഗ്രസിലെ സോഷ്യലിസ്റ്റ് ചിന്താഗതിക്കാരനായിരുന്നു. സമകാലികരായ അദ്ധ്യാപകരെ ദേശീയപ്രസ്ഥാനത്തിന്റെ കർമ്മസേനയിലേക്കു നയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. വിദ്യാർത്ഥികൾപോലും അന്ന് സ്വാതന്ത്ര്യസമരത്തിന്റെ ആവേശം ഉൾക്കൊണ്ടുകൊണ്ട് ചെറിയജാഥകൾ നടത്തിയിരുന്നു.

ഗോവിന്ദസ്വാമി മാസ്റ്റർ, രാമസ്വാമി മുതലിയാർ, കുതിരയിൽ മാധവൻ മാസ്റ്റർ, പൊന്നുസ്വാമി പണിക്കർ എന്നിവരുടെ പേരുകൾ അവിസ്മരണീയമായിത്തന്നെ ഇന്നും നിൽക്കുന്നു.

ബ്രിട്ടീഷ് സൈന്യം കോയമ്പത്തൂരിൽനിന്നും ഇവിടെയെത്തി സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താതിരിക്കാൻവേണ്ടി നറുകംപുള്ളി പാലവും, തോട്ടുപാലവും തകർക്കുവാൻ സമരസേനാനികൾ രഹസ്യമായി തീരുമാനിച്ചു. അതിനുവേണ്ടി അവരൊരുക്കിയ ബോംബുകളിലൊന്ന് അപ്രതീക്ഷിതമായി പൊട്ടി. അതാണു പ്രസിദ്ധമായ തിരുവാലത്തൂർ ബോംബ് കേസ്. ബ്രിട്ടീഷ്ഭരണാധികാരികൾ സമരഭടന്മാരെയും അനുഭാവികളെയും വേട്ടയാടി. ബാലകൃഷ്ണൻമാസ്റ്ററായിരുന്നു മുഖ്യപ്രതി. അദ്ദേഹം ഒളിവിലായി. തന്ത്രശാലിയും കുശാഗ്രബുദ്ധിയുമായ മാസ്റ്റർ സമർത്ഥമായി പോലീസിനെ വെട്ടിച്ച് പിടികിട്ടാപ്പുള്ളിയായി നടന്നു. ഗോവിന്ദസ്വാമി മാസ്റ്ററെ പോലീസ് വളരെ ക്രൂരമായി പീഠിപ്പിച്ചു.

നിരപരാധികൾക്കുപോലും പോലീസിന്റെ നിഷ്ഠുര മർദ്ദനമേൽക്കുന്നതു കണ്ടപ്പോൾ ബാലകൃഷ്ണൻമാസ്റ്റർ നേരിട്ടു ഹാജരായി പോലീസിനു പിടികൊടുത്തു. അധികാരികൾ അദ്ദേഹത്തെ ജയിലിലടച്ചു. ഭീകരമർദ്ദനങ്ങളേറ്റ് അവശനായെങ്കിലും ആ ജ്വലിച്ചുനിൽക്കുന്ന സ്വാതന്ത്ര്യത്തിന്റെ അഗ്നിനാളം ഊതിയണയ്ക്കുവാൻ അവർക്കു സാധിച്ചില്ല.

നിരോധിക്കപ്പെട്ട കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സ്വാതന്ത്ര്യപൂർവ്വപ്രവർത്തകനായിരുന്നു സ്വാതന്ത്ര്യസമരസേനാനി കെ.വി.മുരുകൻ. ബീഡിത്തൊഴിലാളിയായിരുന്ന മുരുകൻ അർദ്ധപട്ടിണിക്കാരായ തന്റെ സഹപ്രവർത്തകർക്കിടയിൽ സ്വാതന്ത്ര്യബോധത്തിന്റെ അഗ്നി പകർന്നു. ബ്രിട്ടീഷുകാരുടെ പോലീസ് അദ്ദേഹത്തെ വേട്ടയാടി ക്രൂരമായ മർദ്ദനവും പട്ടിണിയും മുരുകന്റെ ആരോഗ്യം കവർന്നെടുത്തു. എന്നിട്ടും താൻ വിശ്വസിച്ച പ്രസ്ഥാനത്തിനുവേണ്ടി അചഞ്ചലനായി നിലകൊണ്ട മുരുകൻ കനത്ത ദാരിദ്ര്യംകൊണ്ട് നട്ടംതിരിയുമ്പോഴും സ്വാതന്ത്ര്യസമരപെൻഷൻ വാങ്ങുവാൻ കൂട്ടാക്കിയില്ല. അവസാനം പാർട്ടിപ്രവർത്തകരുടെ നിർബന്ധം മൂലമാണ് പെൻഷൻ വാങ്ങിക്കുവാൻ തയ്യാറായത്. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുവാൻവേണ്ടി അക്ഷരനഗറിലെ റോഡിന് പഞ്ചായത്തു ഭരണസമിതി "കെ.വി.മുരുകൻ റോഡ്" എന്ന് നാമകരണം ചെയ്തു.

## കർഷകൻ-ഭൂപരിഷ്കരണത്തിനു മുൻപും പിൻപും

കാർഷിക പരിഷ്കാരങ്ങൾ നിലവിൽ വരുന്നതിനുമുൻപ് ഇവിടുത്തെ ഭൂമിയെല്ലാം ജന്മികുടുംബങ്ങളുടെ അധീനതയിലായിരുന്നു. ജന്മിയും, പാട്ടക്കുടിയാന്മാരായ കർഷകരും അവരുടെ കീഴിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളികളുമടങ്ങിയ ഒരു ത്രിതല കാർഷിക വ്യവസ്ഥയായിരുന്നു പണ്ടിവിടെ നിലനിന്നിരുന്നത്. ഭൂവുടമകളിൽ ഭൂരിഭാഗവും സവർണ്ണരായിരുന്നു. ഈഴവരിൽ കുതിരയിൽ വീട് എന്ന ഒരു ജന്മികുടുംബം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കുടിയാന്മാർ ബഹുഭൂരിപക്ഷം ഈഴവരും കുറെ മുസ്ലീമുകളും ആയിരുന്നു. കർഷകത്തൊഴിലാളികളിൽ ഈഴവരും, ഹരിജനങ്ങളും മുസ്ലീമുകളും അടങ്ങിയിരുന്നു.

ജന്മികുടിയാൻ ബന്ധം ശിഥിലമായിരുന്നു. ജന്മിയുടെയും കാര്യസ്ഥന്മാരുടെയും ഇഷ്ടാനിഷ്ടങ്ങൾക്കൊത്തു തലകുനിച്ചുനിൽക്കുന്ന കർഷകന് ഒരു വൈക്കോൽത്തുരുമ്പായിരുന്നു കൃഷിചെയ്യുവാനുള്ള അവകാശമായി ജന്മി നൽകിയിരുന്നത്. ആ വൈക്കോൽത്തുരുമ്പ് തിരിച്ച് വാങ്ങുമ്പോൾ കർഷകന്റെ കൃഷിഭൂമിയിലുള്ള അധികാരവും അവസാനിയ്ക്കും. ജന്മിയ്ക്കാഴികെ മറ്റാർക്കും സ്വന്തമായി വീടോ വീടിനുപേരോ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഇന്നും ഇവിടുത്തെ കർഷകകുടുംബങ്ങൾ അവർ താമസിക്കുന്ന സ്ഥലത്തിന്റെ പേരിൽ മാത്രം അറിയപ്പെടുന്നു.

മണ്ണിൽ രാപ്പകൽ പണിയെടുത്താലും കർഷകൻ നിത്യജീവിതം തള്ളിനീക്കിയിരുന്നത് വളരെ വിഷമിച്ചായിരുന്നു. ഒരുപ്പൂവ്വൽ കൃഷിമാത്രം കിട്ടിയിരുന്ന കാലത്തുപോലും ജന്മിയ്ക്ക് ഇരുപ്പൂവ്വൽ കൃഷിയുടെ പാട്ടനെല്ല്-അളവ് കൂടിയ പാട്ടപ്പറക്ക് അളന്നുകൊടുക്കണം. വീഴ്ചവരുത്തിയാൽ ജന്മി യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ പാടം മറ്റൊരു കുടിയാനു കൈമാറും. കർഷകത്തൊഴിലാളി താമസിയ്ക്കുന്ന സ്ഥലത്തിന് നാലതിരിലും ജന്മികുത്തിക്കൊടുക്കുന്ന വേലിത്തറികളായിരുന്നു അതിര്. ഈ കുടിക്കിടപ്പവകാശത്തിനു നൽകിയിരുന്ന പേര് തറികുത്തി അവകാശം എന്നായിരുന്നു. ഈഴവൻ മുതൽ താഴേക്കിടയിലുള്ളവർക്ക് തലയിൽ കെട്ടാനോ സ്ത്രീകൾക്കു ജാക്കറ്റുകൾ ഇടാനോ അനുമതി ഉണ്ടായിരുന്നില്ല. സവർണ്ണരെ കണ്ടാൽ ഹരിജൻ സ്ത്രീകൾ മാറിലിട്ടിരിക്കുന്ന ഈരിഴതോർത്ത് എടുത്ത് കക്ഷത്തിൽ വച്ച് തീണ്ടൽപ്പാടകലെ ഒതുങ്ങി നിൽക്കണമെന്നായിരുന്നു പ്രാകൃതനിയമം അനുശാസിച്ചിരുന്നത്.

അശാസ്ത്രീയമായ കൃഷിസമ്പ്രദായവും ഉൽപാദനക്ഷമതകുറഞ്ഞ വിത്തിനങ്ങളും, കൂലിച്ചെലവും, അദ്ധ്വാനഭാരവുംകൊണ്ട് നട്ടെല്ലുതളർന്ന് അവശനായി നിന്ന കർഷകന്റെ സിരകളെ ചൈതന്യവത്താക്കിയ ഒരു നിയമ ഭേദഗതിയായിരുന്നു 1957 ലെ കാർഷിക ബന്ധനിയമം. പക്ഷെ ദൗർഭാഗ്യകരമായ സാഹചര്യത്തിൽ ഒന്നാം കേരള മന്ത്രിസഭയുടെ പിരിച്ചുവിടൽ വീണ്ടും കർഷകനെ ജീവിതദുരിതത്തിന്റെ കയങ്ങളിലേക്കു തള്ളിയിട്ടു.

1967-ൽ വീണ്ടും അധികാരത്തിലേറിയ ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള ഐക്യമുന്നണി മന്ത്രിസഭ കർഷകന്റെ വരദാനമായ ***ഭൂപരിഷ്കരണ നിയമം*** പ്രാബല്യത്തിൽ കൊണ്ടുവന്നു. അതോടെ കർഷകൻ-താൻ അധ്വാനംകൊണ്ടു പൊന്നു വിളയിച്ച് ജന്മിയുടെ തൃപ്പാദങ്ങളിൽ വച്ചിരുന്ന-ഭൂമിയുടെ അവകാശിയായി. അതോടെ പാലക്കാടൻ ജീവിതത്തിലെ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ വിപ്ലവകരമായ ചലനം തന്നെ സൃഷ്ടിച്ചു. അനിശ്ചിതമായ ഭാവിയും, കടങ്ങളുടെ നീണ്ട പട്ടികയുമായി കണ്ണീരിന്റെ ഉപ്പുരസം കുടിച്ചിരുന്ന കർഷകന്റെ മനം തെളിഞ്ഞു. ചുണ്ടിൽ സമൃദ്ധിയുടെ പുഞ്ചിരി വിടർന്നു. ജന്മിവ്യവസ്ഥയുടെ തകർച്ചയോടെ ജാതിവ്യവസ്ഥിതിയുടെ പഴകിയ കോട്ടകൾ തകർന്നു വീണു.

## ഓലശ്ശേരി സമരം

കൃഷിഭൂമിയുടെ ഉടമാവകാശം ലഭിച്ച കർഷകൻ മനോഭാവത്തിലും ജീവിതക്രമങ്ങളിലും മറ്റൊരു ജന്മിയായ് മാറാൻ ശ്രമിക്കുകയായിരുന്നു. വയലുകളിൽ വിയർപ്പുകണങ്ങൾ ചൊരിഞ്ഞ് ഐശ്വര്യം

കൊയ്തെടുത്തിരുന്ന കർഷകതൊഴിലാളിയുടെ കണ്ണീരും നെടുവീർപ്പും തൃണവൽഗണിച്ച കർഷകർക്കെതിരെ തൊഴിലാളി വർഗ്ഗം ഒത്തൊരുമയോടെ നിന്നു പൊരുതിയ ചെറുത്തു നിൽപ്പിന്റെ ആവേശം പകർന്ന സമരമായിരുന്നു 1972 ലെ ഓലശ്ശേരി സമരം. 5 നാഴി നെല്ലിന്റെ കൂലിവർദ്ധനവിന്നു വേണ്ടിയായിരുന്നു ഈ സമരം. K.C. അരുണാചലം, പഴനിമല, ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡണ്ട് പി.പി. കിട്ട, കെ.കറുപ്പൻ, K.C.രാമകൃഷ്ണൻ, എ.വേലായുധൻ, T.പൊന്നു, മുഹമ്മദ് ഹനീഫ, V.ചേമ്പൻ, V.ആറുമുഖൻ തുടങ്ങിയ വർഗ്ഗസംഘടനാ നേതാക്കൾ സമരമുഖത്തിൽ അണിനിരന്നു. തൊപ്പിപ്പാള തലയിൽ വച്ച്, കൗപീനത്തിന്റെ വാലഗ്രം പുറത്തുകാണത്തക്കവിധം തോർത്തുമുണ്ടുടുത്ത ഇ.ജോൺജേക്കബ്ബ് എന്ന കുട്ടനാട്ടുകാരൻ കർഷകന്റെ നേതൃത്വത്തിൽ തൊഴിലാളികളെ അടിയറവു പറയിക്കുവാൻ, കർഷകർ പാടത്തിറങ്ങി. ഭൂവുടമകളുടെ സഹായത്തിനു പോലീസ് സേന എത്തി. സമരമുന്നണിയിലേക്കു ജീവൻപോലും വകവക്കാതെ വിശപ്പിന്റെ വിളികേട്ട് തൊഴിലാളികൾ സംഘടിതരായി നീങ്ങി. ഭൂവുടമകൾ അവർക്കുനേരെ നിർദ്ദയം നിറയൊഴിച്ചു. വയലേലകൾ വെടിയൊച്ചകൾ കേട്ടു തരിച്ചുനിന്നു. വെടിപ്പുകയിൽ അന്തരീക്ഷം മറഞ്ഞു. ആ വെടിവെപ്പിൽ കെ.കറുപ്പൻ, കെ.ആറുമുഖൻ, ചാമി എന്നിവർക്കു ഗുരുതരമായി വെടിയേറ്റു. എങ്കിലും തൊഴിലാളി വർഗ്ഗത്തെ അടിച്ചമർത്തുവാൻ ഭരണചക്രത്തിനു കഴിഞ്ഞില്ല. അവസാനം അവർ ഉന്നയിച്ച അവകാശങ്ങൾ നേടിയെടുത്തുകൊണ്ട്, 1975-ൽ സമരം അവസാനിച്ചു. 1969 ഡിസംബർ ഒന്നിന്റെ ജനാധിപത്യ സംരക്ഷണ പ്രക്ഷോഭത്തിൽ പാലക്കാട് കോട്ടയ്ക്കകത്തു വെടിയേറ്റു മരിച്ച നാലുപേരിൽ ഒരാൾ ഓലശ്ശേരിയിലെ മാണിക്കനായിരുന്നു. പലർക്കും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു.

## മലമ്പുഴ ജലസേചന പദ്ധതി

1948-ൽ ആരംഭിച്ച് 1956-ൽ പ്രവർത്തനം തുടങ്ങി. കൊടുമ്പ് പഞ്ചായത്തിന്റെ കാർഷിക ഭൂപടത്തിൽ മലമ്പുഴ കനാലിന് പ്രഥമസ്ഥാനമാണുള്ളത്. കനാൽ വരുന്നതിനുമുമ്പ് മീനച്ചൂടിൽ വിണ്ടുകീറിയ ഇവിടുത്തെ വയലുകൾ ദാരിദ്ര്യദേവതയുടെ ചെമ്പൻമുടി ചിന്നിയ മുഖംപോലെ വികൃതമായിരുന്നു. കരിഞ്ഞുണങ്ങിയ വൈക്കോൽ അറുത്തെടുത്തു വിറ്റിരുന്ന കർഷകന്റെ സ്വപ്നങ്ങളും, പ്രതീക്ഷകളും എല്ലാം അവയോടൊപ്പം കരിഞ്ഞടങ്ങുകയായിരുന്നു. മലമ്പുഴ ജലസേചന പദ്ധതിയുടെ 35% വെള്ളം കൊടുമ്പ് ഗ്രാമത്തിനു ലഭ്യമാകുന്നുണ്ട്.

കനാൽ ജലം കൊടുമ്പിന്റെ തളർന്ന സിരകളിലൂടെ കുളിർമയായ്, അമൃതവാഹിനിയായ് ഒഴുകി. വയലേലകൾ പച്ചപിടിച്ചു. തഴച്ചു വളർന്നു. കർഷകന്റെ പട്ടിണിയും പരിവട്ടവും പഴങ്കഥയായി.

കരിങ്കരപ്പുള്ളിക്കടുത്ത് കാക്കത്തറയിൽ ഭാരതപ്പുഴക്കുകുറുകെ കനാൽവെള്ളം കൊണ്ടുപോകാൻ നിർമ്മിച്ച "കണ്ണാടി അക്വാഡക്ട്" കൊടുമ്പ് ജനതക്ക് സമ്മാനിച്ച സേവനം നിസ്തുലമാണ്. പുഴക്കുകുറുകെ പാലമായും മറുകരക്ക് വെള്ളമായും ഇരുകൈകൊണ്ടും ജലദേവത കടാക്ഷിച്ചപ്പോൾ ഒരുവേള അന്നത്തെ കൊടുമ്പു ജനത സന്തോഷം കൊണ്ടു പൊട്ടിക്കരഞ്ഞിരിക്കാം.

മലമ്പുഴ ജലസേചന പദ്ധതിയെക്കുറിച്ചു പറയുമ്പോൾ വാചാലനാവുന്ന ഇന്നത്തെ പഞ്ചായത്തു പ്രസിഡണ്ടിന്റെ ഓർമ്മകളിലൂടെ പിന്നോട്ടു സഞ്ചരിച്ചു മെനഞ്ഞെടുക്കുന്ന കുറിപ്പുകൾ ഇന്നത്തെ തലമുറ ഒരിക്കലും വിശ്വസിക്കാൻ ഇടയില്ല. ഈ ജലസേചന പദ്ധതിയിൽ ജോലിക്കാരനായും, മേസ്തിരിയായും, കരാറുകാരനായും മുഴുവൻ ഭാഗഭാക്കാവാൻ ഭാഗ്യം സിദ്ധിച്ച പ്രസിഡന്റിന് പറയാനുള്ളത് കേട്ടാൽ ഈ നാടിന്റെ ഇന്നത്തെ സ്ഥിതി ഓർത്ത് നാം പരിതപിക്കും. മലമ്പുഴ പദ്ധതിയുടെ അടങ്കൽ തുകയിൽ നിന്നും കുറച്ച് ആണത്രെ ഈ പദ്ധതി പണി പൂർത്തിയാക്കിയത്. ബാക്കി തുക പാർക്കിനും ആർ.ബി.സി. കനാലിനും മറ്റുമായി സർക്കാർ ചിലവഴിച്ചുപോലും !

## ശോകനാശിനിപ്പുഴ (ഭാരതപ്പുഴ)

നാല്പതു വർഷം മുമ്പുവരെ വളരെ മനോഹരമായ മണൽതിട്ടകൾ കൊണ്ടു രമണീയമായിരുന്നത്രെ ഈ പുഴ ! മലകളിലെ നിയന്ത്രണമില്ലാത്ത മരം വെട്ടൽമൂലം കുത്തിയൊഴുകിയെത്തുന്ന മലവെള്ളം ഈ പുഴയെ നാശത്തിന്റെ ഗർത്തത്തിലേക്ക് യാത്രയാക്കുകയാണ്. ശിരുവാണി ഡാമിനുവേണ്ടി ആയിരക്കണക്കിനു ലോറി മണൽ ഈ പുഴയിൽനിന്ന് എടുത്തതോടെ കുണ്ടും കുഴിയുമായി മാലിന്യങ്ങളും, പുല്ലും നിറഞ്ഞ് വികൃതമായി, ഈ സുന്ദരി. പുഴയുടെ തീരങ്ങളിലെ പുറമ്പോക്കുകൾ അനധികൃതമായി കൂടിയേറിയതും ഈ പുഴയുടെ നാശത്തിന് കാരണമായിത്തീർന്നിട്ടുണ്ട്. ഇന്ന് ഏറ്റവും കൂടുതൽ മണൽവാരുന്നതും കൊടുമ്പു പഞ്ചായത്തിലെ ഈ പുഴയിൽനിന്നു തന്നെയാണ്.

OOOOOO



# 6. പഠന പര്യടനം

1996 ഒക്ടോബർ 8ന് പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറെ അതിർത്തിക്കടുത്ത് സ്ഥിതിചെയ്യുന്ന തസ്റാക്കിൽനിന്ന് രാവിലെ 8 മണിക്ക് ആരംഭിച്ചു. വാക്കിൽപാടം, മുല്ലേരി, പേഴുംപള്ളം, ആന്തൂർക്കാവ്, കണക്കുവളപ്പ്, കണ്ണൻകുടം, തിരുവാലത്തൂർ, കൊടുമ്പ്, ചേപ്പിലംതിട്ട, കുയിലംപുള്ളി, ഊറപ്പാടം, ഊറക്കുളം, കാഞ്ഞിരംകുന്ന്, മിഥുനംപള്ളം, കോവിൽപുര, ധർമ്മനഗർ വഴി പഞ്ചായത്തിന്റെ കിഴക്കേ അറ്റത്ത് ഭാരതപ്പുഴ കടവിൽ അഞ്ചുമണിക്ക് അവസാനിച്ചു.

പഠനപര്യടനത്തിൽ പഞ്ചായത്ത് പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ പതിനേഴുപേർ പങ്കെടുത്തു. ഭൂപ്രകൃതി, മൺതരം, കൃഷി-ജലലഭ്യത,സാംസ്കാരിക ചരിത്രപശ്ചാത്തലം എന്നീ വിഷയങ്ങളെപ്പറ്റി കണ്ടറിഞ്ഞും കേട്ടറിഞ്ഞും പഠിക്കുന്നതിന് നാലുഗ്രൂപ്പുകളായി തരംതിരിഞ്ഞു.

### ഗ്രൂപ്പുകളും അംഗങ്ങളും

1. **മൺതരം**
   പി.പി.കിട്ട
   കെ.രാജൻ
   പാഞ്ചാലി
   എസ്.പ്രദീപ്

2. **ഭൂപ്രകൃതി**
   കെ.ആർ.കുമാരൻ
   എൻ.സ്വാമിദാസ്
   എം.മോഹൻദാസ്
   പി.ഗോപാലൻ

3. **കൃഷി-ജലലഭ്യത**
   പി.വി.സത്യഭാമ
   കെ.കെ.ഹരിഹരനാഥൻ
   എസ്.മുഹമ്മദ്
   എം.സഹദേവൻ
   വേലായുധൻ റെയിൽവേ

4. **സാംസ്കാരിക-ചരിത്ര പശ്ചാത്തലം**
   പി.ഷൺമുഖദാസ്
   എ.പി.ചന്ദ്രഹാസൻ
   ആർ.ഗോപാലകൃഷ്ണൻ
   എം.മണി

ഓരോ ഗ്രൂപ്പും അതാതു വിഷയങ്ങളിൽ നാട്ടിലെ വിശദാംശങ്ങൾ കണ്ടറിഞ്ഞും കേട്ടറിഞ്ഞും മനസ്സിലാക്കി. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മൺതരവും കൃഷിയിനങ്ങളും ജലലഭ്യതയും സർവ്വോപരി കോൾമയിർ

കൊള്ളിക്കുന്ന ചരിത്രവും ഹൃദ്യാനുഭവമായി.

തസ്റാക്കിന്റെ ചരിത്രം ഖസാക്കിന്റെ ഇതിഹാസമായതും തിരുവലത്താർ തിരുവാലത്തൂർ ആയതും, കൊടുമ്പാളൂർ കൊടുമ്പായതും മണമ്പ്രാട്ടുകളരിയുടെ ചരിത്രവും ആ ഗ്രൂപ്പ് ഒപ്പിയെടുത്തു.

മൺതരങ്ങളുടെ പഠനവും ഏറെ ഗുണകരമായി. തസ്റാക്കിലെ ഉപ്പുകലർന്ന മണ്ണുമുതൽ ധർമ്മനഗറിലെ പുളിമണ്ണുവരെ എന്തെല്ലാം മാറിമറിഞ്ഞുകിടക്കുന്ന മൺതരങ്ങൾ:

ഏറെ വ്യത്യാസമില്ലെങ്കിലും ഗ്രാമത്തിന്റെ നിമ്നോന്നതികളും പുഴകളും, തോടും, കുണ്ടും, കുന്നും കടലാസിൽ പകർത്താനും ആ ഗ്രൂപ്പു ശ്രമിച്ചു.

മലമ്പുഴ ജലസേചന പദ്ധതിയുടെ ആയക്കെട്ടുപ്രദേശമായ വാക്കിൽപാടംമുതൽ തിരുവാലത്തൂർ വരെയുള്ള ഇരുപ്പു കൃഷിയിടങ്ങളും, വരമ്പിൽ അങ്ങിങ്ങായി നിൽക്കുന്ന കരിമ്പനകളും, തെങ്ങും കാർഷിക ഗ്രൂപ്പ് മനസ്സിൽ ശേഖരിച്ചു. കൊടുമ്പിനു വടക്കുകിഴക്കുപ്രദേശങ്ങൾ ഒരുപ്പൂവ്വൽ പ്രദേശമാണ്. മലമ്പുഴ ജലസേചന പദ്ധതിപ്രദേശമല്ലാത്തതു ചിറ്റൂർപ്പുഴ പദ്ധതിയുടെ കനാലുകളുണ്ടെങ്കിലും വെള്ളാമെത്താത്തതുമാണിതിനു കാരണം. ഉണങ്ങി വരണ്ട പറമ്പുകളും, തരിശായ നിലങ്ങളും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. കോവിൽപ്പുര മുതൽ വണ്ടിത്തോടിനു തെക്കുംവടക്കും ഭാഗങ്ങളും ധർമ്മനഗർ പ്രദേശവും കൃഷിചെയ്തുവരുന്നതും കാണാം.

ഒരർത്ഥത്തിൽ പറഞ്ഞാൽ കൊടുമ്പ് ഗ്രാമത്തിന്റെ തെക്കുപടിഞ്ഞാറുഭാഗം സമൃദ്ധവും വടക്കുകിഴക്കുഭാഗം കഷ്ടപ്പാട് ഏറെയുള്ള പ്രദേശവുമാണ്.

സഞ്ചരിച്ച പ്രദേശങ്ങളിലെ മൺതരവും, കൃഷിതരവും ജലതരവും, ഭൂതരവും ഒരു പട്ടികാരൂപത്തിൽ അന്യത്ര ചേർത്തിട്ടുണ്ട്. രണ്ടറ്റവും തമ്മിലുള്ള താരതമ്യ ഉയരം അറിയാത്തത് ഒരു ന്യൂനതയായി രേഖപ്പെടുത്തുന്നു.

പര്യടനത്തിലൂടെ സഞ്ചരിച്ച പ്രദേശങ്ങളുടെ സാംസ്കാരിക ചരിത്ര പശ്ചാത്തലം സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ എന്ന അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.


പാലക്കാട് പട്ടണത്തോട് ഏറെ അടുത്തു കിടന്നിട്ടും പട്ടണവുമായി പുലബന്ധംപോലും പുലർത്താത്ത കരിമ്പനകളും വയലേലകളും നിറഞ്ഞ ഈ പാലക്കാടൻ കൊച്ചുഗ്രാമത്തിന്റെ ശാന്തതയും, ഗ്രാമീണതയും പഠനപര്യടനയത്നത്തിന്റെ മുതൽക്കൂട്ടായി നിലകൊള്ളുന്നു.



# പഠന പര്യടനം

| ജലലഭ്യത | മൺതരം | വിളകൾ | ഭൂപ്രകൃതി | പ്രദേശം |
|---|---|---|---|---|
| വെള്ളമുണ്ട് ഉപ്പുകലർന്നത് | ഉപ്പുകലർന്ന മണൽമണ്ണ് | ഇരുപ്പൂവ്വൽ നെല്ല് തെങ്ങ് | കൃഷി വീട് | തസ്റാക്ക് |
| മലമ്പുഴ വെള്ളം | മണൽകലർന്ന പുളിമണ്ണ് | ഇരുപ്പൂവ്വൽ നെല്ല് തെങ്ങ് | കൃഷി | വാക്കിൽപാടം |
| do | പുളിമണ്ണ് | do | വീട് കൃഷി | മുല്ലേരി |
| do | do | do | കൃഷി | പേഴുംപള്ളം |
| do | കളിമണ്ണ് | do | കൃഷി | കണക്കുവളപ്പ് |
| do | ചക്കരമണ്ണ് | do | കൃഷി മലമ്പുഴ കനാൽ | കണ്ണൻകൂടം |
| do | കളിമണ്ണ് കലർന്ന ചക്കരമണ്ണ് | do | കൃഷി വീട് | തിരുവാലത്തൂർ |
| വെള്ളത്തിനു ക്ഷാമമുണ്ട് | do | മരങ്ങൾ തിങ്ങിനിറഞ്ഞ സ്ഥലം | പുഴ വീട് | കൊടുമ്പ് |
| do | ചക്കരമണ്ണ് | ഒരുപ്പൂവ്വൽ പലജാതി മരങ്ങൾ | കൃഷി പറമ്പ് വീട് | ചേപ്പലം തിട്ട |
| രൂക്ഷമായ വെള്ളക്ഷാമം | ചെമ്മണ്ണ്കലർന്ന പുളിമണ്ണ് | do | തരിശ് വീട് | കുയിലംപുള്ളി |
| do | ചുവന്നമണ്ണ് | do | തരിശ് വീട് പറമ്പ് | ഊറപ്പാടം |
| do | മണൽകലർന്ന ചുവപ്പു മണ്ണ് | do | do | ഊറക്കുളം |
| വെള്ളം തീരെലഭ്യമല്ല | ചുവപ്പു മണ്ണ് | do | വീട് കൃഷി | കാഞ്ഞിരംകുന്ന് |
| വെള്ള ക്ഷാമമുണ്ട് | do | ഇരുപ്പൂവ്വൽ നെല്ല് തെങ്ങ് | കൃഷി വീട് | മിഥുനംപള്ളം |
| do | do | do | കൃഷി | കോവിൽപുര |
| വെള്ളം ലഭ്യമാണ് | കളിമണ്ണ് | do | കൃഷി വീട് | ധർമ്മനഗർ |
| പുഴ | കളിമണ്ണ് & മണൽ | പുഴ | പുഴ | ഭാരതപ്പുഴ |

# കൊടുമ്പ് ഗ്രാമപഞ്ചായത്ത്





# 7. ഭൂവിഭവം ജനവിഭവം ജലവിഭവം

## 1. ഭൂവിഭവം

പാലക്കാട്, പശ്ചിമഘട്ടത്തിൽ വാളയാർചുരം മുതൽ തുടങ്ങുന്ന കേരളത്തിലെ കിഴക്കനർത്തി ജില്ല. ഈ ജില്ലയുടെ ആസ്ഥാനമായ പാലക്കാട് പട്ടണത്തോട് ചേർന്നുകിടക്കുന്ന കൊടുമ്പ് ഗ്രാമം.

ഭാരതപ്പുഴയുടെ ആദ്യഘട്ടത്തിൽ ശോകനാശിനി എന്ന തിരുവാലത്തൂർ പുഴ ഈപഞ്ചായത്തിനെ മൂന്നായി വിഭജിച്ച് കടന്നുപോകുന്നു. ഓലശ്ശേരി, തസ്റാക്ക്, തിരുവാലത്തൂർ, യാക്കര, കരിങ്കരപ്പുള്ളി എന്നീ പ്രദേശങ്ങൾ ചേർന്നതാണ് ഇന്നത്തെ കൊടുമ്പ് ഗ്രാമപഞ്ചായത്ത്.

പഞ്ചായത്തിന്റെ പടിഞ്ഞാറ് പാലക്കാട് മുനിസിപ്പാലിറ്റിയും, കണ്ണാടി ഗ്രാമപഞ്ചായത്തും, കിഴക്ക് പൊൽപ്പുള്ളി എലപ്പുള്ളി ഗ്രാമപഞ്ചായത്തുകളും, വടക്ക് NH 47, പാലക്കാട് മുനിസിപ്പാലിറ്റി, മരുതറോഡ് ഗ്രാമപഞ്ചായത്തും, തെക്ക് പെരുവെമ്പ് ഗ്രാമപഞ്ചായത്തും നിലകൊള്ളുന്നു. ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 25.42 ചതുരശ്ര കിലോമീറ്ററാണ്.

ഭൂപ്രകൃതിയിൽ വളരെ വ്യത്യാസമുള്ളതല്ല കൊടുമ്പ് പഞ്ചായത്ത്. ഏറിയ കൂറും നെൽപ്പാടങ്ങളും വീടുകളും നിറഞ്ഞതാണീ ഗ്രാമം. തരിശായികിടക്കുന്ന പറമ്പുകളും അങ്ങിങ്ങ് ദൃശ്യമാണ് ഉയർന്നു കിടക്കുന്ന കുന്നുകളും, വളരെ താഴ്ന്ന പ്രദേശങ്ങളും തീരെ ഇല്ല. കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം കല്ലിങ്കലിനടുത്ത ചെമ്മട്ടിയക്കാവു പ്രദേശമാണ്. ഏറ്റവും താഴ്ന്ന പ്രദേശം കണക്കുവളപ്പും.

ഉപരിതല മൺതരങ്ങൾ പ്രധാനമായും മണൽകലർന്ന കളിമണ്ണും പുളിമണ്ണുമാണ്. ഈ പഞ്ചായത്തിലെ തസ്റാക്ക് പ്രദേശത്തുമാത്രം ഉപ്പുകലർന്ന മണ്ണ കാണപ്പെടുന്നുണ്ട്. ഈ പ്രദേശത്ത് വെള്ളത്തിന് ഉപ്പുരസമാണ്.

## 2. ജനവിഭവം

1991 ലെ കനേഷുമാരി കണക്കുപ്രകാരം കൊടുമ്പ് പഞ്ചായത്തിലെ ജനസംഖ്യ, വിവരം താഴെ ചേർക്കുന്നു.

പട്ടിക - I

| | |
|---|---|
| പഞ്ചായത്തിന്റെ വിസ്തീർണ്ണം | 25.42 ച.കി.മീ. |
| ജനസംഖ്യ | 18034 |
| പുരുഷന്മാർ | 8897 |
| സ്ത്രീകൾ | 9132 |

| | |
|---|---|
| 6 വയസ്സിനു താഴെയുള്ള കുട്ടികൾ | 2302 |
| ആൺകുട്ടികൾ | 1152 |
| പെൺകുട്ടികൾ | 1150 |
| ശരാശരി കുടുംബവലിപ്പം | 5.00 |
| ജനസാന്ദ്രത | 709 |
| പട്ടികജാതി ജനസംഖ്യ | 3636 |
| പുരുഷന്മാർ | 1793 |
| സ്ത്രീകൾ | 1846 |
| പട്ടിക വർഗ്ഗജനസംഖ്യ | ഇല്ല |
| പഞ്ചായത്തിലെ സാക്ഷരത | 13734, 76.16% |
| പുരുഷൻ | 84.42% |
| സ്ത്രീ | 68.15% |

1991ലെ കനേഷുമാരി കണക്കുപ്രകാരം

1996 ൽ ജനകീയ ആസൂത്രണത്തോടനുബന്ധിച്ച് നടത്തിയ സർവ്വേ പ്രകാരം കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യ.

പട്ടിക - II

| വാർഡ് | പുരുഷൻ | സ്ത്രീ | കുട്ടികൾ | ആകെ |
|---|---|---|---|---|
| 1 | 924 | 1105 | 482 | 2511 |
| 2 | 881 | 900 | 300 | 2081 |
| 3 | 826 | 868 | 318 | 2013 |
| 4 | 1245 | 1236 | 178 | 2659 |
| 5 | 1095 | 975 | 245 | 2315 |
| 6 | 805 | 859 | 668 | 2332 |
| 7 | 875 | 820 | 789 | 2489 |
| 8 | 670 | 760 | 455 | 1885 |
| 9 | 781 | 754 | 450 | 1985 |
| ആകെ | | | | 20270 |

വിദ്യാഭ്യാസ മേഖലയിൽ ഏറെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണിത്. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ പ്രതിവർഷം വർദ്ധനവുണ്ടെങ്കിലും പഠനനിലവാരത്തിൽ ഇന്നും ഏറെ പിന്നിലാണ്. പഞ്ചായത്തിൽ ആകെ ഒരു ഹൈസ്കൂൾ മാത്രമേയുള്ളു. ഈ ഹൈസ്കൂളിൽ അടുത്ത കാലത്തായി തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങി, ഹയർ സെക്കന്ററി സ്കൂളായി ഉയർത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ഒരു പോളിടെക്നിക്ക് 1980 മുതൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം ഈ പഞ്ചായത്തിന് പ്രത്യേകമായി ലഭിച്ചു എന്നു പറഞ്ഞുകൂടാ.!

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ സംസ്ഥാനത്തിന്റെ മൊത്തംപ്രശ്നം എന്നതിലുപരി കൊടുമ്പ് പഞ്ചായത്തിനെ പ്രത്യേകമെടുത്തു പറയാനില്ല. വിദ്യാഭ്യാസരംഗത്ത് ഉന്നതനിലവാരം പുലർത്തുന്ന കോളേജും എഞ്ചിനീയറിങ്ങ് കോളേജും ഐ.ടി.ഐയും പോളിടെക്നിക്കും ഉണ്ടായിട്ടും ജില്ലയിലെത്തന്നെ മറ്റു പ്രദേശങ്ങൾക്ക് ആനുപാതികമായി കൊടുമ്പിന് മുന്നേറാൻ കഴിഞ്ഞിട്ടില്ല.

ജനങ്ങളുടെ പ്രധാനവരുമാനമാർഗ്ഗം കൃഷിതന്നെയായിരുന്നു. എന്നാൽ കാർഷിക രംഗത്തെ മുരടിപ്പും ലാഭകരമല്ലായ്മയും മറ്റു മേഖലകളിലേക്ക് തൊഴിൽതേടി പോകാൻ ഗ്രാമീണരെ പ്രേരിപ്പിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണംതന്നെയാണ് ഏറ്റവും വലിയ തൊഴിൽദാനമേഖല. പാലക്കാടിന്റെ കിഴക്കേ അതിർത്തിയിലുള്ള പുതുശ്ശേരി പഞ്ചായത്തിലുള്ള വ്യാവസായിക പുരോഗതി ഇവിടുത്തെ ജനങ്ങൾക്കും തൊഴിൽ ലഭിക്കാൻ സഹായിച്ചിട്ടുണ്ട്.

ജാതിപരമായ വലിയ ഉച്ചനീചത്വമില്ലാതെ കൊടുമ്പ്ഗ്രാമം ജീവിക്കുന്നു. ജനതയിലേറെയും ഹിന്ദുക്കളാണ്. തസ്റാക്ക് പ്രദേശത്ത് മുസ്ലീം ജനസംഖ്യ കൂടുതലാണ്. കൃസ്തൃൻ സമൂഹം വളരെ കുറവാണ്. പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായതുകൊണ്ടാകാം തമിഴ് ഇന്നും കൊടുമ്പ് ജനതക്കന്യമല്ല.

## 3. ജലവിഭവം

വർഷത്തിൽ ശരാശരി 1750mm മഴ ലഭിക്കുന്നുണ്ട്. ജൂൺ ജൂലായ് മാസങ്ങളിൽ ഏറ്റവും കൂടുതലും ഫിബ്രവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഏറ്റവും കുറഞ്ഞ മഴയും ലഭിക്കുന്നു.

പഞ്ചായത്തിനെ മൂന്നായി കീറിമുറിച്ചുകൊണ്ട് ശോകനാശിനി പുഴ ഒഴുകുന്നു. പാലക്കാടിന്റെ കിഴക്കനതിർത്തിയിൽനിന്നും വരുന്ന വണ്ടിത്തോട് തിരുവാലത്തൂരിനടുത്ത്വെച്ച് ഈ പുഴയിൽ ചേരുന്നു. കൂടാതെ 161 കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്.

1. പുഴ : ഭാരതപ്പുഴ
2. തോട് : വണ്ടിത്തോട്, പൊന്നുലത്തോട്
3. കുളങ്ങൾ :


പ്രധാന കുളങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.


പട്ടിക-I

| Sl.No. | വാർഡ് No. | പേര് |
|---|---|---|
| 1. | 1 | കുരുടൻ കുളം |
| 2. | 1 | ചോലൻകുഴി കുളം |
| 3. | 1 | ചെമിട്ടിയപാടകുളം |
| 4. | 1 | ഉത്തംകുളം |
| 5. | 1 | കുടിയാർകുളം |
| 6. | 1 | പഞ്ചായത്ത്കുളം |
| 7. | 2 | കണക്കുപറമ്പുകുളം |
| 8. | 2 | കോഴിപറമ്പുകളം |
| 9. | 2 | അമ്പലക്കുളം |
| 10. | 3 | പുളിയകുളം |
| 11. | 3 | കാട്ടറകുളം |
| 12. | 3 | പൂതങ്കാട്കുളം |
| 13. | 3 | പുളിയംകുളം |
| 14. | 3 | വളപ്പിൽകുളം |
| 15. | 3 | ഭഗവതികുളം |
| 16. | 3 | രാമനാരായണകുളം |
| 17. | 3 | പള്ളികുളം |
| 18. | 3 | തേവർകുളം |
| 19. | 3 | വടക്കേ പുളയപ്പാടകുളം |
| 20. | 3 | മുത്തുരാവുത്തർകുളം |
| 21. | 3 | പാലയംകാട് തെക്കുമുറി കുളം |
| 22. | 4 | അന്തിമഹാളൻകുളം |
| 23. | 4 | കുപ്പമാരകുളം |
| 24. | 4 | ഇല്ലത്തുപറമ്പിൽകുളം |
| 25. | 4 | അന്തിമഹാളൻകുളം |
| 26. | 4 | അന്തിമഹാളൻകുളം |
| 27. | 4 | അന്തിമഹാളൻകുളം |
| 28. | 4 | വാക്കിൽപാടകുളം കുതിരകുളം രണ്ടെണ്ണം |
| 29. | 6 | പറമ്പിടിക്കുളം |
| 30. | 6 | ശിവൻകോവിൽകുളം |
| 31. | 6 | തെങ്ങിൻകുളം |
| 32. | 6 | തുപ്പനംകാടുകുളം |
| 33. | 7 | കാഞ്ഞിരംകുന്നംകുളം |
| 34. | 7 | അത്തിക്കാട്ടുകുളം |
| 35. | 8 | പുളിയൻകാവുകുളം |
| 36. | 8 | പഞ്ചായത്തുകുളം |
| 37. | 8 | തോണിക്കുളം |
| 38. | 9 | താകുറിശ്ശിക്കുളം രണ്ടെണ്ണം |
| 39. | 9 | മണിയാർപാടംകുളം |
| 40. | 9 | കല്ലുംപൊറ്റക്കുളം മൂന്നെണ്ണം |
| 41. | 9 | വയ്യാട്ടുകാവുകുളം |
| 42. | 9 | പേഴുംപള്ളംകുളം |

പഞ്ചായത്തിൽ വർഷംമുഴുവൻ കുടിവെള്ളം സുഭിക്ഷമായി ലഭിക്കുന്ന പ്രദേശം തീരെ ഇല്ല. എന്നിരുന്നാലും മിക്കവാറും പ്രദേശങ്ങളിൽ കുടിവെള്ള സൗകര്യം ഉണ്ട്. പഞ്ചായത്തിലെ കാട്ടിരംകുന്നം പ്രദേശമാണ് കുടിവെള്ളത്തിന് ഏറെ ബുദ്ധിമുട്ടനുഭവിക്കുന്ന പ്രദേശം. തസ്റാക്ക് ഉപ്പുവെള്ളം ലഭിക്കുന്ന പ്രദേശമായതിനാൽ കുടിവെള്ളത്തിന് കഷ്ടം തന്നെയാണ്.

ഈ പഞ്ചായത്തിലൂടെ ഒഴുകുന്ന ശോകനാശിനി പുഴ ഒരർത്ഥത്തിൽ പറഞ്ഞാൽ ശോകവാഹിനി പുഴയത്രെ ! എന്തൊക്കെ ഗുണഗണങ്ങൾ വർണ്ണിച്ചാലും ശരി കൊടുമ്പ് ജനതക്കീപുഴ സമ്മാനിക്കുന്ന ദുരിതങ്ങൾ വർണ്ണനാതീതമാണ്. ഏറ്റവും പ്രധാനം കൂടിവെള്ളക്ഷാമം തന്നെയാണ്. ഈ പുഴയെ ആസ്പദമാക്കി കൊടുമ്പ് ഗ്രമത്തിന് ഒരു ശുദ്ധജലവിതരണ പദ്ധതി നാളിതുവരെ ജന്മമെടുത്തിട്ടില്ല. എന്നാലൊ, ഇരു കരളിലുമുള്ള കുടിവെള്ളം വേനൽക്കാലത്ത് ഈ പുഴ വലിച്ചെടുത്ത് ജനങ്ങളുടെ കുടിവെള്ളക്ഷാമത്തിൽ പങ്കുചേരുന്നു.





# 8. നാം മുന്നോട്ട്

കലാസാംസ്കാരിക രംഗങ്ങളിലും ദേശീയോദ്ഗ്രഥനചിന്തയിലും സാമൂഹ്യബോധത്തിലും കാലോചിതമായ സ്പന്ദനങ്ങൾ ഉൾക്കൊള്ളുവാൻ ഈ ഗ്രാമചേതനക്കുകഴിഞ്ഞിട്ടുണ്ട്. മതമൈത്രിയുടെ വിശാലപഥങ്ങളിലൂടെ ഇവിടുത്തെ ജനങ്ങൾ അന്യോന്യം ചങ്ങലക്കണ്ണികൾ കോർത്തു ഒരുമയുടെ പുഞ്ചിരിതൂകി നീങ്ങുന്നു. എങ്കിലും സങ്കുചിത ചിന്തകൾ സൃഷ്ടിക്കുന്ന ചില്ലറസംഘർഷങ്ങൾ ഇവിടെ തലപൊക്കുന്നു. ഈ അവസ്ഥാവിശേഷം നാം മുളയിൽതന്നെ നുള്ളിക്കളയണം. പരസ്പരസാഹോദര്യത്തിന്റെ വെള്ളപ്രാവുകൾ പറന്നുയർന്ന് ഈ ഗ്രാമാന്തരീക്ഷത്തിൽ ശാന്തിയുടെ ചിറകൊച്ചകൾ മുഴങ്ങട്ടെ-അതിനായ് നമുക്ക് ഒരുമയുടെ സങ്കീർത്തനങ്ങൾ ചൊല്ലാം. നവലോകം നമുക്കായ് മാർഗ്ഗരേഖകൾ രചിക്കുന്നു. ഒരു നല്ലനാളെയുടെ സ്വപ്നങ്ങൾക്കുയിരേകാൻ നാം ശക്തിയുടെയും ചൈതന്യത്തിന്റെയും ആവേശോജ്ജ്വലമായ പ്രതീകങ്ങളായ് മുന്നോട്ടു നീങ്ങുക ! അവിടെ നമ്മെക്കാത്ത് ഭാവിയുടെ ശുഭദായിനിയായ കർമ്മലോകം കാത്തിരിക്കുന്നു.

" ചോര തുടിക്കും ചെറുകയ്യുകളേ...
പേറുക വന്നീ പന്തങ്ങൾ "

– വൈലോപ്പിള്ളി



# 1. കൃഷിയും ജലസേചനവും

## കൃഷി ആമുഖം

ചരിത്രം നമ്മോട് സംസാരിക്കാൻ തുടങ്ങുന്നതിന് മുൻപു തന്നെ ഇവിടുത്തെ കുന്നിൻ പള്ളകളും കാടും വെട്ടി നിരപ്പാക്കി തണ്ണീർ തൂകിയ അദ്ധ്വാനശാലികളായ കർഷക പിതാമഹൻമാരുടെ അതെ രക്തം തന്നെയാണ് ഇന്നും നമ്മുടെ സിരകളിലൂടെ പ്രവഹിച്ചുകൊണ്ടിരിക്കുന്നത്.

സസ്യശ്യാമളയും കോമളയുമായ നമ്മുടെ ഭൂമി സുജലയും സുഫലയുമാണ്. ദാരതീയ സങ്കല്പം അനുസരിച്ച് ഭൂമി നമ്മുടെ മാതാവാണ്, ദേവിയാണ്. സർവ്വംസഹയായ ഭൂമി നമ്മെ സ്നേഹവാൽസല്യങ്ങളോടെ സംരക്ഷിച്ചു പോരുന്നു. നാം നമ്മുടെ അമ്മയായ ഭൂമിയെ സ്വാർത്ഥലാഭങ്ങൾക്കു വേണ്ടി അംഗഭംഗം വരുത്തി വിരൂപിണിയാക്കി മാറ്റുകയാണ്. ഇനിയെങ്കിലും നാം ഉണരേണ്ടിയിരിക്കുന്നു. വീണ്ടും നമുക്കിവിടെ പച്ചപിടിച്ചു തഴച്ചു സമൃദ്ധിയുടെ സസ്യാവരണങ്ങളാൽ ഭൂമിയെ മനോഹാരിണിയാക്കാം. "മനുഷ്യാ നീ മണ്ണാകുന്നു. മണ്ണിലേക്കു തന്നെ മടങ്ങുന്നു" എന്ന ബൈബിൾ വാക്യം മറ്റൊരർത്ഥത്തിൽ നമുക്കിവിടെ സ്വീകരിക്കാം. "മണ്ണിന്റെ മക്കളായ മനുഷ്യാ നീ മണ്ണിനെ തിരിച്ചറിയൂ മണ്ണിനെ സ്നേഹിക്കൂ."

## കൃഷി ജലസേചനം

### വികസനം നേരിടുന്ന വെല്ലുവിളികൾ

മണ്ണിനെ സ്നേഹിക്കുന്ന കർഷകൻമാരുടെ നാടാണ് കൊടുമ്പ്. ഭാരതപ്പുഴയുടെ പോഷകനദികളിൽ ഏറ്റവും വലിയ നദിയായ ശോകനാശിനി, അക്ഷരാർത്ഥത്തിൽ തന്നെ കർഷകന്റെ ശോകനാശിനിയാണ്. അതോടൊപ്പം തന്നെ ഒരു വിപരീതഗുണവും ഈ പുഴയ്ക്കുണ്ട്. ആനമലയിൽ നിന്നും പിറന്ന ഈ പർവ്വത കന്യക കിഴക്കാം തൂക്കായി ഒഴുകി നീങ്ങുന്നതു കൊണ്ട് അവൾ തുലാവർഷത്തിലും, കാലവർഷത്തിലും പുഷ്ടി പ്രാപിക്കുന്നു. മഴക്കാലം കഴിയുന്നതോടെ പുഴയിലെ ജലവിതാനം വാർന്നൊഴുകി, സമീപസ്ഥമായ പ്രദേശങ്ങളിലെ ജലം കൂടി ഊറ്റിയെടുത്തു ഉപ്പുവെള്ളത്തിലേക്കു കൊണ്ടുപോകുന്നു. ആ വിപരീത സാഹചര്യം കൊണ്ട് അവളെ ജനങ്ങളുടെ "ശോകവാഹിനി" എന്നു വിശേഷിപ്പിക്കുന്നുണ്ട്.

സമതലഭൂമികളും, വയലേലകളും ചെറിയ ചെരിവു പ്രദേശങ്ങളും നിറഞ്ഞ ഈ ഗ്രാമത്തിന്റെ ഭൂപ്രകൃതി കൃഷിക്കു വളരെയേറെ അനുകൂലമാണ്. കൃഷിയെന്നുപറഞ്ഞാൽ ഉടനെ അതു നെൽകൃഷി

മാത്രമാണെന്നാണ് ഇവിടുത്തെ ഗ്രാമീണരിൽ ബഹുഭൂരിപക്ഷത്തിന്റെയും സങ്കല്പം. ഹ്രസ്വകാല വിളയായ ഈ നെൽകൃഷി അത്രമാത്രം അവരുടെ ജീവിത സാഹചര്യങ്ങളുമായി ഇണങ്ങിക്കഴിഞ്ഞിരിക്കുന്നു. നെല്ലിന്റെ വിലക്കയറ്റവും, വിലയിറക്കവും ഗ്രാമീണന്റെ ജീവിതത്തിന്റെ രണ്ടു തട്ടുകളാണ്. തെങ്ങ്, കവുങ്ങ് തുടങ്ങിയ ദീർഘകാല വിളകളും വാഴ, കരിമ്പ് മുതലായ കാർഷിക വിളകളോ, ഹ്രസ്വകാല വിളയായ പച്ചക്കറിയോ ഇവർ കാര്യമായിട്ടെടുക്കുന്നില്ല. വളരെ ചെറിയൊരു ശതമാനം മാത്രമാണ് ഈ രംഗത്തു പരീക്ഷണങ്ങൾ നടത്തിയിട്ടുള്ളത്. ജലത്തിന്റെ ദൗർലഭ്യം ഈ നാടിനെ മറ്റൊരു ശാപമായി പിൻതുടരുന്നു. മഴയുള്ളപ്പോൾ മാത്രം മൃദുലമായ ഇവിടുത്തെ മണ്ണ് വേനൽക്കാലം വരുന്നതോടെ വരണ്ടുണങ്ങി കോൺക്രീറ്റു പോലെ ദൃഢമായിത്തീരുന്നു. ഇതു സസ്യങ്ങളുടെ വേരോട്ടത്തേയും വളർച്ചയെയും സാരമായി ബാധിക്കുന്നു. ജലസേചന സൗകര്യങ്ങൾ നെല്ലിനു മാത്രമെ കഷ്ടിയായി ലഭിക്കുന്നുള്ളു. ഇത്തരത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ കൊണ്ടാണ് കർഷകൻ മുതൽമുടക്ക് ഏറെ ആവശ്യമായ മറ്റുകാർഷിക രംഗത്തേക്കു കടന്നു വരാത്തത്. ഇവിടുത്തെ സ്വായത്ത സമ്പത്തിന്റെ ഭൂരിഭാഗവും പച്ചക്കറി, മുട്ട, ഇറച്ചി, മത്സ്യം എന്നിവയ്ക്കായി അയൽ സംസ്ഥാനങ്ങളിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് കൃഷിയെ ഊർജ്ജിതമായ സമഗ്ര കാർഷികോൽപ്പാദന മേഖലയാക്കി മാറ്റണം.

ജലലഭ്യതയും കാർഷികോൽപ്പാദനവുമായി ശാസ്ത്രീയമായ കാഴ്ചപ്പാടോടെ നമുക്കു കൂട്ടിയിണക്കേണ്ടിയിരിക്കുന്നു. ഭൂമിയുടെ നിമ്നോന്നതാവസ്ഥകളെ അടിസ്ഥാനമാക്കി കാർഷികരീതി അവലംബിച്ചാൽ മാത്രമെ ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിയൂ. കേരളത്തെ സംബന്ധിച്ചിടത്തോളം മനുഷ്യവിഭവശേഷി കൂടിയ സംസ്ഥാനമാണ്. എങ്കിലും കാർഷിക മേഖലയിലേക്ക് കടന്നുവരാൻ ഇഷ്ടപ്പെടുന്നവരുടെ എണ്ണം നാൾതോറും ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം കർഷക തൊഴിലാളികളുടെ എണ്ണക്കുറവും സേവനത്തോതും കാർഷിക മേഖലയുടെ വളർച്ചക്ക് വളരെയേറെ വിഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം പ്രത്യേകം ചിന്താവിഷയമാക്കുക തന്നെ വേണം. തൊഴിലാളികളുടെ കൂലി വർദ്ധനവിനോടൊപ്പം അവരുടെ അധ്വാന ശേഷിയും ആനുപാതികമായി വളർത്തേണ്ടിയിരിക്കുന്നു. കൃഷിക്കാരനും കൃഷി ഭൂമിയും കർഷകത്തൊഴിലാളിയും ചേർന്ന ത്രികോണത്തിന് ആലങ്കാരികമായി നമുക്ക് ഒരു പേരിടാം- ക്ഷേമം.

ഒരു കൂട്ടായ്മയോടെ ഈ മൂന്നു ഘടകങ്ങളും കൂട്ടിയിണക്കാനുള്ള ആസൂത്രണം ആശാവഹവും അനിവാര്യവുമാണ്.

"റിയൽ എസ്റ്റേറ്റ്" എന്ന ഓമനപ്പേരിൽ ഭൂവിനിയോഗ രംഗത്തെ ബ്ലേഡ് കമ്പനികൾ സമൃദ്ധമായി വിളഞ്ഞു നിന്നിരുന്ന പാടശേഖരങ്ങൾ പോലും പാഴ് മണ്ണ് കൊണ്ടിട്ട് നികത്തി പ്ലോട്ടുകളായി ലേഔട്ട് ചെയ്ത് വൻലാഭം കൊയ്തെടുക്കുന്നു. ഓഹരി വിപണിയുടെ തകർച്ചയോടെ, സാമ്പത്തിക നേട്ടം കൊതിക്കുന്നവർ പണം നിർല്ലോഭമായി തുണ്ടു ഭൂമികൾ വാങ്ങുവാൻ വേണ്ടി വിനിയോഗിക്കുന്നു. ഒരു വീടു വെച്ചു താമസിക്കാനുള്ള സാധാരണ സ്വപ്നമല്ല ഇവിടെ മുന്തിനിൽക്കുന്നത്. പകരം അമിതമായ ലാഭേച്ഛയും ഈ രംഗത്തേക്ക് കടന്നു വരാൻ ആളുകളെ പ്രേരിപ്പിക്കുന്നു. മോഹവിലക്കു ഭൂമിയിൽ പണം വാരി വിതച്ച് നൂറും, ഇരുനൂറും മേനി കൊയ്തെടുക്കാനുള്ള അത്യാസക്തിയാണ് ഈ രംഗത്ത് വേതാളനൃത്തം ചവിട്ടുന്നത്. ഇതിനെതിരെ ജാഗ്രതയോടെ നീങ്ങിയില്ലെങ്കിൽ കൃഷിഭൂമികൾ കാർഷിക വിളകളുടെ ചുടലഭൂമിയായി മാറും.

നെല്ലുകഴിഞ്ഞാൽ, പാലക്കാടൻ ജനങ്ങൾക്കു കുറെ ചില്ലറകൾ ആശ്വാസമായി നൽകുന്ന ഒരു കൃഷിയാണ് പുളി. വലിയ മുതൽ മുടക്കൊന്നുമില്ലാതെ, ആരുടെയും പരിചരണവും കൂടാതെ സ്വാശ്രയരായി നിൽക്കുന്ന ഈ പരോപകാരികൾ നല്ലൊരു സമ്പാദ്യം തന്നെയാണ്. വളഞ്ഞു പുളഞ്ഞു നിറയെ കായകളുമായി കിടക്കുന്ന വാളൻ പുളിയിനങ്ങളിൽ മേൽത്തരമാണ് ഇവിടെ വിളയുന്നത്. എങ്കിലും ഉല്പാദകനു അർഹമായ വരുമാനം ലഭിക്കുന്നില്ല. പുളിമരം പൂക്കും മുൻപേ മുൻകൂർ തുകയുമായി ഇടനിലക്കാർ നേട്ടോട്ടം ഓടുകയാണ്. ഈ മേഖലയിൽ ഒരു പുളി സംസ്കരണ വിപണന കേന്ദ്രം ഉണ്ടായിരുന്നെങ്കിൽ കർഷകനെ ചൂഷണം ചെയ്യുന്ന അവസ്ഥാവിശേഷം മാറ്റിയെടുക്കാമായിരുന്നു.

ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി തുടങ്ങിയ പോഷക സമ്പന്നമായ കിഴങ്ങുവർഗ്ഗങ്ങൾ വലിയ മുതൽ മുടക്കൊന്നുമില്ലാതെ കൃഷി ചെയ്യാവുന്നതാണ്. ഏതായാലും ആ രംഗത്തേക്ക് കടന്നുവരുന്ന കർഷകരുടെ എണ്ണം വളരെ പരിമിതമാണ്. ആ മേഖലയിൽ വികസന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പട്ടിക 1

## കൃഷി ഭൂവിനിയോഗം

കൃഷിഭവൻ രേഖ

| ക്രമ നമ്പർ | വിളകൾ | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1. | നെല്ല് | 213.26 | 83.12% |
| 2. | തെക്ക് | 104.00 | 4.09% |
| 3. | കശുമാവ് | 5.00 | 0.20% |
| 4. | പച്ചക്കറികൾ | 32.00 | 1.26% |
| 5. | വാഴ | 15.00 | 0.59% |
| 6. | മരച്ചീനി | 27.00 | 1.06% |
| 7. | കരുമുളക് | 1.00% | 0.04% |
| 8. | കവുങ്ങ് | 2.00% | 0.08% |
| 9. | ഫലവൃക്ഷങ്ങൾ | 12.00% | 0.47% |
| | ആകെ | 2311.26 | 90.21% |

## കാർഷിക ഭൂപ്രകൃതി

ശോകനാശിനിപുഴയ്ക്കു പുറമെ വണ്ടിത്തോടും പൊന്നുമലത്തോടും മാത്രമാണ് ഈ ഗ്രാമത്തിലെ പ്രകൃതിദത്ത ജലവാഹിനികൾ. വിശാലമായ പാടശേഖരങ്ങൾക്കു നടുവിൽ വിസ്തൃതമായ 161 കുളങ്ങൾ ഈ ഗ്രാമത്തിലുണ്ട്. പക്ഷേ വേണ്ടത്ര ശാസ്ത്രീയമായ പരിചരണം ഇല്ലാത്തതിനാൽ ബഹുഭൂരിപക്ഷവും മണ്ണിടിഞ്ഞ് വികൃതവും, മാർച്ച്, ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ രൂക്ഷമായ വരൾച്ച നേരിടുന്ന അവസ്ഥയിലും ആണ്.

| | | |
|---|---|---|
| ആളോഹരി കൃഷി ഭൂമി | (സംസ്ഥാനം) | 0.07 |
| കൊടുമ്പ് ഗ്രാമപഞ്ചായത്ത് | | 0.12 |


## കാർഷിക ജല സ്രോതസ്സുകൾ

1) ഭാരതപ്പുഴ – (ശോകനാശിനി)
2) തോട് – 1) വണ്ടിത്തോട്
   2) പൊന്നുമലത്തോട്
3) കുളങ്ങൾ –
4) കനാലുകൾ 1) മലമ്പുഴ ജലസേചന പദ്ധതി
   2) വാളയാർ ജലസേചന പദ്ധതി
   3) ചിറ്റൂർ പുഴ ജലസേചന പദ്ധതി
5) ചീർപ്പുകൾ
6) കുഴൽകിണറുകൾ

## പ്രധാന കൃഷികൾ

### നെൽ കൃഷി

നെല്ലിന് അനുഗുണമായ കാലാവസ്ഥയും വളക്കൂറുമുള്ള ഒരു ജില്ലയാണ് പാലക്കാട്. ഇവിടുത്തെ വയലുകളിൽ സമൃദ്ധിയുടെ പൊൻകതിരുകൾ ചൂടിനിൽക്കുന്ന നെല്ല് കർഷകന്റെ സമ്പത്താണ്. അതുകൊണ്ടാണ് പാലക്കാടിനെ നെല്ലറയെന്ന് വിശേഷിപ്പിക്കുന്നത്. കാർഷിക ഗവേഷണങ്ങൾ ഈ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയത്. അതിനുമുൻപു ഉത്പാദന ശേഷി കുറഞ്ഞ നാടൻ വിത്തിനങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്.




മൊത്തം കർഷകർ
1423

### നെൽകൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

ഹ്രസ്വകാല വിളയായ നെൽകൃഷി ചെയ്യുന്ന കർഷകർക്കൊക്കെയും അവരുടെ വിഷമതകളുടെയും പ്രശ്നങ്ങളുടെയും പട്ടികതന്നെ നിരത്താനുണ്ടാകും. നഗര പ്രാന്തങ്ങളിലുള്ള പാടങ്ങൾ അധികവും തരിശിടുകയാണ്. ജലസേചനസൌകര്യങ്ങളും, വിളമേനിയും ഉണ്ടെങ്കിൽ പോലും കർഷകൻ തന്റെ മണ്ണിനു പൊന്നുവില കിട്ടാൻ വേണ്ടി തന്റെ നിലനിൽപ്പിന്റെ പോലും ഗുരുതരമായ പ്രശ്നമായിത്തീരാവുന്ന ആ പൊന്മുട്ടയിടുന്ന താറാവിനെ നിഷ്ഠുരമായി കശാപ്പു ചെയ്യുന്നു. വിവേക ശൂന്യമായ ഈ മനോഭാവം പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിലേക്കു പോലും ഭീകരമായ ഒരു പ്കർച്ച വ്യാധി പോലെ പടർന്നു പിടിച്ചിരിക്കുന്നു. കർഷകനു മുൻപുണ്ടായിരുന്ന മാന്യത, സമൂഹം ഇന്ന് കൽപ്പിച്ചുകൊടുക്കാത്തത് അവരുടെ

മാനസികമായ തളർച്ചക്ക് വഴിതെളിക്കുന്നു. കൂലി നിരക്ക് നാൾക്കു നാൾ വർദ്ധിക്കുന്നുണ്ടെങ്കിലും അധ്വാനം എന്ന വിഭവത്തിന്റെ വിനിയോഗം വർദ്ധിക്കാതിരിക്കുകയോ കുറഞ്ഞു വരികയോ ചെയ്യുന്നു. ഇത് കാർഷിക മേഖലക്ക് മാന്ദ്യം വരാനുള്ള ഒരു പ്രധാന ഘടകമാണ്.

തുടർച്ചയായി ഒരേ വിത്തും അശാസ്ത്രീയമായ വളപ്രയോഗവും ആയതിനാൽ ഉൽപാദനം ഗണ്യമായി കുറഞ്ഞു വരുന്നു. യഥാകാലങ്ങളിൽ മണ്ണു പരിശോധിക്കുവാനോ ജൈവവള പ്രയോഗം നടത്തുവാനോ അവസരങ്ങളുണ്ടാകുന്നില്ല. അതിനാൽ മണ്ണിന്റെ ഘടനയിലും ഉൽപാദന ശേഷിയിലും കുറവുണ്ടായികൊണ്ടിരിക്കുകയും, ക്രമാതീതമായ രാസവളപ്രയോഗം കൊണ്ടും നെൽകൃഷി നഷ്ടത്തിലായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

മണ്ണിന്റെ ഗുണമേന്മയറിയാതെ കൃഷി ഭവനുകളിൽ നിന്നുവരുന്ന വിത്തിനങ്ങൾ ഈ മേഖലയിൽ ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുന്നത്. വളങ്ങളുടെ സബ്സിഡിപോലും വളമിടേണ്ട കാലം കഴിഞ്ഞാണ് ലഭിക്കുന്നത്.

കർഷകനു വിള ഇറക്കുവാനുള്ള ധനസഹായം ലഭിക്കാൻ പല കടമ്പകളും കയറി ഇറങ്ങേണ്ടി വരുന്നു. ശരിയായ രീതിയിലുള്ള അറിവ് പലപ്പോഴും കർഷകർക്ക് ഈ രംഗത്ത് ഇല്ലാത്തതിനാൽ അവർ പിന്തള്ളപ്പെടുന്നു. അവസാനം അമിത പലിശക്ക് പണം കടം വാങ്ങി വലിയ കടബാധ്യതയുടെ കയങ്ങളിൽ മുങ്ങിത്തപ്പുന്ന കർഷകനെ വിളവെടുപ്പ് സമയത്ത് ഇടനിലക്കാർ സാരമായ തോതിൽ ചൂഷണം ചെയ്യുന്നു. കമ്പോളത്തിൽ അവർ വിലയിടിച്ചു കാണിക്കുന്നു. നിസ്സഹായനായ കർഷകൻ അവസാനം ഗത്യന്തരമില്ലാതെ കിട്ടുന്ന വിലക്ക് തന്റെ അധ്വാനഫലം വിൽക്കാൻ നിർബന്ധിതനായിത്തീരുന്നു. നെല്ല് സംഭരണക്കാർ അനുകൂല പരിതസ്ഥിതിയിൽ വൻലാഭം നേടുകയും ചെയ്യുന്നു.

കർഷകൻ നാടിന്റെ നട്ടെല്ലാണെന്ന് വിളംബരം ചെയ്യുകയല്ല, അവരെ നാനാപ്രകാരങ്ങളിലുമുള്ള ചൂഷണങ്ങളിൽ നിന്നും മോചിപ്പിക്കുവാനുള്ള ബാധ്യത സമൂഹത്തിനാണ്. ഇല്ലെങ്കിൽ പതനത്തിലേക്കു നീങ്ങുന്നതു ഇവിടുത്തെ ജനകോടികളായിരിക്കും.

പട്ടിക 2

## പ്രധാന വിത്തിനങ്ങൾ

| ക്രമ നമ്പർ | വിത്തിനങ്ങൾ | വിളവ് ഹെക്ടറിൽ | വളപ്രയോഗം കി.ഗ്രാം/ ഹെക്ടർ | കൂലി_ മറ്റു ചിലവുകൾ |
|---|---|---|---|---|
| 1. | കനകം | 5.125 ടൺ | | |
| 2. | കാഞ്ചന | 5.075 " | യൂറിയ 150 | 1750രൂപാ |
| 3. | 1001 | 4.750 ടൺ | പൊട്ടാഷ് 60 | കൂലി. 3400രൂപാ |
| 4. | ഐശ്വര്യാ | 4.750 ടൺ | ഫോസ്ഫറസ് 196 | |
| 5. | ആതിര | 4.625 ടൺ | | യൂറിയാ 488.25 |
| 6. | കൈരളി | 4.125 ടൺ | യൂറിയ_ 198 | പൊട്ടാഷ് 293.50 |
| 7. | ത്യവേണി | 4.500 ടൺ | പൊട്ടാഷ്_77 | ഫോസ്ഫറസ് 760 |
| 8. | കുഞ്ഞ്കുഞ്ഞ് | 5.250 ടൺ | ഫോസ്ഫറസ്252 | ആകെ 1541.75 |
| 9. | മസൂരി | 5 ടൺ | | |
| 10. | ജയാ | 5.175 ടൺ | യൂറിയാ _ 88 | |
| 11. | S.D.16 | 5 ടൺ | പൊട്ടാഷ് 34 | മൊത്തം ചിലവ് 6691രൂപാ |
| 12. | പൊൻമണി | 4.1245ടൺ | ഫോസ്ഫറസ്112 | |
| | | | കൂടാതെ ചെറിയ തോതിൽ ജൈവവളങ്ങളും | |

പട്ടിക 3

നെല്ലിനെ ബാധിക്കുന്ന പ്രധാനരോഗങ്ങൾ

| നമ്പർ | രോഗങ്ങൾ | കീടനാശിനികൾ | രോഗപ്രതിരോധമാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | മുഞ്ഞ | മോണോ ക്രോട്ടോഫോസ് | 1.രോഗപ്രതിരോധശേഷിയുള്ള വിത്തിനങ്ങൾ ശ്രദ്ധയോടെ തിരഞ്ഞെടുക്കുക |
| 2. | ബ്ലാസ്റ്റ് | കിനാൻ ഫോസ് | 2.യഥാസമയം വിളയിറക്കുകയും വളപ്രായോഗം നടത്തുകയും ചെയ്യുക |
| 3. | ബ്ലൈറ്റ് | നിമാക്രോൺ | 3.സന്തുലിത വളപ്രയോഗം<br>4.വിളപരിവർത്തനം.<br>5.കൊയ്ത്ത് കഴിഞ്ഞതിനു ശേഷം നിലം നല്ല പോലെ ഉഴുത് മറിച്ചിടുക. |

## പാടശേഖര സമിതികൾ:

കൊടുമ്പ് പഞ്ചായത്തിൽ 15 പാടശേഖരസമിതികൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ സമിതികളും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കലും പൊതുവേ ഒരു താർപര്യമില്ലായ്മ ഈ മേഖലയിലേക്കും കടന്നു വരുന്നുണ്ട്.

പട്ടിക 3


പാടശേഖരസമിതികളുടെ വിവരണം

| നമ്പർ | പാടശേഖരങ്ങളുടെ പേര് | ഉല്പാദനക്ഷമത ഹെക്ടറിൽ | പ്രവർത്തനം |
|---|---|---|---|
| 1. | കുതിര മുല്ലേരി പാടശേഖരസമിതി | 5.250 ടൺ | തൃപ്തികരം (1995 ലെ പഞ്ചായത്തിലെ മികച്ചത് ) |
| 2. | കല്ലംപൊറ്റ " | 5.250 ടൺ | തൃപ്തികരം |
| 3. | ഓലശ്ശേരി | 5.250 " | തൃപ്തികരം |
| 4. | വാരിയത്ത് കുളം | 5.250 " | തൃപ്തികരം |
| 5. | കൊടുമ്പ് | 5.175 " | തൃപ്തികരം |
| 6. | പാലയങ്കോട് | 5.175 " | (1996 ലെ പഞ്ചായത്തിലെ മികച്ചത്) തൃപ്തികരം |
| 7. | തസ്റാക്ക് | 5.075 " | തൃപ്തികരം |
| 8. | പേഴുംപള്ളം | 4.750 " | തൃപ്തികരം |
| 9. | താകുറിശ്ശി | 4.750 " | തൃപ്തികരം |
| 10. | നെല്ലിക്കുന്നം | 4.625 " | തൃപ്തികരം |
| 11. | കല്ലിങ്കൽ | 4.500 " | തൃപ്തികരം |
| 12. | കരിങ്കരപ്പുള്ളി | 42.50 " | തൃപ്തികരം |
| 13. | ഊറപ്പാടം | 4.250 " | തൃപ്തികരം |
| 14. | ചെമട്ടിയപ്പാടം | 4.125 " | തൃപ്തികരം |
| 15. | ചിറപ്പാടം | 4.125 " | തൃപ്തികരം |

## കൂലിനിരക്ക്

734 കർഷക കുടുംബങ്ങളുണ്ട്. സീസൺ സമയത്ത് അടുത്ത പ്രദേശത്തു നിന്നും പണിക്കാർ വരുന്നുണ്ട്. പുരുഷന് 70 രൂപയും സ്ത്രീക്ക് 35 രൂപയുമാണ് ശരാശരി കൂലി. രാവിലെ 8 മണിമുതൽ ഉച്ചയ്ക്ക് 3 മണിവരെ തൊഴിലാളികൾ തുടർച്ചയായി ഉച്ചഭക്ഷണത്തിന് നില്ക്കാതെ പണിയെടുക്കുന്നു എന്നത് ഒരു പ്രത്യേകതയാവാം. പ്രായേണ വളരെ താഴ്ന്ന കൂലി നിരക്കും കൃഷിപ്പണിക്കുള്ള ഗമക്കുറവും കെട്ടിടനിർമ്മാണമേഖലയിലെ ഉയർന്ന കൂലിനിരക്കും ഈ തൊഴിലിന് ആളെകിട്ടാത്ത നിലയിലെത്തിച്ചിട്ടുണ്ട്.

. 1990 മുതലുള്ള കൂലിയിലെ വ്യതിയാനം താഴെ കാണിച്ചിരിക്കുന്നു.




## കൃഷിഭവന്റെ പ്രവർത്തനം

കൃഷിയുടെ രോഗാതുരതയും ബലഹീനതയും നേരിട്ടറിഞ്ഞ്, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനുള്ള കർഷക ബന്ധുവായിരിക്കണം. കാർഷികോദ്യോഗസ്ഥർ ഒരു ഔപചാരികതയ്ക്കപ്പുറം ഈ രംഗത്തു പ്രവർത്തിക്കുവാൻ ഉദ്യോഗസ്ഥൻമാർ മടിച്ചു നിൽക്കുന്നു. മിക്കവാറും നടീൽ വസ്തുക്കൾ കൃഷിഭവനിലെത്തുന്നത് ഭൂരിഭാഗം കർഷകരും അറിയുന്നില്ല. അർഹതയുള്ളവർക്കു വിതരണം ചെയ്യാതെ രേഖകൾ മാത്രം സംസാരിക്കുന്ന സ്ഥിതിയാണ് കൃഷിഭവനിൽ കാണുവാൻ കഴിഞ്ഞത്. അതു മൂലം അസമയത്ത് പാറപ്പുറത്ത് വിതച്ച വിത്തിന്റെ നിലയായി മാറുന്നു. വിത്തുവിതരണം കഴിഞ്ഞാൽ കാർഷിക ഉദ്യോഗസ്ഥരും കർഷകരും തമ്മിൽ ബന്ധമില്ലായ്മ ഉണ്ടാകുന്നു. ഇതു മൂലം പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാൻ സാധിച്ചിട്ടില്ല. അശാസ്ത്രീയമായ സ്ഥലം മാറ്റം ഉദ്യോഗസ്ഥർക്കിടയിൽ മാനസികമായ തളർച്ചക്കും ആത്മാർത്ഥതയില്ലായ്മയ്ക്കും പ്രധാന കാരണങ്ങളാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിപൂർണ്ണ നിയന്ത്രണത്തിലായാൽ മാത്രമെ കൃഷിഭവനുകളുടെ പ്രവർത്തനം കർഷകർക്കുവേണ്ടി ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുകയുള്ളൂ. പഞ്ചായത്തിലെ പല വാർഡിലും കൃഷിഭവന്റെ പ്രവർത്തനം എത്തുന്നില്ല.

: ആവശ്യമായ വിദഗ്ദോപദേശങ്ങൾ കർഷകനു ലഭിക്കുന്നില്ല.

: സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ കുറിച്ചുള്ള അജ്ഞത .

: പച്ചക്കറി, കൂൺകൃഷി, പുഷ്പസസ്യങ്ങൾ, അലങ്കാരസസ്യങ്ങൾ എന്നിവയുടെ സാധ്യതകളെക്കുറിച്ച് സാധാരണക്കാർ ബോധവാന്മാരല്ല.

## വിളവ് എങ്ങിനെ വർദ്ധിപ്പിക്കാം

ഇവിടുത്തെ പാടങ്ങളിൽ ഭൂരിഭാഗവും ഇരുപ്പൂ നിലങ്ങളാണ്. രണ്ടു വിളകൾക്കിടയിലുള്ള ഇടവേള ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിഞ്ഞാലേ പാടങ്ങളിലെ ജൈവഘടകങ്ങളുടെ കുറവു പരിഹരിക്കുവാൻ കഴിയുകയുള്ളൂ. പച്ചക്കറി, പയറുവർഗ്ഗങ്ങൾ, വെള്ളരി, കുരുമുളക്, കയ്പക്ക, പടവലങ്ങ എന്നിവ ആദായകരമായി കൃഷി ചെയ്യാവുന്ന ഇനങ്ങളാണ്. ആവശ്യാനുസരണം തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യങ്ങളിൽ കുടുംബാംഗങ്ങളുടെ കൂട്ടായ പങ്കാളിത്തത്തോടെ ഈ മേഖലയെ വികസിപ്പിച്ചെടുക്കണം. കുടുംബ വരുമാനം വർധിപ്പിക്കുവാൻ നല്ലൊരു മാർഗ്ഗമെന്നതിലുപരി പച്ചക്കറികൃഷി മനുഷ്യ മനസ്സിന് ഉന്മേഷവും സംഘർഷമില്ലായ്മയും പ്രദാനം ചെയ്യുന്നുവെന്ന് ആധുനിക ശാസ്ത്രം അഭിപ്രായപ്പെടുന്നു. ഇതിന്റെ മറ്റൊരു പതിപ്പാണ് "ഹോർട്ടിക്കൾച്ചർ തെറാപ്പി" എന്നു പറയുന്ന ചികിൽസാ സമ്പ്രദായം.

പട്ടിക 3

## കാർഷികോപകരണങ്ങൾ

| നമ്പർ | ഉപകരണം | കൃഷിഭവൻ മുഖേന നല്കിയത് | കർഷകരുടെ കൈവശമുള്ളത് |
|---|---|---|---|
| 1. | ട്രാക്ടർ | 3 | 33 |
| 2. | ട്രില്ലർ | 1 | 2 |
| 3. | നാടൻ കലപ്പ | — | 71 |
| 4. | റോക്ക് സ്പ്രേയർ | — | 7 |
| 5. | നാപ്സ്റ്റാക്ക് സ്പ്രേയർ | 26 | 5 |
| 6. | തെങ്ങുകയറ്റ യന്ത്രം | 1 | — |
| 7. | പോർട്ടബിൾ പമ്പുസെറ്റ് | 1 | 26 |

ഓണം, വിഷു തുടങ്ങിയ ഉൽസവകാലങ്ങളിലേക്ക് ആവശ്യമായ പച്ചക്കറിയിനങ്ങൾ കൃഷി ചെയ്യുവാൻ ദീർഘ വീക്ഷണത്തോടെ ശ്രമിച്ചാൽ നമ്മെ നേരിടുന്ന രൂക്ഷമായ വിലക്കയറ്റത്തിൽ നിന്നും രക്ഷപ്പെടുവാൻ കഴിയും. കായികാധ്വാനത്തോട് ആഭിമുഖ്യം പുലർത്തുന്ന ഒരു പുതിയ തൊഴിൽ സംസ്കാരം പച്ചക്കറി കൃഷിയിലൂടെ വളർത്തി കൊണ്ടു വരുവാൻ കഴിയും.

പാഴായിപ്പോകുന്ന മനുഷ്യ ശക്തി എങ്ങനെ പ്രയോജനകരമായ രീതിയിൽ പ്രാവർത്തികമാക്കാമെന്ന് പരീക്ഷിച്ച് വിജയിച്ച കഞ്ഞിക്കുഴി എന്ന ഗ്രാമത്തിന്റെ പ്രവർത്തനരേഖ ഒരു മാതൃകയായി എടുക്കാൻ ഈ രംഗത്ത് ബോധവൽക്കരണം നടത്തണം.

കർഷകന്റെ ഉൽപന്നങ്ങൾ ന്യായവിലക്ക് എടുത്ത് വിപണനം ചെയ്യുവാനുള്ള കേന്ദ്രങ്ങൾ സ്ഥാപിച്ച് കർഷകനെ ചൂഷണ വിമുക്തനാക്കണം. ഏതാനും വർഷം മുമ്പുവരെ ഇവിടുത്തെ വയലേലകളിൽ വേൽക്കാലവിളകൾ കുളിർമയേകിയിരുന്നു. വിപണന മേഖലയിലെ ചൂഷണം ഈ സമൃദ്ധിയുടെ ഇന്നലെകളെ ശ്വാസം മുട്ടിച്ച് കൊല്ലുകയാണ് ചെയ്തത്. കേരളത്തിലേതുപോലെ അനുകൂലമായ ഭൗതികമായ സാഹചര്യങ്ങളുള്ള പ്രദേശത്ത് ദിനംപ്രതി ലക്ഷക്കണക്കിന് രൂപയുടെ പച്ചക്കറികൾ അയൽസംസ്ഥാനങ്ങളിൽ നിന്നും അതിരു കടന്നെത്തുന്ന കാഴ്ച വേദനാജനകമാണ്. അമിതമായ രാസവളപ്രയോഗവും കീടനാശിനികളുടെ അനവസരത്തിലുള്ള പ്രയോഗവും കൊണ്ട് ഗുണത്തേക്കാളേറെ ദോഷഫലങ്ങൾ ചെയ്യുന്ന സുന്ദരിമാരായ യക്ഷികളെപോലെയാണ് ആ തുടുതുടുത്ത പഴവർഗ്ഗങ്ങളും പച്ചക്കറികളും നമ്മുടെ മുന്നിലെത്തുന്നത് എന്നാരും അറിയുന്നില്ല. അവയാകട്ടെ പ്രകൃതി നമുക്കു കനിഞ്ഞരുളിയ ഔഷധഗുണങ്ങളെല്ലാം വറ്റി പകരം ആരോഗ്യത്തെ ഇഞ്ചിഞ്ചായി കാർന്നുതിന്നുന്ന രോഗങ്ങൾക്കു കളമൊരുക്കുന്നവയാണ്. മാത്രമല്ല അനിയന്ത്രിതമായ വിലക്കയറ്റവും ഇവിടെ സൃഷ്ടിക്കപ്പെടുന്നു. ഇതിനെല്ലാം പരിഹാരമാർഗ്ഗം കണ്ടെത്തുവാൻ വളരെ ജാഗ്രതയോടെ നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ പച്ചക്കറിമേഖലയിൽ ഒരു കാർഷിക പദ്ധതിക്കു രൂപം നൽകണം.

### ജലസേചനം

സസ്യജാലങ്ങളുടെ നിലനിൽപ്പിന് ആവശ്യമായ ജലം ചുരുങ്ങിയ കാലയളവിൽ മാത്രം ലഭിക്കുന്ന മഴയെ ആശ്രയിച്ചാൽ കൃഷി പരാജയപ്പെട്ടുപോകും. കാലവർഷവും തുലാവർഷവും ഭൂമിക്കു പകരുന്ന ജലസമ്പത്ത് പാഴായിപോകാതെ വരൾച്ചയുടെ നാളുകളിലേക്കും പ്രയോജനപ്പെടുത്തുന്ന പദ്ധതികൾക്ക് വളരെ ജാഗ്രതയോടെ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

### പ്രകൃതിദത്ത സ്രോതസ്സുകൾ

1. ഭാരതപ്പുഴയുടെ പ്രധാന പോഷക നദിയായ ശോകനാശിനി
2. വണ്ടിത്തോട്
3. പൊന്നുമലത്തോട്

### പ്രധാന ജലസേചന മാർഗ്ഗങ്ങൾ

1. മലമ്പുഴ കനാൽ
2. തസ്റാക്ക് ലിഫ്റ്റ് ഇറിഗേഷൻ
3. ചിറ്റൂർപ്പുഴ പദ്ധതി

## മണ്ണ്, ജലം, സംരക്ഷണം

ഈ മേഖലയിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും തന്നെ നടത്തിക്കാണുന്നില്ല. അശാസ്ത്രീയമായ ഭൂവിനിയോഗം മേൽമണ്ണിലെ വളക്കൂറു ചോർത്തിക്കൊണ്ടുപോകുന്നു. ജലം ഭൂമിയുടെ പാളികൾക്കുള്ളിൽ സംഭരിച്ചു നിർത്തുവാനുള്ള പരിജ്ഞാനം കർഷകർക്ക് വേണ്ടത്രയില്ല.

### കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1. കാർഷികാവശ്യങ്ങൾക്കുള്ള ജലത്തിന്റെ ദൗർലഭ്യം

2. ശോകനാശിനിയിലെ അനിയിന്ത്രിതവും അശാസ്ത്രീയമായ മണൽവാരൽ നിമിത്തം സമീപസ്ഥമായ പ്രദേശങ്ങളിലെ ജലവിതാനം വളരെ ഗുരുതരമായ അവസ്ഥയിലേക്ക് താഴ്ന്നു കൊണ്ടിരിക്കുന്നു.

3. വയലുകൾ നിരത്തി ഭൂമി ഇടപാടുകാർ ലാഭങ്ങൾ കൊയ്തെടുക്കുന്നതുമൂലം തരിശുഭൂമിയുടെ എണ്ണം വർദ്ധിക്കുന്നു.

4. കാർഷികമേഖലയിൽ പൊതുവെ ഒരു ഉൽസാഹമില്ലായ്മയും മരവിപ്പും പടർന്നു പിടിച്ചിരിക്കുന്നു. അതിന്റെ മുഖ്യകാരണങ്ങൾ ഇന്നത്തെ കാർഷികരീതികൾ കൂടുതൽ ആദായകരമല്ല. കൃഷിക്കാരന് മുൻപുണ്ടായിരുന്ന മാന്യത അംഗീകരിച്ചു കൊടുക്കാൻ എന്തുകൊണ്ടോ ജനങ്ങൾ വിമുഖത കാണിക്കുന്നു. കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നു. അവരുടെ ശരാശരി തൊഴിൽ ദിനങ്ങൾ കുറവായതിനാൽ ഉപജീവനമാർഗ്ഗത്തിനായി മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നു. കൃഷിപ്പണി, കൊയ്ത്ത് എന്നിവയെക്കാൾ ആദായകരമായ തൊഴിലുകൾ അവർക്ക് പ്രചോദനമേകുന്നു. പുതിയ തലമുറയിലെ കർഷകത്തൊഴിലാളികളുടെ മക്കൾ കൂടുതൽ ആകർഷകമെന്നു തോന്നുന്ന മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നു.

5. കുളങ്ങൾ വേണ്ടത്ര പരിചരണം ലഭിക്കാതെ അവഗണിക്കപ്പെടുന്നതിനാൽ മണ്ണിടിഞ്ഞു നികന്നു പോകുന്നു. അവയിലെ ജലസംഭരണ ശേഷിയും ഉറവും വറ്റുവാൻ ഇതു കാരണമായിത്തീരുന്നു.

6. ഭൂമിയിലെ മേൽപ്പാളിയിലെ വളക്കൂറ്, അമിതമായ രാസവളപ്രയോഗവും അശാസ്ത്രീയമായ കൃഷിരീതിയും കൊണ്ട് നാശോന്മുഖമായി കൊണ്ടിരിക്കുന്നു. മാറിമാറിയുള്ള കൃഷിരീതികൾ പ്രയോഗിക്കപ്പെടുന്നില്ല.

7. തോടരികുകളും പുഴയോരങ്ങളും അശ്രദ്ധമൂലം നശിക്കുന്നു. അനധികൃതമായി ഭൂമികയ്യേറ്റവും ഇവിടെ നിർബാധംനടന്നുകൊണ്ടിരിക്കുന്നു.

8. തരിശുകളിൽ കാട്ടുപൊന്തകൾ വളർന്നു ഭൂമിയെ ദുരുപയോഗപ്പെടുത്തുന്നു.

9. കായികാധ്വാനം സമൂഹത്തിൽ അന്തസ്സ് നിലനിർത്താൻ പര്യാപ്തമല്ല എന്ന മിഥ്യാബോധം അഭ്യസ്ഥവിദ്യരിൽ വേരുറച്ചു കഴിഞ്ഞിരിക്കുന്നു. ഹ്രസ്വകാലം കൊണ്ട് ധനം നേടാനുള്ള ത്വര അവരിൽ വളർന്നുകൊണ്ടിരിക്കുന്നു.

10. പുതിയ മരങ്ങളോ ഫലവൃക്ഷങ്ങളോ നട്ടുപിടിപ്പിക്കുന്നില്ല. മാത്രമല്ല ഉള്ളവ മുറിച്ചു മാറ്റുന്നതിൽ ശുഷ്കാന്തി കാണിക്കുകയും ചെയ്യുന്നു. മരങ്ങളുടെ നാശം മൂലം ഭൂമിയുടെ തരളതയും ശീതളച്ഛായയും പോയി മറയുന്നു.

11. കമ്പോളസംസ്കാരം ഒരു ഫാഷനായി കരുതുന്ന മറുനാടുകളിൽ നിന്നും വിപണിയിലെത്തുന്ന പച്ചക്കറി ഇനങ്ങൾ വാങ്ങുവാൻ കൃഷിഭൂമിയുള്ളവൻ പോകുന്നു.

12. ജൈവവള പ്രയോഗം നഷ്ടമായിക്കൊണ്ടിരിക്കുന്നു. കാലിവളവും വൈക്കോലും മറ്റുസ്ഥലങ്ങളിലേക്ക് യാതൊരു വിലക്കുകളുമില്ലാതെ പോയ്ക്കൊണ്ടിരിക്കുന്നു.

### സാധ്യതകളും പരിഹാര നിർദ്ദേശങ്ങളും

1. പാതക്കടവിലെ പുഴയിൽ കല്ലിങ്കൽ വണ്ടിത്തോടിനുസമീപം ഒരു വലിയ ചെക്ക്ഡാം നിർമ്മിക്കുക. ഡാമിനു മുകളിലൂടെ ഉണ്ടാകുന്ന പാതയ്ക്ക് ഒറ്റപ്പെട്ടുക്കിടക്കുന്ന കണ്ണംകുടവുമായി ബന്ധിപ്പിക്കുവാൻ കഴിയും.അതു കൊണ്ട് 5-ാം വാർഡിലും, 6-ാം വാർഡിലും, 1-ാം വാഡിലും മരുതറോഡ് പഞ്ചായത്തിലെ നിലവിലുള്ള വാളയാർ ഫീൽഡ് ഉപയോഗിച്ച് ജലസേചനം നടത്താം.

2. ഓലശ്ശേരി, പാലയംങ്കാട് എന്ന സ്ഥലത്ത് തടയണ കെട്ടി ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

3. ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

4. ധർമ്മനഗറിലെ തീർത്ഥക്കടവിൽ ഒരു തടയണ നിർമ്മിക്കുക.

5. കണ്ണമ്പരിയാരം മുനീശ്വരൻ കോവിലിനു സമീപം വണ്ടിത്തോടിനു കുറുകെ ചെക്ക്ഡാം നിർമ്മിക്കുക.

6. പൊൽപ്പുള്ളി വണ്ടിത്തോട് ഉയർത്തുക.

7. ജലദൗർലഭ്യം നേരിടുന്ന കാടാംകോട് പുളിയങ്കാവിനു സമീപമുള്ള ഒരിക്കലും വറ്റാത്ത കുളം പുനരുദ്ധാരണം ചെയ്യുക.

8. പഞ്ചായത്തിനകത്തുള്ള എല്ലാ ജലസംഭരണി കളുടെയും അറ്റകുറ്റപണി നടത്തി സംരക്ഷിക്കുക. സ്വകാര്യ ജലസംഭരണികളുടെ അറ്റകുറ്റപണിക്ക് പഞ്ചായത്തിന് അധികാരം നൽകുമാറ് ജലസംഭരണികളെല്ലാം പഞ്ചായത്തിന്റെ സ്വത്താകുന്ന വിധത്തിൽ നിയമം ഭേദഗതി ചെയ്യണം.

9. ചിറ്റൂർ പുഴ കനാലിൽ ഭദ്രകാളിയമ്മൻ കോവിലിനു സമീപം പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

10. ~~ചക്കിക്കൽപ്പള്ളയിൽ~~ ആനക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് രൂപം കൊടുക്കുക.കടുത്ത കൃഷിനാശം സംഭവിക്കുന്ന ഓലശ്ശേരി, കാട്ടിരാംകുന്നം പ്രദേശത്തിന് ഉപകരിക്കും.

11. ഔഷധ സംഘങ്ങൾ നട്ടുപിടിപ്പിക്കുവാൻ പ്രോൽസാഹനം നൽകിയാൽ കൊടുമ്പു പഞ്ചായത്തിൽ വരാൻ പോകുന്ന "ശാന്തിഗിരി" ആയുർവേദ ആശുപത്രിയിൽ വിപണനം നടത്തുവാൻ കഴിയും.

12. ചെറുകിട പച്ചക്കറി കൃഷിക്കാർക്ക് കാറ്റാടി പമ്പ് അനെർട്ട് മുഖേന സൗജന്യമായി സ്ഥാപിച്ച് ജലസേചനസൗകര്യം ചെയ്ത് കൊടുക്കുക.

13. ലിഫ്റ്റ് ഇറിഗേഷനു വേണ്ടി മലമ്പുഴ കനാലിൽ നിന്ന് ഉയർന്ന പ്രദേശത്ത് ശക്തമായ കാറ്റുള്ള സമയത്ത് (നവംബർ 15 മുതൽ ഫെബ്രുവരി 28 വരെ) അനെർട്ട് കാറ്റാടിയന്ത്രം സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിച്ച് ജലസേചനം നടത്താം.

14. നെല്ലിക്കുന്നം ഭാഗത്ത് നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ തോട്ടിൽ തടയണ കെട്ടി പരിഷ്കരിക്കുക.

15. തസ്റാക്ക് ലിഫ്റ്റ് ഇറിഗേഷൻ കനാൽ അഭിവൃദ്ധിപ്പെടുത്തി പഴയ മോട്ടോർ മാറ്റി പുതിയ ട്രാൻസ്ഫോർമറും മോട്ടോറും സ്ഥാപിക്കുക.

16. എല്ലാ ഇറിഗേഷൻ കനാലിന്റേയും സിൽറ്റുകൾ ആഗസറ്റ് സെപ്റ്റംബർ മാസങ്ങളിൽ എടുക്കുക. നിലവിലുള്ള എല്ലാ കാഡാ കനാലുകളുടെയും നീളം വർദ്ധിപ്പിക്കുക.

17 .കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ത്വരിതപ്പെടുത്തുകയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും ചെയ്യുക. കാർഷികാ വശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.

18. കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി ഒരു കർഷക സഹകരണ സംഘം രൂപികരിക്കുക. അനുബന്ധമായി a.കാർഷികോപരണങ്ങളും യന്ത്രോപകരണങ്ങളും അനായാസമായി ലഭിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുക. b. പ്രധാന വിളവായ നെല്ല് സംഭരിക്കാനുള്ള ഗോഡൗണും സംസ്കരിച്ച് വിപണിയിലെത്തി ക്കുവാൻ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മോഡേൺ റൈസ്മില്ലും സ്ഥാപിക്കുക.c.ധാന്യമാർഗ്ഗങ്ങൾ പൊടിക്കുന്നതിനും അവിൽ പൊടിക്കാനും ഉതകുന്നഫ്ലവർമിൽ സ്ഥാപിക്കുക.

19. പാടങ്ങൾ നിയന്ത്രണമില്ലാതെ നികത്തുന്നതും, പുഴയിൽ നിന്നും മണൽവരുന്നതും നിയമം മൂലം തടയുക.

20. കാലാകാലാങ്ങളിൽ വിലസൂചികക്ക് അനുസരിച്ച് കാർഷികോൽപ്പന്നങ്ങളുടെ വില നിയന്ത്രിച്ച് സംഭരിക്കുക.

21. മണ്ണിന്റെ സന്തുലിതാവസ്ഥ നിലനിറുത്തുന്നിതനായി നിലവിലുള്ള മോബൈൽ ടെസ്റ്റിംഗ് ലാബറട്ടറി

ഒരു വർഷത്തിൽ 3 തവണയെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ചു സോയിൽടെസ്റ്റ് നടത്തുക.അതിന്റെ ചുമതല കർഷക സഹകരണ സംഘത്തിനു നൽകുക.

22. കീടനാശിനികളും വളവും ശാസ്ത്രീയമായി പ്രയോഗിക്കുന്ന വിധം കർഷകർക്ക് വിശദീകരിച്ചു കൊടുക്കുവാൻ അയൽകൂട്ടങ്ങൾ തോറും-കൃഷിഭവൻ അംഗങ്ങൾ ബോധവൽക്കരണ പഠനക്ലാസ്സുകൾഎടുക്കുക.

23. മണ്ണിന്റെ ഘടനയ്ക്കനുയോജ്യമായി വിത്തുകൾ അതാതു പ്രദേശത്ത് ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക. ഗവേഷണശാലകളിൽ നിന്നും വരുന്ന അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ താമസംവിനാ കർഷകർക്ക് ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. കാർഷികോദ്യോഗസ്ഥരുടെ നിർദേശങ്ങൾ കർഷകർക്ക് പ്രയോജനകരമായി ലഭിക്കണം. കൃഷിഭവനുകളിൽ ഉണ്ടാവുന്ന ഒഴിവുകൾ താമസം വിനാ നികത്തണം.

24. തെങ്ങുകൃഷിയുടെ സമഗ്രവികസനത്തിനായി ഒരു കേര വികസന സൊസൈറ്റീ രൂപികരിക്കുക.

25. അത്യുൽപാദനശേഷിയുള്ള വിത്തുകൾ ഉൽപാദിപ്പിച്ച് ഗുണമേന്മ ഉറപ്പു വരുത്താനായി "കേരനഴ്സറികൾ" പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക.

26. തെങ്ങുകൃഷിയെക്കുറിച്ച് "കേര കർഷകർക്കുള്ള പഠനശിബിരം" സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തുക. കാർഷികാവശ്യത്തിനുള്ള വളവും ആധുനിക രീതിയിലുള്ള ജലസേചന സൗകര്യങ്ങളും നൽകി പ്രോൽസാഹിപ്പിക്കുക.

27. തെങ്ങിൽ നിന്നുള്ള ഉൽപന്നങ്ങൾ പനം ശർക്കര, തെങ്ങിൻ ശർക്കര മധുരപാനീയം മുതലായവ സംസ്കരിച്ച് വിപണനം നടത്താനുള്ള ചുമതല സഹകരണ സംഘം ഏറ്റെടുക്കുക.

28. വിള ഇൻഷൂറൻസ് സ്കീമിൽ എല്ലാ തെങ്ങുകളെയും സൗജന്യമായി ഇൻഷൂർ ചെയ്യുക.

29. തെങ്ങിൻ തോട്ടങ്ങളിൽ കവുങ്ങ്, വാഴ, ചേമ്പ്, ചേന, കുരുമുളക് തുടങ്ങിയവ കൃഷി ചെയ്യുവാനുള്ള സംയോജിത കൃഷി പദ്ധതിക്കു രൂപം നൽകുക.

30. പാലക്കാടിന്റെ പരിതസ്ഥിതിക്കിണങ്ങുന്ന നല്ല ഇനം ഒട്ടുമാവിൻ തൈകൾ വെച്ചു പിടിപ്പിക്കുക.

31. മാതൃവൃക്ഷത്തിന്റെയോ മാതൃസസ്യത്തിന്റെയോ ഗുണമേന്മ നിലനിർത്തുന്ന ടിഷ്യൂകൾച്ചർ സമ്പ്രദായത്തിന് മുൻതൂക്കം നൽകുക.

32. വാഴക്കൃഷിക്ക് സബ്സിഡി നൽകുക.

33. വാഴനാര് സംസ്കരിച്ച് നൂൽ ഉണ്ടാക്കാനുള്ള യൂണിറ്റുകൾ തുടങ്ങുക.

34. കൃഷിഭൂമിയുടെ അതിർത്തികളിൽ സുബാബുൾ, ശീമക്കൊന്ന തുടങ്ങിയ പച്ചിലവളച്ചെടികൾ നട്ടുപിടിപ്പിച്ചാൽ ജൈവവളത്തിനും മണ്ണൊലിപ്പു തടയാനും ഉപകരിക്കും.

35. ഗ്രൂപ്പ്ഫാമിങ്ങ് സമ്പ്രദായത്തിൽ ഒരേ തരം വിത്തുപയോഗിക്കുകയും മറ്റുതരത്തിൽ പ്രോൽസാഹനവും നൽകി നടപ്പിൽ വരുത്തുക.

36. പട്ടണപ്രദേശങ്ങളിൽ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് മട്ടുപ്പാവിലെ കൃഷിക്കുവേണ്ട പ്രചാരവും പ്രോൽസാഹനവും നൽകുക.

37. പച്ചക്കറികൃഷി വ്യാപകമായി വികസിപ്പിക്കാനുള്ള തീവ്രയത്ന പരിപാടി പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യുക.

മാതൃകാപച്ചക്കറി കൃഷിത്തോട്ടങ്ങൾ അയൽക്കൂട്ടങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടു നടപ്പിൽ വരുത്തുക. പച്ചക്കറികൃഷിക്ക് ആവശ്യമായ വിത്തും വിദഗ്ധോപദേശവും ജൈവവളവും അനായാസം ലഭിക്കാനുള്ള സജ്ജീകരണം നടത്തുക. ജൈവ കീടനാശിനികളുടെ നിർമ്മാണത്തിനും പ്രയോഗത്തിനും വേണ്ട പരിശീലനം നൽകുക. വീട്ടമ്മമാർക്കുവേണ്ടി അടുക്കളത്തോട്ടങ്ങൾ, കൂൺകൃഷി, അലങ്കാരസസ്യ നേഴ്സറി എന്നിവയ്ക്കു പരിശീലനവും പ്രോൽസാഹനവും നൽകുക.

38. കാർഷികോൽസവങ്ങൾ പഞ്ചായത്ത് തലത്തിൽ നടത്തി ഓരോ ഇനങ്ങളിലും മെച്ചപ്പെട്ട കാർഷികോൽപ്പന്നങ്ങൾക്കും സമ്മാനങ്ങൾ നൽകുക. കർഷകരെ ആദരിക്കുന്ന ചടങ്ങുകളും ബോധവൽക്കരണസെമിനാറുകളും സംഘടിപ്പിക്കുക.

39. വിദ്യാർത്ഥികളിൽ കാർഷികവൃത്തിയോട് ആഭിമുഖ്യവും കായികാധ്വാനത്തോട് ബഹുമാനവും തോന്നുവാൻ വേണ്ടി പാഠ്യപദ്ധതിയിൽ "കാർഷികശാസ്ത്രം" അനുബന്ധ വിഷയമാക്കി മാറ്റുക. ഗ്രാഫ്റ്റിംഗും, പച്ചക്കറി കൃഷിയും പുഷ്പകൃഷിയും താൽപര്യമുള്ള കുട്ടികളെ സംഘടിപ്പിച്ച് സ്കൂളുകളിൽ നടപ്പിലാക്കുക.

40. സ്കൂളുകളിൽ "കാർഷിക ക്ലബ്ബുകൾക്ക് രൂപം നൽകി അംഗങ്ങൾക്ക് ഗ്രേഡ് അനുസരിച്ച് സർട്ടിഫിക്കറ്റും ഗ്രേസ് മാർക്കും നൽകിയാൽ കൃഷിയോടുള്ള അഭ്യസ്ഥവിദ്യരുടെ വിമുഖത ഒരു പരിധി വരെ ഒഴിവാക്കുവാൻ സാധിക്കും.

41. "കാർഷിക ക്വിസ്" മത്സരങ്ങൾ വിദ്യാലയങ്ങൾ തോറും നടത്താൻ വിദ്യാഭ്യാസ ഡിപ്പാർട്ട്മെൻറ് മുൻകൈ എടുക്കണം.

42. കായികാധ്വാനത്തിനു ആളെ കിട്ടാൻ വിഷമിക്കുന്ന ഈ നൂറ്റാണ്ടിൽ കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം ക്ഷമത വർദ്ധിപ്പിക്കുകയും ആ രംഗത്ത് കൂടുതൽ പരീക്ഷണങ്ങൾ നടത്തുകയും വേണം.

43. കർഷകൻ നാടിൻെറ നട്ടെല്ല് തന്നെയായി നിൽക്കണമെങ്കിൽ ജീവിത ഭദ്രത കൂടി അനിവാര്യമാണ്. സംസ്ഥാനാടിസ്ഥാനത്തിൽ കർഷകക്ഷേമനിധി രൂപികരിക്കുകയും പെൻഷൻ പദ്ധതി നടപ്പിൽ വരുത്തുകയും ചെയ്യുക.


44. ജൈവവള പ്രയോഗത്തിന് മുൻതൂക്കം കൊടുക്കുവാൻ വേണ്ടി സഹകരണമേഖലയിൽ ഒരു "ജൈവവള നിർമ്മാണ ഫാക്ടറി" സ്ഥാപിക്കുക.


കാർഷിക പുരോഗതി നമ്മുടെ നിലനിൽപ്പിൻെറ തന്നെ പ്രശ്നമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി മണ്ണിനോടു കൂറുപുലർത്തുന്ന ഒരു കാർഷിക തത്വശാസ്ത്രം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ വികസന പദ്ധതികളുടെ ലക്ഷ്യം പൂർണ്ണത പ്രാപിക്കുകയുള്ളൂ.

45. ഇന്നത്തെ നിലവിലുള്ള ആനുകൂല്യങ്ങൾ ഭിക്കുന്നതിന് പല പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നു. അതിനാൽ സബ്സിഡി കിട്ടുവാൻ യോഗ്യതകളുള്ള കൃഷിക്കാരന് കിട്ടുന്നില്ല. സബ്സിഡി യോഗ്യരായ കൃഷിക്കാർക്കെല്ലാം കിട്ടുന്ന രീതിയിലുള്ള സമ്പ്രദായം ആവിഷ്കരിക്കുക.

46. മണ്ണിൽ പൊന്നു വിളയിക്കാൻ കൊതിക്കുന്ന കർഷകരുടെ കൂട്ടായ്മക്കും പൊതുപ്രശ്ന പരിഹാരത്തിനും ലക്ഷ്യമിട്ടിട്ടുള്ളതാണല്ലോ പാടശേഖര സമിതികൾ. അതാതു പ്രദേശത്തെ കൃഷി ഭവൻ ഉദ്യോഗസ്ഥരുടെ സാങ്കേതിക സഹായവും, സർക്കാരിൻെറ പ്രോൽസാഹനങ്ങളും, സഹായങ്ങളും, നിർദ്ദേശങ്ങളും ഇത്തരം പാടശേഖരസമിതികൾ മുഖേന കർഷകരിൽ എത്തുന്നു അഥവാ എത്തണം. എന്നാൽ കൃഷിഭവനുകൾ ഔപചാരിക സർക്കാർ ഓഫീസുകളും, പാടശേഖരസമിതികൾ നിർജ്ജീവങ്ങളുമാകുന്ന കാഴ്ച വേദനാജനകമാണ്. ഈ രംഗത്ത് ഒരു പുത്തനുണർവ്വും അത്യാവശ്യമാണ്. പഞ്ചായത്ത് ഭരണസമിതി മുഖേന പ്രവർത്തനം ഏകോപിപ്പിക്കുകയും കൃഷിഭവനുകളുടെ പ്രവർത്തനം പഞ്ചായത്തിന് കീഴിലാക്കുകയും ചെയ്യുന്നത് കർഷകന് ഗുണകരമാകും എന്ന കാര്യത്തിൽ തർക്കമില്ല.

47. സമയത്ത് കൃഷിക്കാരന് ഹ്രസ്വകാല വായ്പകൾ ഗവൺമെൻറിൽ നിന്നോ സഹകരണ സംഘങ്ങളിൽ നിന്നോ കിട്ടുവാനുള്ള നടപടി സ്വീകരിക്കണം.





# 2. മൃഗസംരക്ഷണം മത്സ്യബന്ധനം

## 1. മൃഗസംരക്ഷണമേഖല

വളരെ വൈവിധ്യമുള്ള ഭൂപ്രകൃതികാരണം കൊടുമ്പു പഞ്ചായത്തിന്റെ മൃഗസംരക്ഷണ മേഖലയ്ക്ക് ഏകീകൃത സ്വഭാവവും കാര്യമായ വളർച്ചയും കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ, പാലക്കാടു നഗരത്തിനോടും വ്യവസായ മേഖലയോടും തൊട്ടുകിടക്കുന്ന ഭാഗങ്ങളിൽ ഭൂലഭ്യത വളരെ കുറഞ്ഞതിനാൽ കൃഷിയ്ക്കും മറ്റ് അനുബന്ധ ഉല്പാദന മേഖലയ്ക്കും പരമ്പരാഗതരീതികൾ കൈവിട്ട് ആധുനിക സങ്കേതങ്ങൾ അവലംബിക്കേണ്ടതുണ്ട്. Fastfood സെന്ററുകളും തട്ടുകടകളും വളരെ വർദ്ധിക്കുകയും മുട്ട, പാൽ, ഇറച്ചി എന്നിവയുടെ ഉപഭോഗം നഗരത്തിനോട് ചേർന്ന ഭാഗങ്ങളിൽ വർദ്ധിച്ച തോതിലായതിനാൽ എത്ര ഉല്പാദനം വർദ്ധിപ്പിച്ചാലും, വിറ്റഴിക്കുവാൻ പ്രയാസമില്ലാത്ത അനുകൂല ഘടകവും പഞ്ചായത്തിന്റെ പ്രത്യേകതകളാണ്.

## ചരിത്രം

പണിയെടുക്കുന്നതിനും, ജൈവവളത്തിനും, സവാരി വണ്ടികൾ വലിക്കുന്നതിനുമാണ് പുരാതനകാലം മുതൽ കർഷകഭവനങ്ങളിൽ കന്നുകാലികളെ വളർത്തിയിരുന്നത്. വലിയ കന്നുകാലി തൊഴുത്തുകളും അവനിറയെ കന്നുകാലികളും, കാലിമേയ്ക്കുന്നതിനുള്ള 'കാലിചെറുക്കൻമാരും' എല്ലാ കർഷകഭവനങ്ങളിലും ഉണ്ടായിരുന്നു.

1957-ലെ കാർഷികബന്ധ ബില്ലും തുടർന്ന്വന്ന ഭൂ പരിഷ്ക്കരണ ത്തോടുംകൂടി, ഭൂ ഉടമാസമ്പ്രദായത്തിൽ കാര്യമായ വ്യത്യാസം വന്നതോടുകൂടിയാണ് കർഷകത്തൊഴിലാളികളും, പട്ടിക ജാതിക്കാരും മറ്റുപിന്നോക്ക ജനവിഭാഗങ്ങളും സ്വന്തമായി കന്നുകാലികളെ വളർത്തിതുടങ്ങുന്നത്.

## മൃഗ ചികിത്സാ രംഗം

വളരെ പുരാതനമായ ഒരു കാർഷിക സംസ്കാരവും ആചാരങ്ങളും ഉള്ള ജനസമൂഹമായതിനാൽ കന്നുകാലികൾക്ക് രോഗം വരാതിരി ക്കുവാനായി തൊഴുത്തുകളിൽ നടത്തുന്ന 'മുണ്ടിയം പൂജ' 'മലയപ്പൊതി പൂജ', 'തെരുവത്ത് പള്ളിനേർച്ച' തുടങ്ങിയവ ജനങ്ങൾ ഇപ്പോഴും വിശ്വാസത്തോടെ ചെയ്യുന്നു.

ആയില്യമകം 'പട്ടിപ്പൊങ്കൽ' തുടങ്ങിയ മൃഗപൂജകളും അലങ്കാര ങ്ങളും ഇപ്പോഴും ജനങ്ങൾ ചെയ്തുവരുന്നു.

പഞ്ചായത്തിൽ സ്വന്തമായി ഒരു ICDP സബ്സെൻറർ 1989ൽ തുടങ്ങുന്നതുവരെ തൊട്ടടുത്ത, പാലക്കാട്, എലപ്പുള്ളി, കണ്ണാടി, തത്തമംഗലം, പൊൽപ്പുള്ളി എന്നീ സ്ഥലങ്ങളിലെ മൃഗാശുപത്രികളിലേക്ക് കന്നുകാലികളെ കൊണ്ടുപോകുകയാണ് ചെയ്തിരുന്നത്.

1995ൽ വെറ്ററിനറി ഡിസ്പെൻസറി അനുവദിക്ക

പ്പെട്ടെങ്കിലും പൂർണ്ണ രൂപത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

## ഈ രംഗത്തെ വികസനാവശ്യങ്ങൾ

1. അനുവദിക്കപ്പെട്ട മൃഗാശുപത്രിയിൽ ഡോക്ടറെ പോസ്റ്റ് ചെയ്യുകയും, മരുന്ന്, ചികിത്സ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.
2. വെള്ളം, വൈദ്യുതി, ഫ്രിഡ്ജ്, സ്റ്റെറിലൈസർ, ലാബറട്ടറി സൗകര്യങ്ങൾ ഇവ മൃഗാശുപത്രിയിൽ ഏർപ്പെടുത്തുക.
3. കർഷകർക്ക് ട്രെയിനിംഗ് നല്കുവാനും ഗ്രൂപ്പുചർച്ച കൾക്കുമായി മൃഗാശുപത്രിയിൽ കോൺഫറൻസ് ഹാൾ നിർമ്മിക്കുക.
4. വെറ്റിനറി ഡോക്ടറുടെ സേവനം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിക്കുവാനും, എല്ലാ പ്രദേശങ്ങളുമായി ബന്ധപ്പെടുവാനും വാഹന സൗകര്യം, ടെലിഫോൺ സൗകര്യം എന്നിവ മൃഗാശുപത്രിയിൽ ഏർപ്പെടുത്തുക.
5. ഊറപ്പാടം, കരിങ്കരപ്പുള്ളി കനാൽ ജംഗ്ഷൻ, പാലയംകാട് എന്നീ പ്രദേശങ്ങളിൽ വെറ്റിനറി ഉപകേന്ദ്രങ്ങൾ തുടങ്ങുക.
6. മൃഗാശുപത്രിയിൽ തന്നെ മുട്ട, ഇറച്ചി, തുടങ്ങിയവ ലഭിക്കുന്ന ~~സ്റ്റാൾ ക്രമീകരണം~~ SALES COUNTER തുടങ്ങുക.
7. മൃഗാശുപത്രിയുടെ വികസനം ലക്ഷ്യമാക്കി മൃഗാശുപത്രി സൗഹൃദ സമിതി രൂപീകരിക്കുക.

## പട്ടിക 1

### കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പിലാക്കിയ സ്കീമുകൾ

| Slno | പദ്ധതി | നടപ്പിലാക്കി/ഇല്ല |
|---|---|---|
| 1. | പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി | ലഭ്യമല്ല |
| 2. | പേ- വിഷ നിർമ്മാർജ്ജന പദ്ധതി | 16 No വാക്സിനേഷൻ |
| 3. | റിൻറർ പെസ്റ്റ് വാക്സിനേഷൻ പദ്ധതി | നടപ്പിലാക്കി |
| 4. | ആടുവളർത്തൽ പദ്ധതി | 60 Nos |
| 5. | സെമിനാറുകൾ | 5 സെമിനാറുകൾ നടത്തി |
| 6. | വീട്ടുവളപ്പിലെ കോഴിവർത്തൽപദ്ധതി | 600 കോഴികൾ നൽകി |
| 7. | ഊർജ്ജിത സാങ്കേതിക വികസന പദ്ധതി | ആടുകളും കോഴികളും നൽകി |

## പട്ടിക 2

### 1995 ലെ ലൈവ് സ്റ്റോക്ക് സെൻസസ് പ്രകാരം കൊടുമ്പ് പഞ്ചായത്തിന്റെ സ്ഥിതിവിവരകണക്ക്

| Slno | പേര് | എണ്ണം |
|---|---|---|
| 1. | നാടൻ കാള | 28 |
| 2 | നാടൻ പശു | 214 |
| 3. | സങ്കര ഇനം കാള | 436 |
| 4. | സങ്കര ഇനം പശു | 2255 |
| 5. | പോത്ത് | 39 |

| | | |
|---|---|---|
| 6. | എരുമ | 120 |
| 7. | ആടുകൾ | 650 |
| 8. | പൂവൻകോഴി | 3882 |
| 9. | പിടക്കോഴി | 4702 |
| 10. | താറാവ് | 134 |
| 11. | ടർക്കി | 5 |
| 12. | പട്ടി | 745 |
| 13. | മുയൽ | 21 |

## ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ

ഓലശ്ശേരി കൊടുമ്പ് എന്നീ പ്രദേശങ്ങളിൽ രണ്ട് APCOS സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ ഭരണം കാര്യക്ഷമമായി നടക്കാത്തതിനാൽ പഞ്ചായത്തിന്റെ മുഴുവനൻ പാലുൽല്പാദനമേഖലക്കും പ്രയോജനപ്രദമാകുന്നില്ല.

## പാലുൽപാദന രംഗം

കറവപശുവളർത്തൽ ഒരു തൊഴിലായും കൃഷിയോടും മറ്റ് തൊഴിലുകളോടും അനുബന്ധിച്ചുള്ള ഉപതൊഴിലായും ഈ പഞ്ചായത്തിലെ 60 ശതമാനം ജനങ്ങളും സ്വീകരിച്ചിട്ടുണ്ട്. ഇറിഗേഷൻ കനാലുകൾ, പുഴ, തോടുകൾ, കുളങ്ങൾ, നെൽപാടങ്ങൾ എന്നിവ സുലഭമായുള്ള പ്രദേശമായതിനാൽ പച്ചപ്പുല്ല് സുലഭവും മറ്റു തീറ്റ സാധനങ്ങൾ ആവശ്യത്തിനുലഭ്യമാണ്. കാര്യമായ യാതൊരു പ്രോത്സാഹനവും ഇല്ലാതെ തന്നെ ജനങ്ങൾ കന്നുകാലി വളർത്തലിൽ താല്പര്യം ഉള്ളവരായതുകൊണ്ട് വളരെ വേഗത്തിൽ പരിപോഷിപ്പിക്കാവുന്ന ഒരു തൊഴിൽ മേഖലയാണിത്.

## നിലവിലുള്ള പ്രശ്നങ്ങളും പരിഹാരങ്ങളും

### 1. കാലിത്തീറ്റയുടെ അമിതമായ വില

സ്വകാര്യകമ്പനികളുടെ കാലിത്തീറ്റകൾ, കടലപിണ്ണാക്ക്, നാളികേരപിണ്ണാക്ക്, നെല്ലിൻ തവിട് ഗോതമ്പു തവിട്, എന്നിവ കടകളിൽ നിന്നും വാങ്ങി ഖരാഹാരമായി പശുക്കൾക്ക് നല്കുകയാണ് ചെയ്യുന്നത്. ഇതുകൂടാതെ അരിക്കഞ്ഞിയും നല്കുന്നു.

കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനയും ഗുണമില്ലായ്മയും ലഭിക്കുവാനുള്ള പ്രയാസവുമാണ് പാലുൽപാദകൻ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം.

### പരിഹാരം

കാലിത്തീറ്റ കമ്പോളം കൈയ്യടക്കിവെച്ചിരിക്കുന്ന സ്വകാര്യ കമ്പനികളുടെ തീറ്റയ്ക്കുപകരം പ്രാദേശികാടിസ്ഥാനത്തിൽ 'ഫീഡ് മിക്സിംഗ് യൂണിറ്റുകൾ' തുടങ്ങുക. ക്ഷീര വിപണന സംഘം വഴി വളരെ കുറഞ്ഞ വിലയ്ക്ക് തീറ്റ, കർഷകർക്ക് ലഭ്യമാക്കാവുന്നതാണ്.

### തീറ്റപ്പുൽ ലഭ്യത

കൃഷി സ്ഥലത്തുനിന്നും അരിഞ്ഞെടുക്കുന്ന പുല്ലാണ് പശുക്കളുടെ പ്രധാന പരുഷാഹാരം. വേനൽക്കാലത്ത് പുല്ലിന്റെ ലഭ്യത കുറയുന്നു.

### പരിഹാരം

കൃഷി ചെയ്യാതെ കിടക്കുന്ന തരിശ്സ്ഥലങ്ങൾ, തെങ്ങിൻ പറമ്പുകൾ, കനാൽ ബണ്ടുകൾ റോഡിന്റെ വശങ്ങൾ, വീതിയേറിയ വയൽ വരമ്പുകൾ എന്നിങ്ങനെ തീറ്റപ്പുൽകൃഷി ചെയ്യാൻ അനുയോജ്യമായ സ്ഥലങ്ങൾ ലഭ്യമാണ്.

കൊയ്ത്തുകഴിഞ്ഞ നെൽപ്പാടങ്ങളിൽ ഇടവിളയായും ഒരുപൂ മാത്രം കൃഷി ചെയ്യുന്ന പാടങ്ങളിലും പയറു ചെടികളും കാക്കച്ചോളവും കൃഷിചെയ്ത് കന്നുകാലികൾക്ക് തീറ്റയായി നല്കാവുന്നതാണ്.

### വൈക്കോൽ ലഭ്യത

1138 ഹെക്ടറിൽ നെൽകൃഷി നടത്തുന്ന ഈ പഞ്ചായത്തിൽ 1 വർഷം 7900 ടൺ വൈക്കോൽ ഉല്പാദിപ്പിക്കപ്പെടുന്നു. ഇതിൽ 50 ശതമാനത്തോളം പുറംസ്ഥലങ്ങളിലേക്ക് ലോറിയിൽ കടത്തിക്കൊണ്ടു പോകുകയാണ്. ഇതുകാരണം നെൽപ്പാടങ്ങളുടെ ഉടമകളല്ലാത്ത കന്നുകാലി സംരക്ഷകർക്ക് വൈക്കോൽ അമിതവില കൊടുത്തു വാങ്ങേണ്ട ദുരവസ്ഥയാണ്

ഉള്ളത്.

### പരിഹാരം

1. കൊയ്ത്തുകാലത്ത് ഉല്പാദിപ്പിക്കപ്പെടുന്ന വൈക്കോൽ ക്ഷീരവിപണന സഹകരണ സംഘങ്ങൾ സംഭരിച്ച് ന്യായവിലക്ക് ക്ഷീരോല്പാദകർക്ക് വർഷം മുഴുവൻ ലഭ്യമാക്കാവുന്നതാണ്.

യൂറിയ, ശർക്കരപ്പാവ് ഇവ ചേർത്ത് വൈക്കോൽ പോഷക സമ്പുഷ്ടമാക്കുന്നതിനുവേണ്ട സൗകര്യങ്ങൾ സൊസൈറ്റികൾതന്നെ കർഷകരുടെ വീടുകളിൽ എത്തിച്ചു കൊടുക്കുക.

## മറ്റു കാലിത്തീറ്റ സാധനങ്ങൾ ലഭ്യമാക്കൽ

പുല്ല്, വൈക്കോൽ, ഖരാഹാരം ഇവ കഴിഞ്ഞാൽ മറ്റു കാലിത്തീറ്റ സാധനങ്ങളെപ്പറ്റി ജനങ്ങൾക്ക് അറിവ് ഇല്ല.

### പരിഹാരം

പാരമ്പര്യേതര കാലിത്തീറ്റകളായ പുളിങ്കുരു, ഉണക്കിപ്പൊടിച്ച് പൂളക്കിഴങ്ങ്, മാങ്ങയണ്ടിപ്പരിപ്പ്, പഞ്ഞിക്കുരു, കുളവാഴ, വാഴയില, വാഴക്കിഴങ്ങ്, ഉഴുന്നുചെടി, കടലച്ചണ്ടി, സോയബീൻ ചണ്ടി, ഈർക്കി ലിമാറ്റിയ തെങ്ങിൻ പട്ട എന്നിവയും സുബാബൂൾ (പീലിവാക) എന്ന ചെടിയും പഞ്ചായത്തിൽ സുലഭമാണ്.

ഇവ കന്നുകാലി ആഹാരമായി ഉപയോഗിക്കുന്നതിന് ബോധവത്ക്കരണം നടത്തണം.

## 5. പശുക്കളുടെ ഉല്പാദന ശേഷി

1996 സെൻസസ് പ്രകാരം കൊടുമ്പ് പഞ്ചായത്തിൽ 117 നാടൻ പശുക്കളും 1375 സങ്കര വർഗ്ഗ പശുക്കളുമാണ് ഉള്ളത്. നാടൻ പശുക്കളുടെ ഉല്പാദന ശേഷി 2 ലിറ്ററും സങ്കര വർഗ്ഗങ്ങളുടെ ഉല്പാദന ശേഷി 5 ലിറ്ററും മാത്രമാണ്. ഇവയുടെ ഉല്പാദന ശേഷി അപര്യാപ്തമാണ്.

### പരിഹാരം

4.1 പുതിയ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ ഊറപ്പാടം, കരിങ്കരപ്പുള്ളി, പാലയംകാട്, എന്നീ സ്ഥലങ്ങളിൽ തുടങ്ങുക.

2. ഭ്രൂണമാറ്റം വഴി പശുക്കളെ ഉല്പാദന വർദ്ധനവുള്ള വയാക്കുവാൻ ഗ ന്തരദ്ക്ഷ രഎ റ്റര സൗകര്യം പഞ്ചായത്തിൽ ഏർപ്പെടുത്തുക.

3. കന്നുകുട്ടി പരിപാലനം പദ്ധതിയിൽ പഞ്ചായത്തിൽ ജനിക്കുന്ന എല്ലാ പശുകുട്ടികളെയും ഉൾപ്പെടുത്തുക,

4. കറവ വറ്റുന്ന ഗർഭിണി പശുക്കൾക്ക് വരുമാനമില്ലാത്തതിനാൽ തീറ്റ കുറയ്ക്കുന്നതിനു പരിഹാരമായി സൗജന്യനിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക.

5. സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള ന്യായവില ഷോപ്പുകൾവഴി ന്യായവിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക.

### 6. ഉല്പാദന രോഗങ്ങൾ

അകിടുവീക്കം തുടങ്ങിയ രോഗങ്ങൾ പശു വളർത്തുന്നവർക്ക് ആകസ്മികമായ വൻ നഷ്ടം ഉണ്ടാക്കുന്നു.

### പരിഹാരം

1. കോൺക്രീറ്റു നിലത്തോടുകൂടിയ മാതൃകാ തൊഴുത്തുകൾ കെട്ടാൻ ധനസഹായവും സാങ്കേതിക സഹായവും നല്കുക.

2. തൊഴുത്തും പശുക്കളുടെ അകിടും, കറവക്കാരന്റെ കയ്യും അണുവിമുക്തമാക്കുന്നതിനാവശ്യമായ, പൊട്ടാസ്യം പെർമാൽഗനേറ്റ് ബ്ലീച്ചിംഗ് തുടങ്ങിയ അണുനാശിനികൾ സൗജന്യമായി സൊസൈറ്റി കളൾ വഴി ലഭ്യമാക്കുക.

3. ശാസ്ത്രീയ കറവക്കാരാകാൻ സന്നദ്ധതയുള്ള ചെറുപ്പക്കാരെ സ്റ്റൈപെൻറോടുകൂടിയ ട്രെയിനിംഗ് കൊടുത്ത് (ഈ തൊഴിൽ സംസ്ക്കാരം ഉള്ളവർക്ക് മുൻഗണന) പതിനഞ്ചു വീടുകളിലെ കറവയുടെ ചുമതല കൊടുക്കാവുന്നതാണ്. ഇവരെ തന്നെ മിൽക്ക് വെണ്ടറമാരായി പാൽ സൊസൈറ്റികൾക്ക് നിയമിക്കാവുന്നതാണ്.

## 7. ട്രെയിനിഗ് സെൻറർ

ഇപ്പോൾ മൃഗസംരക്ഷണ വകുപ്പ്, ഡയറി ഡവലപ്മെൻറ് ഡിപ്പാർട്ട് മെൻറ്, മിൽമ എന്നിവ ക്ഷീര കർഷകർക്ക് പലവിധ ട്രെയിനിംഗുകൾ നല്കുന്നുണ്ടെങ്കിലും ഇവയൊന്നും തന്നെ ഏകീകൃത സ്വഭാവമുള്ളവയല്ല. മൃഗാശുപത്രിയിൽതന്നെ ഒരു ട്രെയിനിംഗ്സെൻറർ തുടങ്ങി ക്ഷീര കർഷകർ, വനിതകൾ, സ്കൂൾ വിദ്യാർഥികൾ എന്നിവർക്ക് ആവശ്യമായ ട്രെയിനിംഗ് പഞ്ചായത്തിൽ തന്നെ നല്കണം.

## 8. വനിതകളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ

കർഷകത്തൊഴിലാളികുടുംബങ്ങളിലേയും ദുർബ്ബല വിഭാഗങ്ങളിലേയും സ്ത്രീകൾ തന്നെയാണ് പശുപരിപാലനവുമായി ബന്ധപ്പെട്ട 90 ശതമാനം ജോലികളും ചെയ്യുന്നത്. എന്നാൽ ഇടത്തരം കുടുംബങ്ങളിലേയും മറ്റു വരുമാനമുള്ള വീടുകളിലെയും വീട്ടമ്മമാരുടെ കർമ്മശേഷിയും വിശ്രമ സമയവും പാഴായിപ്പോകുകയാണ്. ഇവരെ ഈ തൊഴിൽ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി വനിതാ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

## 9. വിദ്യാർഥികളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ

നീണ്ട 12 വർഷത്തിലധികം ക്ലാസ്സുമുറികളിൽ പഠിച്ചു പുറത്തുവരുന്ന കുട്ടികൾ, പാടത്തും പറമ്പിലും ജോലികളിൽ ഏർപ്പെടു കയോ, കന്നുകാലി സംരക്ഷണ മേഖലയോട് താല്പര്യം കാണിക്കുകയോ ചെയ്യുന്നില്ല. ശാരീരികവും മാനസികവുമായും ഉല്പാദന മേഖലയോട് ആഭിമുഖ്യം വളർത്തുവാനുപയുക്തമായ

വിഷയങ്ങൾ നമ്മുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എന്നതുതന്നെയാണ് ഇതിനു കാരണം.

7-ാം ക്ലാസ്സുമുതൽ കുട്ടികളുടെ സിലബസ്സിൽ തന്നെ കന്നുകാലി സംരക്ഷണം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തുകയും പ്രാക്ടിക്കൽ ട്രെയിനിംഗ് കൊടുക്കുകയും വേണം.

## 10. ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളുടെ ഘടന മാറ്റണം

മിൽമക്കുവേണ്ട, പാൽ സംഭരണ കേന്ദ്രങ്ങൾ എന്ന നിലയിൽ മാത്രമാണ് ഇപ്പോൾ പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നത്.

ഈ രീതി മാറ്റിയിട്ട് മൃഗാശുപത്രി, ഡയറി ഡവലപ്മെൻറ് ഡിപ്പാർട്ട്മെൻറ് ബോർഡ് എന്നീ ഏജൻസികളുടെ പദ്ധതികൾ നടപ്പിലാ ക്കുന്ന കർഷക കേന്ദ്രങ്ങളായി പാൽ സൊസൈറ്റികൾ മാറണം.

പഞ്ചായത്ത്, ജനകീയാസൂത്രണത്തിലൂടെ വിഭാവനം ചെയ്യുന്ന ക്ഷീരോൽപ്പാദക പദ്ധതികൾ വിജയിപ്പിക്കുന്നതിന് പാൽ സൊസൈറ്റി കളുടെ ഡയറക്ടർ ബോർഡിൽ പഞ്ചായത്തു പ്രസിഡൻറിന് സ്ഥാനം ലഭിക്കുവാൻ സഹകരണ നിയമത്തിൽ ഭേദഗതി വരുത്തണം.

## 11. വന്ധ്യതാ നിവാരണം ക്ലിനിക്കുകൾ

പശുക്കൾ സമയത്തിനു ചെന പിടിക്കുന്നില്ല. എന്നുള്ളതും യാരാളം പ്രാവശ്യം കൃത്രിമ ബീജസങ്കലനം നടത്തിയാൽ മാത്രമേ ഗർഭം ധരിക്കുന്നുള്ളൂ എന്നുള്ളതും ക്ഷീര കർഷകർനേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

ഇതിനു പരിഹാരമായി വന്ധ്യതാ നിവാരണ ക്ലിനിക്കുക ളുടെയും സ്പെഷ്യലിസ്റ്റുകളുടെയും സേവനം മാസത്തിലൊ രിക്കലെങ്കിലും മൃഗാശുപത്രിയിലും സബ് സെൻററിലും ലഭ്യമാക്കേണ്ടതാണ്.

## 12. മോഡൽ ഡയറിഫാം

പഞ്ചായത്തിലെ മൃഗാശുപത്രിയോടനുബന്ധിച്ച് 'മോഡൽ ഡയറി ഫാം' തുടങ്ങണം. ഇതിൻെറ ഉദ്ദേശ്യം ക്ഷീരോൽപ്പാദ നത്തിൽ ഏർപ്പെട്ടിരി ക്കുന്നവർക്കും പുതിയതായി ഈ മേഖലയിലേക്കു കടന്നു വരുന്ന വനിതകൾ, ദുർബ്ബല ജനവിഭാഗങ്ങൾ സ്കൂൾ കുട്ടികൾ, സ്വയം തൊഴിൽ കണ്ടെത്തുന്നവർ, കറവക്കാർ എന്നിവർക്ക് ട്രെയിനിംഗ് നല്കുകയും പ്രായോഗിക കാര്യങ്ങൾ നേരിട്ടു പഠിപ്പിക്കുകയുമാണ്.

## 13. വിവിധ വകുപ്പുകളുടെ ആഫീസുകൾ ഒരു കെട്ടിടത്തിൽ കൊണ്ടുവരുക

കൃഷി ഭവൻ, മൃഗാശുപത്രി, ഡയറി എക്സ്റ്റെൻഷൻ ആഫീസ്, തുടങ്ങിയ തീരെ കുറവു Staff strength ഉള്ള ആഫീസുകൾ ഒരു കെട്ടിടത്തിൽ തന്നെയാകുകയാണെങ്കിൽ കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുകയും വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും വകുപ്പുകൾ തമ്മിൽ മെച്ചപ്പെട്ട Co-ordination ഉറപ്പുവരുത്തുകയും ചെയ്യാൻ കഴിയുന്നതാണ്.

## 14. സമഗ്ര കന്നുകാലി ഇൻഷുറൻസ്

അത്യുല്പാദന ശേഷിയുള്ള പശുക്കളെയും എരുമകളെയും പഞ്ചായത്ത് മാസ്റ്ററർ പോളിസി ഇൻഷുറൻസ് പരിരക്ഷയിൽ കൊണ്ടുവരുക.

## 15. മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതി

മൃഗരോഗങ്ങളുടെ ചികിത്സാ ചെലവ് മടക്കി കിട്ടുന്നതിന് മനുഷ്യർക്കുള്ളതുപോലെ മെഡിക്ലെയിം ഇൻഷുറൻസ് പരിരക്ഷ, പഞ്ചായത്ത് ഏർപ്പെടുത്തുക.

## 16. ലൈവ് സ്റ്റോക്ക് കാർഡുകൾ ഏർപ്പെടുത്തുക

എല്ലാ റേഷൻ കാർഡ് ഉടമയ്ക്കും പഞ്ചായത്തിൽനിന്നും ലൈവ് സ്റ്റോക്ക് കാർഡുകൾ നല്കുക. ഓരോ വീട്ടിലേയും കന്നുകാലികളുടെ പൂർണ്ണ വിവരങ്ങൾ ഇതിലുണ്ടായിരിക്കണം.

റേഷൻ കടകൾവഴി സൗജന്യ നിരക്കിൽ കാലിത്തീറ്റ ലഭിക്കുന്ന തിനും ഇൻഷുറൻസ് കാര്യങ്ങൾക്കും ഈ കാർഡ് ഉപയോഗിക്കാവുന്നതാണ്. ലൈവ് സ്റ്റോക്ക് എന്യൂമറേറ്റർമാർ ഈ കാർഡ് രണ്ടുവർഷത്തി ലൊരിക്കൽ പുതുക്കേണ്ടതാണ്.

## ക്ഷീര കർഷകർക്ക് ഇൻഷുറൻസ്

ക്ഷീരോത്പാദക സഹകരണസംഘത്തിൽ അംഗമാകുന്ന കർഷകർക്ക് സൗജന്യ ഇൻഷുറൻസ്പരിരക്ഷഏർപ്പെടുത്തേണ്ടതാണ്.

## എരുമ വളർത്തൽ പദ്ധതി

കൊടുമ്പ് പഞ്ചായത്തിൽ 1996 ലെ സെൻസസ് പ്രകാരം 64 എരുമകൾ ഉണ്ട്. വണ്ടിത്തോടിനും ശോകനാശിനി പുഴയ്ക്കും ചുറ്റുമുള്ള പ്രദേശങ്ങൾ എരുമ വളർത്തലിന് ഏറ്റവും അനുയോജ്യമാണ്. എരുമ വളർത്തൽ പരിപോഷിപ്പിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

## മാംസോൽപ്പാദന രംഗം

കൊടുമ്പ് പഞ്ചായത്തിൽ കാടാംകോട്, പിരിവുശാല, തെയ്യംകുന്നം എന്നീ സ്ഥലങ്ങളിൽ കശാപ്പു സ്ഥലങ്ങൾ ഉണ്ട്. ഇവ

കൂടാതെ കർക്കിടക വാവ്, വിഷു, ദീപാവലി, ഈസ്റ്റർ, പുത്തശ്ശേരി വെടി എന്നിവയോട നുബന്ധിച്ച് ധാരാളം താൽക്കാലിക കശാപ്പുസ്ഥലങ്ങളും നിലവിലുണ്ട്. ഇവയിൽ കശാപ്പു ചെയ്യപ്പെടുന്ന ആട്, പശു, എരുമ, പോത്ത്, മൂരിക്കുട്ടികൾ, പോത്തിൻ കുട്ടികൾ എന്നിവയിൽ 90 ശതമാനവും പഞ്ചായത്തിനു പുറത്തുനിന്നും സംസ്ഥാനത്തു പുറത്തുനിന്നും വരുന്നതാണ്.

പ്രശ്നം, ഈ മാംസ വില്പന കേന്ദ്രങ്ങൾ വൃത്തിഹീനമായ സാഹചര്യത്തിൽ, പൊതു ജനാരോഗ്യത്തിന് ഭീഷണിയായി, പരിസര മലിനീകരണം നടത്തുന്നത് ശുചിത്വമില്ലാത്തവയാണ്.

## പരിഹാരം

പിരിവുശാല, ഇരട്ടയാൽ, കാടാംകോട് എന്നീ സ്ഥലങ്ങളിലായി ടൈൽസ് പതിച്ച്, വെള്ള സൗകര്യം, വയർമെഷ്ഇടിച്ച വാതിൽ തുടങ്ങിയവയോടുകൂടിയ മാംസ വില്പനസ്റ്റാളുകൾ പഞ്ചായത്ത് ലൈസൻസുള്ള കശാപ്പുകാർക്ക് തുടങ്ങാൻ സഹായം ചെയ്യണം.

ശാസ്ത്രീയമായ അറവുശാല സ്ഥാപിച്ച് വെറ്ററിനറി ഡോക്ടർ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയ മാംസം ഇവിടെ വിൽക്കാവുന്നതാണ്.

## പ്രശ്നം

പുറം സംസ്ഥാനത്തുനിന്നും ഇവിടെയെത്തിക്കൊണ്ടിരിക്കുന്ന കശാപ്പു മൃഗങ്ങളുടെ ഒഴുക്ക് നിലച്ചാൽ മാംസത്തിന്റെ ലഭ്യത കുറയുകയും ഇറച്ചിവില അമിതമായി വർദ്ധിക്കുകയും ചെയ്യും.

## പരിഹാരം

മാംസോൽപ്പാദനം ലക്ഷ്യമാക്കിയുള്ള മൃഗ പരിപാലനംകൂടി പ്രോത്സാഹിപ്പിക്കപ്പെടണം.

## ആടുവളർത്തൽ രംഗം

കൊടുമ്പ് പഞ്ചായത്തിൽ 650 ആടുകൾ ഉണ്ട്. ഇവയെ പ്രധാനമായും മുസ്ലീം ഭവനങ്ങളിലും പിന്നോക്ക വിഭാഗക്കാരായ കർഷക ത്തൊഴിലാളികളുടെ വീടുകളിലുമാണ് വളർത്തപ്പെടുന്നത്. വീടിനോട് അനുബന്ധിച്ചുള്ള ഇറപ്പുകളിൽ വളർത്തുവാൻ സൗകര്യമുണ്ടെന്നുള്ള തിനാൽ ദരിദ്ര വിഭാഗത്തിന് താൽപര്യമുള്ള മേഖലയാണ് ആടുവളർത്തൽ.

## സാധ്യതകൾ

1. ആടുകളെ മാംസാവശ്യത്തിനും പാലുൽപ്പാദനത്തിനുമുള്ള പ്രത്യേക വിഭാഗങ്ങളായി വളർത്താവുന്നതാണ്.
2. മേത്തരം കുഞ്ഞുങ്ങളെ ധോണിഫാമിൽ നിന്നും ആട്ടപ്പാടി ഫാമിൽ നിന്നും ലഭ്യമാക്കണം.
3. ആടുവളർത്തലിൽ ശാസ്ത്രീയമായ രീതിയിൽ പരിശീലനം നൽകുകയും ആടുവളർത്തുകാരുടെ ഫാമുകൾ തുടങ്ങുക. സഹകരണ ഗ്രോട്ട് ഫാം രൂപീകരിക്കുക.
4. തീറ്റക്ക് ആവശ്യമായ പ്ലാവ്, മുരിക്ക്, പീലിവാക, ശീമക്കൊന്ന എന്നീ സസ്യങ്ങൾ പഞ്ചായത്തിൽ വ്യാപകമായി നട്ടുപിടിപ്പിക്കുക.

## കന്നുകാലികുട്ടികളെ വളർത്തൽ

ഓരോ വർഷവും ജനിക്കുന്ന പോത്തിൻ കുട്ടികൾ, മൂരിക്കുട്ടികൾ എന്നിവയിൽ 90 ശതമാനം വേണ്ടത്ര ശ്രദ്ധകിട്ടാതെ മരിച്ചുപോവുകയോ തുച്ഛമായ വിലക്ക് വില്ക്കപ്പെടുകയോ ആണ് ചെയ്യുന്നത്.

ഇവയ്ക്ക് ആവശ്യമായ വിരമരുന്ന് പച്ചപ്പുല്ല്, ഇവ നൽകി വളർത്തുകയും വരിയുടച്ച് Fatterning നടത്തുകയും ചെയ്താൽ പണിയെടുക്കുവാനുള്ള വിലപിടിച്ച കന്നുകാലികുട്ടികളെയോ ഇറച്ചി ആവശ്യത്തിനോ ഉപയോഗിക്കാവുന്നതാണ്.

## ഇറച്ചിക്കോഴി ഉൽപ്പാദനം

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 3 ബ്രോയിലർ കോഴിഫാമുകൾ ഉണ്ട്. ഇവിടെ കഴിഞ്ഞ വർഷം ഉൽപാദിപ്പിക്കപ്പെട്ട കോഴികളുടെ എണ്ണം 5,000മാത്രമാണ്. പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന കോഴിയിറച്ചിയുടെ അളവ് ഒരു വർഷം ഏകദേശം 84,000 Kgയും ഇതിന്റെ മൂല്യം 84,000 x Rs. 46= Rs. 38,64,000 വരും.

ബ്രോയിലർ കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുക, തീറ്റ ലഭ്യമാക്കുക, വിൽക്കുക തുടങ്ങിയവ പൂർണ്ണമായും ഇടത്തട്ടുകാരുടെ പിടിയിലായ തിനാൽ ലാഭത്തിന്റെ സിംഹഭാഗവും ഇടത്തട്ടുകാർക്കുപോകുന്ന ദുഃസ്ഥിതിയാണുള്ളത്.

ഇറച്ചിക്കോഴി ഉൽപ്പാദനകരുടെ സഹകരണ സംഘം രൂപീകരിച്ച് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുകയും പരിശീലനം, വിപണനം എന്നീ സൗകര്യങ്ങൾ നൽകി കൂടുതൽ തൊഴിൽ സംരഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കാവുന്നതാണ്.

## മുട്ട ഉൽപ്പാദന രംഗം

1996 സെൻസസ് പ്രകാരം പഞ്ചായത്തിൽ 12781 മുട്ടക്കോഴി കളുണ്ട്. പഞ്ചായത്തിനുള്ളിൽ ഒരു ദിവസം 1,000 മുട്ട വിൽക്കപ്പെടുന്നു. ഒരുവർഷം ഇത് 3,65,000 എണ്ണം വരും.ഇതിന്റെ വിലയായ 3,65.000 രൂപയോളം സംസ്ഥാനത്തിനു പുറത്തേക്കു പോകുകയാണ്.

മുട്ടക്കോഴി ഫാമുകൾ ലാഭകരമല്ലാത്തതിനാൽ വീട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

## വീട്ടുമുറ്റത്തെ കോഴിവളർത്തൽ

നെൽകൃഷി പരക്കെയുള്ള ഈ പഞ്ചായത്തിലെ വീട്ടു മുറ്റങ്ങളിൽ പ്രത്യേകമായി തീറ്റനൽകാതെ തന്നെ മുട്ടക്കോഴികളെ

വളർത്താവുന്നതാണ്.

5 മുട്ടക്കോഴികളെ വീതം വളർത്തുന്ന 4,000 യൂണിറ്റുകൾ ഉടൻ തന്നെ തുടങ്ങാവുന്നതാണ്.

## നാടൻ കോഴിവളർത്തൽ

ജനങ്ങൾക്ക് നാടൻ മുട്ടയും നാടൻ കോഴി ഇറച്ചിയുമാണ് കൂടുതൽ ഇഷ്ടം. ഇവയ്ക്ക് വിലയും കൂടുതലാണ്. നാടൻ കോഴികളെ വീട്ടുമുറ്റത്ത് ധാരാളമായി വളർത്തുന്നതിന് പ്രോത്സാഹനം നല്കേണ്ടതാണ്.

## വനിതാ പൗൾട്രിക്ലബ്ബുകൾ

വീട്ടമ്മമാരെ അംഗങ്ങളാക്കി വനിതാ പൗൾട്രി ക്ലബ്ബുകൾ തുടങ്ങി കോഴിമുട്ടയുടെ സംഭരണം, വിപണനം, കോഴികൾക്കുള്ള പകർച്ച വ്യാധികൾക്കെതിരെ കുത്തിവെപ്പ് എന്നിവയ്ക്കുള്ള Self helping group ആയി പ്രവർത്തിക്കാവുന്നതാണ്.

## സ്കൂൾ പൗൾട്രി ക്ലബ്ബുകൾ

കുട്ടികൾക്ക് ജന്തുസ്നേഹം, കർഷക മേഖലയോട് ആഭിമുഖ്യം, പോഷകാഹാരലഭ്യത, സ്വന്തമായ വരുമാനമാർഗ്ഗം, സമ്പാദ്യശീലം എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി സ്ക്കൂൾ പൗൾട്രി ക്ലബ്ബുകൾ രൂപീകരിച്ച് അംഗങ്ങൾക്ക് 3 മുട്ടക്കോഴികളെ വീതം നല്കാവുന്നതാണ്.

## എഗ്ഗർ നഴ്സറികർ

വനിതാ പൗൾട്രി ക്ലബ്ബുകൾ, സ്ക്കൂൾ പൗൾട്രി ക്ലബ്ബുകൾ, വീടുകൾ എന്നിവയ്ക്ക് ആവശ്യമായ 2 മാസം പ്രായമുള്ള കോഴികളെ വളർത്തി, കുത്തിവെപ്പുകൾക്കു ശേഷം വിതരണം ചെയ്യാൻ കഴിയുന്ന 3 എഗ്ഗർ നഴ്സറികൾ തുടങ്ങാനുള്ള സൗകര്യമുണ്ട്.

## താറാവു വളർത്തൽ

നമ്മുടെ പഞ്ചായത്തിൽ ധാരാളംകുളങ്ങളും തോടുകളും പുഴയും ഉള്ളതിനാൽ താറാവു വളർത്തൽ പ്രോൽസാഹിപ്പിക്കാവുന്നതാണ്.

ചതുപ്പുകളിലും ഇറിഗേഷൻ കനാലുകളിലും കാണപ്പെടുന്ന ഒച്ചുകൾ, കാർഷിക വിളകൾക്ക് നാശകാരികളും കന്നുകാലികൾക്ക് പലതരം രോഗങ്ങൾ ഉണ്ടാക്കുവന്നവയുമാണ്. താറാവുകൾ ഒച്ചുകളെ തിന്നുനശിപ്പിക്കും. കോഴികളേക്കാൾ രോഗ പ്രതിരോധശക്തിയും ഉള്ളവയാണ്.

മുട്ടക്കു വേണ്ടിയും ഇറച്ചിക്കുവേണ്ടിയുമുള്ള താറാവുകളെ വീട്ടു വളപ്പുകളിൽ വളർത്താവുന്നതാണ്.

## മുയൽ, ടർക്കി, ഗിനി, ഗൂസ്, കാട എന്നിവയെ വളർത്തൽ

ഇറച്ചിയും മുട്ടയും ഉൽപ്പാദിപ്പിക്കുന്നതിനായും ഓമന മൃഗപക്ഷി കളായും ഇവയെ വളർത്താവുന്നതാണ്.

## അലങ്കാരപക്ഷി വളർത്തൽ

Love bird നെ വളർത്തി വില്ക്കുവാനുള്ള യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

## സമ്മിശ്ര മൃഗ പരിപാലനം

കൃഷി സ്ഥലം, വീടിനോടു ചേർന്ന് കുളം എന്നിവയുള്ള കർഷക കുടുംബങ്ങളെ ഉദ്ദേശിച്ച്, പശുക്കൾ, ആടുകൾ, കോഴികൾ, താറാവുകൾ, മാംസം വളർത്തൽ, തീറ്റപ്പുൽ കൃഷി, ബയോഗ്യാസ് പ്ലാൻറ് എന്നിവ അടങ്ങിയ സമ്മിശ്ര മൃഗ പരിപാലന പദ്ധതി ഏർപ്പെടുത്താവുന്നതാണ്.

## ജൈവവളം

കൊടുമ്പു പഞ്ചായത്തിൽ ഏകദേശം 14, 736 ടൺ ചാണകം ഒരു വർഷം ഉണ്ടാകുന്നുണ്ട്. ഇതു കൂടാതെ ആട്ടിൻ കാഷ്ടം, കോഴിക്കാഷ്ടം, കോഴിവളർത്തൽ കേന്ദ്രത്തിലെ ലിറ്റർ വളം എന്നിവയും മൃഗസംരക്ഷണ മേഖലയിൽനിന്നും ലഭ്യമാകുന്ന ജൈവവളങ്ങളാണ്.

ഇവയിൽ ഏകദേശം 60 ശതമാനം ജൈവവളവും തുച്ഛമായ വിലയ്ക്ക് മറ്റു ജില്ലകളിലേക്ക് ലോറിയിൽ കടത്തിക്കൊണ്ടു പോകുകയാണ് ചെയ്യുന്നത്.

മണ്ണിൻെറ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കുവാനുള്ള ഈ ജൈവ വളങ്ങളുടെ ഉപയോഗം ശ്രദ്ധിക്കപ്പെടുകയാണെങ്കിൽ ദിനം പ്രതി വിലകുതി ച്ചു കയറുന്ന രാസവളങ്ങളുടെ ഉപയോഗം കുറയ്ക്കാവുന്നതാണ്.

## ഊർജ്ജം/ ഇന്ധനം

പുരാതന കാലം മുതൽ വിറകിനുപകരം തീ കത്തിക്കുവാനായി 'ചാണക വരളികൾ' ഉപയോഗിച്ചു വന്നിരുന്നു. പഞ്ചായത്തിൽ ഇപ്പോൾ നൂറോളം ബയോഗ്യാസ് പ്ലാൻറുകൾ ഉണ്ട്. ഇവയുടെ എണ്ണം 5 ഇരട്ടിയായി വർദ്ധിപ്പിക്കുവാൻ സാദ്ധ്യതയുണ്ട്.

ഈ പ്ലാൻറുകൾ നിർമ്മിച്ചു നല്കുന്നതിനും സർവ്വീസ് ചെയ്യുന്നതിനുമായി ഒരു ഗ്രാമീണ വിദഗ്ദ്ധ സംഘത്തെ പരിശീലിപ്പിക്കാവുന്നതാണ്.

കൂട്ടുകുടുംബ സമ്പ്രദായം നിലനില്ക്കുന്ന വീടുകളിൽ ഒരു പ്ലാൻറിൽനിന്നും തന്നെ പല അടുക്കളകളിലേക്ക് ഒന്നിലധികം കണക്ഷ നുകൾ നല്കാവുന്നതാണ്.

## തീറ്റപ്പുൽ കൃഷി/തീറ്റച്ചെടികൃഷി

പശുക്കൾക്കും ആടുകൾക്കും തീറ്റയായി ഉപയോഗിക്കാവുന്ന പുല്ലുവർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നതു കൂടാതെ എല്ലാവീടുകളിലും ഒരു പ്ലാവുവീതം വെച്ചു പിടിപ്പിക്കുവാനുള്ള അടിയന്തിര നടപടി കൈകൊള്ളാവുന്നതാണ്.

പറമ്പിനു ചുറ്റും, വീടിനു ചുറ്റും വേലികെട്ടാനുള്ള റബ്ബർ

തറികൾക്കു പകരം വേലിത്തറിയായി പീലിവാക എന്ന സുബാബുൾ ചെടി പരക്കെ പ്രചരിപ്പിക്കാവുന്നതാണ്.

ശോകനാശിനി പുഴയുടെ കരയിലെ മണ്ണിടിച്ചിൽ തടയുന്നതിനും വണ്ടിത്തോട്, മലമ്പുഴ കനാൽ, കുന്നം കാട്ടുപതി കനാൽ എന്നിവയുടെ ബണ്ടുകളിലും സുബാബുൾ ചെടികൾ പരക്കെ വെച്ചുപിടിപ്പി ക്കാവുന്നതാണ്.

## ക്ഷീര കർഷകർക്ക് ക്യാഷ് അവാർഡ്

ഏറ്റവും നല്ല ക്ഷീരകർഷകർക്ക് പ്രോത്സാഹനമായി 25,000 രൂപയിൽ കുറയാത്ത ക്യാഷ് അവാർഡ് എല്ലാവർഷവും നല്കാവുന്നതാണ്.

## ലൈവ് സ്റ്റോക്ക് പൗൾട്രി എക്സിബിഷനുകൾ

പഞ്ചായത്തടിസ്ഥാനത്തിലും ബ്ലോക്ക് അടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും നടത്താവുന്നതാണ്.

## S.P.C.A യൂണിറ്റുകൾ(Society for prevention of Cruelty towards animals)

പഞ്ചായത്തിൽ ജന്തുക്കളോടുള്ള അനാവശ്യ ക്രൂരതകൾ തടയുന്നതിനും ജന്തുക്ഷേമ നടപടികൾ കൈകൊള്ളുന്നതിനുമായി S.P.C.A യുടെ ഒരു യൂണിറ്റ് പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.

## പേവിഷബാധാ നിർമ്മാർജ്ജനം

1995 വർഷത്തിൽ കൊടുമ്പ് പഞ്ചായത്തിൽ 713 തെരുവു നായ്ക്കളെ നശിപ്പിക്കുകയുണ്ടായി.

1996-ലെ സെൻസസ് പ്രകാരം 745 നായ്ക്കളുണ്ട്. ഇവയിൽ പ്രതിരോധ കുത്തിവെപ്പിന് വിധേയമായത് കേവലം 16 നായ്ക്കളാണ്.

പഞ്ചായത്തിലെ ഉടമസ്ഥനില്ലാത്ത എല്ലാ നായ്ക്കളേയും നശിപ്പിച്ചതിനു ശേഷം വളർത്തു നായ്ക്കൾക്ക് സൗജന്യ പേയ് വിഷബാധാ പ്രതിരോധ കുത്തിവെപ്പ് നല്കി, ബെൽട്ട് കഴുത്തിലിട്ട് ലൈസൻസ് കൊടുക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ നായ്ക്കളെ വളർത്തുന്നത് കുറ്റകരമാണെന്ന് പ്രചാരണം നടത്തണം.

നായ്ക്കളെ പിടിക്കുന്നതിന് സ്ഥിരമായി രണ്ടു നായ പിടുത്ത ക്കാരെ വേണ്ട ട്രൈയിനിംഗ് നല്കി, പ്രതിരോധ കുത്തിവെപ്പും നല്കി, കരാർ അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.

## മേൽത്തരം നായ്ക്കുട്ടികളെ വളർത്തൽ

വീട്ടുകാവലിനായും പദവിയുടെ പ്രതീകമായും മുന്തിയ ഇനത്തിൽപ്പെട്ട നായ്ക്കളെ വീടുകളിൽ വളർത്തുന്നത് ഇന്നൊരു ഫാഷനായി മാറിയിരിക്കുകയാണ്. പൊമറേനിയൻ, അൽസേഷ്യൻ, സോബർമാൻ, ഡാഷണ്ട്, സ്പാനിയൽ ഇനത്തിൽപ്പെട്ട നായ്ക്കുട്ടികൾക്ക് 2000 മുതൽ 10,000 രൂപവരെ വിലയുണ്ട്.

മേത്തരം നായ്ക്കുട്ടികളെ ബ്രീസ് ചെയ്യുന്നതിനുള്ള കെന്നലുകൾ തുടങ്ങുന്നതിന് പ്രോത്സാഹനം നല്കാവുന്നതാണ്.

## പൗൾട്രി ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ്

കോഴിവളർത്തൽ രംഗത്തിന് ആവശ്യമായ ഉപകരണങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണനം ചെയ്യാവുന്നതാണ്.

റെഡിമെയ്ഡ് കോഴിക്കൂടുകൾ, വാട്ടറേഴ്സ്, ഫീഡേഴ്സ്, ബ്രൂഡർ, ഷേഡുകൾ, ലിറ്റർ അളക്കാനുള്ള ഉപകരണങ്ങൾ, കോഴികളെ കൊല്ലുന്നതി നുള്ള കില്ലിംഗ് ഫണലുകൾ, തൂവലുകൾ നീക്കം ചെയ്യാനുള്ള യന്ത്രം എന്നിവ കൂടാതെ പുതിയ കോഴിവളർത്തൽ കേന്ദ്രങ്ങൾക്ക് ആവശ്യമായ വയർമെഷ് അടിച്ച ഷെഡ്ഡുകൾ എന്നിവ ഈ യൂണിറ്റിനു ചെയ്യാവുന്നതാണ്.

## ഡയറിഎക്സ്റ്റൻഷൻ ഓഫീസ്

പഞ്ചായത്തിൽ ഡയറി ഡവലപ്മെൻറ് ഡിപ്പാർട്ട്മെൻറിൻെറ ഒരു എക്സ്റ്റെൻഷൻ ഓഫീസ് തുടങ്ങുക.

പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക പ്രദർശനം, കാർഷികമേള, കാർഷിക ചന്ത, കാർഷിക സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക. പഞ്ചായത്തിലുള്ള കാളവണ്ടികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുക.


### മറ്റു നിർദ്ദേശങ്ങൾ


1. റേഷൻ കടകൾ വഴി ന്യായവിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക

2. മാതൃകാ തൊഴുത്തുകൾ പ്രചരിപ്പിക്കുക

3. അണുനാശിനികൾ സൗജന്യമായി വിതരണം ചെയ്യുക. വനിതകൾക്കായി ഡയറി സ്കീമുകൾ തുടങ്ങുക

4. ക്ഷീരോൽപാദന സഹകരണ സംഘങ്ങളുടെ പ്രവർത്തനരീതി പരിഷ്ക്കരിക്കുക.





# 3.4. വിദ്യാഭ്യാസം

പാലക്കാട് നഗരത്തോട് തൊട്ടുരുമ്മി നിൽക്കുന്നു കൊടുമ്പ് ഗ്രാമപഞ്ചായത്ത്. ഇവിടുത്തെ സാക്ഷരതാശതമാനം 76.16 ആണെന്ന് കനേഷുമാരി കണക്കുകൾ സൂചിപ്പിക്കുന്നു. കർഷകരും ബഹുഭൂരിപക്ഷം തൊഴിലാളിവർഗ്ഗങ്ങളുമടങ്ങുന്ന ജനസഞ്ചയമാണ് ഈ ഗ്രാമത്തിന്റെ മനുഷ്യസമ്പത്ത്. ഇങ്ങനെയുള്ള ഭൗതിക സാഹചര്യങ്ങൾ കൊണ്ടായിരിക്കാം ഒരുപക്ഷേ ഈ മണ്ണിൽ വിദ്യാഭ്യാസത്തിന്റെ വേരുകൾ ആഴത്തിൽ ഓടാതിരുന്നത്.

സ്വാതന്ത്ര്യ പൂർവ്വകാലങ്ങളിൽ ഇവിടുത്തെ വിദ്യാഭ്യാസം ആഭിജാത വർഗ്ഗങ്ങളുടെ മാത്രം ജന്മാവകാശമായിരുന്നു. ഔപചാരിക വിദ്യാഭ്യാസം നേടിയിരുന്നവർപോലും അന്ന് വിരളമായിരുന്നു. കുറൂർ മനയിലെ അഷ്ടമൂർത്തി നമ്പൂതിരിപ്പാട് ധിഷണാശാലിയായിരുന്നു. ഈ മനയിൽ താമസിച്ചായിരുന്നു ഇ.എം.എസ്. പാലക്കാട് വിക്ടോറിയാകോളേജിൽ പഠിച്ചത്. ജീവിതപ്രശ്നങ്ങളോട് നിരന്തരം അടരാടിയിരുന്ന ജനങ്ങളിൽ ഭൂരിപക്ഷത്തിനും വിദ്യാഭ്യാസംകൊണ്ട് തങ്ങളുടെ വിജ്ഞാനദാഹം ശമിപ്പിക്കുന്നതിലുപരി വിശപ്പിന്റെ വെല്ലുവിളികൾ നേരിടുകയായിരുന്നു മുഖ്യം.

1913 ൽ കൊടുമ്പിൽ സ്ഥാപിച്ച എ.ജി.എം. എൽ.പി. സ്കൂളായിരുന്നു ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. അതിനുമുമ്പ് അക്ഷരജ്ഞാനം നേടുവാനായി കുടിപ്പള്ളിക്കൂടങ്ങളെ മാത്രം ആശ്രയിച്ചായിരുന്നു. എഴുത്താണിയും താളിയോലയും മൃദുലമായ പൊടിമണലുമായിരുന്നു അന്നത്തെ ബോധന സാമഗ്രികൾ. ഏകാദ്ധ്യാപക വിദ്യാലയവ്യവസ്ഥയും ഈ നാട്ടിൽ നിലനിന്നിരുന്നു. തസ്റാക്കിലെ ഏകാദ്ധ്യാപക വിദ്യാലയവും അതുനേരിടുന്ന വെല്ലുവിളികളും ഒ.വി.വിജയൻ തന്റെ പ്രഖ്യാത നോവലായ ഖസാക്കിന്റെ ഇതിഹാസത്തിലൂടെ അവതരിപ്പിക്കുന്നുണ്ട്. കൊടുമ്പ് എ.ജി.എം. എൽ.പി.സ്കൂൾ കാലാന്തരത്തിൽ അപ്പർപ്രൈമറിസ്കൂളായി ഉയർത്തപ്പെട്ടു. ആ വിദ്യാലയത്തിന്റെ മാനേജരും പ്രധാനാദ്ധ്യാപകനും സ്ഥാപകനുമെല്ലാം അച്ഛതഗുരുക്കളായിരുന്നു. ഓലശ്ശേരിയിൽ ട്രസ്റ്റ് ഭരണം നടത്തുന്ന ഒരു യു.പി.സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ടസ്റ്റ് ഭരണം നടത്തുന്ന ഗോപാൽ മെമ്മോറിയൽ ഹൈസ്കൂളാണ് പഞ്ചായത്തിലെ ഏക ഹൈസ്കൂൾ. ഇന്ന് ആവിദ്യാലയത്തോടുചേർന്ന് ഒരു വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. സാങ്കേതികവിദ്യാഭ്യസരംഗത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് പോളിടെക്നിക്കിനു പുറമെ രണ്ടു എൽ.പി.സ്കൂളുകളും ഇവിടെയുണ്ട്. ഒരു എൽ.പി.സ്കൂൾ മാത്രമാണ് വിദ്യാലയങ്ങളുടെ പട്ടികയിൽ സർക്കാർമേഖലയിൽ ഉള്ളത്. തിരുവാലത്തൂർ ഗവൺമെന്റ് എൽ.പി.സ്കൂൾ അതിനു സ്വന്തമായൊരു കെട്ടിടമോ ഒരുതുണ്ടുപോലും സ്ഥലമോ ഇല്ലെന്ന വസ്തുത പ്രത്യേകം എടുത്തുപറയേണ്ടതാണ്.

പട്ടിക -I

## വിദ്യാർത്ഥികൾ അദ്ധ്യാപകർ

| നമ്പർ | സ്കൂൾ | സ്ഥാപിച്ച വർഷം | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ |
|---|---|---|---|---|---|---|---|
| | | | | ആൺ | പെ | ആ | |
| 1 | വി.പി.എൽ.പി.എസ് കരിങ്കരപ്പുള്ളി | | Aided | 144 | 144 | 288 | 9 |
| 2 | GLPS തിരുവാലത്തൂർ | | സർക്കാർ | 53 | 39 | 92 | 3 |
| 3 | SBS ഓലശ്ശേരി | 1950 | Aided | 325 | 346 | 671 | 21 |
| 4 | AGM UPS കൊടുമ്പ് | 1913 | Aided | 265 | 245 | 510 | 14 |
| 5 | ഗോപാൽമെമ്മോറിയൽ H.S | 1988 | Aided | 319 | 266 | 585 | 24 |


### വിദ്യാഭ്യാസരംഗം ഒരു പുത്തൻ ഉണർവ്വ്

ഭൂപരിഷ്കരണ നിയമം സാമൂഹ്യസാമ്പത്തിക മണ്ഡലത്തിലെന്നതുപോലെത്തന്നെ സാമാന്യ വിദ്യാഭ്യാസരംഗത്തും ഒരുണർവ്വും നവോന്മേഷവും പ്രദാനം ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് ശരാശരിയിലും താണ നിലവാരമാണ് ഇവിടെയുള്ളത്. ആധുനിക വിദ്യാഭ്യാസ മേഖലകളെക്കുറിച്ചോ അതിന്റെ സാധ്യതകളെക്കുറിച്ചോ ഈ ഗ്രാമീണർക്ക് കാര്യമായ ജ്ഞാനമില്ലെന്നതാണ് സത്യം. അതുകൊണ്ട് ഉദ്യോഗസ്ഥമേഖലയിലെ ഇവരുടെ പങ്കാളിത്തം വളരെ ശുഷ്കമാണ്. ഈ പഞ്ചായത്തതിർത്തിയിൽ സ്ഥിതിചെയ്യുന്ന പോളിടെക്നിക്കിലെ വിദ്യാർത്ഥികളുടെ കണക്കു പരിശോധിച്ചാൽ ഈ യാഥാർത്ഥ്യം കൂടുതൽ വ്യക്തമാവും. എസ്.എസ്.എൽ.സി.ക്ക് ഉന്നതവിജയം നേടുന്നവരുടെ എണ്ണം വളരെചെറിയൊരു ശതമാനമായതിനാൽ അംഗീകൃത കലാശാലകളിലൊന്നുംതന്നെ ഇവിടുത്തെ കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നില്ല. പാരലൽകോളേജുകൾ എന്നു വിളിക്കപ്പെടുന്നതും പ്രഥമിക സൗകര്യങ്ങളോ നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരോ ഇല്ലാത്ത ഈ സ്ഥാപനങ്ങളേയാണ് ഇവർ ആശ്രയിക്കുന്നത്. പ്രീഡിഗ്രിയോടെ അവരിൽ 90 ശതമാനവും വിദ്യാഭ്യാസരംഗത്തോട് വിടപറയുകയും ചെയ്യുന്നു.

വിദ്യാഭ്യാസരംഗത്തും, ഉദ്യോഗസ്ഥമേഖലയിലും നാം എത്രയോദൂരം പിന്നിലാണെന്ന യാഥാർത്ഥ്യം സ്വയം വിമർശനബുദ്ധിയോടെ ഉൾക്കൊണ്ട് "വിദ്യാഭ്യാസ ദാരിദ്ര്യരേഖയ്ക്ക്" ചുവട്ടിൽനിന്ന് മോചനംനേടാൻ ഇനിയെങ്കിലും ജാഗ്രതയോടെ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ കാലം നമ്മെ വീണ്ടും വീണ്ടും പിൻനിരയിൽനിന്ന് പിൻനിരയിലേക്ക് തള്ളിനീക്കികൊണ്ടിരിക്കും

### കുറൂർ കെ.എ. ദാമോദരൻ

പഴമയുടെ സാത്വിക പരിവേഷംപൂണ്ട് ശോകനാശിനിപുഴയോട് ചേർന്നുനിൽക്കുന്ന കുറൂർമന. കേരവൃക്ഷങ്ങൾക്കു കീഴിൽ ഗതകാല സ്വപ്നങ്ങളും അയവിറക്കി നിൽക്കുന്നിടത്ത് ഇതാ ഒരു കൊച്ചു മനുഷ്യൻ. ഉയരങ്ങളിലേക്കുയർന്ന ഒരു വലിയ മനുഷ്യൻ. ഭാരതത്തിലെ വ്യോമ വൈജ്ഞാനികമേഖലയിലെ ഉജ്ജ്വലനായ ഒരു ഏകാന്ത നക്ഷത്രമാണ് കൊടുമ്പിലെ സാമൂഹ്യ സാംസ്കാരിക സഹകരണ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച കുറൂർ അഷ്ടമൂർത്തി നമ്പൂതിരിപ്പാടിന്റെ പുത്രൻ കെ.എ.ദാമോദരൻ. ആൾതിരക്കിൽനിന്നൊഴിഞ്ഞ് ഏതാണ്ടൊരു തപസ്സിയുടെ മുഖഭാവവും, ആചാര്യന്റെ നിറഞ്ഞ ഹൃദയവുമായി ഇവിടെ തന്റെ കർമ്മമണ്ഡലത്തിൽ ഇന്നും കർമ്മനിരതനായി ജീവിക്കുന്നു. അറിവിന്റെ സീമകൾ എത്രത്തോളം വിപുലമാണെന്ന മഹാ സത്യത്തിന്റെ പൊരുളറിയാതെന്നോണം തന്റെ ജീവിതകാലം മുഴുവൻ ശാസ്ത്രപരീക്ഷണങ്ങൾക്കായി ഉഴിഞ്ഞുവെച്ചിരിക്കയാണ് ഈ വ്യോമ ശാസ്ത്രജ്ഞൻ.



കുറൂർ കെ.എ. ദാമോദരൻ

നാട്ടുകാർക്ക് ഒന്നും അറിയില്ല എന്നതാണ് സത്യം. താനാരാണെന്ന് വിളംബരംചെയ്യാൻ ഒട്ടും ശ്രമിക്കാറുമില്ല. പേരിനോടൊപ്പം വിശേഷണം ചേർക്കാനും മറന്നുപോയിരിക്കുന്നു ഈ തിരുമേനി. നിരവധി ദേശീയ പുരസ്കാരങ്ങൾ നേടി ഇന്ത്യൻ വ്യോമയാന ശാസ്ത്രരംഗത്തിന് വിലമതിക്കാനാവാത്ത നേട്ടങ്ങൾ കാഴ്ചവെച്ച ഈ കൊടുമുടികാരൻ ഭാരതത്തിന്റെതന്നെ അക്ഷയഖനിയാണ്. 1996 ലെ എക്സെലൻസി ഇൻ ഏറോസ്പേസ് എഡ്യൂകേഷൻ അവാർഡും പ്രതിരോധ മന്ത്രാലയത്തിന്റെ അത്യുജ്ജ്വല ഗവേഷണശാലിക്കുള്ള അവാർഡും നൽകി രാഷ്ട്രം ഈ മഹാനെ ആദരിച്ചിട്ടുണ്ട്. കാളവണ്ടി ഡിസൈൻ മൽസരത്തിലും സമ്മാനിതനായിട്ടുണ്ട് ഈ വ്യോമശാസ്ത്രജ്ഞൻ. പുറത്തുപറയാത്ത എത്രയോ കണ്ടുപിടുത്തങ്ങൾക്കുടമയാണ് ഇദ്ദേഹം. ഇദ്ദേഹം ഡിസൈൻ ചെയ്ത വിൻഡ്മിൽ ശാസ്ത്രസാഹിത്യപരിഷത്ത് സ്വീകരിച്ചിട്ടുണ്ട്.

വ്യോമശാസ്ത്രമേഖലയെക്കുറിച്ച് 49 ശാസ്ത്രരചനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് ഇദ്ദേഹം. ഇന്ത്യൻ വ്യോമയാനശാസ്ത്രത്തിൽ സമൂലമാറ്റത്തിന് നാന്ദികുറിക്കാൻ പോന്ന ഒരു ശാസ്ത്രരചനയുടെ പണിപ്പുരയിലാണ് ഈ ശാസ്ത്രജ്ഞൻ.

## വിദ്യാഭ്യാസമേഖല നേരിടുന്ന വെല്ലുവിളികൾ

അർപ്പണബോധത്തിന്റെയും സേവനത്തിന്റെയും മാതൃകയായിരുന്ന സ്വകാര്യവിദ്യാഭ്യാസമേഖല ഇന്ന് വളരെയേറെ ലാഭം കൊയ്തെടുക്കാവുന്ന ഒരു കമ്പോളവ്യവസ്ഥിതിയിലേക്ക് തരംതാണുപോയിരിക്കുന്നു. വിദ്യാഭ്യാസം വിലപേശി വിൽക്കുന്ന വ്യവസ്ഥിതിക്ക് മാറ്റമില്ലാത്ത കാലത്തോളം അദ്ധ്യാപകനും തന്റെ തൊഴിലിനോടുള്ള കർമ്മബന്ധത്തേക്കാൾ താൻ കൊടുത്ത കോഴപ്പണം പലിശ സഹിതം എന്നെങ്കിലും തിരിച്ചുകിട്ടുമോ എന്ന ചിന്താപാരവശ്യമാണ് മുന്നിട്ടുനിൽക്കുന്നത്. മാനേജർ അറബിക്കഥയിലെ ഭൂതത്താനെപ്പോലെ താൻ അദ്ധ്യാപകനിൽ നിന്നും വാങ്ങിയ കോഴപ്പണത്തിന്റെ അടിമയായി മാറുകയും ചെയ്യുന്നു. ഇവിടുത്തെ ഏക ഹൈസ്കൂൾ ഈ തത്ത്വം ഭംഗ്യന്തരേണ നമുക്ക് ഉദാഹരണ സഹിതം കാണിച്ചുതരും. അദ്ധ്യാപകൻ താൻ ജീവിക്കുകയോ ജോലിഎടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയും അവിടുത്തെ വിദ്യാർത്ഥികളുടെയും ഉന്നമനത്തിനു പകരം തൻകാര്യം നോക്കാനുള്ള പ്രവണതയാണ് ഇവിടെയെല്ലാം മുന്തിനിൽക്കുന്നത്.

## അദ്ധ്യാപക വിദ്യാർത്ഥി ബന്ധം

അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധവും ഇന്നു മറ്റൊരുതരത്തിൽ പറഞ്ഞാൽ ഒരുതരം കൺസ്യൂമർ ശൈലിയിലേക്കു തരംതാണുപോയിരിക്കുന്നു. തനിക്ക് അറിവിന്റെ ദീപം കൊളുത്തിത്തരുന്ന അദ്ധ്യാപകനെ ബഹുമാനിക്കുവാനോ തിരിച്ച് വിദ്യാർത്ഥിയെ സ്വന്തം മക്കളെപ്പോലെ കരുതുവാനോ അദ്ധ്യാപർക്കു കഴിയുന്നില്ല. രക്ഷാകർത്താവാകട്ടെ തനിക്കിതിലൊന്നും വലിയകാര്യമൊന്നുമില്ലെന്ന ഭാവത്തിൽ തന്റെ ചുമതലാഭാരം അദ്ധ്യാപകന്റെ തലയിൽ കെട്ടിവെച്ചുകൊടുക്കുകയും ചെയ്യുന്നു. ഈ അവസ്ഥാവിശേഷം മാറ്റിയെടുക്കാതിരുന്നാൽ സംസ്കാരത്തിന്റെയും വിജ്ഞാനത്തിന്റെയും കെടാവിളക്കുകൾ തെളിഞ്ഞിരുന്ന സരസ്വതീക്ഷേത്രങ്ങൾ സാംസ്കാരികമായ അപചയത്തിന്റെ പട്ടടയായിമാറും.

## അശാസ്ത്രീയമായ പരീക്ഷാ സമ്പ്രദായങ്ങൾ

വിപുലമായ സിലബസ്സും സമയപരിമിതികളും കൂടി വിദ്യാർത്ഥിയുടെ മസ്തിഷ്കത്തെയാകെ വികലമാക്കുകയാണ് ചെയ്യുന്നത്. തികച്ചും ശാസ്ത്രീയമായ പഠനങ്ങൾ ഇനിയും വിദ്യാഭ്യാസരംഗത്ത് പ്രാവർത്തികമായിട്ടില്ല. പരീക്ഷാസമ്പ്രദായങ്ങളിൽ ഇന്നു നിലവിലിരിക്കുന്ന ചോദ്യോത്തരസമ്പ്രദായം പരിഷ്കരിച്ച് ബുദ്ധിവികസനത്തിന്റെ മേഖലകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ഇതുകൊണ്ടാണ് നമ്മുടെ വിദ്യാർത്ഥികൾ ദേശീയതലത്തിലുള്ള മെഡിക്കൽ / എഞ്ചിനിയറിങ്ങ് പ്രവേശന പരീക്ഷകളിലും ഇന്ത്യൻ സിവിൽ സർവ്വീസ് പരീക്ഷകളിലും കാര്യമായ സ്ഥാനമൊന്നും നേടിയെടുക്കാത്തത് വിദ്യാഭ്യാസത്തിന്റെ മാറ്റു തെളിയിച്ചുകാണിക്കുന്ന ഇന്നത്തെ പരീക്ഷാസമ്പ്രദായം ക്രമക്കേടുകൾ നിറഞ്ഞതും ഉദാരവൽക്കരിക്കപ്പെട്ടതും ആയതിനാൽ അഭ്യസ്ഥവിദ്യരുടെ എണ്ണം പ്രതിവർഷം പെരുകിവരുന്നു. അതോടൊപ്പം തൊഴിലില്ലായ്മയുടെ സംഖ്യ ഭീതിതമായരീതിയിൽ വളർന്നുകൊണ്ടിരിക്കുന്നു. എന്നാലോ ആഴമേറിയ അറിവ് കൈമോശം വരികയും ചെയ്യുന്നു. എല്ലാവരുടെയും സങ്കൽപം എങ്ങനെയെങ്കിലും ഒരു സർക്കാർ ജോലി നേടിയെടുക്കുക എന്നു മാത്രമാണ്. അതുനേടിയെടുക്കാൻ കഴിയാതെ വരുമ്പോൾ അവൻ നിരാശനും സമൂഹത്തിനുനേരെ പുറംതിരിഞ്ഞു നിൽക്കുന്നവനുമാകുന്നു. ബുദ്ധി പരീക്ഷകളിൽ അധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ സംസ്കാരം പടുത്തുയർത്താൻ ഈ രംഗത്ത് പരീക്ഷണങ്ങൾ വേണ്ടിയിരിക്കുന്നു.

## സാക്ഷരതാ തുടർപരിപാടി

സമൂലമായ ഒരു പരിപർത്തനത്തിന്റെ ശക്തിയും ചൈതന്യവും ആവേശവുമായി കേരളജനതയെ ലോകരാഷ്ട്രങ്ങൾക്കുപോലും മാതൃകയാക്കിമാറ്റിയ അക്ഷരദീപം വിവേകശൂന്യമായി നാം ഊതിയണച്ചതും, ഈ രംഗത്തു അപചയത്തിനിടയാക്കി. ഒരിക്കൽ നാം നിർല്ലോഭമായി കോർത്തിണക്കിയ അക്ഷരമുത്തുകൾ എല്ലാം ഇന്നു നൂലുപൊട്ടി ചിതറിവീണു മണ്ണിൽ നിറം കെട്ടു പൊടിയും ചെളിയും പിടിച്ച് വിസ്മൃതിയിൽ ആണ്ടുകിടക്കുകയാണു്. അതിനുമുകളിലൂടെ നിഷ്ക്കരുണം ചിലർ കൊഞ്ഞനം കുത്തുന്നു. ഈ രംഗത്തു വീണ്ടും ഒരു ഉണർവ്വിന്റെ യാഗാഗ്നി നാം ജ്വലിപ്പിക്കേണ്ടിയിരിക്കുന്നു.

### ഔപചാരിക വിദ്യാഭ്യാസം

#### 1. പ്രീപ്രൈമറി സ്കൂളുകൾ

ഒന്നാം ക്ലാസ്സിൽ നിന്നാരംഭിക്കുന്ന ഔപചാരിക വിദ്യാഭ്യാസത്തിന്റെ മുന്നോടിയായ്, കുട്ടികൾക്കു സമൂഹബോധവും, ഭയസംഭ്രമങ്ങൾ വിട്ട് മാറുവാനുമുള്ള ഒരു പരിശീലനക്കളരിയാണു് പ്രീ-പ്രൈമറി വിദ്യാഭ്യാസം കളിരീതിയിലൂടെ അറിവുപകരുന്ന ഒരു അടിസ്ഥാന ഘടകമാണു് ഇവിടെ പ്രായോഗികമാക്കേണ്ടത്. L.K.G., U.K.G. എന്നീ പേരിൽ അറിയപ്പെടുന്ന സ്വകാര്യ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിൽ "കിന്റർ ഗാർട്ടർ" എന്ന കളിരീതിയുടെ കുരുന്നു് കഴുത്തു ഞെരിച്ചു് കുട്ടികളുടെ കുരുന്നു മനസ്സുകളിൽ ഭീതിയുടെയും ദുഃസ്വപ്നങ്ങളും ഭീതി രൂപങ്ങളുമാണു് പ്രത്യക്ഷപ്പെടുന്നത്. ചില കച്ചവട ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ ആകർഷകമായ പരസ്യപ്പെടുത്തൽ പരിഷ്ക്കാരമോഹിയായ രക്ഷകർത്താവിന്റെ അത്യാഗ്രഹത്തെയാണു് വർദ്ധിപ്പിക്കുന്നതു്. L.K.G-യിൽ ചേർക്കൂ ..... ലക്ഷം രൂപ •(എത്ര വെണമെങ്കിലും പൂരിപ്പിക്കാവുന്ന വിധമാണു് സ്ഥലം വിട്ടിരിക്കുന്നത്.) S.S.L.C. പാസ്സാക്കിത്തരാം-പകരം പോസ്റ്റ് ഡേറ്റഡ് ചെക്കു കൊടുക്കും. ഈ പുതിയ പലിശരഹിത വിദ്യാഭ്യാസം മാഞ്ചിയം പരിപാടി കേരളത്തിൽ വളർന്നു വരികയാണു് ഇവ വിദ്യാഭ്യാസ രംഗത്തെ വാണിജ്യവൽക്കരിക്കുകയും അതോടൊപ്പം തന്നെ വരേണ്യവൽക്കരിക്കുകയും ചെയ്യുന്നു. കുരുന്നു മനസ്സുകളിൽ വിദ്യാഭ്യാസത്തിന്റെ വർണ്ണശലഭങ്ങളും; വളപ്പൊട്ടുകളും, മയിൽപ്പീലിത്തുണ്ടുകളും മായ്ച്ചുകളഞ്ഞ് അവിടെ കംമ്പ്യൂട്ടറിനെ സ്ഥാപിക്കുന്ന ഈ പോക്ക് പുരോഗതിയോ അതോ അധോഗതിയോ എന്നു നാം ബോധകവാടങ്ങൾ തുറന്നു് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ ഘട്ടത്തിലേയ്ക്കു അനുയോജ്യമായ ഒരു സമഗ്രപാഠ്യ പദ്ധതിക്കു രൂപം നൽകി, എല്ലാ പ്രാഥമിക വിദ്യാലയങ്ങളിലും പ്രീ-പ്രൈമറി സെക്ഷൻ പഠനത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തണം. അവിടെ കളിക്കുവാനുള്ള ഉപകരണങ്ങൾ, സർക്കാരും രക്ഷകർത്താക്കളും ധർമ്മസ്ഥാപനങ്ങളും സംഘടിക്കുകയും വേണം.

### പ്രൈമറി വിദ്യാഭ്യാസം

അക്ഷരങ്ങളുടെയും അറിവിന്റെയും ലോകത്തേയ്ക്ക് വിസ്മയങ്ങളോടെ വിടർന്ന കണ്ണുകളുമായി കടന്നു വരുന്ന പിഞ്ചോമനകളുടെ മാനസികവും സാമൂഹ്യവുമായ വളർച്ചയ്ക്കു കളമൊരുങ്ങുന്നതു പ്രാഥമിക വിദ്യാലയങ്ങളിലാണു്. എന്നാൽ ഇന്നു ഏറ്റവും അധികം അവഗണിക്കപ്പെടുന്നതും ഈ മേഖലതന്നെയാണു്. അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാതെ കാറ്റും മഴയും പൊടിപടലങ്ങളും സ്വേച്ഛാനുസരണം കടന്നുവന്നു് ഈ കുരുന്നുകളുടെ തളിരുടലും, നിഷ്ക്കളങ്കമായ മനസ്സും നിറം കെട്ട സ്വപ്നങ്ങൾ കൊണ്ട് വികൃതമാക്കുകയാണിവിടെ. ഇവിടെ ഒരു L.P. സ്ക്കൂളിലെയാതൊരു തട്ടും മറയുമില്ലാത്ത അശാസ്ത്രീയമായ ക്ലാസ്സ് വിഭജനം നടത്തിയാണു് ക്ലാസ്സുകൾ എടുക്കുന്നത്. മാനേജ്മെന്റിനു് ഈ അപാകത കൊണ്ടുള്ള ദോഷങ്ങൾ അറിയാഞ്ഞിട്ടല്ല പാവപ്പെട്ടവന്റെ മക്കൾക്ക് ഇതുമതി എന്ന ചിന്ത നമ്മെ എവിടെ കൊണ്ടുചെന്നു് എത്തിച്ചിരിക്കുന്നു? ഈ രംഗത്തു നമ്മുടെ സർവ്വാത്മനാ സഹകരണവും നിർദേശങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. പഠനോപകരണങ്ങൾ പോലും ആവശ്യത്തിനില്ലാത്ത സ്ഥിതിവിശേഷമാണു് ഇവിടുത്തെ പ്രാഥമിക വിദ്യാലയങ്ങളിലുള്ളത്. പരീക്ഷണങ്ങൾ നടത്തിക്കാണിച്ചു് കുഞ്ഞുമനസ്സിൽ ശാസ്ത്ര ബോധത്തിന്റെ നാളം ജ്വലിപ്പിക്കേണ്ട അധ്യാപകരിൽ ഭൂരിപക്ഷത്തിന്റെയും കുട്ടികൾ വരേണ്യവർഗ്ഗ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അന്തേവാസികളാണു് എന്ന യാഥാർത്ഥ്യം സർവ്വേറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

രക്ഷകർത്താവിനെ അകറ്റിനിർത്തിയ വിദ്യാലയങ്ങൾ പോലും ഈ കാലയളവിലുണ്ടെന്ന യാഥാർത്ഥ്യം നമ്മിൽ കൂടുതൽ ഞെട്ടലുളവാക്കുന്നു. അധ്യാപക വിദ്യാർത്ഥി ബന്ധം വികസിപ്പിച്ചെടുക്കുവാനുള്ള പ്രഥമവും പ്രധാനവുമായ ഘടകമാണു് രക്ഷകർത്താവു്. ഈ കാര്യങ്ങളിൽ നാം കാര്യമായി ശ്രദ്ധചെലുത്തുക തന്നെ വേണം. കുട്ടികളിൽ വായനാശീലം വളർത്തുന്നതിലോ അവരിൽ കലാകായികവാസനകളെ പോഷിപ്പിക്കുവാനോ ഈ പഞ്ചായത്തിലെ പ്രാഥമികവിദ്യാലയങ്ങൾ ശ്രദ്ധിക്കാറില്ല. ഇതു വളരുന്ന തലമുറയോടു കാണിക്കുന്ന അക്ഷന്തവ്യമായ അപരാധമായിരിക്കും. അവർ വളർന്നു വലുതാകുമ്പോൾ

തങ്ങളുടെ അധ്യാപകരോട് ബഹുമാനാദരങ്ങൾക്കു പകരം വെറുപ്പും മതിപ്പില്ലായ്മയും വളർത്തിയെടുക്കും. അധ്യാപകർ ഈ വസ്തുത യാഥാർത്ഥ്യ ബോധത്തോടെ ഉൾക്കോള്ളുക തന്നെ വേണം.

## ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ

ക്ലാസ്സ് മുറികൾ സൃഷ്ടിക്കുന്ന തടവറയിൽ വീർപ്പുമുട്ടുന്ന വിദ്യാർത്ഥികളെ മാനസികപിരിമുറുക്കങ്ങളിൽ നിന്നു മോചനം നേടുവാനും വിജ്ഞാനം പകർന്നു കൊടുക്കുവാനും ദൃശ്യശ്രാവ്യോപകരണങ്ങളുടെ പ്രയോഗം അനിവാര്യമാണ്. കണ്ടും കേട്ടും പഠിക്കുന്ന പഠനരീതിയാണ് കൂടുതൽ അഭിലഷണീയം എന്ന് വിദ്യാഭ്യാസവിദഗ്ധന്മാർ അഭിപ്രായപ്പെടുന്നു.

## ഹൈസ്ക്കുൾതല വിദ്യാഭ്യാസം

"ചുവരില്ലാതെ ചിത്രമെഴുതാൻ പറ്റില്ല" എന്ന പഴഞ്ചൊല്ല് ഈ രംഗത്തുവളരെയേറെ അർത്ഥപൂർണ്ണമാണ്. ഇവിടെ S.S.L.C. യിലെ വിജയശതമാനം നോക്കിയാണ് ഒരു സ്ഥാപനത്തിന്റെ ഗുണദോഷങ്ങൾ വിലയിരുത്തുന്നത്. ഇവിടെ ചുവരുകൾ മാത്രമല്ല, അതുനിൽക്കുന്ന അടിത്തറ പോലും ദുർബലമാണെന്നതാണ് സത്യം. ഇതു വിദ്യാഭ്യാസ ലക്ഷ്യത്തിന്റെ അസ്തിത്വം തന്നെ തകരാറിലാക്കുന്നു. അതു കൊണ്ടാണ് പ്രാഥമിക രംഗത്തുതന്നെ കാതലായ മാറ്റം വരുത്തി ഇതിനുവേണ്ടി ഒരു പുതിയ ചിന്താപദ്ധതി തന്നെ രൂപപ്പെടുത്തിയെടുക്കണമെന്ന് പ്രത്യേകം നിഷ്ക്കർഷിക്കുന്നത്. 45 മുതൽ 90 വരെ കുട്ടികൾ ഞെരുങ്ങിയിരുന്നു പഠനം നടത്തുന്നതുകണ്ടാൽ ഈ രംഗത്തെ ശോചനീയാവസ്ഥ കൂടുതൽ പ്രകടമാവും.

അക്കാദമിക് സൗകര്യങ്ങൾ

പട്ടിക II

| സ്കൂൾ | ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ് റെക്കാർഡർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക് ബോർഡ് ആവശ്യമുള്ളത് | പി.ടി.എ പ്രവർത്തനം |
|---|---|---|---|---|---|---|---|---|
| 1. VPLPS കരിങ്കരപ്പുള്ളി | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ..... | 9 | ഉണ്ട് തൃപ്തികരം |
| 2. GLPS തിരുവാലത്തൂർ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ..... | 2 | തൃപ്തികരം |
| 3. SBS UP ഓലശ്ശേരി | ഉണ്ട് | ഉണ്ട് | ഇല്ല | ആവശ്യത്തിന് ഇല്ല | ഇല്ല | ഉണ്ട് | ..... | പ്രവർത്തിക്കുന്നില്ല. |
| 4. AGMAUPS കൊടുമ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ആവശ്യത്തിന് ഇല്ല | ഇല്ല | ഉണ്ട് | | |

ഹൈസ്ക്കൂൾ തലത്തിൽ ഗോപാൽ മെമ്മോറിയൽ ഹൈസ്ക്കൂൾ മാത്രമാണു് ഇവിടെയുള്ള വിദ്യാഭ്യാസസ്ഥാപനം.

S.S.L.C. വിജയശതമാനം

ഗോപാൽ മെമ്മോറിയൽ ഹൈസ്ക്കൂൾ
തിരുവാലത്തൂർ

പട്ടിക 3

| വർഷം | വിജയ ശതമാനം |
|---|---|
| 1992_93 | 29% |
| 1993_94 | 33% |
| 1994_95 | 21% |
| 1995_96 | 36% |

സംസ്ഥാന ശരാശരിയിലും താണ വിജയശതമാനം മാത്രമാണു് ഇവിടെയുള്ളത്. എത്ര ഡിസ്റ്റിംഗ്ഷൻ, ഫസ്റ്റ്ക്ലാസ്, തേർഡ്ക്ലാസ് ഏറ്റവും കൂടിയമാർക്കു്, ഏറ്റവും കുറഞ്ഞമാർക്കു് എന്നിവയുടെ വിവരങ്ങൾ സ്ക്കൂളിൽ നിന്നു ലഭിച്ചിട്ടില്ല. വേണ്ടത്ര രേഖകൾ ശേഖരിച്ചു്, ഈ റിപ്പോർട്ട് എഴുതുവാൻ ആസൂത്രണസമിതിയെ സഹായിക്കേണ്ട ഉത്തരവാദിത്തമുള്ള അധ്യാപകർ ഇതൊന്നും ഞങ്ങളെ സ്പർശിക്കുന്ന കാര്യമേയല്ല എന്നമട്ടിൽ ഉദാസീനത കാണിക്കുകയാണ് ചെയ്തത്. ഇതു വളരെ ഗൗരവതരമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

## ഭൗതികസാഹചര്യങ്ങൾ

ഗ്രാമാന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന തിരുവാലത്തൂരിന്റെ ഭൗതിക സാഹചര്യം പഠനത്തിനു വളരെയേറെ അനുകൂലമാണു്. എങ്കിലും അവിടുത്തെ പാഠാനുബന്ധപാഠ്യേതര വിഷയങ്ങളെക്കുറിച്ചു് റിപ്പോർട്ടു് തയാറാക്കുവാനുള്ള ഒരു രേഖകളും ലഭിച്ചിട്ടില്ല.

ഈ വിദ്യാലയത്തിൽ തൃപ്തികരമായി പ്രവർത്തിക്കുന്ന ഒരു അധ്യാപകരക്ഷാകർത്തൃസമിതിയുണ്ടെന്നു് സർവ്വേ റിപ്പോർട്ട് സൂചിപ്പിക്കുന്നു. ആ നിലയ്ക്കു ഈ വിദ്യാലയത്തിന്റെ സുഗമമായ നടത്തിപ്പിനും, കുട്ടികളുടെ ഭാവി ഉറപ്പുവരുത്തുവാനും പി.റ്റി.എ. ഇടപെടണമെന്നു് ആസൂത്രണ സമിതി ശുപാർശ ചെയ്യുന്നു.

കായികരംഗത്തും കലാരംഗത്തും എന്തെങ്കിലും നേട്ടങ്ങൾ ഈ വിദ്യാലയം നേടിയിട്ടുണ്ടോ എന്നകാര്യം അജ്ഞാതമാണു്. അധ്യാപകരുടെ കൂട്ടായ്മയും ഈ രംഗത്തുകാണുവാൻ കഴിഞ്ഞിട്ടില്ല. പ്രാദേശിക സർവ്വേ റിപ്പോട്ടിന്റെ വെളിച്ചത്തിൽ – ഇവിടുത്തെ കായികാധ്യാപകനും കലാധ്യാപികയും കുട്ടികളെ വേണ്ട രീതിയിൽ പരിശീലിപ്പിക്കുകയോ പ്രോത്സാഹനം ചെയ്യുകയോ ചെയ്യുന്നില്ല എന്നാണറിയുന്നതു്. ഈ വസ്തുതയുടെ യാഥാർത്ഥ്യബോധം നാം ഉൾക്കൊള്ളുക തന്നെവേണം.

സമൂഹചേതനയുടെ അംശമായി, നാടിനു് പ്രകാശദീപം തെളിച്ചു കൊടുക്കുവാനുള്ള ബാധ്യത അധ്യാപക സമൂഹത്തിന്റെതാണു്. ഇതിനെതിരെ മുഖം തിരിച്ചു നിൽക്കുന്നതും, സ്വയം ഉൾവലിഞ്ഞുപോകുന്നതും വിദ്യാഭ്യാസ രംഗത്തെ അപചയത്തിനു വഴിതെളിയിക്കും.

## വിദ്യാഭ്യാസനവീകരണം അനിവാര്യം:

പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു പൊതുവിദ്യാഭ്യാസ സംരക്ഷണസമിതിക്കു രൂപം നൽകണം. പഞ്ചായത്ത് പ്രസിഡന്റായിരിക്കണം സമിതിയുടെ അധ്യക്ഷൻ. ഓരോ വിദ്യാലയത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അധ്യാപക പ്രതിനിധി, രക്ഷാകർതൃസംഘടനാപ്രതിനിധി, മാനേജ്മെന്റിന്റെ പ്രതിനിധി, അധ്യാപക സംഘടനകളുടെ പ്രതിനിധികൾ എന്നിവരും റിട്ടയർ ചെയ്ത വിദ്യാഭ്യാസ വിദഗ്ധൻമ്മാരും ചേർന്ന ഒരു സമിതിയായിരിക്കണം ഇത്.

ഉദ്ദേശ്യലക്ഷ്യങ്ങൾ

1) വിദ്യാലയങ്ങൾ തമ്മിലുള്ള ഒരു ഏകീകരണം.

2) ഓരോ വിദ്യാലയത്തിലെയും പ്രശ്നങ്ങളും പ്രശ്നപരിഹാരങ്ങളും കൂട്ടായ്മയിലൂടെ നടപ്പിൽ വരുത്തുക.

പട്ടിക IV

സ്കൂളുകളുടെ ഭൗതിക സൌകര്യങ്ങൾ

| സ്കൂൾ | കെട്ടിടം | ആകെ ഡിവിഷൻ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | പാചകമുറി | സ്റ്റോർ റൂം |
|---|---|---|---|---|---|---|---|---|
| 1. VPLPS കരിങ്കരപ്പുള്ളി | സ്ഥിരം | 8 | ഇല്ല | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 2. GLPS തിരുവാലത്തൂർ | സ്ഥിരം | 2 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 3. SBS UP ഓലശ്ശേരി | സ്ഥിരം | 17 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. AGMAUPS കൊടുമ്പ് | സ്ഥിരം | 12 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5. ഗോപാൽ മെമ്മോറിയൽ ഹൈസ്കൂൾ | സ്ഥിരം | 14 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

3) പൊതുവായ ശാസ്ത്ര- കാഷിക പ്രദർശനങ്ങളും കലോൽസവങ്ങളും സംഘടിപ്പിക്കുക.

പഠനയാത്രകളും വിനോദയാത്രകളും.

ദീർഘദൂര വിനോദയാത്രകൾ, ഭാരിച്ച ചെലവുള്ളതിനാൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം താരതമ്യേന കുറവായിരിക്കും. മറ്റുകുട്ടികളുടെ മനസ്സിൽ വിനോദയാത്ര എന്നാൽ സമ്പന്നന്റെ കുട്ടികൾക്കുള്ള എന്തോ ഒന്നായികരുതാനിടയാകും. ആചിന്താഗതി വിദ്യാർത്ഥികളുടെ മനസ്സിൽ വിനോദയാത്രകളോടുള്ള വിമുഖതവർദ്ധിപ്പിക്കാനിട വരുത്തുകയും ചെയ്യും. അതു കൊണ്ടു് താരതമ്യേന ചെലവുകുറഞ്ഞ ഹ്രസ്വദൂര വിനോദയാത്രകളും സ്വന്തം ഗ്രാമത്തെ തിരിച്ചറിയുവാനുള്ള പഠനസംഘങ്ങളുടെ പര്യടനവും സംഘടിപ്പിക്കുക. സമീപസ്ഥലങ്ങൾ സന്ദർശിക്കുവാനും, ഈ പഠനപര്യടനം പ്രയോജനപ്പെടുത്താം.

## സ്ക്കൂൾ കോംപ്ലക്സുകൾ

പഞ്ചായത്തതിർത്തിയിൽ ഉൾപ്പെടുന്ന പ്രൈമറി അപ്പർപ്രൈമറി വിദ്യാലയങ്ങളെ ഒരു ഹൈസ്ക്കൂളിനെ കേന്ദ്രബിന്ദുവാക്കി സംഘടിപ്പിക്കപ്പെടുന്ന സ്ക്കൂൾ കോംപ്ലക്സുകൾ, വിവിധ വിദ്യാലയങ്ങൾ തമ്മിലുള്ള അധ്യാപകരുടെ പഠനസംബന്ധമായ ആശയ സമന്വയത്തിനും, സംശയദൂരീകരണത്തിനുമുള്ള ഒരു ഐക്യസമിതിയാണു്, എന്നാൽ പലപ്പോഴും ഇതിന്റെ പ്രവർത്തനങ്ങൾ, കേവലം ഔപചാരികമായി തരംതാണുപോകുന്നു. ഇതിനു് വ്യക്തമായ മാർഗ്ഗരേഖകൾ ഇല്ലാത്തതാണു് പ്രധാനദോഷം. അതുകൊണ്ടു് സ്ക്കൂൾ കോംപ്ലക്സുകൾക്ക് വ്യക്തമായ മാർഗ്ഗരേഖ സംസ്ഥാനതലത്തിൽ വിദ്യാഭ്യാസവകുപ്പുതന്നെ തയാറാക്കണം. ജില്ലാതലത്തിലും ഉപരിജില്ലാതലത്തിലും പഞ്ചായത്തുകൾക്കുപ്രാതിനിധ്യം വരത്തക്കവിധം റിസോഴ്സ് പേഴ്സൻമാരെ തെരഞ്ഞെടുക്കണം. വിഷയഗ്രൂപ്പടിസ്ഥാനത്തിൽ അധ്യാപകർക്കുവേണ്ട ഗൈഡൻസ് നൽകണം. ഉപജില്ല, വിദ്യാഭ്യാസജില്ല, ആഫീസർമാർ ഇതിന്റെ പ്രവർത്തനരേഖ സ്ക്കൂൾ വർഷാരംഭത്തിൽ തന്നെ വിഷയഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ തയാറാക്കുക.

## ക്വാളിറ്റി ഇംപ്രൂവ്മെൻറ്

വിദ്യാഭ്യാസരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ കുത്തൊഴുക്കിൽ നിന്നും ചുഴിയിൽ നിന്നും വിദ്യാർത്ഥിലോകത്തെ രക്ഷിച്ചു് മറുകരയെത്തി ക്കാനായെത്തിയ കടലാസ്സു തോണികളാണിവ. ഇതുവരെ നടന്ന, കഴുത്തറപ്പ് വിദ്യാഭ്യാസനയത്തിന്റെ ബലിമൃഗങ്ങളായ് മാറേണ്ടിവന്നതു് പാവം വിദ്യാർത്ഥികളും അധ്യാപകരുടെ നിലനിൽപ്പിന്റെ അടിവേരുകളുമാണു്.

ഈ പഞ്ചായത്തിൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ ഒന്നും പ്രവർത്തിക്കുന്നില്ലെങ്കിലും നഗരത്തിലെ നൂറുമേനിവിജയം കൊയ്തെടുക്കുന്ന വിശേഷണപദങ്ങളുടെ അകമ്പടിയോടെ തലയും പൊക്കിപ്പിടിച്ചു നിൽക്കുന്ന ആ വിദ്യാലയങ്ങളിലേയ്ക്കു പ്രവഹിക്കുന്നവരുടെ എണ്ണം വർഷംതൊറും കൂടിക്കൂടി വരികയാണു്. ഉപരിവർഗ്ഗ+മധ്യവർഗ്ഗ കുടുബങ്ങളിലെ പ്രത്യേകിച്ച് ഉദ്യോഗസ്ഥന്മാരുടെ മക്കളാണു് ഈ ദേശാടനക്കിളികൾ. അവർ എകദേശം 40% വരുമെന്നു് കണക്കുകൾ സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മധ്യവർഗ്ഗത്തിന്റെയും ദുർബലവിഭാഗങ്ങളുടേയും കുട്ടികൾമാത്രമാണു് ഇവിടുത്തെ സാധാരണ വിദ്യാലയങ്ങളിൽ പഠിക്കുന്നതു്. അതുകൊണ്ട് അവർക്കു ഒരു രണ്ടാം കിടപൗരന്റെ സ്ഥാനമേസമൂഹം അംഗീകരിക്കുന്നുള്ളു. കേരളത്തിന്റെ പരിതഃസ്ഥിതിക്കിണങ്ങാത്ത ടൈയും സോക്സും ഷൂസും ധരിച്ചു് പ്രത്യേകം വാഹനങ്ങളിൽ പോയിവരുന്ന വരേണ്യ വർഗ്ഗ വിദ്യാർത്ഥികൾ അവജ്ഞയോടെ വീക്ഷിക്കുന്ന ഒരു വിഭാഗമാണു് ഇവിടുത്തെ സാധാരണ വിദ്യാർത്ഥികൾ.

ഈ സാഹചര്യത്തിൽ ക്വാളിറ്റി ഇംപ്രൂവ്മെൻറിന്റെ പ്രസക്തിയേറുന്നു. പക്ഷേ ഇപ്പോഴത്തെ നയവൈകല്യം കാരണം ശരാശരിക്കാരും, ശരാശരിയിലും ഉപരിയായ വരുമായ വിദ്യാർത്ഥികളുടെ മുപ്പതുദിവസങ്ങൾ പ്രയോജന രഹിതമായിപ്പോകുന്നതാണു് അധ്യാപകരുടെ അനുഭവം. വേണ്ട സമയപരിധിയ്ക്കുള്ളിൽ സിലബസ് പഠിപ്പിച്ചു തീരാൻ കഴിയാതെ അധ്യാപകരും കുട്ടികളും ഇവിടെ നട്ടം തിരിയുന്നു. അതിനാൽ പ്രായോഗികവും ശാസ്ത്രീയവുമായ ഒരു വീണ്ടു വിചാരം ഈ രംഗത്തു അത്യന്താപേക്ഷിതമാണു്.

## സാങ്കേതിക വിദ്യാഭ്യാസം

ഗവ: പോളിടെക്നിക്ക് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടു്. 1979ൽ ഇതു സ്ഥാപിതമായി. തിരുവാലത്തൂരിലെ ഗോപാൽ മെമ്മോറിയൽ ഹൈസ്ക്കൂളിനോടു് ചേർന്ന് വെക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂളും പ്രവർത്തിച്ചുവരുന്നു.

## സാങ്കേതിക സ്ഥാപനങ്ങൾ

1996_97 അധ്യായനവർഷം

പട്ടിക 5

| സ്ഥാപനം | സ്ഥാപിതം | കോഴ്സുകൾ | വിദ്യാർത്ഥികൾ | | വിദ്യാർത്ഥികൾSC/ST | | അധ്യാപകർ | | മറ്റ് ജോലിക്കാർ | സ്വന്തം കെട്ടിടം |
|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആൺ | ആൺ | ആൺ | പെൺ | | |
| 1. ഗവ:പോളിടെക്നിക് | 20.10.96 | മെക്കാനിക്കൽ | 151 | 28 | 8 | ..... | | ഉണ്ട് | | |
| | | സിവിൽ | 86 | 51 | 14 | 5 | | | | |
| | | ഇലക്ട്രോണിക്സ് | 108 | 36 | 67 | 4 | | | | |
| | | ഇൻസ്ട്രുമെൻറ് ടെക്നോളജി | 99 | 11 | 13 | 2 | | | | |
| | | ആകെ | | | | | 53 | 30 | | |
| 2.ഗോപാൽ മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കൻററി സകൂൾ | 1991 | | വിദ്യാർത്ഥികൾ | | അധ്യാപകർ | | | | | |
| | | അക്കൌണ്ടൻസി ഒൗഡിറ്റിംഗ് | 50 | | | | | | | |
| | | മാർക്കറ്റിംഗ് സെയിൽസ്മാൻ ഷിപ്പ് | 50 | | | | | | | |
| | | എയർകണ്ടീഷനിംഗ് & റെഫ്രിജറേഷൻ | 50 | | | | | | | |
| | | | 150 | | 18 | | | | | |
| ൻ | | | | | | | | | | |

## തകരുന്ന പൊതു വിദ്യാഭ്യാസരംഗം

സാർവ്വത്രികമായും, അശാസ്ത്രീയമായും അൺ എയിഡഡ് സകൂളുകൾ അനുവദിച്ച് വിദ്യാഭ്യാസത്തെ കമ്പോളവൽക്കരിച്ച് ഭരണാധികാരവർഗ്ഗം കാണിച്ച വിവേകശൂന്യമായ നയവൈകല്യങ്ങളാണ് ഈ മേഖലയുടെ കടയ്ക്കൽ മഴുവെറിഞ്ഞത് അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ബഹുഭൂരിപക്ഷവും വിദ്യാഭ്യാസ മന:ശ്ശാസ്ത്രത്തിന്റെ ആദ്യാക്ഷരങ്ങൾ പോലും അറിയാത്തവരോ, അതിനെ അവഗണിക്കുന്നവരോ ആണ്. ഇവർ വിദ്യാഭ്യാസത്തെ വിപണിയാക്കി വിദ്യാർത്ഥികളെ റെഡിമെയ്ഡ് ഉൽപ്പന്നങ്ങളാക്കി മാറ്റുകയാണ്. ഇത്തരം നൂറുമേനി വിദ്യാലയങ്ങളിലെ അധ്യാപകനു വിദ്യാഭ്യാസയോഗ്യതയോ, വേതന തുല്യതയോ , വേണമെന്നു നിർബ്ബന്ധമില്ലാത്ത വിദ്യഭ്യാസ നിയമപുസ്തകങ്ങളിലെ ഉദാരവൽക്കരണം ഈ മേഖലയിലേക്ക് കടന്നു വരുവാൻ വ്യവസായികളെപ്പോലും പ്രേരിപ്പിക്കുന്നുണ്ട്. (ഇതിനു നിരവധി തെളിവുകൾ നിരത്തുവാൻ കഴിയും.)

വിദ്യാഭ്യാസശിശുവിന്റെ കൈകാലുകൾ തളർത്തി, ഹൃദയം പോലും പിഴുതെടുത്ത് , മുതലക്കണ്ണീരൊഴുക്കിയിട്ടിനിയെന്തു കാര്യം. ഇനിയും ജീവന്റെ തുടിപ്പുകൾ അവശേഷിക്കുന്ന ഈ രംഗത്തുണ്ടാവുന്ന അപചയം ഭാവിയിൽ,സമൂഹത്തിൽ സൃഷ്ടിച്ചേക്കാവുന്ന ഭവിഷ്യത്തുകൾ മുന്നിൽ കണ്ടു കൊണ്ട് വേണം വിദഗ്ദമായ ആസൂത്രണപദ്ധതികൾക്കു രൂപം കൊടുക്കുവാൻ.

## നിർദ്ദേശങ്ങൾ

1. എല്ലാ പ്രൈമറി വിദ്യാലയങ്ങളോട നുബന്ധിച്ചും പ്രീ_പ്രൈമറി ക്ലാസ്സുകൾ തുടങ്ങുകയും അംഗീകൃത പരിശീലനം സിദ്ധിച്ചവരെ മാത്രം അധ്യാപികമാരായി നിയമിക്കുകയും ചെയ്യുക_ പ്രീ_പ്രൈമറി വിദ്യാഭ്യാസത്തിന്റെ മുന്നോടിയായി അംഗീകരിക്കുക.

2. വിദ്യാലയവർഷത്തിന്റെ ആരംഭത്തിൽ തന്നെ നിലവിലുള്ള തസ്തികകളിൽ നിയമനം നടത്തുക. മൂന്നുമാസവും അതിലധികവും വരുന്ന ലീവ് വേക്കൻസിയിൽ താൽക്കാലികാധ്യാപകരെ നിയമിക്കുക.

3. അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കി മാറ്റുക.

4. സർക്കാർ മേഖലയിലുള്ള തിരുവാലത്തൂർ G.L.P. സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുക.

5. ആവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ പ്രൈമറി സ്കൂളുകൾ സ്ഥാപിക്കുക.

6. എല്ലാ വിദ്യാലയങ്ങളിലും മൂത്രപ്പുര, കക്കൂസ്, ശുദ്ധജലം, കളിസ്ഥലം, തണൽ മരങ്ങൾ എന്നിവ ലഭ്യമാക്കുക.

7. എല്ലാ വിദ്യാലയങ്ങളിലും പ്രഥമശുശ്രൂഷയിൽ പരിശീലനം നേടിയ ഒരധ്യാപകന്റെ സേവനം നിർബ്ബന്ധമാക്കുകയും പ്രഥമ ശുശ്രൂഷയ്ക്കാ വശ്യമായ മരുന്നും മറ്റു സാമഗ്രികളും സൗജന്യമായി നൽകുകയും ചെയ്യുക.

8. പാഠാനുബന്ധപ്രവർത്തനങ്ങളും പരീക്ഷണങ്ങളും കൂടി സമന്വയിപ്പിച്ച് ഒരു പാഠ്യപദ്ധതിക്കു മുൻതൂക്കം നൽകി നടപ്പിൽ വരുത്തുക.

9. ജീർണ്ണിച്ച സ്കൂൾ കെട്ടിടങ്ങൾക്കു വേണ്ട അറ്റകുറ്റപ്പണികൾ കാലതാമസമെന്യേ ചെയ്തു തീർക്കുക.

10. സ്കൂളും, പരിസരവും ശുചിത്വമുള്ളതാക്കി മാറ്റുവാൻ വിദ്യാർത്ഥികളിൽ ബോധവൽക്കരണം നടത്തുക

11. ആരോഗ്യകരമായ പരിതസ്ഥിതി, ആരോഗ്യപാലനം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനായി ആരോഗ്യചർച്ചാ ക്ലാസുകൾ വിദഗ്ദൻമാരുടെ സഹായത്തോടെ വർഷത്തിൽ രണ്ടു തവണയെങ്കിലും നടത്തുക.

12. എല്ലാ പ്രൈമറി,അപ്പർ പ്രൈമറി തലങ്ങളിലും കായികാധ്യാപകരെയും കലാധ്യാപകരെയും നിയമിക്കുക.

13. യു.പി.സ്കൂളുകളിൽ ക്ലാർക്കുമാരുടെ തസ്തിക അനുവദിക്കുക.

14. ഹെഡ് മാസ്റ്റർമാർ എല്ലാ അധ്യാപകരുടേയും ക്ലാസ്സുകൾ മാസത്തിൽ ഒന്നെന്ന തോതിൽ പരിശോധിക്കുകയും ഇൻസ്പെക്ഷൻ റിപ്പോർട്ട് സൂക്ഷിക്കുകയും ചെയ്യുക. വർഷത്തിൽ ഒരു തവണയെങ്കിലും വിദ്യാഭ്യാസ ഓഫീസർമാർ സകൂളുകൾ സന്ദർശിച്ച് ഈ വിലയിരുത്തൽ പരിശോധിക്കണം.

15. കൊടുമ്പ് യു.പി സ്കൂളിലെ തമിഴ് മാതൃഭാഷയായിട്ടുള്ള കുട്ടികളുടെ സൗകര്യാർത്ഥം ഒരു തമിഴ് മീഡിയം അനുവദിക്കുക.

16. എല്ലാ U.P.സ്കൂളുകളിലും ലാബോറട്ടറി, ലൈബ്രറി, സ്പോർട്സ് സാഗ്രമികൾ എന്നിവയ്ക്ക് വേണ്ട സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

17. വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചുകൊടുക്കുകയും അനാവശ്യസമരങ്ങൾ ഒഴിവാക്കാനും വേണ്ട നടപടികൾ സ്വീകരിക്കുക.

18. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രാദേശിക സംവരണ തത്വം ഏർപ്പെടുത്തുക.

19. ശാസ്ത്ര_കാർഷിക എക്സിബിഷനുകൾ പഞ്ചായത്തു തലത്തിലുള്ള സ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുകയും പൊതുപ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

20. ഹ്രസ്വദൂരവിനോദയാത്രകൾക്കും സ്വന്തം ഗ്രാമത്തെ തിരിച്ചറിയുവാനുള്ള പഠനയാത്രയ്ക്കും മുൻതൂക്കം നൽകുക.

21. പഞ്ചായത്ത് തലത്തിൽ "പൊതുവിദ്യാഭ്യാസംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ പ്രശ്നോത്തരികൾ സംഘടിപ്പിക്കുകയും കലോൽസവം നടത്തുകയും ചെയ്യുക.

22. ദൃശ്യ_ശ്രാവ്യ മാധ്യമങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പാഠ്യപദ്ധതി എല്ലാതലങ്ങളിലും നടപ്പിൽ വരുത്തുക.

23. ടെലിവിഷനിൽ വിദ്യാഭ്യാസ പരിപാടികൾക്കും, മദ്യം, മയക്കുമരുന്ന് തുടങ്ങിയ ദുശ്ശീലങ്ങൾക്കെതിരെയുമുള്ള കുട്ടികളുടെ കലാപരിപാടികൾക്കും പ്രത്യേക സമയം അനുവദിക്കുവാൻ അധികൃതരെ പ്രേരിപ്പിക്കുക.

24. വിദ്യാഭ്യാസ പദ്ധതിയിൽ കാർഷികശാസ്ത്രവും, കുടിൽ വ്യവസായവും ഉപവിഷയങ്ങളാക്കുക.

25. വിദ്യാലയങ്ങളിലും ഒഴിവുകൾ നികത്തുവാനുള്ള മാനദണ്ഠം പൊതുവായ പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലാക്കുക.

26. ഹൈസ്കൂളിനോട് ചേർന്ന് ഒരു കംപ്യൂട്ടർ ക്ലാസ് ആരംഭിക്കുക. ഹൈസ്കൂളിൽ പരീക്ഷണ സഹായിയായി ഒരു ലാബോറട്ടറി അറ്റൻഡറെ നിയമിക്കുക. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം സുഗമമാക്കി കുട്ടികളിൽ വായനാശീലം വളർത്തുവാൻ ആഴ്ചയിൽ ഒരു പിരീഡെങ്കിലും പുസ്തകവായനക്കു നീക്കി വയ്ക്കുകയും ഒരു സ്ഥിരം ലൈബ്രേറിയനെ സ്കൂളിൽ നിയമിക്കുകയും ചെയ്യുക. വിദ്യാലയങ്ങളിൽ ശുദ്ധജലവും, വൈദ്യുതിയും എത്തിക്കുവാനുള്ള നടപടികൾക്ക് മുൻതൂക്കം നൽകുക.

29. തിരുവാലത്തൂർ ഹൈസ്കൂളിൽ നിന്നും വിദൂരമായ ഓലശ്ശേരിയിൽ ഒരു ഹൈസ്കൂൾ സ്ഥാപിച്ചാൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കാൻ കഴിയും.

30. യുവശാസ്ത്രകാരൻമാരെ പ്രോൽസാഹിപ്പിക്കാനും, പരീക്ഷണങ്ങൾ നടത്തുവാനുമായി "യംഗ് സയൻറിസ്റ്റ്സ് ഫോറം" രൂപീകരിക്കുക.

31. "പൊതു വിദ്യാഭ്യാസ സംരക്ഷണ സമിതി" ക്കു രൂപം നൽകി പ്രവർത്തനം ആരംഭിക്കുക.

32. പരീക്ഷാ സമ്പ്രദായത്തിൽ കാലോചിതമായ മാറ്റം വരുത്തുവാനായി വിദ്യാഭ്യാസ വിചക്ഷണൻമാരുടെയും വിദ്യാഭ്യാസ മനശ്ശാസ്ത്രജ്ഞൻമാരുടെയും ശില്പശാല സംഘടിപ്പിക്കുക.

33. ക്വാളിറ്റി ഇംപ്രൂവ് പ്രോഗ്രാമും,സ്കൂൾ കോംപ്ലക്സുകളും വിശകലനം ചെയ്ത് നടപ്പിൽ വരുത്തുക.


## പ്രത്യേകനിർദ്ദേശം


സാക്ഷരതയിലും,ഉന്നതവിദ്യാഭ്യാസരംഗത്തും ഉന്നതശ്രേണിയിലെത്തിയ കേരളം ഇന്ത്യൻ സിവിൽ സർവ്വീസ് പരീക്ഷകൾ, ദേശീയ തലത്തിലുള്ള മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, I.I.M. പരീക്ഷകൾ എന്നിവയിൽ പിൻതള്ളപ്പെട്ടു പോകുന്നു. (പ്രത്യേകിച്ച് പാലക്കാട് ജില്ലക്കാർ) ശരിയായ മാർഗ്ഗദർശനവും ഭൗതികസാഹചര്യങ്ങളും ലഭിക്കാത്തതാണ് ഇതിനുള്ള മുഖ്യകാരണം. അതു കൊണ്ട് ഈ അപാകതകൾ പരിഹരിക്കുവാനും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന ഇതര മത്സര പരീക്ഷകൾക്കും, സജ്ജരാക്കുവാനും വേണ്ടിയുള്ള ആധുനിക സജ്ജീ കരണങ്ങളോടുകൂടിയ ഒരു ജില്ലാ തല

പരീശീലന കേന്ദ്രവും വിവിധഭാഷകളിലുള്ള കംപ്യൂട്ടർ പരിശീലനവും സോഫ്റ്റ് വേർ (Soft Ware) വികസനപരിശീലനവും നൽകുന്ന ഒരു കംപ്യൂട്ടർ പഠനകേന്ദ്രവും നഗരപാർശ്വമായ കൊടുമ്പ് പഞ്ചായത്തതിർത്തിയിൽ സ്ഥാപിക്കുക. (പാലക്കാട്_ചിറ്റൂർ റോഡ് . ടൗണിൽ നിന്നും 2.കി.മീ. ദൂരം)

"ഒരോ കുടുംബവും ഒരോ വിദ്യാലയമാണ്.
മാതാപിതാക്കൾ അദ്ധ്യാപകരും"

ഗാന്ധിജി





# 4.വ്യവസായം

വ്യവസായരംഗത്ത് കൊടുമ്പ് ഗ്രാമപഞ്ചായത്ത് ഏറെ പിന്നിലാണ്. കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന പരമ്പരാഗത രീതിയിൽ നിന്നുമാറാൻ അടുത്തകാലംവരെ അറച്ചുനിന്ന ഒരു ജനവിഭാഗം അൽപമെങ്കിലും ഒന്നുമാറി ചിന്തിക്കാൻ തുടങ്ങുന്നതുതന്നെ ഏതാണ്ട് രണ്ടുദശകങ്ങൾക്ക് മുമ്പാണ്. സാമ്പത്തികശേഷിയുള്ളവർപോലും ആധുനിക വ്യവസായരംഗത്തേക്കു വരാനും മുതൽ മുടക്കാനും മടിച്ചുനിന്നു. സാങ്കേതികമായ അറിവുകുറവും, പശ്ചാത്തല സൗകര്യങ്ങളൊരുക്കി ക്കൊടുത്ത് പ്രോത്സാഹനം നൽകാനുള്ള പ്രസ്ഥാനങ്ങളുടെ പിടിപ്പുകേട് എന്നിവയും മടിച്ചു നില്പിനുകാരണമാകാം. അതോടൊപ്പം എളുപ്പം ലാഭംകിട്ടുന്നതരത്തിലുള്ള പണമിടപാട് ബിസിനസ്സുകളിലും, എളുപ്പം വശത്താക്കാവുന്ന സാങ്കേതികത്വം ആവശ്യമായ റൈസ്മിൽ വ്യവസായത്തിലും മുതൽ മുടക്കാനാണ് താല്പര്യം കാണിച്ചത്. പത്തു റൈസ്മില്ലുകൾ അരിയുല്പാദിപ്പിച്ച് കേരളത്തിന്റെ ഇതര ജില്ലകളിലേക്കും മാർക്കറ്റ നുസരിച്ച് മറ്റിടങ്ങളിലേക്കും പഞ്ചായത്തിൽ നിന്ന് അയക്കുന്നു. ആധുനിക സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതുകാരണം 'സ്റ്റോറൺലെസ്' 'പാലക്കാടൻ മട്ട' തുടങ്ങിയ ഇനം ജനപ്രിയ അരി സുലഭമായിമാർക്കറ്റിലിറക്കുന്നു. ഒരു കാലത്ത് പാലക്കാടൻ മങ്കമാർ കൈക്കുത്തരിയുല്പാദിപ്പിച്ച് നഗരങ്ങളിലെ വീടുകളിലെത്തിച്ചിരുന്ന സ്ഥിതിമാറി പകരം മോഡേൺ അരിയോടൊപ്പം, മോഡേൺ രോഗങ്ങളും അരങ്ങേറുകയാണ്. 8 കൂലി അരവ് റൈസ് മില്ലുകളും വീട്ടമ്മമാരുടെ ആവശ്യാർത്ഥം കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്.

അർപ്പണബോധമുള്ള വ്യവസായ തല്പരർക്ക് അനുയോജ്യമായ പശ്ചാത്തല സൗകര്യം കൊടുമ്പ് ഗ്രാമപഞ്ചായത്തിലും ഉണ്ട് എന്നതിനു തെളിവാണ് മൂന്നു ദശാബ്ദത്തിനുമുമ്പ് ആരംഭം കുറിച്ച ഹൗസ്സ ഉം, അനുബന്ധ സ്ഥാപനങ്ങളും ഇലക്ട്രോണിക്ക് വ്യവസായ രംഗത്തെക്കുറിച്ചു പുതിയ അവബോധം ഉണ്ടാക്കുന്നതിനും, പുതുതായി തൊഴിൽ രംഗത്തേക്ക് വിദ്യാസമ്പന്നരായ യുവതീയുവാക്കളെ ആകർഷിക്കുന്നതിനും ഈ സ്ഥാപനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ 'ഷൊഹീൽഡ്' എന്നപേരിൽ അറിയപ്പെട്ടിരുന്ന ഷൊർണൂർ ഇരുമ്പുരുക്ക് കട്ലറി വ്യവസായ മേഖലയും പുതുതായി ഉയർന്നുവന്ന കഞ്ചിക്കോട്ടെ വ്യവസായവികസനമേഖലയും കേരളവ്യവസായ ഭൂപടത്തിൽ മുഖ്യമായ സ്ഥാനം നേടിയിട്ടുണ്ടെങ്കിലും, അതോടുതൊട്ടുകിടക്കുന്ന കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ കാര്യമായ വ്യവസായ പുരോഗതി ഉണ്ടായിട്ടില്ല.

1964-ൽ ആരംഭിക്കുകയും 1975 ഓടുകൂടി അസ്തമിക്കുകയും ചെയ്ത 'കുറൂർ ഇഡസ്ട്രീസ്' എന്ന സ്ഥാപനം ഒരു പുതിയ തുടക്കമായിരുന്നു. എന്നാൽ ഒരു വ്യവസായ നടത്തിപ്പിന്റെ ചാതുര്യം സ്വായത്തമാവാത്തതുകാരണം പരാജയപ്പെടുകയാണുണ്ടായത്. ആ സ്ഥാപനത്തിലെ തൊഴിൽ പരിചയം, പില്ക്കാലത്തു സ്വയം ചില സ്ഥാപനങ്ങൾ ആരംഭിക്കാനും, ശീലിച്ചതൊഴിൽ കൊണ്ട് ഉപജീവനം കഴിക്കാൻ ഇടയാക്കുകയും ചെയ്തിട്ടുണ്ട് എന്ന് പലരും ഇന്നും നന്ദിപൂർവ്വം സ്മരിക്കുന്നു. അതുപോലെതന്നെ ഡോക്ടർ എൻ. വേലുക്കുട്ടി മാസ്റ്ററർ ആരംഭിച്ചിരുന്ന കർപ്പൂരവില്ലകളുണ്ടാക്കിവിൽക്കുന്ന ഫാക്ടറിയും (പെർഫെക്ട് ഇൻഡസ്ട്രിയൽ കോർപ്പറേഷൻ) അലൂമിനിയം അലോയ് ഉപയോഗിച്ചുണ്ടാക്കുന്ന

ഗൃഹോപകരണയൂണിറ്റും ഒരു ദശാബ്ദത്തിനു ശേഷം പ്രവർത്തനം നിലക്കുകയാണുണ്ടായത്. ഭാരത് ബ്ലീച്ചിംഗ് എന്നപേരിലുണ്ടായിരുന്ന ബ്ലീച്ചിംഗ് കമ്പനിയും കുറെ കാലത്തിനുശേഷം പ്രവർത്തനം നിലച്ചുപോയി. ഇതിലെ ജീവനക്കാരായിരുന്നവരിൽ പലരും പരിചയിച്ച തൊഴിൽ തുടർന്നുവരുന്നു. വ്യവസായ വകുപ്പിന്റെ സഹായത്തോടെ ആരംഭിച്ച ചെൽസൺപ്ലാസ്റ്റിക് എന്ന സ്ഥാപനം, സ്വിച്ച് ബോർഡ് നിർമ്മാണ യൂണിറ്റുകൾ മൂന്നെണ്ണം, ഒരു കാലിത്തീറ്റ ഫാക്ടറി, ഒരു ആയുർവേദ മരുന്നുല്പാദന കേന്ദ്രം എന്നിവ ഇപ്പോൾ നിലവിലുണ്ട്. വ്യവസായ വകുപ്പ് മുൻകൈയെടുത്തു സംഘടിപ്പിച്ച സെമിനാർ വിദ്യാസമ്പന്നരായ പല ചെറുപ്പക്കാർക്കും ഈ രംഗത്തു കടന്നുവരാൻ പ്രചോദനമായിട്ടുണ്ട്. അവരെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

'വ്യവസായവൽക്കരിക്കുക, അല്ലെങ്കിൽ നശിക്കുക' എന്നതാണ് നമ്മെ സമൂഹത്തെ തുറിച്ചുനോക്കുന്ന സത്യം. സൗകര്യങ്ങൾ ഒരു തൊഴിൽമേഖല വളരാനുള്ളപശ്ചാത്തലം ഒരുക്കിക്കൊടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കു ജനകീയ സഹകരണത്തിലൂടെ സാധിക്കുമെന്നതായിട്ടുണ്ട്. മടി വിട്ടുണർന്നു രംഗത്തുവരാൻ തയ്യാറാവുകയാണിന്നാവശ്യം. സ്വന്തം വീട് ഒരു കൊച്ചുവ്യവസായയൂണിറ്റാക്കാൻ കഴിയുമോ തൊഴിലിൽ വൈദഗ്ധ്യം നേടാനുള്ള താല്പര്യം ഉണ്ടാവുകയും സൗകര്യം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നപക്ഷം കോയമ്പത്തൂർ മാതൃകയിൽ നമുക്കും വ്യാവസായികമായി സ്വയം വളർന്ന് അഭ്യാനത്തിലൂടെ സ്വന്തം കുടുംബം പുലർത്തുന്നതിനുള്ള വരുമാനം കണ്ടെത്താനാവുമെന്നുറപ്പിക്കാം. കാർഷിക മേഖലയിലെ ഉല്പാദന വർദ്ധനവിനുകൊടുക്കുന്നത്രയും പ്രാധാന്യം, അതതു പ്രദേശത്തെ സാധ്യതകൾക്കനുസരിച്ച് ലഭ്യമായ അസംസ്കൃത വസ്തുക്കളുപയോഗിച്ചുകൊണ്ടുള്ള വ്യവസായ സംരംഭങ്ങൾക്കും ഉണ്ടാകണം. എങ്കിലെ മുരടിച്ചുനിൽക്കുന്ന കർമ്മശേഷി കെട്ടഴിച്ചുവിട്ട് സമ്പൽ സമൃദ്ധമായ കേരളം കെട്ടിപ്പടുക്കാനാവൂ. അതിന്റെ ഭാഗമായ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ മുഖമായും കാലഘട്ടത്തിനനുസരിച്ച് മാറ്റാനാവൂ.

## കൊടുമ്പ് പഞ്ചായത്തിൽ വ്യവസായവുമായി ബന്ധപ്പെട്ട് ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ നീണ്ട നിരതന്നെ ഈ പഞ്ചായത്തിലുണ്ട്. അവരെ ഏതെങ്കിലും തൊഴിൽ മേഖലക്കു കീഴിൽ കൊണ്ടുവരുകയെന്നതു പരമപ്രധാനമാണ്.
2. വ്യവസായം തുടങ്ങാനാവശ്യമായ സ്ഥലം, മുടക്കുമുതൽ, പ്രവർത്ത നമൂലധനം എന്നിവയുടെ ക്ഷാമം വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതി നു തടസ്സമായി നിലകൊള്ളുന്നു. ധനകാര്യസ്ഥാപനങ്ങളുടെ അനാസ്ഥ ഇക്കാര്യത്തിൽ മുഖ്യപങ്കുവഹിക്കുന്നു. ഉദാഹരണമായി PMRY പദ്ധതിക്ക് ബാങ്കുകൾ കാണിക്കുന്ന നിഷേധാത്മക സമീപനം.
3. നിയന്ത്രിത വിലക്ക് അസംസ്കൃത സാധനങ്ങൾ ലഭിക്കായ്ക. (ഇരുമ്പ്, അലൂമിനിയം, കൽക്കരി മുതലായവ)
4. വിദഗ്ധ, അർദ്ധ വിദഗ്ധ തൊഴിലാളികളുടെ ക്ഷാമം
5. വ്യവസായം തുടങ്ങാനാവശ്യമായ വൈദ്യുതിയുടെ കാര്യത്തിൽ അവ തുടങ്ങുന്നതുമുതൽ കാര്യക്ഷമമായ നടത്തിപ്പുവരെയുള്ള കാലയളവിൽ വൈദ്യുതി ബോർഡിൽനിന്നും നേരിടുന്ന ബുദ്ധിമുട്ടുകളും, സഹകരണക്കുറവും. ഉപകരണങ്ങളുടെ ക്ഷാമം, വിതരണരംഗത്തെ അപാകതകൾ, യഥാസമയം ലൈനിൽ അറ്റകുറ്റപ്പണി നടത്താത്തതുമൂലം ഉണ്ടാകുന്ന തകരാറുകൾ.
6. പ്രോജക്ടിന്റെ ആരംഭഘട്ടത്തിൽ ബന്ധപ്പെട്ട സർക്കാർ ഡിപ്പാർട്ടു മെൻറുകളിൽനിന്നും നേരിടുന്ന കാലതാമസം, തണുത്ത പ്രതികരണം എന്നിവ സംരംഭകരെ നിരാശരാക്കി പിന്തിരിപ്പിക്കുന്നതുവരെ ചെന്നെത്തുന്നു.
7. ഈ കടമ്പകളെല്ലാം കടന്ന് ഉൽപാദനം നടത്തിക്കഴിഞ്ഞാൽ ആയതിന്റെ വിപണനത്തിന് മാർക്കറ്റ് കണ്ടുപിടിക്കായുള്ള ബുദ്ധിമുട്ട്.

## തൊഴിൽ സാധ്യതയുള്ള വ്യവസായനിർദ്ദേശങ്ങളും, പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങളും

1. നെല്ലുൽപാദനമേഖലയായ ഈ ഗ്രാമപഞ്ചായത്തിൽ നെല്ല്, വൈക്കോൽ എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യവസായത്തിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. ചുരുങ്ങിയത് അമ്പതുപേർക്കു തൊഴിൽ സാധ്യത ഇതുമൂലം ലഭിക്കുന്നു.
2. പൊതുമേഖലയിൽ 25,000 സ്പിൻഡിൽ ശേഷിയുള്ള കോട്ടൺ മില്ലിനുള്ള സാധ്യത 7-ാം വാർഡിൽ ഉണ്ട്. ചുരുങ്ങിയ വിലക്ക് സ്ഥലം കിട്ടാൻ സാധ്യതയുണ്ട്. 200 പേർക്കുതൊഴിൽ സാധ്യത ഉണ്ട്.
3. സഹകരണമേഖലയിൽ വനിതകൾക്കായി നടപ്പാക്കാവുന്നവ താഴെ കൊടുക്കുന്നു.

   a നിലവിലുള്ള കൈത്തറി സഹകരണസംഘത്തെ നവീകരിച്ച് യന്ത്രവൽക്കരണം നടത്തി വിപുലമായ യൂണിറ്റാക്കി പ്രവർത്തിപ്പിക്കുക.

   b തയ്യൽ പരിശീലനം നൽകി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണയൂണിറ്റ് സംഘടിപ്പിക്കുക.

   അച്ചാർ, വാറ്റൽ, കറിപൗഡർ, ചന്ദനത്തിരി, മെഴുകുതിരി എന്നിവ യുടെ നിർമ്മാണം.

   d 'ചർക്കാ ഗ്രാമം' ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ഡിപ്പാർട്ടു മെൻറിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച് പെൺകുട്ടികൾക്കു കൂടിൽ വ്യവ സായം നടത്താൻ സഹായിക്കുംവിധം പ്രവർത്തിപ്പിക്കുക.

   e പട്ടികജാതിക്കാരുടെ നെയ്ത്തു സഹകരണസംഘം രൂപീകരിക്കുക.

   f ഇഷ്ടിക, വയർ കട്ട് ബ്രിക്ക് എന്നിവ നിർമ്മാണം വ്യവസായ വകുപ്പ് സഹായത്തോടെ വ്യക്തിപരമായോ, പാർട്ട്ണർവ്യവസ്ഥയിലോ സംഘടിപ്പിക്കുക.

g സഹകരണാടിസ്ഥാനത്തിൽ തേനീച്ച വളർത്തൽ നടപ്പിലാക്കുക.

h പനനാര് ഉപയോഗിച്ചുള്ള ബ്രഷ്, ഈറ, മുള എന്നിവ ഉപയോഗിച്ചുള്ള കുട, വട്ടി, പരമ്പ് എന്നിവ നിർമ്മാണം.

i യന്ത്രവൽകൃത പുൽപ്പായ നിർമ്മാണയൂണിറ്റ് സംഘടിപ്പിക്കുക.

## പൊതുവായി സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിൽ കണ്ടെത്താൻ സാധ്യതയുള്ളവ താഴെ കൊടുക്കുന്നു

1. മരപ്പണിയൂണിറ്റ് സംഘടിപ്പിച്ച് ഓർഡറുകൾക്കനുസരിച്ച് മരപ്പണികൾ ഏറ്റെടുത്തു നടത്തുകയും, ഫർണിച്ചർ സാധനങ്ങൾ ഉല്പാദിപ്പിച്ചു വിപണനം നടത്തുക.

2. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് നിർമ്മാണ ജോലികൾഏറ്റെടുത്തു നിർവ്വഹിക്കുക.

3. കയറും കയറുൽപ്പന്നങ്ങളും നിർമ്മിച്ച് വിപണനം നടത്തുക.

4. റക്സിൻ ഉപയോഗിച്ച് ട്രാവലിംഗ് ഗുഡ്സ് നിർമ്മാണം.

5. ഡയറിഫാം സംഘടിപ്പിച്ച് പാലും, മറ്റു ക്ഷീരോല്പന്നങ്ങളും ഉല്പാദിപ്പിച്ച് വിപണനം നടത്തുക.

6. ഇവിടെ ധാരാളം കിട്ടുന്ന പുളി സംസ്ക്കരിച്ച്, ജൂസ് രൂപത്തിൽ വിപണനം ചെയ്താൽ മാർക്കറ്റു പിടിച്ചുപറ്റാനാകും. അതോടൊപ്പം പുളിങ്കുരു ഉപയോഗിച്ച് മേത്തരം കാലിത്തീറ്റയും ഉണ്ടാക്കി വിപണിയി ലിറക്കാം. അമ്പതോളം പേർക്കെങ്കിലും ചുരുങ്ങിയതോതിൽ തൊഴിൽ സാധ്യതയുണ്ട്.

7. കളിമൺപാത്രം, കൗതുകവസ്തുക്കൾ എന്നിവനിർമ്മിക്കൽ.

8. പാചകജോലിയിൽ വൈദഗ്ധ്യമുള്ളവരെ സംഘടിപ്പിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

9. കാക്കത്തറയിൽ കാർഷികോപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായം.

10. ആധുനിക ജൈവവളനിർമ്മാണ ഫാക്ടറി പൊതുജനങ്ങൾക്ക് 51 ശതമാനം ഓഹരി പങ്കാളിത്തത്തോടെ സഹകരണാടി സ്ഥാനത്തിൽ നിർമ്മിക്കുക.

11. ചുരുങ്ങിയത് 50 യന്ത്രത്തറികളെങ്കിലും ഉള്ള ഒരു പവർലൂം യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

ഡൈയിംങ്ങ് ഉൾപ്പെടെ നടത്താവുന്ന രീതിയിൽ സംഘടിപ്പിക്കണം.

12. ഇലക്ട്രോണിക്സ് സാധനങ്ങളുടെ നിർമ്മാണം.

13. കൊടുമ്പു പഞ്ചായത്തിൽ മിനറൽ വാട്ടർ നിർമ്മാണ യൂണിറ്റ് നിർമ്മിക്കാം.

## മിനി വ്യവസായ എസ്റ്റേറ്റ്

1. വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവർക്ക് സൗകര്യം ഏർപ്പെടുത്താൻ 8-ാം വാർഡിൽ അയ്യപ്പൻകാവ്, 6-ാം വാർഡിൽ കാരക്കാട് എന്നിവിടങ്ങളിൽ മിനി വ്യവസായ എസ്റേറ്റ് സ്ഥാപിക്കണം. അതിനാവശ്യമായ സർക്കാർ വക സ്ഥലം ഇവിടങ്ങളിൽ ലഭ്യമാണ്.

2. 6, 8 വാർഡുകളിൽ മിനി ഇൻഡസ്ട്രിയൽ എസ്റേറ്റിനോടു ചേർന്നു, 4-ാം വാർഡിൽ മുല്ലേരിയിലെ പമ്പുഹൗസിനു സമീപവും ഇൻഡസ്ട്രിയൽ ഡെവലപ്പുമെൻറ് പ്ലോട്ടുകൾ ലഭ്യമാക്കുക.

3. ഗൾഫ് മലയാളികൾക്കും സാങ്കേതിക വിദഗ്ധരായ വിമുക്ത ഭടൻമാർക്കും വ്യവസായ സംരഭങ്ങൾക്ക് മുൻഗണന നൽകണം.

## പൊതു പരിഹാരമാർഗ്ഗങ്ങൾ

1. 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണം.

2. 11 കെ.വി ലൈനിൻെറ അറ്റകുറ്റപണി കാലാകാലങ്ങളിൽ നടത്തി വിതരണത്തിലെ കുഴപ്പങ്ങൾക്ക് ശാശ്വതപരിഹാരം കാണുക.

3. ദേശസാൽകൃത ബാങ്കിൻെറ രണ്ടുശാഖകൾ തുറക്കുക. സ്വയം തൊഴിൽ കണ്ടെത്താനുള്ള വായ്പാ നിബന്ധനകൾ ഉദാരവൽക്കരിക്കുക.

4. അസംസ്കൃത വസ്തുക്കളായ സ്റ്റീൽ ഷീറ്റുകൾ, ബാറുകൾ, മരം, അലുമിനിയം, മുള, ഈറ എന്നിവ ന്യായവിലക്ക് കൃത്യമായി ലഭിക്കാൻ വിതരണകേന്ദ്രം സ്ഥാപിക്കുക.

5. വാർത്താവിനിമയ രംഗത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വ്യവ സായം തുടങ്ങുന്നവർ ആവശ്യപ്പെട്ട്, പരമാവധി മൂന്നുമാസത്തിനകം ടെലഫോൺ കണക്ഷൻ ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

6. വ്യവസായ സംരംഭകർക്കുവേണ്ടിയും സാങ്കേതിക പരിജ്ഞാനം, നിർമ്മാണം, വിപണനം എന്നീ മേഖലകളെക്കുറിച്ച് വ്യവസായ വകുപ്പ് മുൻകൈയെടുത്തു പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കണം.

കേരളത്തിൻെറ പ്രധാന വ്യവസായ കേന്ദ്രങ്ങളിലൊന്നായ കഞ്ചിക്കോടു വ്യവസായ മേഖലയുടെ സാമീപ്യം നമ്മുടെ പഞ്ചായത്തി നുള്ളതുകൊണ്ടു ചെറുകിട വ്യവസായങ്ങൾക്കും, അനുബന്ധ വ്യാപാര ങ്ങൾക്കും അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നുണ്ട്. മാത്രമല്ല 47-ാം നമ്പ്ർ ദേശീയപാതയും, പൊള്ളാച്ചി ദേശീയ പാതയും ഈ പഞ്ചായ ത്തിലൂടെ കടന്നുപോകുന്നത് വ്യവസായ വികസനത്തിന് കൂടുതൽ സഹായകമാകുന്നു.

പാലക്കാട്ടെ വൻകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളായ ബി.പി. എൽ, ഇന്ത്യ, ഐ.ടി.ഐ. ലിമിറ്റഡ്, ഇൻസ്ട്രുമെൻേറഷൻ ലിമിറ്റഡ്, മരിക്കോ ലിമിറ്റഡ്, പാറ്റ്സ്പിൻ ഇന്ത്യ, കാർബൊറാണ്ടം യൂണി, മലബാർ സിമൻറ്സ്, പ്രീക്കോട്ട് മിൽസ് എന്നീ സ്ഥാപനങ്ങളും പഞ്ചായത്തുകളിലെ ചെറുകിട യൂണിറ്റുകളും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നത് വ്യവസായ വളർച്ചയെ ത്വരിതപ്പെടുത്തുന്ന ഘടകമാണ്. അതോടൊപ്പം ഗ്രാമീണ വ്യവസായങ്ങളുടെ പ്രോൽസാഹനത്തിൽ ഖാദിബോർഡിൻെറ സജീവ ശ്രദ്ധയും പതിയേണ്ടതുണ്ട്.

# വൻകിടവ്യവസായം

ബി.പി. എൽ. ഇന്ത്യ, ബി.പി. എൽ. സിസ്റ്റം.

വിവിധ മേഖലയിലെ തൊഴിലാളികളുടെ എണ്ണം. പുരുഷൻ: 6979

സ്ത്രീ : 645

**ആകെ വ്യവസായതൊഴിലാളികൾ : 7624**

| ക്രമനമ്പ്ർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | |
| 1. | പരമ്പരാഗതവ്യവസായം :-<br>കളിമൺപാത്ര നിർമ്മാണം | 225<br>15 | 173<br>10 | 398<br>25 |
| 2. | ചെറുകിട വ്യവസായം | 60 | 140 | 200 |
| 3. | മറ്റുവ്യവസായങ്ങൾ | 95 | 60 | 155 |
| 4. | റൈസ്മില്ലുകൾ | 32 | 16 | 48 |
| 5. | ഈർച്ചമില്ലുകൾ | 12 | - | 12 |
| 6. | ആയുർവേദ മരുന്ന് | 5 | 2 | 7 |

# ചെറുകിട വ്യവസായ യൂണിറ്റുകൾ


| നമ്പ്ർ | ഇനം | ആകെ വ്യവസായം |
|---|---|---|
| 1. | തടിവ്യവസായം | 2 |
| 2. | എൻജിനീയറിംഗ് | 22 |
| 3. | അച്ചടി | 1 |
| 4. | കൂലിറൈസ്മിൽ | 8 |
| 5. | മറ്റുള്ളവ | 20 |
| 6. | കളിമൺ വ്യവസായം | 1 |

## പഞ്ചായത്തിൽ പുതുതായി സഹകരണാടിസ്ഥാനത്തിൽ തുടങ്ങാവുന്ന വ്യവസായ യൂണിറ്റുകളുടെ പട്ടിക

| ക്രമനമ്പ് | ഏതുതരം | എത്ര പേർക്കു തൊഴിൽ സാധ്യത | സ്ത്രീ | പു |
|---|---|---|---|---|
| 1. | റെഡിമെയ്ഡ് വസ്ത്രനിർമ്മാണ- തയ്യൽ പരിശീലനം സഹിതം | 25 | 20 | 5 |
| 2. | പ്രതിമാ നിർമ്മാണം | 25 | 10 | 15 |
| 3. | അച്ചാർ, പപ്പടം, വാറ്റൽ, കറി പൗഡർ, ചന്ദനത്തിരി, മെഴുക്തിരി നിർമ്മാണം | 50 | 45 | 5 |
| 4 | ഇഷ്ടിക, വയർകട്ട് ബ്രിക്ക് നിർമ്മാണം | 25 | 15 | 10 |
| 5. | പലതാരു ഉപയോഗിച്ചുള്ള ബ്രഷ്, ഈറ, മുള വട്ടി, കുട്ട, പരമ്പ് എന്നിവ നിർമ്മാണം | 75 | 25 | 50 |
| 6. | യന്ത്രവത്കൃത പുൽപായ നിർമ്മാണയൂണിറ്റ് | 25 | 15 | 10 |
| 7. | മരപ്പണിയൂണിറ്റ് (ആർട്ടിസാൻസ് സഹകരണസംഘം) | 25 | - | 25 |
| 8. | ലേബർകോൺടാക്റ്റ് സൊസൈറ്റി രൂപീകരിക്കുക | 25 | 5 | 20 |
| 9. | കയറും, കയറുല്പന്നങ്ങളും നിർമ്മിച്ച് വിപണനം നടത്തുക | 25 | 10 | 15 |
| 10. | റക്സിൻ ഉപയോഗിച്ച് ട്രാവലിംഗ് ഗുഡ്സ് നിർമ്മാണ സഹകരണസംഘം | 25 | 5 | 20 |
| 11. | സഹകരണ ഡയറിഫാം | 50 | 40 | 10 |
| 12. | പുളി സംസ്ക്കരണം കാലിത്തീറ്റ ഉല്പാദന സഹകരണസംഘം | 25 | 10 | 15 |
| 13. | മൺപാത്ര വ്യവസായം കരകൗശല വസ്തുനിർമ്മാണസഹകരണസംഘം | 25 | 15 | 10 |
| 14. | പാചകവിദഗ്ധരുടെ സഹകരണസംഘം | 25 | 5 | 20 |
| 15. | ജൈവവളനിർമ്മാണം കാർഷികോപകരണനിർമ്മാണം | 100 | 25 | 75 |
| 16. | സഹകരണ പവർലൂം , ഡൈയിംഗ് യൂണിറ്റ് | 50 | 25 | 25 |
| 17. | ഇലക്ട്രോണിക്സ് സാധനങ്ങളുടെ നിർമ്മാണം | 25 | 15 | 10 |

അവലംബം: ഗ്രാമസഭാറിപ്പോർട്ടുകൾ





# 3. കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ശുദ്ധമായ കുടിവെള്ളം, ജനതയുടെ ആരോഗ്യ പരിപാലനത്തിൽ പ്രഥമ പരിഗണന അർഹിക്കുന്ന വിഷയം തന്നെയാണ്. "വേണ്ട സമയത്ത് വേണ്ടത്ര വെള്ളം" _ ഇതാകണം ശരിയായ ജലനയം. കുടിവെള്ളത്തിന്റെ കാര്യത്തിൽ കൊടുമ്പ് ഗ്രാമ പഞ്ചായത്ത് ഇന്നും പുറകിൽ തന്നെ. പുഴയും തോടും എല്ലാം ഉണ്ടായിട്ടും ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കൊടുമ്പ് ഗ്രാമ പഞ്ചായത്തിൽ 61 പൊതു കിണറുകളും 56 കുഴൽ കിണറുകളും 2 പൊതു കുളങ്ങളും 776 സ്വകാര്യ കിണറുകളും കുടിവെള്ളത്തിനായി ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിലെ 90% ആളുകളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പുഴകളെയോ തോടുകളെയോ ഉപയോഗപ്പെടുത്താൻ ഇതുവരേയ്ക്കും കഴിഞ്ഞിട്ടില്ല.

കേരളത്തിൽ പ്രതിവർഷം 300 cm മഴപെയ്യുന്നുണ്ട്. എങ്കിലും ആളോഹരി മഴയും ആളോഹരി ജലവും മറ്റു സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കുറവാണ്.

നദീതടങ്ങൾ അടിസ്ഥാനമാക്കി ഉപരിതല, ഭൂഗർഭ ജലവിനിയോഗം സംബന്ധിച്ച് പഠിക്കുകയും കുളങ്ങൾ തുടങ്ങിയ ചെറുകിട ജലസ്രോതസ്സുകൾ വികസിപ്പിച്ചെടുക്കുകയും വേണം.

## കുടിവെള്ളക്ഷാമ ബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും.

1. നിലവിലുള്ള ശുദ്ധജലവിതരണ പൈപ്പ് ലൈനുകൾ പഞ്ചായത്തിന്റെ 2, 3, 8 എന്നീ വാർഡുകളിൽ ഭാഗികമായി മാത്രമെ എത്തുന്നുള്ളു. മറ്റു വാർഡുകളിൽ കഠിനമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതിനാൽ എല്ലാ വാർഡുകളിലും ശുദ്ധ ജലമെത്തിക്കുന്നതിനുള്ള ഒരു വലിയ പദ്ധതി ഈ പഞ്ചായത്തിന് ആവശ്യമാണ്.

2. നിലവിലുള്ള ഉപയോഗ ശൂന്യമായികിടക്കുന്ന കിണറുകൾ വൃത്തിയാക്കി, മതിലില്ലാത്തവ മതിൽ കെട്ടി ഉപയോഗക്ഷമമാക്കണം.

3. ശുദ്ധജല വിതരണ പദ്ധതിയുടെ ഒരു ടാങ്ക്,

കിണർ കുഴിച്ച് ഓവർ ഹെഡ് ടാങ്ക് കെട്ടിയാൽ നെല്ലിക്കുന്നം, തസ്റാക്ക് പാക്കിലിപ്പാടം എന്നീ സ്ഥലങ്ങളിൽ ശുദ്ധജലമെത്തിക്കാൻ സാധിക്കും.

5. ആലയങ്കാട് നിലവിലുള്ള കിണറിൽ ഓവർ ഹെഡ് ടാങ്ക് കെട്ടി പൈപ്പ് ലൈൻ നീട്ടിയാൽ ആലയങ്കാട്, വെളിക്കാട്, കാട്ടിരംകുന്നം ആശുപത്രിവരെ വെള്ളമെത്തിക്കാനാവും.

6. കൊക്കം കുഴിയിൽ ടാങ്ക് കെട്ടി മോട്ടോർ വെച്ച് പൈപ്പ് നീട്ടിയാൽ കാട്ടിരംകുന്നം, ആലയങ്കാട് ഹരിജൻ കോളനി, വളപ്പ്, കണ്ടങ്കോട് എന്നിവിടങ്ങളിലും ആമ്പയിലും കുടിവെള്ളമെത്തിക്കാൻ കഴിയും.

7. പാലയങ്കാട് പുഴയിൽ കിഴക്കെഭാഗത്ത് മോട്ടാർ വെച്ച് പൈപ്പ് ലൈനിട്ട് പാലയങ്കാട് തറ, കിഴക്കേമുറി ഹരിജൻ കോളനി, നെല്ലിയം പാടം ഹരിജൻ കോളനി എന്നീ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുക.

8. ആറ്റിങ്കൽ റോഡ് അവസാനിക്കുന്ന തിരുവാലത്തൂർ കടവിൽ പമ്പ് ഹൗസ് സ്ഥാപിച്ച് പൈപ്പ് ലൈനിൽ കണക്ഷൻ കൊടുത്താൽ ജലക്ഷാമം നേരിടുന്ന അയ്യപ്പൻ കാവ്, കരിപ്പാലി, കോൽക്കാട്, എ. കെ. ജി. നഗർ, കാടാങ്കോട്, അക്ഷരനഗർ, കവിതാ നഗർ, കാക്കത്തറ, കല്ലിങ്കൽ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുവാൻ കഴിയും.

9. ചേമ്പാടത്ത് തെങ്ങൻ കുളത്തിനു സമീപം കുഴൽ കിണർ നിർമിച്ച് ഓവർ ഹെഡ് ടാങ്ക് കെട്ടിയാൽ ചേമ്പാടം, പിരിവുശാല, ബി. പി. എൽ, ഇന്ത്യൻ ബാങ്കിനു സമീപം എന്നിവിടങ്ങളിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കുവാൻ കഴിയും.

10. അണക്കുണ്ടിൽ പമ്പ് ഹൗസ് സ്ഥാപിച്ച് പൈപ്പ് ലൈൻ ഇട്ടാൽ മിഥുനംപള്ളം, കാഞ്ഞിരംകുന്നം, ആശാരിത്തറ, പണ്ടാരത്തറ, പൊതുകാട്, ധർമ്മ നഗർ, എന്നീ പ്രദേശങ്ങളിലേക്ക് ശുദ്ധജലമെത്തിക്കാൻ കഴിയും.

11 പേഴുംപള്ളത്ത് ഒരു കുഴൽ കിണർ കുഴിച്ച് വാട്ടർ ടാങ്ക് കെട്ടിയാൽ 5ാം വാർഡിലെ കണക്ക് വളപ്പ്, കുന്നംകാട്, പേഴുംപള്ളം, കല്ലംപൊറ്റ, ആനൂർക്കാവ്, എന്നിവിടങ്ങളിൽ പൈപ്പ് ലൈനിട്ട് ശുദ്ധജലമെത്തിക്കാൻ കഴിയും.

12. തിരുവാലത്തൂർ ഹൈസ്ക്കൂളിനു സമീപം ഒരു കിണർ നിർമിച്ചാൽ ഒല്ലേരി, ഇല്ലത്ത് പറമ്പ്, കുതിര, മന്നാടിത്തറ, എന്നിവിടങ്ങളിൽ ശുദ്ധജല വിതരണം നടത്താൻ കഴിയും.

13. എ. കെ. ജി. നഗറിൽ നിലവിലുള്ള കൊക്കരണി ആഴം കൂട്ടി മോട്ടോർ ഘടിപ്പിച്ച്, ടാങ്കുകെട്ടി പരിസര പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കണം.

14. തിരുവാലത്തൂർ പുഴയിൽ ഒരു ജലവിതരണ പദ്ധതി നടപ്പിലാക്കിയാൽ തിരുവാലത്തൂർ ക്ഷേത്രം, കണംകുടം, തെയ്യംകുന്നം, താകുറിശ്ശി, കുന്നുകാട്, പാളയം എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

15. പഞ്ചായത്തിനകത്തുള്ള സ്വകാര്യ ജലസംഭരണികൾ പഞ്ചായത്തധീനതയിൽ കൊണ്ടുവരുവാൻ നിയമ ഭേദഗതി വരുത്തണം.

പുതുതായി കുഴൽ കിണറുകൾ ആവശ്യമായ പ്രദേശങ്ങൾ

1. കാഞ്ഞിരംകുന്നം.
2. കാട്ടിരംകുന്നം.
3. കല്ലിങ്കൽ.
4. നെല്ലിക്കുന്ന്.
5. കാരക്കാട്.
6. ചേമ്പാടം.
7. പേഴുംപള്ളം
.8. തിരുവാലത്തൂർ കിഴക്കേ നട.
9. തിരുവാലത്തൂർ പടിഞ്ഞാറെ നട.
10. കരിങ്കരപ്പുള്ളി എൽ. പി. സ്ക്കൂളിനു മുന്നിൽ.
11. കനാൽ ക്വാർട്ടേർസ്.
12. പോളിടെക്നിക്ക്.
13. ചിറപ്പാടം.

## ആരോഗ്യം

പാലക്കാട് മുനിസിപ്പാലിറ്റിയോട് ചേർന്ന് കിടക്കുന്ന കൊടുമ്പ് ഗ്രാമപഞ്ചായത്ത് ഒരു പിന്നോക്ക പ്രദേശമാണ്. ജനങ്ങളിൽ അധികവും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യ 18034 ആണ്. കേരളത്തിന്റെ മൊത്തം ആരോഗ്യ പരിപാലന നിലവാരവുമായി തട്ടിച്ചു നോക്കുമ്പോൾ ഈ പഞ്ചായത്ത് വളരെ പുറകിലാണ്. പഞ്ചായത്തിനകത്ത് ആധുനിക ചികിത്സാ സംവിധാനങ്ങൾ ഒന്നുമില്ല. 6 കി. മീറ്റർ ദൂരെയുള്ള പാലക്കാട് ജില്ലാ ആശുപത്രിയോ, 10 കി. മീറ്റർ ദൂരെയുള്ള ചിറ്റൂർ താലൂക്ക് ആശുപത്രിയോ

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന സ്ഥലമായ ചെമിട്ടിയക്കാവിൽ സ്ഥാപിച്ച് അതിലൂടെ പഞ്ചായത്തിൽ മൊത്തം ജലവിതരണം നടത്തണം.

പട്ടിക 1

ശുദ്ധജല സ്രോതസ്സുകൾ

| പൊതു കിണർ | സ്വകാര്യ കിണർ | പൊതു കുഴൽ കിണർ | സ്വകാര്യ കുഴൽ കിണർ |
|---|---|---|---|
| 61 | 776 | 26 | 30 |

പട്ടിക 2. ശുദ്ധ ജല വിതരണം

| | | |
|---|---|---|
| ആകെ ടാപ്പുകൾ 205 | പൊതുടാപ്പ് 45 | |
| | സ്വകാര്യ കണക്ഷൻ 160 | |

4. ഇരട്ടയാൽ പൈപ്പ് ലൈൻ കാഞ്ഞിരം കുന്നം ഹരിജൻ കോളനി വരെ നീട്ടണം. ഈ പ്രദേശങ്ങളിൽ ചില കിണറുകളിൽ ഉപ്പ് വെള്ളമാണ് ലഭിക്കുന്നത്. അതുകൊണ്ടുതന്നെ കുടിവെള്ളമായി ഉപയോഗിക്കാനും കഴിയുന്നില്ല. മുനീശ്വരൻ കോവിലിൽ 400 മീറ്ററും വാരിയത്തുക്കാട്ടിൽ 800 മീറ്ററും പൈപ്പ് ലൈൻ നീട്ടണം.

5. പാലയംങ്കാട് പ്രദേശത്ത് നിലവിലുള്ള കിണറുകൾ വൃത്തിയാക്കാത്തതിനാൽ വേനൽക്കാലം ആകുമ്പോൾ വറ്റുന്നതു മൂലം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

6. കരിപ്പാലി ഉദയപ്പാടം, അമ്പലപ്പറമ്പ്, പേങ്കോൽ, കാരക്കാട്, പിരിവുശാല എന്നീ പ്രദേശങ്ങളിലെ 14 പൊതു കിണറുകളിൽ 8 ഉം വറ്റുന്നതാണ്. 7 കുഴൽകിണറുകൾ ഉള്ളതിൽ ഒന്നൊഴികെ എല്ലാം ഇരുമ്പിന്റെ ചുവയുള്ളതിനാൽ കുടിക്കാൻ വെള്ളം ഉപയോഗിക്കാറില്ല. നിലവിലുള്ള പൊതുകിണർ ആഴം കൂട്ടണം. 6ാം വാർഡിൽ ആകെയുള്ള ഒരു വിദ്യാലയത്തിൽ കുടിവെള്ളത്തിന് പരിഹാരം കാണണം.

7. തോട്ടിൽ നിന്ന് മണൽ വാരുന്നതു മൂലം കിണറുകളിലെ ജലവിതാനം താഴുന്നു. കുടിവെള്ള ക്ഷാമമുണ്ടാവുകയും ചെയ്യുന്നു. ഫിൽറ്റർ ടാങ്കിന്റെ പരിസരത്തു നിന്നുള്ള മണൽ വാരൽ നിരോധിക്കണം.

## പഞ്ചായത്ത് തല പദ്ധതി

കൊടുമ്പ്, പൊൽപ്പുള്ളി എന്നീ വില്ലേജുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് രണ്ടേകാൽ കോടി രൂപ ചിലവു പ്രതീക്ഷിക്കുന്നതും പ്രതിദിനം രണ്ടു ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ കഴിയുന്നതുമായ ഒരു വലിയ ശുദ്ധ ജല വിതരണ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിങ്ങ് റിപ്പോർട്ട് വാട്ടർ അതോറിറ്റിയുടെ ഇൻവെസ്റ്റിഗേഷൻ ആന്റ് പ്ലാനിങ്ങ് വകുപ്പിൽ നിന്നും തയ്യാറാക്കി അംഗീകരിച്ച ശേഷം അതിന്റെ സർവെ കഴിഞ്ഞിട്ടുണ്ട്. 1997 ൽ ഇതിന്റെ വിശദമായ എഞ്ചിനീയറിങ്ങ് റിപ്പോർട്ട് തയ്യാറാക്കുമെന്ന് കരുതുന്നു. ഈ പദ്ധതിയിൽ 125 കി.മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ ഇട്ട് 200 പൊതു ടാപ്പുകൾ വെക്കുന്നതിന് ഉദ്ദേശിക്കുന്നു. ചിറ്റൂർ പുഴയിൽ അഞ്ചാം മൈലിൽ തടയണകെട്ടി സമീപത്തു തന്നെ കിണറും ശുദ്ധീകരണ ശാലയും പണിത് കൊടുമ്പ് പഞ്ചായത്തിൽ ടാങ്ക് കെട്ടി ജലവിതരണം നടത്തുന്നതിനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ വലിയ പദ്ധതി നടപ്പാക്കാൻ വൈകുന്നപക്ഷം മറ്റു ചെറുകിട പദ്ധതികൾ താമസം വിനാ നടപ്പാക്കേണ്ടതുണ്ട്.

1. കാഞ്ഞിരംകുന്നം, നെല്ലിക്കാട്ട്, കോവിലതിട്ട, ഊറപ്പാടം, എന്നിവിടങ്ങളിൽ ശുദ്ധജലമെത്തിക്കാൻ വണ്ടിതോട്ടിൽ ഒരു പമ്പ് ഹൗസ് സ്ഥാപിക്കുക.

2. ചെമട്ടിയക്കാവിൽ നിന്നും ബോർവെല്ലിൽ ഓവർ ഹെഡ്ഡു ടാങ്ക് കെട്ടി പൈപ്പ് ലൈൻ നീട്ടി പോളിടെക്നിക്കിനു സമീപം, കാരക്കാട്ടു ലൈൻ നീട്ടി പോളിടെക്നിക്കിനു സമീപം, കാരക്കാട്ടു ഹരിജൻ കോളനി, കരിങ്കരപ്പുള്ളി പ്രദേശങ്ങൾ, എരട്ടയാൽ, വലിയകാട് എന്നിവിടങ്ങളിൽ ശുദ്ധജലമെത്തിക്കുക.


3. ചാത്തംകുളം ഭാഗത്ത് ഒരു ടാങ്ക് നിർമിച്ച് ചാത്തംകുളം, കണക്കുപറമ്പ്, ചക്കിങ്കൽചള്ള എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക. (ജനപങ്കാളിത്തം ഗ്രാമസഭ വാഗ്ദാനം ചെയ്തിരിക്കുന്നു.)

4. വാക്കിലിപ്പാടത്തുള്ള കുളത്തിനു സമീപം കിണർ/കുഴൽ

8. ഗൈനോക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമല്ലാത്തതിനാൽ ഇടത്തരക്കാരും ദരിദ്രരും പട്ടണത്തിലെ ആശുപത്രികളിൽ ചികിത്സക്ക് പോവേണ്ടിവരുന്നു.

9. പഞ്ചായത്തിലെ 4156 വീടുകളിൽ 1493 എണ്ണത്തിൽ മാത്രമാണ് കക്കൂസുകൾ ഉള്ളത്.

ആകെ വീടുകൾ 4156




10. ഉള്ള കക്കൂസുകളിൽ നല്ലൊരു ശതമാനം ശുദ്ധജല മലിനീകരണത്തിന് കാരണമാകുന്നുണ്ട് എന്നു വേണം കരുതാൻ. കിണറുകൾക്കടുത്തായിട്ടാണ് പലയിടങ്ങളിലും കക്കൂസ് നിർമ്മിച്ചിരിക്കുന്നത്.

11. പഞ്ചായത്തിലെ സർക്കാർ ആയുർവേദ ആശുപത്രി അവഗണനയുടെ പര്യായമാണ്. ഡിസ്പൻസറിയോട് ചേർന്ന് കക്കൂസോ മൂത്രപുരയോ ഇല്ല. ശുദ്ധജലം ലഭ്യമല്ല. വെളിച്ചത്തിന്റെ കഥയും മറ്റൊന്നല്ല. കഷായങ്ങൾ, മരുന്നുകൾ, എണ്ണകൾ എന്നിവ സൂക്ഷിക്കാൻ അത്യാവശ്യം വേണ്ട ഫർണീച്ചർ സൗകര്യം ഇല്ല. മരുന്നുകൾ തയ്യാറാക്കുവാൻ വിറക് ലഭ്യമല്ല. കെട്ടിടത്തിന് ചുറ്റുമതിലും ഇല്ല.

പട്ടിക ·1.

ആശുപത്രികൾ

| ആശുപത്രികൾ | സർക്കാർ | സ്വകാര്യം |
|---|---|---|
| ആയുർവേദം | 1 | ..... |
| ഹോമിയോ | ..... | 1 |
| അലോപ്പതി | 1ഹെൽത്ത് സെൻറർ | 1 |
| ആകെ | 2 | 2 |

12. മദ്യാസക്തി പഞ്ചായത്തിൽ സാമൂഹ്യവും സാമ്പത്തികവുമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

## പരിഹാരങ്ങൾ

1. പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ സ്ഥിരം സംവിധാനത്തോടെയുള്ളത് സ്ഥാപിക്കണം.

2. നിലവിലുള്ള ആയുർവേദ ആശുപത്രി കൂടുതൽ പ്രവർത്തനക്ഷമമാക്കി കൊടുമ്പ് റസന്ററിലേക്ക് മാറ്റി സ്ഥാപിക്കുക.

3. ഒന്നാം വാർഡ്, 6 ാം വാർഡ്, 7ാം വാർഡ് എന്നിവ കേന്ദ്രീകരിച്ച് ഒരു ഐ. പി. പി. സെന്ററർ തുടങ്ങണം.

4. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി തുടങ്ങുക.

5. പി. എച്ച്. സി യിൽ ഒരു ഗൈനോക്കോളജിസ്റ്റിനെ നിയമിക്കണം.

6. വാക്കിൽപ്പാടം, കൊള്ളുകാട്, തസ്റാക്ക്, കൊട്ടാനി, നെല്ലിക്കുന്നം എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഒരു ഐ. പി. പി സെന്റർ സ്ഥാപിക്കണം.

7. നിലവിലുള്ള അംഗൻവാടികളിൽ മാസത്തിൽ ഒരിക്കൽ ഡോക്ടർ വന്ന് പരിശോധന നടത്തുക.

8. മദ്യാസക്തിക്കെതിരെയും എയിഡ്സിനെതിരെയും ബോധവൽക്കരണം നടത്തുക.

9. പൊതുജന പങ്കാളിത്തത്തോടെ പ്രാഥമികാരോഗ്യ കേന്ദ്രത്തിനാവശ്യമായ ഒരേക്കർ സ്ഥലവും കെട്ടിടവും നിർമ്മിക്കുക

## സാധ്യതകൾ

1. ഓലശ്ശേരിയിലെ ആയുർവേദ ഡിസ്പെൻസറി വിപുലമായ സൗകര്യങ്ങളോടെ കൊടുമ്പ് സെന്ററിലേക്ക് മാറ്റി സ്ഥാപിക്കാം.

2. പ്രവർത്തനം ആരംഭിക്കുവാൻ പോകുന്ന ശാന്തിഗിരി ആയുർവേദ ആശുപത്രിയിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തിയാൽ പഞ്ചായത്തിന് മൊത്തത്തിൽ ചികിത്സ ലഭ്യമാക്കാൻ സാധിക്കും.

ആണ് ജനങ്ങൾ ആശ്രയിക്കുന്നത്. ശിശു മരണ നിരക്ക്, ആയുർദൈർഘ്യം എന്നിവയിൽ പഞ്ചായത്ത, സംസ്ഥാന നിലവാരത്തോടടുത്ത് നിൽക്കുന്നു. കേരളത്തിൽ സാധാരണയായി കണ്ടുവരുന്ന വയറിളക്കം, ചൊറി, അഞ്ചാംപനി, മഞ്ഞപ്പിത്തം മുതലായ രോഗങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് കാണാറുണ്ട്. നാട്ടുവൈദ്യവും പരമ്പരാഗത ചികിത്സാ സംവിധാനങ്ങളും ഇവിടെ കുറവാണ്.

**ശാന്തിഗിരി ആശുപത്രി**

കൊടുമ്പ് പഞ്ചായത്തിൽ ഓലശ്ശേരിയിൽ നാട്ടുകാർ സൗജന്യമായി നല്കിയ 3 ഏക്കർ അടക്കം 5 ഏക്കർ സ്ഥലത്ത് മൂന്നു കോടി രൂപാ ചിലവിൽ 3 നിലകളും 7000 ചതുരശ്രഅടി വിസ്തീർണവുമുള്ള ഒരു ആയൂർവേദ_സിദ്ധ ആശുപത്രിയുടെ നിർമ്മാണം നടന്നു വരികയാണ്. ആയൂർവേദ ചികിത്സക്കും, പാരമ്പര്യ സിദ്ധ ചികിത്സക്കും പുറമേ അലോപ്പതി ചികിത്സക്കും ഇവിടെ സൗകര്യം ഒരുക്കുന്നുണ്ട്. ഗർഭിണികളുടെയും ,കുട്ടികളുടെയും പ്രത്യേക പരിചരണവും, പ്രസവ ശേഷം മൂന്നു മാസക്കാലമുള്ള ചികിൽസയും ഈ ആശുപത്രിയുടെ സവിശേഷതയാണ്.

ഈശ്വരാർപ്പണത്തോടു കൂടിയ ചികിൽസാരീതി _ അതിലൂടെ ലോകനൻമയും. ഇതാണ് ഈ ആശുപത്രി അധികൃതരുടെ വിശ്വാസപ്രമാണം. ആശുപത്രിയിലേക്കുള്ള റോഡ് ജനകീയാസൂത്രണത്തിന്റെ ഭാഗമായ പുനരർപ്പണ ദിനത്തിൽ നാട്ടുകാർ സൗജന്യമായി ഭൂമി നല്കി നിർമ്മിക്കുകയുണ്ടായി.

ഈ ആശുപത്രി വരുന്നതോടെ ചികിൽസാ സൗകര്യത്തിനു പുറമേ ആശുപത്രിക്കാവശ്യമായ ഔഷധ സസ്യങ്ങൾ കൃഷി ചെയ്ത് നാട്ടുകാർക്ക് വരുമാനമുണ്ടാക്കാമെന്നും കണക്കു കൂട്ടുന്നു.



ആധുനിക വൈദ്യസമ്പ്രദായത്തിനു പുറമെ ആയുർവേദം, ഹോമിയോപ്പതി, സിദ്ധം, യുനാനി വൈദ്യസമ്പ്രദായങ്ങളും നമ്മുടെ ആരോഗ്യ സേവന മേഖലയിൽ നിലവിലുണ്ട്. ഇതിൽ കൂടുതൽ പ്രാചീനവും കൂടുതൽ പ്രചാരമുള്ളതും ആയുർവേദമാണ്. ഒരുകാലത്ത് ഏതൊരു സാധാരണക്കാരനും പറയത്തക്ക ചെലവൊന്നും കൂടാതെ ലഭ്യമായിരുന്ന ആയുർവേദ ഔഷധങ്ങൾ ഇന്ന് കച്ചവടവൽക്കരണത്തിന്റെ ഫലമായി പലർക്കും അപ്രാപ്യമായിരിക്കുന്നു. കുറഞ്ഞ വിലയ്ക്ക് ഔഷധങ്ങൾ ലഭ്യമാക്കുക എന്നത് എല്ലാ സമ്പ്രദായത്തിലും ബാധകമായ ഒരു കേന്ദ്ര മുദ്രാവാക്യമാണ്.

കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 18034 ആണ്. കുഷ്ഠ രോഗമുള്ള 5 പേർ ഈ പഞ്ചായത്തിലുണ്ട്.

ശരാശരി കുടുംബ വലിപ്പം : 5

**ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ**

1. ഇപ്പോൾ പഞ്ചായത്തിൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ ഒന്നും ലഭ്യമല്ല. ഉള്ളത് ഒരു ആയുർവേദ ആശുപത്രി മാത്രം.

2. ഉള്ള ആയുർവേദ ആശുപത്രി, ഗതാഗത സൗകര്യം കുറഞ്ഞ സ്ഥലത്തായതിനാൽ ജനങ്ങൾക്ക് പരമാവധി പ്രയോജനം കിട്ടുന്നില്ല.

3. കൊടുവായൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററി (പി. എച്ച്. സി.) ന്റെ കീഴിലുള്ള മൂന്ന് സബ് സെന്ററുകൾ പഞ്ചായത്തിലുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. ഒന്നിനും പ്രവർത്തിക്കാനുള്ള മുറിയും ഇല്ല

4. സബ് സെന്ററുകൾ വഴി അത്യാവശ്യം വേണ്ട മരുന്നുകൾ പോലും വിതരണം ചെയ്യുന്നില്ല.

5 ഓലശ്ശേരി സബ് സെന്ററിൽ ശുദ്ധജലം ലഭ്യമല്ല. കെട്ടിടങ്ങൾ ജീർണാവസ്ഥയിലാണ്.

6. ഹെൽത്ത് വിസിറ്ററുടെ രണ്ട് തസ്തികകൾ കുറെ കാലമായി നികത്താതെ കിടക്കുന്നു.

7. സബ് സെന്ററുകൾ ഗതാഗത യോഗ്യമല്ലാത്ത സ്ഥലങ്ങളിലായതിനാൽ പ്രതിരോധ കുത്തിവെയ്പ്, മാതൃശുശ്രൂഷ മുതലായവ കൃത്യമായും ചിട്ടയായും നടക്കുന്നില്ല.

3. കനാൽ ജംഗ്ഷനിൽ ഉടനെ ആരംഭിക്കുന്ന ആശുപത്രി സ്ഥിരം സംവിധാനമുള്ളതാക്കണം. എന്നാൽ മാത്രമെ ഡോക്ടർമാരുടെ മുഴുവൻ സമയ സേവനം ലഭിക്കുകയുള്ളു.

4. ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സബ്സെന്ററുകളിൽ ആവശ്യമായ മരുന്നെത്തിക്കുക. അങ്ങനെ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്താം.

5. ന്യൂക്ലിയർ കുടുംബങ്ങളുടെ .വ്യാപനം, പ്രായമുള്ളവർ അവഗണിക്കപ്പെടുന്ന അവസ്ഥയിലേക്ക് നയിക്കുന്നു. ഇതിനെതിരെ ബോധവൽക്കരണം നടത്തണം.

## പരിസര ശുചിത്വം _ പ്രശ്നങ്ങൾ

വൻകിട ഫാക്ടറികളോ ചപ്പുചവറുകൾ സൃഷ്ടിക്കുന്ന നഗര പ്രദേശങ്ങളോ ഇല്ലാത്തതിനാൽ കൊടുമ്പ് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പരിസര മലിനീകരണവും പരിസ്ഥിതി പ്രശ്നങ്ങളും കുറവാണ്. എന്നാലും തുറന്ന സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുക, ഓടകൾ ശാസ്ത്രീയമായി സംവിധാനം ചെയ്യാതിരിക്കുക, കിണറുകളുടെ അടുത്ത് കക്കൂസ് പിറ്റുകൾ നിർമിക്കുക, വീടുകളിലെ ചപ്പു ചവറുകൾ പൊതു സ്ഥലത്തും പാതയോരങ്ങളിലും അലക്ഷ്യമായി ഇടുക ഇവ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

പഞ്ചായത്തിൽ കുടി കടന്നു പോകുന്ന ചിറ്റൂർ പുഴ വ്യാപകമായി മലിനീകൃതമാകുന്നുണ്ട്. കന്നുകാലികളേയും വാഹനങ്ങളേയും പുഴയിൽ കഴുകുന്നു. പുഴയോരത്ത് ജനങ്ങൾ മലവിസർജ്ജനം നടത്തുന്നു. ചില സ്ഥലങ്ങളിൽ നദീതടം ശ്മശാനമായി ഉപയോഗിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ 6_ാം വാർഡിൽ BPL_നു പിൻവശത്തുള്ള പ്രദേശമാണ് കൊടുമ്പ് പഞ്ചായത്തിലെ ഏറ്റവും വലിയ മലിനീകരണ കേന്ദ്രം. പാലക്കാട് മുനിസിപ്പാലിറ്റിയിലെ മുഴുവൻ ചപ്പു ചവറുകളും കക്കൂസിൽ നിന്നുള്ള അവശിഷ്ടങ്ങളും എന്നു വേണ്ട ടൗണിലെ മുഴുവൻ മാലിന്യങ്ങളും നിക്ഷേപിക്കുന്നത് ഇവിടെയാണ്. അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് കുഴികൾ ഉണ്ടെങ്കിലും അതുകൊണ്ടുവരുന്ന ഉദ്യോഗസ്ഥർ ജനങ്ങൾ നടക്കുന്ന വഴിയിൽ തന്നെയാണ് നിക്ഷപിക്കാറ്. ഇതുമൂലം യാത്രാ ക്ലേശം മാത്രമല്ല, ദുർഗന്ധവും നാനാ രോഗങ്ങളും കൂടാതെ നായ്ക്കളുടെ ശല്യവും ധാരാളമാണ്.

## പരിസര ശുചിത്വം _ പരിഹാരങ്ങൾ

1. 6_ാം വാർഡിൽ സ്ഥിതിചെയ്യുന്ന അവശിഷ്ട നിമജ്ജന കേന്ദ്രം അവിടെ നിന്നും ജനവാസം കുറഞ്ഞ മറ്റൊരു സ്ഥലത്തേക്ക് മാറ്റുകയോ, ശാസ്ത്രീയമായ രീതിയിൽ മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യുക.

2. ഒന്ന്, അഞ്ചു്, ആറ്, ഏഴ്, എട്ട്, ഒൻപത് എന്നീ വാർഡുകളിലെ 8 ശ്മശാനങ്ങൾ ചുറ്റു മതിൽ കെട്ടി സംരക്ഷിക്കുക. ശ്മശാനത്തിന് റോഡുസൗകര്യം ഉണ്ടാക്കുക.

3. അംഗനവാടികളിൽ മലമൂത്ര വിസർജ്ജന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4. ടൗണിൽ അഴുക്ക് ചാൽ നിർമ്മിക്കുക.

5. പുഴയോരത്ത് മലമൂത്രവിസർജ്ജനം നടത്തുന്നതും വാഹനങ്ങൾ കഴുകുന്നതും അനുവദിക്കാതിരിക്കുകയും നദിതീരം ശ്മശാനമായി ഉപയോഗിക്കുന്നത് അവസാനിപ്പിക്കുകയും ചെയ്യുക.

6. ഹോട്ടലുകളും ചായക്കടകളും ആരോഗ്യ പരിപാലന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും ഗുണപരിശോധനക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം.

7. കൊടുമ്പ് പഞ്ചായത്തിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന ഓടകൾ വൃത്തിയാക്കുക.


8. കക്കൂസുകൾ ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

9. പൊതു സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം ചെയ്യുന്നതു കൊണ്ടുള്ള ഭവിഷ്യത്തുകളെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.

10. കേരളത്തിൽ നിന്ന് നാടുനീങ്ങി എന്നു കരുതപ്പെട്ടിരുന്ന മലമ്പനി, കോളറാ, വസൂരി എന്നീ രോഗങ്ങൾ വീണ്ടും ചില സ്ഥലങ്ങളിൽ കാണുവാൻ തുടങ്ങിയിരിക്കുന്നു അതിനാൽ കൊതുകു നിവാരണ നടപടികളിൽ അലംഭാവം പാടില്ല.

11. ശാസ്ത്രീയ മാലിന്യ സംസ്ക്കരണ പദ്ധതി ഘട്ടം ഘട്ടമായിട്ടാണങ്കിലും നടപ്പിലാക്കുക.

********



# 6. ഗതാഗതം ഊർജ്ജം

## ഗതാഗതം

ഏതൊരു നാടിന്റെയും വികസനത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന ഒന്നാണത്രെ ഗതാഗതം. കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ സുഷുമ്നാ നാഡിയായി പാലക്കാട് -ചിറ്റൂർ റോഡ് നിലകൊള്ളുന്നു. പാലക്കാട് മുനിസിപ്പാലിറ്റിയെയും, ചിറ്റൂർ മുനിസിപ്പാലിറ്റിയെയും ബന്ധിപ്പിക്കുന്ന ഈ റോഡുതന്നെയാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഗതാഗത ത്തിനുപയോഗിക്കുന്നത്.

1964-ൽ പഞ്ചായത്ത് രൂപീകരിയ്ക്കുമ്പോൾ ടാർ ചെയ്തിട്ടില്ലായിരുന്നു ഈ റോഡ്. വികസനമെന്നാൽ റോഡുമാത്രമാണെന്ന് പരിഹസിക്കുന്ന ആധുനിക നാഗരിക ജനത കണ്ടെത്താത്ത ദു:ഖങ്ങൾ ഇന്നും ഗ്രാമീണജനത റോഡില്ലാത്തതിനാൽ അനുഭവിക്കുന്നു. എന്തൊക്കെ പറഞ്ഞാലും ഗ്രാമീണ ജനതയ്ക്കിന്നും ഏറെ പ്രാധാന്യം റോഡ് തന്നെയാണ്. റോഡും പാലവുമില്ലാത്തതിനാൽ സ്കൂളിൽ പോകാത്ത കുട്ടികൾ, ആശുപത്രിയിലെത്താൻ വഴിയില്ലാത്ത ഗർഭിണികൾ, രോഗികൾ ഇന്നും കേരളീയ ഗ്രാമത്തിന്റെ പ്രശ്നങ്ങൾ തന്നെയാണ്. അതുകൊണ്ടു തന്നെ ഏറെ താല്പര്യത്തോടെയും അതിലേറെ ആവേശത്തോടെയും ഓരോരുത്തരും റോഡിന്റെയും പാലത്തിന്റെയും കാര്യത്തിൽ പങ്കെടുത്തു എന്നത് കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പ്രവർത്ത നത്തിൽ എടുത്തു പറയേണ്ട വസ്തുതയാണ്.

പാലക്കാട് റെയിവെ ജംഗ്ഷൻ വളരെ അടുത്താണെങ്കിലും, റയിൽ ഗതാഗതസൗകര്യം കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ ഇല്ല. പുതിയൊരു റെയിൽ പാത നീട്ടി സൗകര്യം വർദ്ധിപ്പിക്കണമെന്ന അതിമോഹവും ഈ ഗ്രാമീണ ജനതയ്ക്കില്ലതന്നെ!

പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ 52.14 കി.മീ. റോഡുണ്ട്. ചതുരശ്ര കിലോമീറ്ററിന് 2.05 കി.മീ. റോഡ് സംസ്ഥാന ശരാശരിയായ 3.20 കി.മീ; ചതു.കി.മീറ്ററിന് ഏറെ താഴെയാണിത്. പഞ്ചായത്തിൽ ആകെ 16.50 കി.മീ. ടാർ റോഡുണ്ട്. ടാർ റോഡുകളിൽ രണ്ട് റോഡുകളിൽ മാത്രമാണ് ബസ് ഗതാഗതമുള്ളത്. പാലക്കാട് ചിറ്റൂർ റോഡും, കൊടുമ്പ്-പാലത്തുള്ളി റോഡും. പാലക്കാട്-ചിറ്റൂർ റോഡിന് സാമാന്യം വീതിയുണ്ടെങ്കിലും, പ്ലാസാതിയേറ്റർ മുതൽ കൊടുമ്പ് അങ്ങാടികഴിയുന്ന തുവരെ കടുത്ത വളവുകളും, ഇടുങ്ങിയ വീതിയും, തിങ്ങിനിറഞ്ഞ കെട്ടിടങ്ങളും ഉള്ള പ്രദേശമായതിനാൽ ഗതാഗതം വളരെ ബുദ്ധിമുട്ടാണ്. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം എന്ന നിലയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട ഒന്നായികല്ലിങ്കൽ ജംഗ്ഷനിൽ നിന്ന് കൊടുമ്പ് ഭദ്രകാളിയമ്മൻ കോവിലി നടുത്തേയ്ക്ക് ഒരു ബൈപാസ്സ് കൊടുമ്പ് ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്യുന്നുണ്ട്.

## പാലങ്ങൾ

മറ്റുഗ്രാമങ്ങളിൽനിന്ന് ഏറെ വ്യത്യസ്തമായി ശോകനാശിനിപ്പുഴ എന്ന ഭാരതപ്പുഴ, കൊടുമ്പ് പഞ്ചായത്തിനെ മൂന്നായി ഭാഗിച്ചു കടന്നു പോകുന്നു. അതുകൊണ്ടുതന്നെ പഞ്ചായത്തിലെ ഇരു കരകളും തമ്മിൽ ബന്ധപ്പെടാൻ സൗകര്യം ഏറെ കുറവാണ്. 1953 ൽ മലമ്പുഴ ജലസേചന പദ്ധതിക്കൊപ്പം ഭാരതപ്പുഴയ്ക്കു കുറുകെയുള്ള 'കണ്ണാടി അകവിഡക്ട് കാടാങ്കോട്,

കല്ലിങ്കൽ, അയ്യപ്പൻകാവ് പ്രദേശത്തെ തസ്രാക്ക്, മുല്ലേരി, പേഴുംപള്ളം എന്നീ പ്രദേശങ്ങളുമായി പഞ്ചായത്ത് രൂപീകരിക്കുന്നതിനേറെ മുമ്പ്തന്നെ ബന്ധപ്പെടുന്നതിനു സഹായിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് രൂപീകരിച്ച് രണ്ടുദശകം കാത്തിരിക്കേണ്ടിവന്നു കൊടുമ്പിനെയും, തിരുവാലത്തൂർ, പാലത്തുള്ളി എന്നീ പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്ന തിരുവാലത്തൂർ സബ്മേഴ്സിബിൾ പാലം വരാൻ. പഞ്ചായത്തിൽ ഏറ്റവും പ്രാധാന്യത്തോടെ നിർമ്മിക്കേണ്ട പാലങ്ങളിലൊന്നാണ് ഊറപ്പാടത്തെയും, കൊടുമ്പിനെയും ബന്ധിപ്പിക്കുന്ന ചേപ്പിലംതിട്ടയിൽ വണ്ടിത്തോടിനു കുറുകെയുള്ള പാലം. മുളയും മരക്കൊമ്പുകൾകൊണ്ടും വളരെ ഉയരത്തിലും, നീളത്തിലും നിർമ്മിച്ച ഇന്നത്തെ പാലം ജീവനു ഭീഷണിയായി നിലനില്ക്കുന്നു.

## പട്ടിക 1

## പഞ്ചായത്തിലെ ടാർ റോഡുകൾ (PWD, NH പഞ്ചായത്ത്)

| ക്രമ നമ്പ്ര് | വാർഡിന്റെ പേര് | ഉടമസ്ഥത | ദൂരം കി.മി.വീതി. മീറ്റർ | | ബസ്സ്യാത്രാ സൗകര്യം. |
|---|---|---|---|---|---|
| 1. | താകുറിശ്ശി ഓലശ്ശേരി റോഡ് | പഞ്ചായത്ത് | 4 | 8 | ഉണ്ട് |
| 2. | ആളൂർ -മുല്ലേരി റോഡ് | 2,, | 2 | 8 | ഇല്ല. |
| 3. | കല്ലിങ്കൽ- പോളിടെക്നിക് റോഡ് | ,, | 2 | 8 | ഇല്ല. |
| 4. | നെല്ലിയാം പാടം പാലയം കാട് റോഡ് | ,, | 2 | 8 | ഇല്ല. |
| 5. | കരിങ്കരപ്പുള്ളി കനാൽ ബണ്ട് റോഡ് | ,, | 0.20 | 8 | ഇല്ല. |
| 6. | പാലക്കാട് - ചിറ്റൂർ റോഡ് | PWD | 5.80 കിമി. | 12 | ഉണ്ട്. |
| 7. | ബി.പി. എൽ. ജംഗ്ഷൻ പിരിവുശാല | N.H | 0.5 കി. | 30 | ഉണ്ട്. |

## പ്രശ്നങ്ങൾ

### 1 റെയിൽവെ

ഈ പഞ്ചായത്തിൽ റെയിൽവെ സൗകര്യങ്ങൾതീരെയില്ല.

### 2. റോഡുകൾ

### 1. ടാർ റോഡുകൾ

പഞ്ചായത്തിൽ ടാർചെയ്ത 16.50 കി.മി റോഡ് മാത്രമേ ഇന്നുള്ളു. ഇതിൽ 6 കി.മി റോഡ് പൊതുമരാമത്തുവകുപ്പിന്റെ ഉടമസ്ഥതയി ലുള്ളതും, 500 മീറ്റർ ദേശീയ പാതയുമാണ്. അവയുടെ അറ്റകുറ്റ പണികൾ ബന്ധപ്പെട്ട വകുപ്പുകൾ കാലാകാലങ്ങളിൽ നടത്തുന്നുണ്ട്. എന്നാൽ പഞ്ചായത്തുടമയിലുള്ള 10 കി. മി. ടാർ റോഡ് അറ്റകുറ്റ പണികൾ കാലാകാലങ്ങളിൽ നടത്താത്ത സാഹചര്യത്തിൽ ശോചനീയമായ അവസ്ഥയിലാണ്. തീരെ യാത്രയ്ക്ക് യോഗ്യമല്ലാത്ത അവസ്ഥയിലായതുകാരണം അനുവദിയ്ക്കപ്പെട്ട ബസ് റൂട്ടുകൾവരെ (K.S.R.T.C ഉൾപ്പെടെ) ഇതിലൂടെ സർവ്വീസ് നടത്താത്ത അവസ്ഥയാണ് നിലവിലുള്ളത്.

പാലക്കാട് നഗരത്തിൽനിന്നും കേവലം 2 കിലോമീറ്റർ മാത്രം മാറി സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കേണ്ടത് അത്യധികം ആവശ്യമാണ് എന്ന ആവശ്യം എല്ലാ ഗ്രാമസഭകളിലും ഉയർന്നുവന്ന ഒരു വസ്തുതയാണ്.

പഞ്ചായത്തധീനതയിലുള്ള 10 കി.മീറ്റർ വരുന്ന ടാർ റോഡുകൾ ഇന്ന് ഡ്രെയിനേജ് സംവിധാനം ഇല്ലാത്തിനാലും, വശങ്ങൾ കെട്ടി സംരക്ഷിയ്ക്കാത്തിനാലും അവയുടെ നിലനില്പ് തന്നെ അപകടകര മായിരിക്കുയാണ്.

### 2. പുതിയ റോഡുകൾ

പഞ്ചായത്തിലെ റോഡ് യാത്രാ സൗകര്യങ്ങളിൽതന്നെ വിപ്ലവ കരമായ മാറ്റം സംഭവിയ്ക്കാൻ സാധ്യതയുള്ള ഒരു പുതിയ റോഡിന്റെ നിർമ്മാണത്തിനുള്ള നിർദ്ദേശം ഒന്നാം വാർഡ് ഗ്രാമ സഭയിൽനിന്നും ഉയർന്നുവന്നിട്ടുള്ളതാണ്. കൊടുമ്പ് പ്ലാസാതിയേറ്ററിന് സമീപത്തു കൂടിയോ അല്ലെങ്കിൽ കല്ലിങ്കൽനിന്ന് നേരിട്ടോ ഒരു ബൈപാസ് റോഡ് കൊടുമ്പ് ഭദ്രകാളി ക്ഷേത്രത്തിന് മുൻവശംവരെ നിർമ്മിയ്ക്കുന്നതായാൽ അപകടകരമായ ഇന്നത്തെ റോഡിലെ പല വളവുകളും ഒഴിവാക്കാവുന്നതും, വീതികുറവായ റോഡിലൂടെയുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കാവുന്ന തുമാണ്. പുതിയ റോഡുകളുടെ നിർമ്മാണത്തിനുള്ള പല നിർദേശങ്ങളും പല വാർഡുകളിൽനിന്നും വന്നത് പട്ടികയിൽ വിശദമായി ചേർത്തിട്ടുണ്ട്.

### 3. മെറ്റൽ റോഡുകളുടെയും, മൺ റോഡുകളുടെയും അവസ്ഥ

ഏകദേശം 17 കിലോമീറ്റർ മെറ്റൽ ചെയ്ത റോഡുകളും, 25

കി.മീ. മൺറോഡുകളുമാണ്. പഞ്ചായത്തിൽ നിലവിലുള്ളത്. മെറ്റൽ റോഡു കളെല്ലാം തന്നെ ഏതു കാലാവസ്ഥയിലും യാത്രായോഗ്യമല്ലാത്ത നിലയിൽ പൊളിഞ്ഞ് കുഴിയും, കുണ്ടും നിറഞ്ഞ് കിടക്കുന്നവയാണ് ഇരുചക്ര, ത്രിചക്ര വാഹനങ്ങൾക്കുവരെ യാത്ര സാധ്യമല്ലാത്ത അവസ്ഥയാണ് അവയിൽ ഭൂരിഭാഗവും. അവയിൽ നാമമാത്രമായവ മാത്രമെ ഇരുവശവും കെട്ടി സുരക്ഷിതമാക്കിയിട്ടുള്ളു. ഓടകൾ ഇല്ലാത്തതിനാൽ മഴക്കാലത്ത് ഈ റോഡുകളിൽക്കൂടിയുള്ള യാത്ര ദുഷ്കരം തന്നെയാണ്. മൺറോഡുകളും മെറ്റൽ റോഡുകളിൽനിന്ന് മെച്ചപ്പെട്ട അവസ്ഥയിലല്ല. അവയെല്ലാംതന്നെ ഇരുവശവും കെട്ടി മെറ്റൽ ചെയ്ത് കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ ചെയ്ത് സംരക്ഷിക്കേണ്ടതാണ്.

## 4. പുതിയ മൺറോഡുകൾ

ഗ്രാമസഭകളിൽനിന്നും യാരാളം പുതിയ റോഡുകളുടെ നിർമ്മാണത്തിനുള്ള ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവയിൽപലതും വിപ്ലവകര മായ മാറ്റങ്ങൾ ഉണ്ടാക്കാൻ പോന്നവയാണ്. പുതിയ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ 25 ശതമാനം എങ്കിലും അതാത് പ്രദേശത്തെ നിവാസികളുടെ സന്നദ്ധസേവന പ്രവർത്തനങ്ങളിലൂടെ ചെയ്തു തീർക്കാൻ സാധിക്കുന്നതുകൊണ്ട്, കൂട്ടിയിണക്കുന്നതിനായി ബന്ധപ്പെട്ട വാർഡുമെമ്പർമാരുടെ നേതൃത്വത്തിലുള്ള സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതായാൽ പ്രവർത്തനങ്ങൾ സുഗമമാവും. ഇവയെ സംബന്ധി ക്കുന്ന വിവരങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്.

## 5. പാലങ്ങൾ

ഭാരതപ്പുഴ കൊടുമ്പ് ഗ്രാമപഞ്ചായത്തിനെ മൂന്നായി പകുത്ത് ഒഴുകുന്നതും, സാമാന്യം വീതിയും, ആഴവുമുള്ള വണ്ടിതോട് പഞ്ചായ ത്തിലൂടെ കടന്നുപോകുന്നതും ഈ പഞ്ചായത്തിൽ പാലങ്ങളുടെ അത്യാവശ്യത്തിന് കാരണമാകുന്നു. വണ്ടിതോടിന് ചേപ്പിലം തിട്ടയിൽ ഒരു പാലവും, മലമ്പുഴകനാലിന് പേഴുംപള്ളത്ത് ഒരു പാലവും എറ്റവും പ്രാധാന്യമർഹിക്കുന്നു.

## 6. പരിസ്ഥിതി

നിലവിൽ പഞ്ചായത്തധീനതയിലുള്ള ടാർ റോഡുകളുടെയും ഇരുവശങ്ങളിലും സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് തണൽ മരങ്ങളും, വിറകുമരങ്ങളും വെച്ചു പിടിപ്പിക്കുന്നതായാൽ പരിസ്ഥിതി സംരക്ഷണത്തിന് അതൊരു ഉത്തമമാതൃകയാവും.

കൊടുമ്പ് പഞ്ചായത്തിലെ പുഴക്ക് ഇരുകരയിലുമായി സ്ഥിതിചെയ്യുന്ന വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഏക പാലമാണ് കൊടുമ്പ്-തിരുവാലത്തൂർ പാലം. പുഴയിലെ അനിയന്ത്രിതമായ മണൽ വാരൽ മൂലം പാലത്തിന്റെ കാലുകളുടെ അസ്ഥിവാരത്തിനു ചുറ്റുമുള്ള തറനിരപ്പ് അപകടകരമായ അവസ്ഥയിൽ താഴ്ന്നുപോയിരിക്കുന്നു. ഇത് പാലത്തിന്റെ ഉറപ്പിന് ഭീഷണിയായി നിലനില്ക്കുന്നു. അതുകൊണ്ട് പാലത്തിൽനിന്നും നിശ്ചിത ദൂരപരിധി പാലിച്ചുകൊണ്ട് മണൽ വാരൽ നിയന്ത്രിക്കുകയും പഞ്ചായത്ത് പ്രസിഡണ്ടിന്റെയും, മെമ്പർമാരുടെയും നേതൃത്വത്തിൽ ഒരു ജനകീയ സംരക്ഷണ സമിതി രൂപീകരിച്ച് സംഗതിക നിരീക്ഷിക്കുകയും വേണം.

## നിർദ്ദേശങ്ങൾ

വിവിധ ഗ്രാമസഭകളിൽനിന്നും റോഡ് ഗതാഗതയാത്രാ സൗക വികസന കാര്യങ്ങളെക്കുറിച്ച് ഉയർന്നുവന്ന ആവശ്യങ്ങളുടെ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ താഴെക്കാണുന്ന സാധ്യതക തെളിഞ്ഞുവന്നിരിക്കുന്നു.

1. കൊടുമ്പ്- ഓലശ്ശേരി റോഡ്, ആളൂർ- മുച്ചേരി റോ കല്ലിങ്കൽ -പോളിടെക്നിക് റോഡ്, കനാൽ-കരിങ്കരപ്പുള്ളി റോ എന്നിവയുടെ നിലവിലുള്ള ശോചനീയാവസ്ഥ നീക്കി വർഷാവർ അറ്റകുറ്റ പണികൾ കാര്യക്ഷമതയോടെ നിർവ്വഹിക്കാനു സംവിധാനം ഉണ്ടാക്കണം. ഈ റൂട്ടുകളിൽ രണ്ട്മണിക്കൂർ വീ സമയം ക്രമീകരിച്ച് ബസ്സ് സർവ്വീസ് നടത്തുവാനുള്ള നടപ എടുക്കണം.

കൊടുമ്പ്- ഓലശ്ശേരി റൂട്ടിൽ ഒരു ട്രാൻസ്പോർട്ട് ബ ഉൾപ്പടെ 4 ബസ്സുകൾ ഓടിയിരുന്ന സ്ഥാനത്ത് റോഡിന ദുരവസ്ഥകാരണം ഇപ്പോൾ രണ്ടെണ്ണം മാത്രമേ സർവ്വീ നടത്തുന്നുള്ളു. ആളൂർ-മുല്ലേരി റോഡിലെ പാലിയംപടിഭാഗത തോട്ടിന് കുറുകെയുള്ള നിലവിലുള്ള പാലം വീതികൂട്ടി ചുരുങ്ങിയ 8 മീറ്ററെങ്കിലും ആക്കണം. എങ്കിൽ ആ വഴിയ്ക്കുള്ള ബസ്സർവ്വീ പുന:സ്ഥാപിക്കാൻ കഴിയും.

2. ആളൂർ-മുല്ലേരി റോഡിൽ ആലംകോട് മുതൽ മുല്ലേ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് റോഡ് പാടത്തിനെക്കാ താഴ്ന്നുകിടക്കുന്നതുകൊണ്ട് ആ ഭാഗത്ത് റോഡ് ഉയരംകൂ ആവശ്യമുള്ള സ്ഥലങ്ങളിൽ കലുങ്ക് നിർമ്മിക്കുന്നതുമൂ നിലവിലുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനാകു

## അടിയന്തിരപ്രാധാന്യമുള്ളവ

നിലവിലുള്ള ടാർ റോഡുകളിൽക്കൂടിയുള്ള ബസ്സ് ഗതാഗ സൗകര്യം വർദ്ധിപ്പിക്കുക.

2. നിർത്തലാക്കിയ KSRTC ബസ്സ് സർവ്വീസ് പുനാരംഭിക്കുവാ സത്വര നടപടികൾ കൈക്കൊള്ളുക.

3. വണ്ടിക്കടവ്-തിരുവാലത്തൂർ എന്നീ പ്രദേശങ്ങ ബന്ധിപ്പിക്കുന്ന ചെക്ക്ഡാം Cum സബ്മേഴ്സിബിൾ ബ്രിഡ് നിർമ്മിക്കുക. ഇതുമൂലം ഗതാഗതം, ജലസേചനം, കുടിവെള എന്നീ പ്രശ്നങ്ങൾക്ക് പരിഹാരം കാണാം.

4. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി പുഴയ്ക്കിറങ്ങു കുളിക്കടവുകൾ എല്ലാം തീരെ ഉപയോഗശൂന്യമാണ്. അ ഏകദേശം 35 എണ്ണം വരും. അവയെല്ലാം തന്നെ വശങ്ങൾകെ പടികൾനേരെ യാക്കുകയും ജനങ്ങൾക്ക് സൗകര്യപ്രദമാക്കുകയ വേണം.

5. ഗ്രാമസഭയിലെയും പഞ്ചായത്തുതലനിർദ്ദേശങ്ങളുടെയ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ പുതുതായ

നിർമ്മിക്കേണ്ട റോഡുകളുടെയും പാലങ്ങളുടെയും, കലുങ്കുകളുടെയും മറ്റും വിശദ വിവരങ്ങൾ മുൻഗണനാക്രമത്തിൽ താഴെ വിവരിക്കുംപ്രകാരം പട്ടികകളിൽ ചേർത്തിട്ടുണ്ട്.

| | |
|---|---|
| പട്ടിക 1 | **പഞ്ചായത്തിലെ നിലവിലുള്ള ടാർറോഡുകൾ** |
| പട്ടിക 2 | ടാർചെയ്യേണ്ട മെറ്റൽ റോഡുകൾ |
| പട്ടിക 3 | പുതുതായി അഴുക്കുചാൽ പണിത് മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ |
| പട്ടിക 4 | പുതുതായി നിർമ്മിക്കേണ്ട റോഡുകൾ |
| പട്ടിക 5 | പുതുതായി നിർമ്മിക്കേണ്ട പാലങ്ങൾ |
| പട്ടിക 6 | നിലവിലുള്ള റോഡുകളിൽ പുതുതായി നിർമ്മിക്കേണ്ട കലുങ്കുകൾ |
| പട്ടിക 7 | പുതിയ ബസ് വെയിറ്റിങ്ങ് ഷെഡ് ആവശ്യമായ സ്ഥലങ്ങൾ |


## റോഡുനിർമ്മാണത്തിലെ ജനകീയ പങ്കാളിത്തം

പുതിയ റോഡുകളുടെ നിർമ്മാണത്തിനും, ഓടകൾ നിർമ്മിക്കുന്നതിനും പഴയ റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനും പൊതുജനങ്ങളുടെ സന്നദ്ധപ്രവർത്തനം ഉപയോഗപ്പെടുത്താൻ കഴിയും. പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തയ്യാറായ സന്നദ്ധ സംഘടനകളെ കണ്ടുപിടിച്ച് അവരെ പ്രവർത്തനത്തിന്റെ മേൽനോട്ടം ചുമതലപ്പെടുത്തണം. വാർഡുതലത്തിൽ വാർഡുമെമ്പറുടെ അദ്ധ്യക്ഷതയിൽ ഒന്നോ അതിലധികമോ റോഡ് സംരക്ഷണസമിതി' രൂപീകരിക്കുകയും പ്രവർത്തനം സജീവമാക്കുകയും വേണം.

(നിലവിലുള്ള നിയമമനുസരിച്ച് പഞ്ചായത്തിലെ ഒരു കരാറുകാരൻ ടെണ്ടർ നൽകുകയാണെങ്കിൽ 50 ശതമാനംവരെ എസ്റ്റിമേറ്റ് തുകയിൽനിന്നും അധികം നൽകാൻ ജില്ലാ പഞ്ചായത്തിന് അധികാരം നല്കിയതായി അറിയുന്നു. എന്നാൽ അതേ പ്രവൃത്തി ആ പ്രദേശത്തെ ജനങ്ങളുടെ സമിതിയോ റജിസ്റ്റർ ചെയ്ത റെസിഡൻസ് ഹൗസിംഗ് സൊസൈറ്റിയോ ഏറ്റെടുക്കുകയാണെങ്കിൽ എസ്റ്റിമേറ്റ് തുകയുടെ മുന്നിൽ ഒരു ഭാഗം അവർ വഹിക്കണം എന്നുമാണ് നിയമം. ഈ സംവിധാനം മാറ്റി കരാറുകാരനുള്ള ഈ അവകാശമെങ്കിലും, ആ പ്രദേശത്തെ മാത്രം റജിസ്റ്റർ ചെയ്ത ജനകീയ സമിതികൾക്കോ, റെസിഡൻസ് സൊസൈറ്റിക്കോ നൽകേണ്ടതാണ്).

റോഡ്, ഇടവഴി എന്നിവ കൈയേറുന്ന പ്രവണത തടയാൻ ബോധവൽക്കരണം നടത്തുകയും അത്തരക്കാരെ കണ്ടുപിടിച്ച് നിയമനടപടികൾക്ക് വിധേയമാക്കുകയും വേണം.

പഞ്ചായത്തിൽ നടക്കുന്ന എല്ലാതരം നിർമ്മാണ പ്രവർത്തനങ്ങളിലും ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ കൃത്യമായ പട്ടിക പഞ്ചായത്തിൽ പൊതുജനങ്ങളുടെ നിരീക്ഷണത്തിനായി സ്ഥാപിക്കേണ്ടതാണ്.



## പട്ടിക 2

## ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| മുൻഗണനാ നമ്പ്ര് | വാർഡ് നമ്പ്ര് | റോഡിന്റെ പേര് | ദൂരം | വീതി. |
|---|---|---|---|---|
| 1.1 | 1 | ചേപ്പിലംതിട്ട അംബുജം ഇൻഡസ്ട്രീസ് റോഡ് | 3 കി.മി | 2 കി.മി ദൂരം 8 മീറ്റർ 1 കി.മി. വീതി കുറവാണ് |
| 2.7 | 7 | മിഥുനംപള്ളം പള്ളത്തേരി റോഡ് | 3കി.മി. | 8 മീറ്റർ |
| 3.4 | 4 | ഓലശ്ശേരി ആലേംകാട് റോഡ് | 1.5 കി.മി | 6 മീറ്റർ |
| 4.4 | 4 | തെല്ലിക്കുന്നം റോഡ് | 1.50 കി.മി | 6 മീ |
| 5.2 | 2 | താകുറുശ്ശി ചിറപ്പാടം റോഡ് | 2. കി.മി | 6 മീ. |
| 6.8 | 8 | കാടാങ്കോട് കോൽക്കാട് റോഡ് | 1.കി.മി | 5 മി |
| 7.6 | 6 | പോളിടെക്നിക് കാരക്കാട് റോഡ് | 2. കി.മി | 6.മി |
| 8.9 | 9 | മങ്ങാടിത്തറ പാലിയം പടി റോഡ് | 300. മീ. | 8.മീ |
| 9.1 | 1 | ചെമിട്ടിയപാടം പോളിടെക്നിക് റോഡ് | 500മി | 5.മീ |
| 10.1 | 1 | കാഞ്ഞിരംകുന്ന് ഹരിജൻ കോളനി റോഡ് | 500മീ. | 6.മീ. |
| 11.6 | 6 | ഇൻഡ്യൻ ബാങ്ക് നരിക്കോട് റോഡ് | 300 മീ. | 7 മീ |
| 12.8 | 8 | കെ.വി. മുരുകൻ റോഡ് | 600 മീ. | 5 മീ. |
| 13.8 | 8 | ഐ.ടി.ഐ. കോളനി റോഡ് | 300 മീ. | 5 മീ. |
| 14.8 | 8 | അയ്യപ്പൻ കാവ് റോഡ് | 2. കി.മി | 5.മീ |
| 15.9 | 9 | പേഴും പള്ളം കണക്കുവളപ്പ് | 1.5 കി.മീ. | 8.മീ |
| 16.4 | 4 | തസ്രാക്ക് റോഡ് | 2 കി.മീ. | 8.മീ |
| 17.4 | 4 | കുണ്ടിൽത്തറ ഹരിജൻ കോളനി റോഡ് | 1 കി.മീ. | 8.മീ |
| 18.6 | 6 | ചേമ്പാടം റോഡ് | 500.മീ | 4 മീ |
| 19.6 | 6 | കരിങ്കരപ്പുള്ളി ലക്ഷംവീട് റോഡ് | 2കി.മീ. | 6മീ. |
| 20.9 | 9 | തിരുവാലത്തൂർ അമ്പലം റോഡ് | 1.കി.മീ. | 6.മീ |
| 21.4 | 4 | വാക്കിലിപ്പാടം റോഡ് | 500.മീ | 6 മീ |
| 22.3 | 3 | കാട്ടിരംകുന്നം പാലിയംകാട് റോഡ് | 1.5 കി.മീ | 6 മീ |
| 23.5 | 5 | കണക്കുവളപ്പ് ആത്തർക്കാവ് റോഡ് | 1 കി.മീ. | 8 മീ |
| 24.3 | 3 | കാട്ടിരം കുന്നം ആലയംകാട് റോഡ് | 1 കി.മീ. | 8 മീ |

## പട്ടിക3

## പുതിയതായി അഴുക്കുചാൽ പണിത് മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട പഞ്ചായത്ത് റോഡുകൾ

| ക്രമ നമ്പ്ര് | വാർഡുനമ്പ്ര് | റോഡിന്റെ പേര് | ദൂരം | വീതി |
|---|---|---|---|---|
| 1. | 1.5 | അഞ്ചാം വാർഡിൽ കാക്കത്തറ റോഡ് | 1.കി.മി. | 6 മി. |
| 2. | 2.1 | ഒന്നാം വാർഡിൽ മുനീശ്വരൻ കോവിൽ കണ്ണംപരിയാരം റോഡ് | 1. കി.മി. | 6 മി. |
| 3. | 3.3 | മൂന്നാം വാർഡിൽ താകുറിശ്ശി കുന്നുകാട് റോഡ് | 1.5 കി.മി. | 4 മീ. |
| 4. | 4.6 | ആറാം വാർഡിൽ ലക്ഷംവീട് കോളനി കരിങ്കരപ്പുള്ളി റോഡ് | 500 മി. | 6 മീ. |
| 5. | 5.5 | തിരുവാലത്തൂർ ക്ഷേത്രത്തിന്റെ കിഴക്കും പടിഞ്ഞാറും ഭാഗത്തെ റോഡുകൾ | 2. കി.മി | 6മീ. |
| 6. | 6.1 | ഒന്നാം വാർഡിൽ തെല്ലിക്കാട് ഹരിജൻ കോളനി റോഡ് | 500 മീ. | 5മീ. |
| 7. | 7.3 | മൂന്നാം വാർഡിൽ പാലയംകാട് തെക്കുമുറിറോഡ് | 2 കി.മി | 6 മീ. |
| 8. | 8.3 | മൂന്നാം വാർഡിൽ വളപ്പ് റോഡ് | 500 മീ. | 5 മീ. |
| 9. | 9.7 | ഏഴാം വാർഡിൽ പൊതുകാട് പൂങ്ങോട് ഹരിജൻ കോളനി | 1.കിമി. | 5 മീ. |
| 10. | 10.8 | എട്ടാം വാർഡിൽചെകിടൻ കാവ് റോഡ് | 600 മി. | 4മീ. |
| 11. | 11.5 | അഞ്ചാം വാർഡിൽ പാലിയംപടി കണ്ണംകോട്റോഡ് | 1. കി.മി. | 8മീ. |
| 12. | 12.1 | ഒന്നാം വാർഡിൽ എരട്ടയാൽ പള്ളിമേട് റോഡ് | 700.മീ | 6മീ. |
| 13. | 13.5 | അഞ്ചാം വാർഡിൽ ആറ്റിങ്ങൽവണ്ടിക്കടവ് റോഡ് | 500 മീ. | 6.മീ. |
| 14. | 14.1 | ഒന്നാം വാർഡിൽ പുത്തൂർപാടം റോഡ് | 800 മീ. | 6.മീ. |
| 15. | 15.1 | ഒന്നാം വാർഡിൽ പാതുവംപാറ റോഡ് | 700 മീ. | 6 മീ. |
| 16. | 16.1 | ഒന്നാംവാർഡിൽ മന്ദത്തുഭഗവതി വാരിയത്തുകാട് റോഡ് | 700 മീ. | 5മീ. |
| 17. | 17.1 | ഒന്നാം വാർഡിൽ കാഞ്ഞിരംകുന്ന് ഹരിജൻകോളനി റോഡ് | | 200 മീ. 6മീ. |
| 18. | 18.1 | ഒന്നാം വാർഡിൽ മുതിരപറമ്പ് റോഡ് | 150 മീ. | 4മീ. |
| 19. | 19.5 | അഞ്ചാം വാർഡിൽ കഴകുന്നം അയ്യപ്പൻകാവ് റോഡ് | 750 മീ. | 6 മീ. |
| 20. | 20.5 | അഞ്ചാം വാർഡിൽ മമ്പറം കുന്നുകാട് റോഡ് | 1.00 കി.മി. | 4മീ. |
| 21. | 21.1 | ഒന്നാം വാർഡിൽ എരട്ടയാൽ മാച്ചിനാം കുളം റോഡ് | 200 മീ. | 4മീ. |
| 22. | 22.5 | അഞ്ചാം വാർഡിൽ ജയകലാസമിതി കരിങ്കരപ്പുള്ളി പോളിടെക്നിക് ലിങ്ക് റോഡ് | 1കിമി. | 4മീ. |
| 23. | 23.5 | അഞ്ചാം വാർഡിൽ കല്ലിങ്കൽ പഞ്ചായത്ത് കിണറിനു എതിർവശത്തുകൂടി കല്ലിങ്കൽ തറയ്ക്കുള്ള റോഡ് | 500 മീ. | 4 മീ |

| | | | | |
|---|---|---|---|---|
| 24. | 24.5 | കല്ലിങ്കൽ തീപ്പെട്ടികമ്പനിക്ക് എതിർവശത്തുകൂടി അംഗനവാടിയിലേക്ക് പോകുന്ന റോഡ് | 600.മീ. | 5 മീ. |
| 25. | 25.1 | ഒന്നാം വാർഡിൽ കുളക്കപ്പാടം റോഡ് | 500.മീ | 4 മീ |
| 26. | 26.5 | അഞ്ചാം വാർഡിൽ ചെമിട്ടിയാകാവ് തെക്കേനട പേഴുംകാട് റോഡ് | 500 മീ. | 4മീ. |
| 27. | 27.8 | അക്ഷരനഗറിൽ കെ.വി. മുരുകൻ അനുബന്ധറോഡ് | 200 മീ. | 5 മീ. |
| 28. | 28.8 | കോൽക്കാട് പുളിയ കുളം റോഡ് | 1കി.മി | 4 മീ. |
| 29. | 29.8 | എ.കെ.ജി. നഗർ റോഡ് | 300 മി. | 5മീ. |
| 30. | 30.8 | കനാൽ മുതൽ കോൽക്കാട്വരെ | 500 മീ. | 5മീ. |

## പട്ടിക 4

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമനമ്പ്ർ | മുൻഗണനാ നമ്പർ | റോഡിന്റെ പേര് N.H | ദൂരം |
|---|---|---|---|
| 1. | 1.8 | എ.കെ.ജി. നഗറിൽനിന്നും ~~കുഴ~~ റോഡിലേക്ക് പുതിയ റോഡ് കനാലിനു കുറുകെ ചെറിയ പാലമടക്കം | 1.കി.മി |
| 2. | 2.5,9 | തിരുവാലത്തൂർ ക്ഷേത്രത്തിന്റെ കിഴക്കും പടിഞ്ഞാറും ഭാഗത്തായുള്ള റോഡുകൾ | 2.കി.മി |
| 3. | 3.3 | ഓലശ്ശേരി പുളയപ്പാടം വഴി പൂതൻ കാട്ടിലേയ്ക്ക് റോഡ് | 1.5 കി.മി |
| 4. | 4.6 | ബി.പി.എൽ. ജംഗ്ഷനിലേയ്ക്ക് മിച്ചഭൂമി വഴി റോഡ് | 1 കി.മി. |
| 5. | 5.7 | കോരൻകാട് പണ്ടാരത്തറ റോഡ് | 500 മീ. |
| 6. | 6.9 | തിരുവാലത്തൂർ അമ്പലത്തിന് വടക്കുഭാഗത്തായി താമസിക്കുന്ന വീട്ടുകാർക്ക് ഗതാഗത യോഗ്യമായ പുതിയ റോഡ് | 300 മീ. |
| 7. | 7.1 | കളപ്പക്കാട് റോഡ് | 900.മീ. |
| 8. | 8.2 | ചിറപ്പാടം മുതൽ ചക്കിങ്കൽപ്പള്ളവരെ | 2 കി.മി. |
| 9. | 9.4 | ഓലശ്ശേരിയിൽ നിന്നും കണ്ടംകോട് വഴി തസ്രാക്കിലേക്ക് | 1 കി.മി |
| 10. | 10.4 | ആലംകോട് തോട്ടുപാടം റോഡ് | 1 കി.മി. |
| 11. | 11.6 | ഉദയപ്പാടം കാക്കയം കാട് റോഡ് | 500 മീ. |
| 12. | 12.1 | ഉറപ്പാടം സർക്കുലർ റോഡ് | 500കി.മി. |
| 13. | 13.7 | ധർമ്മനഗർ കനാൽബണ്ട് നെല്ലിയം പാടംവഴി പാലയം കാട്ടിലേയ്ക്ക് | 1 കി.മി. |
| 14. | 14.2,3,9. | താക്കുറിശ്ശിനിന്നും വാരിയത്ത് കളം വഴി പാളയത്തിലേക്ക് റോഡ് | 2.5 കിമി |

| | | | |
|---|---|---|---|
| 15. | 15.9,4 | മുല്ലേരി ഇല്ലത്ത് പറമ്പ് കനാൽ ബണ്ട് വഴി ഓലശ്ശേരിയിലേക്ക് റോഡ് | 1കി.മി |
| 16. | 16.6 | ചേമ്പാടത്തേക്കുള്ള റോഡ് | 500 മീ. |
| 17. | 17.1 | കൊളക്കപ്പാടം റോഡ് | 300 മീ. |
| 18. | 18.3,4 | പൂതംകാട്ടിൽ നിന്നും പാലയം കാട് പ്ലാക്കാട് കനാൽ ബണ്ട് വഴി ആമ്പയിലേക്ക് | 1 കി.മി. |
| 19. | 19.5 | കല്ലിങ്കതോട്ടുപാലം അംഗൻവാടി റോഡ് | 750 മീ. |
| 20. | 20.6 | കനാലിൽനിന്നും കരിപ്പാലിവഴി ~~കുഴി~~ VH യെ ബന്ധിപ്പിക്കുന്ന റോഡ് | 1.5 കി.മി. |
| 21. | 21.5 | കല്ലിങ്കൽ തീപ്പെട്ടികമ്പനിക്ക് സമീപത്തുകൂടി പേഴും കാട്ടിലേയ്ക്ക് റോഡ് | 500 മീ. |
| 22. | 22.8 | അക്ഷരനഗറിനടുത്ത് ഖൊ ഖൊ ഗ്രൗണ്ട് ചേർന്ന് പോകുന്ന രണ്ട് റോഡുകൾ | 800 മീ |
| 23. | 23.6 | കാരക്കാട് പഞ്ചായത്ത് കിണറിനുസമീപത്തുനിന്നും ഹരിജൻ കോളനി റോഡ് | 200.മീ. |
| 24. | 24.1 | പുത്തൂർ പാടം റോഡ് | 200 .മീ |
| 25. | 25.8 | ചിറ്റൂർ റോഡിൽനിന്ന് പുളിയം കുളത്തിലേയ്ക്ക് | 50 മീ. |
| 26. | 26.4 | നെല്ലിക്കുന്നം റോഡ് തമ്രാക്കംവരെ | 1.25 കി.മി. |
| 27. | 27.1 | പ്രീമിയർ റൈസ് മില്ലിൻ മുൻവശത്തുനിന്നും വാളയാർ കനാലിലൂടെ വലത്തുഭാഗത്തുകൂടെ മാച്ചനാംകുളം റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് | 1 കി.മി |
| 28. | 28.5 | മലമ്പുഴ കനാലിന്റെ വലതുഭാഗത്തെ ബണ്ടിൽക്കൂടി അക്വിഡക്റ്റ് വരെയുള്ള റോഡ് | 500 മീ. |
| 29. | 29.6 | കാരക്കാട് ശാന്തി കോളനി റോഡ് | 250.മീ. |
| 30. | 30.5 | മമ്പറം കുന്നുംകാട് റോഡ് | 900 മീ. |
| 31. | 31.6 | കരിങ്കരപ്പുള്ളി പുളിയൻകാവ് റോഡ് | 1 കി.മി. |
| 32. | 32.9 | ആന്തൂർക്കാവ് കണക്കുവളപ്പ് റോഡ് | 1.5 കി.മി. |
| 33. | 33.9 | തെയ്യൻകുന്ന് റോഡ് | 200 മീ. |
| 34. | 34.9 | കുതിരമുല്ലേറി റോഡ് | 700 മീ |
| 35. | 35.9 | മുല്ലേരി ഇല്ലത്തു പറമ്പ് റോഡ് | 1 കിമി. |
| 36. | 36.4 | കുണ്ടിത്തറ റോഡ് | 700 മീ. |
| 37. | 37.4 | വക്കീൽപാടം റോഡ് | 700 മീ. |
| 38. | 38.4 | ആലയംകാട് റോഡ് | 1കി.മി. |
| 39. | 39.9 | ~~കുഴി~~ VH SC (തിരവാലത്തൂർ റോഡ്) | 700.മീ |
| 40. | 40.3 | നെല്ലിയംപാടം ~~അംഗൻ~~ LHDP കോളനി | 700 മീ. |
| 41. | 41.3 | പാലയങ്കാട് തെക്കുമറി. | 700 മീ. |

| | | | |
|---|---|---|---|
| 42. | 42.4 | പഴുതൊടി റോഡ് | 1 കി.മീ |
| 43. | 43.4 | കോട്ടാനി മെല്ലിക്കുന്നം റോഡ് | 1.5 കിമീ. |
| 44. | 44.2 | പാളയം റോഡ് | 1 കിമീ. |
| 45. | 45.9. | പേഴുംപള്ളം കല്ലും പൊറ്റ റോഡ് | 750 മീ. |
| 46. | 46.8 | കാടാങ്കോട് പഞ്ചായത്ത് കിണർവഴി കോൽക്കാട് റോഡുവരെ | 300.മീ |
| 47. | 47.8 | അയ്യപ്പൻകാവ് കനാൽവഴി കടാങ്കോട് റോഡ്വരെ | 500 മീ. |
| 48. | 48.4 | കോട്ടാനി പഴുതൊടി വഴി തസറാക്ക് വരെ | 1 കിമീ. |
| 49. | 49.4 | തസറാക്ക് ശ്മശാനം റോഡ് | 700 മീ. |

## പട്ടിക 5

## പുതുതായി നിർമ്മിക്കേണ്ട പാലങ്ങൾ

| ക്രമ നമ്പ്ര് | മുൻഗണനാനമ്പ്ര് | വിശദ വിവരം | സ്ഥലം. |
|---|---|---|---|
| 1. | 1.1 | ചേപ്പിലംതിട്ട അംബുജം ഇൻഡസ്ട്രീസ് റോഡിൽ വണ്ടിത്തോടിന് കുറുകെ പാലം. | ചേപ്പലംതിട്ട |
| 2. | 2.5,9 | പേഴും പള്ളം ഭാഗത്തുനിന്നും തിരുവാലത്തൂർ ഹൈസ്കൂളിലേയ്ക്ക് എത്തിച്ചേരുന്ന വിധം കനാലിന് കുറുകെ പാലം നിർമ്മിച്ച് കനാൽ മുതൽ ഹൈസ്കൂൾവരെയുള്ള റോഡ് നിർമ്മിച്ച് അതിനെ കണ്ണംകോട് റോഡുമായി ബന്ധിപ്പിക്കുക. | പേഴുംപള്ളം |
| 3. | 3.3 | ഓലശ്ശേരി പാലയംകാട് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതിന് ശോകനാശിനി പുഴക്ക് കുറുകെ പാലം. | പാലയംകാട് |
| 4. | 4.5 | പാതകടവ് തിരുവാലത്തൂർ ചെക്ക്ഡാം കം സബ്മേഴ്സിബിൾ ബ്രിഡ്ജ് | പാതക്കടവ്. |

## പട്ടിക 6

## നിലവിലുള്ള റോഡുകളിൽ അത്യാവശ്യമായ കലുങ്കുകൾ

| ക്രമ നമ്പ്ര് | മുൻഗണനാ നമ്പ്ര് | | എണ്ണം |
|---|---|---|---|
| 1. | 1.9 | പേഴും പള്ളം റോഡിൽ | 5 |
| 2. | 2.9 | ആളൂർ മുല്ലേരിറോഡ് | 3 |
| 3. | 3.9 | തിരുവാലത്തൂർ ഹൈസ്കൂൾ റോഡ് | 2 |
| 4. | 4.4 | തസ്രാക്ക് കാട്ടിരംകുന്ന് റോഡ് | 5 |
| 5. | 5.4 | മെല്ലിക്കുന്നം റോഡ് | 2 |

| | | | |
|---|---|---|---|
| 6. | 6.9 | പേഴുംപള്ളം കല്ലും പൊറ്റ റോഡ് | 3 |
| 7. | 7.3 | ഓലശ്ശേരി കാട്ടിരംകുന്ന് റോഡ് | 5 |
| 8. | 8.2 | ചിറപ്പാടം റോഡ് | 4 |
| 9. | 9.3 | പാലയംകാട് കാട്ടരംകുന്ന് റോഡ് | 3 |
| 10. | 10.7 | മിഥുനം പള്ളം റോഡ് | 3 |
| 11. | 11.1 | ഊറപ്പാടം റോഡ് | 3 |
| 12. | 12.1 | ചേപ്പിലംതിട്ട റോഡ് | 1 |
| 13. | 13.6 | പോളിടെക്നിക് കല്ലിങ്കൽ റോഡ് | 3 |
| 14. | 14.6 | കരിങ്കരപ്പുള്ളി ലക്ഷംവീട് റോഡ് | 2 |
| 15. | 15.8 | അയ്യപ്പൻകാവ്റോഡ് | 2 |
| 16. | 16.8 | കാടാങ്കോട് കോൽക്കാട് റോഡ് | 2 |
| 17. | 17.8 | അക്ഷരനഗർ കോളനി റോഡ് | 3 |
| 18. | 18.8 | കാക്കത്തറ റോഡ് | 2 |
| 19. | 19.8 | എ.കെ.ജി. നഗർ കോളനി റോഡ് | 10 |
| 20. | 20.6 | കാരക്കാട് ബി.പി.എൽ. റോഡ് | 3 |

## പട്ടിക 7

## പുതുതായി ബസ്വെയിറ്റിംഗ് ഷെഡ് കം ഷോപ്പ് ആവശ്യമായ സ്ഥലങ്ങൾ

| ക്രമനമ്പ്ര് | മുൻഗണനാ നമ്പർ | ആവശ്യമായ സ്ഥലം. | റോഡ് |
|---|---|---|---|
| 1. | 1.1 | അംബുജം ഇൻഡ്രസ്ട്രീസ് | പാററോഡ് |
| 2. | 2.1 | ഇരട്ടയാൽ | ,, |
| 3. | 3.1 | മുനീശ്വരൻ കോവിൽ | ,, |
| 4. | 4.8 | കാടാങ്കോട്പള്ളി | ചിറ്റൂർ റോഡ് |
| 5. | 5.8 | കനാൽ ജംഗ്ഷൻ | ,, |
| 6. | 6.2 | കൊടുമ്പ് ആൽത്തറ | ,, |
| 7. | 7.5 | കല്ലിങ്കൽ | ,, |
| 8. | 8.9 | തിരുവാലത്തൂർ എൽ.പി | ഓലശ്ശേരി റോഡ് |

| | | | |
|---|---|---|---|
| 9. | 9.9 | തിരുവാലത്തൂർ എച്ച്.എസ്. | ആളൂർ റോഡ് |
| 10. | 10.9 | പാലിയം പടി | ,, |
| 11. | 11.3 | താകുറിശ്ശി ജംഗ്ഷൻ | ഓലശ്ശേരി റോഡ് |
| 12. | 12.3 | കണ്ടംകോട് | ,, |
| 13. | 13.4 | ഞായംകാട് | ,, |
| 14. | 14.7 | മിഥുനംപള്ളം | ചിറ്റൂർ റോഡ് |
| 15. | 15.7 | തർമ്മഗനർ | ,, |
| 16. | 16.7 | അപ്പുചെട്ടിയാർ സ്റ്റോപ്പ് | ,, |
| 17. | 17.5 | പഞ്ചായത്താഫീസിന് മുമ്പിൽ | ,, |

## ഊർജ്ജം

### വൈദ്യുതി

ഗ്രാമീണ ജനതക്കിന്നും എത്തിപ്പിടിക്കാൻ ഏറെ ദൂരം യാത്ര ചെയ്യേണ്ട മേഖലയാണല്ലോ വൈദ്യുതി. പവർകട്ടും വോൾട്ടേജ് ക്ഷാമവും ആണവവൈദ്യുതി നിലയങ്ങളും ആധുനിക ജനതയുടെ ഉറക്കം കെടുത്തു മ്പോൾ ഇങ്ങ് വിളിപ്പാടകലെ വൈദ്യുതി എന്നത് കിട്ടാക്കനിയായി അവശേ ഷിക്കുന്ന ദു:ഖ സത്യം നാം മറന്നുകൂടാ. 1960 ൽ കൊടുമ്പ് പഞ്ചായത്തിൽ ആദ്യമായി കമ്പിവെളിച്ചമെത്തി. കാലം ഏറെ ദൂരം സഞ്ചരിച്ചെങ്കിലും അതിനായുപാതികമായി ഓടിയെത്താൻ എന്തുകൊണ്ടോ വൈദ്യുതി മടിച്ചുനിന്നു.

വെണ്ണക്കര 110 കെ.വി. സബ്സ്റ്റേഷൻ വിളയോടി 66 കെ.വി. സബ്സ്റ്റേഷൻ പാറ 66 കെ.വി. സബ്സ്റ്റേഷന് എന്നിവിടങ്ങളിൽ നിന്നാണ് കൊടുമ്പ് പഞ്ചായത്തിലെ വൈദ്യുതി വിതരണം പാലക്കാട് ടൗണിലെ സുൽത്താൻ പേട്ട, കഞ്ചിക്കോട്, എലപ്പുള്ളി, ചിറ്റൂർ, പുതുനഗരം എന്നീ 5 സെക്ഷൻ ഓഫീസുകളുടെ കീഴിലാണ് ഈ പഞ്ചായത്ത് നടന്നുവരുന്നത്. അതുകൊണ്ടുതന്നെ കൊടുമ്പിലെ ജനങ്ങൾ 5 മുതൽ 12 കി.മി. ദൂരം വൈദ്യുതി ആവശ്യത്തിനായി സഞ്ചരിക്കേണ്ടിവരുന്നു.

ചിത്രം 1




ആകെ വീടുകൾ 4156

മൊത്തം ഉപഭോക്താക്കളിൽ 90 ശതമാനം ഗാർഹിക ഉപഭോക്താക്കളാണ്.

ചിത്രം2




പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിന് 34 ട്രാൻസ്ഫോർ മറുകളുണ്ട്. അതിരൂക്ഷമായ വോൾട്ടേജ്ക്ഷാമം ഒരു ശാപമായി തുടരുന്നു ണ്ടിവിടെ. കൂടാതെ കൂനിൽമേൽ കുരുപോലെ വ്യാപകമായ സ്റ്റെറപ്പ് അപ്പ് ഉപയോഗവും. പഞ്ചായത്തിൽ തെരുവുവിളക്കുകൾ തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നു പറഞ്ഞുകൂടി ആവുന്നത്ര പ്രദേശ ങ്ങളിൽ തെരുവുവിളക്കെത്തിക്കാൻ പഞ്ചായത്ത് കിണഞ്ഞ് ശ്രമിക്കുന്നു ണ്ടെന്ന കാര്യം മറന്നുകൂടാ.

### ഇന്ധനം

ഗ്രാമീണ ജനതയനുഭവിക്കുന്ന അക്ഷരാർഥത്തിൽനീറുന്ന മറ്റൊരു പ്രശ്നമാണ് ഇന്ധനം. പട്ടണത്തിന്റെ സാമീപ്യം കൊണ്ട് ആധുനിക ഇന്ധന ങ്ങൾ എല്ലാം തോക്കിക്കാണാനല്ലാതെ അനുഭവിക്കാൻ യോഗമില്ലാത്ത വരാണ് ജനതയിലേറെയും. എന്നാൽ മറ്റു ഉൾനാടൻ പ്രദേശങ്ങളിൽ വ്യാപകമായിലഭിക്കുന്ന വിറക് ഇവിടെ തീരെ ലഭ്യമല്ലതായും. അതിനാൽ ഭക്ഷണം പാകം ചെയ്യാൻ കൊടുമ്പ് ഗ്രാമീണ ജനതയനുഭവിക്കുന്ന കഷ്ടപ്പാട് വർണനാതീതമാണ്. മരമില്ലികുളിലെ നീണ്ട ലൈനും റേഷൻ ഷാപ്പിൽ നിന്നും വരുമാനമില്ലാത്തതുകാരണം ലഭിക്കാത്ത പെർമിറ്റ്



ADMINISTRATION
4293

മണ്ണെണ്ണയും ജനങ്ങളെ ഒരു നേരത്തെ അന്നം പാകം ചെയ്യാൻ ഗതിമുട്ടിക്കുന്നു.

## പ്രശ്നങ്ങൾ

### 1. വൈദ്യുതി

1. പഞ്ചായത്തിലെ ഒരു വാർഡിലും പൂർണ്ണമായി വൈദ്യുതി എത്തിയിട്ടില്ല.
2. കൊടുമ്പ് പഞ്ചായത്തിലേക്ക് വൈദ്യുതി വിതരണം നടത്തുന്നത് നിലവിൽ 5 സെക്ഷൻ ഓഫീസുകളിൽ നിന്നാണ്. അതുകൊണ്ടു തന്നെ ഉപഭോക്താക്കളും ജനപ്രതിനിധികളും വൈദ്യുതി കണക്ഷന്റെ പേരിൽ വിഷമം അനുഭവിക്കുന്നു.
3. വൈദ്യുതി ലൈനുകളിൽ മരച്ചില്ലകളും മറ്റും ഉപദ്രവമായി തുടരുന്നു.
4. ഹരിജൻ കോളനികളിൽ പൂർണ്ണമായി വൈദ്യുതി എത്തിയിട്ടില്ല.
5. ഒടിഞ്ഞുവീഴാറായ വൈദ്യുത പോസ്റ്റുകൾ ജീവന് ഭീഷണിയായി നിലനിൽക്കുന്നു.
6. വാർഡുകളിൽ ആവശ്യമായ തെരുവുവിളക്കുകൾ ഇല്ല.
7. വ്യാപകമായ സ്റ്റെപ്പ്അപ്പ് ഉപയോഗം മറ്റുള്ളവർക്ക് ദോഷം ചെയ്യുന്നു.
8. പഞ്ചായത്തിന്റെ മൊത്തം പ്രദേശത്ത് വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.
9. മോട്ടോറിനെ ആശ്രയിച്ച് ജലസേചനം നടത്തുന്നവർക്ക് വോൾട്ടേജ് ക്ഷാമം കടുത്ത ബുദ്ധിമുട്ടനുഭവിക്കുന്നു.
10. യഥാസമയം മീറ്റർ റീഡിംഗ് എടുക്കാത്തതിനാലും മീറ്റർ റീഡിംഗ് എടുക്കുന്നതിലെ അപാകതയും കാരണം പിന്നീട് കനത്ത ബില്ലുകൾ വരുന്നത് വൻ ബാധ്യതയായി മാറുന്നു.

### പട്ടിക 1

### പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും

| നമ്പ്ര് | പേര് | കപ്പാസിറ്റി | സെക്ഷൻ ഓഫീസ് |
|---|---|---|---|
| 1. | അംബുജം | 250 KVA | എലപ്പുള്ളി |
| 2. | എരട്ടയാൽ | 160 | ,, |
| 3. | മാച്ച് ഫാക്ടറി | 160 | ,, |
| 4. | പോളിടെക്നിക്ക് | 100 | ,, |
| 5. | ,, | 100 | ,, |
| 6. | ആശാരിത്തറ | 100 | കഞ്ചിക്കോട് |
| 7. | ബി.പി.എൽ | 160 | ,, |
| 8. | മുല്ലേരി | 160 | പുതുനഗരം |
| 9. | തസ്റാക്ക് | 250 | ,, |
| 10. | ഉപ്പുംപാടം | 100 | ,, |
| 11. | മമ്പറം | 63 | ,, |
| 12. | തണ്ണീർപന്തൽ | 160 | ,, |
| 13. | കാടാംങ്കോട് | 160 | സുത്താൻപേട്ട |
| 14. | കരിങ്കരപ്പുള്ളി1 | 250 | ,, |
| 15. | ശാസ്താമിൽ | 250 | ,, |

| | | | |
|---|---|---|---|
| 16. | അയ്യപ്പൻകാവ് | 160 | ,, |
| 17. | കല്ലിങ്കൽ | 250 | ,, |
| 18. | തിരുവാലത്തൂർ(ആളൂർ) 1 | 160 | ചിറ്റൂർ |
| 19. | ,, 2 | 100 | ,, |
| 20. | തോട്ടാരം | 150 | ,, |
| 21. | ചാവോടി | 160 | ,, |
| 22. | കൊടുമ്പ് | 100 | ,, |
| 23. | നെല്ലിയംപാടം | 100 | ,, |
| 24. | ആൽത്തറ | 160 | ,, |
| 25. | പാലയംകാട് 1 | 100 | ,, |
| 26. | ,, | 2 100 | ,, |
| 27. | ധർമ്മനഗർ | 160 | ,, |

## 2. ഇന്ധനം

1. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും (85 ശതമാനം) ഇന്ധനത്തിന് വിറകിനെയാണ് ആശ്രയിക്കുന്നത് ആവശ്യത്തിന് വിറക് ലഭിക്കാൻ മരങ്ങളില്ലാത്തതിനാൽ പുറമെനിന്നാണ് വിറകുമുഴുവൻ എത്തുന്നത്. അതിനാൽ അമിത വില നൽകേണ്ടി വരുന്നു.

2. പാചക ആവശ്യത്തിന് മണ്ണെണ്ണ പെർമിറ്റുള്ളർക്ക് മുഴുവൻ മണ്ണെണ്ണയും ലഭിക്കുന്നില്ല. ഓപ്പൺ മാർക്കറ്റിൽനിന്ന് അമിത വില കൊടുത്ത് മണ്ണെണ്ണവാങ്ങേണ്ടിവരുന്നു.

3. കുക്കിംഗ് ഗ്യാസ് ബുക്ക് ചെയ്യുന്നതിന് പഞ്ചായത്തിനകത്ത് സംവിധാനമില്ല.

പട്ടണത്തിൽ നിലവുലുള്ള ഗ്യാസ് ഏജൻസിയിൽനിന്ന് കൊടുമ്പ് പഞ്ചായത്തിലെ ഗ്രാമീണ പ്രദേശങ്ങളിലെ ജനങ്ങൾക്ക് കണക്ഷൻ നല്കുന്നില്ല.

## പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

## 1. വൈദ്യുതി

പഞ്ചായത്തിലെ സുഗമമായ മൊത്തം വിതരണത്തിന് ഇരട്ടയാൽ പോളിടെക്നിക്കിനടുത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കണം.

2. ലൈൻ കപ്പാസിറ്റി അനുസരിച്ച് ആവശ്യമായ സ്ഥലങ്ങളിലെല്ലാം ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

3. നിലവിലുള്ള സിംഗിൾഫേസ് ലൈനുകൾ മുഴുവൻ ത്രീ ഫേസ് ലൈനുകളാക്കണം.

4. കൊടുമ്പ് പഞ്ചായത്തിന് നേരത്തെ അനുവദിച്ചിരുന്ന സെക്ഷൻ ഓഫീസ് പ്രാവർത്തികമായിട്ടില്ല. പഞ്ചായത്തിലെ ജനങ്ങൾ ഇപ്പോൾ5 സെക്ഷൻ ഓഫീസുകളുടെ പരിധിയിലാണ് വരുന്നത്. പഞ്ചായത്തിലെ ഓലശ്ശേരി, തിരുവാലത്തൂർ, പാലയംകാട് ചിറപ്പാടം, കൊടുമ്പ് മിഥുനംവള്ളം ഊറപ്പാടം, ധർമ്മനഗർ കല്ലിങ്കൽ എന്നീ പ്രദേശത്തുകാർ ബില്ലടക്കുന്നത് 10 കി.മീയാത്ര ചെയ്താണ്. ആയതിനാൽ പഞ്ചായത്തിന് മാത്രമായി ഒരു സെക്ഷൻ ആഫീസ് സ്ഥാപിക്കണം.

5. ഒടിഞ്ഞു വീഴാറായ എല്ലാ പോസ്റ്റുകളും മാറ്റുന്നതിന് വകുപ്പധികൃതർക്ക് കർശനനിർദ്ദേശം നൽകണം.

6. വൈദ്യുതി ലൈനുകളിലെ മരച്ചില്ലകൾമൂലമുള്ള ശല്യം പരിഹരിക്കുന്നതിന് പൊതുജനങ്ങളെ കൂടി സഹകരിച്ച് പരിഹാരം കാണണം.

7. ഒന്നിടവിട്ട പോസ്റ്റുകളിൽ തെരുവു വിളക്കും പ്രധാന കവലകളിൽ സോഡിയം വേപ്പർലായും, സോളാർ ലൈറ്റുകളും, ട്യൂബ് ലൈറ്റുകളും സ്ഥാപിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കണം.

8. വോൾട്ടേജ്ക്ഷാമം പരിഹരിച്ച് സ്റ്റെറപ്പ്അപ്പ് ഉപയോഗം

കുറക്കാൻ നടപടി സ്വീകരിക്കണം. കറണ്ടുപോയാൽ കഴിയുന്നതും വേഗം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

9. പഞ്ചായത്തിൽ മൊത്തം സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കണം. ഉടൻ തന്നെ ബില്ലടക്കാൻ സൗകര്യവും ഉണ്ടാക്കണം.

**2. ഇന്ധനം**

1. പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുകയും പ്രോത്സാഹനം നൽകുകയും വേണം.

2. പുറമ്പോക്ക് പ്രദേശങ്ങളിലും തരിശുഭൂമിയിലും വിറക് മരങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വച്ചു പിടിപ്പിച്ച് വിറക് ആവശ്യക്കാർക്ക് മാത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

3. പുകയില്ലാത്ത അടുപ്പുകളും ഇന്ധനലാഭമുള്ള മറ്റു അടുപ്പുകളും പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ പഞ്ചായത്ത്തലത്തിൽ നടപടി സ്വീകരിക്കണം. ഇവയുടെ ഉപയോഗം പൊതുജനങ്ങളെ വേണ്ടവിധം ബോധ്യപ്പെടുത്തണം.

4. അനുവദിച്ച പെർമിറ്റിലുള്ള മണ്ണെണ്ണ മുഴുവനും അനുവദിക്കുന്നതിനും ആവശ്യക്കാർക്ക് മുഴുവനും മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിനും പഞ്ചായത്ത് മുഖേന നടപടി സ്വീകരിക്കണം.

5. പഞ്ചായത്തിലെ വിതരണത്തിന് മാത്രമായി ഒരു പ്രത്യേക പാചക ഗ്യാസ് ഏജൻസി അനുവദിക്കണം.

6. പുതുതായി ഗ്യാസ് ഏജൻസി അനുവദിക്കുന്നതുവരെ പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്ക് മണപ്പുള്ളിക്കാവിലുള്ള ഹിന്ദുസ്ഥാൻ പെട്രോളിയം ഗ്യാസ് ഏജൻസിയിൽനിന്ന് ഗ്യാസ് കണക്ഷൻ നൽകാൻ സംവിധാനം ഉണ്ടാക്കണം.

7. ബയോഗ്യാസ്, ഗോബർ ഗ്യാസ് എന്നീ മേഖല വ്യാപിപ്പിക്കായുള്ള സംവിധാനം പഞ്ചായത്ത് നേതൃത്വത്തിൽ ചെയ്യണം.

8. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കൈകാര്യം ചെയ്യുന്ന അനർട്ട് മുതലായ വകുപ്പുകളിൽനിന്ന് സൗരോർജ്ജം ഉപയോഗിച്ചുള്ള അടുപ്പുകൾ, വിളക്കുകൾ എന്നിവ പഞ്ചായത്ത് മുഖേന അതാത് വാർഡുകളിൽകുറഞ്ഞ നിരക്കിൽ എത്തിക്കാൻ സംവിധാന മുണ്ടാക്കണം.

## ആവശ്യങ്ങൾ

### 1.വൈദ്യുതി


### പട്ടിക 2

### താഴ്പ്പറയുന്ന പ്രദേശങ്ങളിൽ പുതുതായി ലൈൻ വലിച്ച് വൈദ്യുതി എത്തിക്കണം

| ക്രമനമ്പ്ർ | വാർഡ് നമ്പ്ർ | പ്രദേശം | ലൈനിന്റെ ഏകദേശനീളം |
|---|---|---|---|
| 1. | 1 | ഊറപ്പാടം | 500 മീ. |
| 2. | 1 | കല്ലേക്കാട്, ചേപ്പിലംതിട്ട അംബുജം റോഡ് | 1.5കി. മീ |
| 3. | 1 | വാരിയത്ത് കാവ് | 750മീ. |
| 4. | 1 | വാതുംപാറ | 750മീ. |
| 5. | 1 | ചെമിട്ടിയപ്പാടം മുതൽ കളപ്പക്കാട്വരെ | 1 കിമീ. |
| 6. | 1 | കൊളക്കപ്പാടം | 1 കിമീ |
| 7. | 1 | പുത്തൂർ | 1കിമീ. |
| 8. | 1 | പള്ളിമേട് | 300 മീ. |
| 9. | 2 | കണക്കുപറമ്പ് | 1 കിമീ. |
| 10. | 2 | ബാർബർ കോളനി | 50 മീ |

| | | | |
|---|---|---|---|
| 11. | 3 | കണ്ടംകോട് | 500 മീ. |
| 12. | 3 | തിരുവോണപുറം | 500 മീ. |
| 13. | 3 | ഒന്നുകോട് | 1 കി.മീ |
| 14. | 3 | പ്ലാക്കോണം | 1 കി.മീ |
| 15. | 3 | പ്ലാക്കാട്ട് | 1 കിമീ. |
| 16. | 7 | കാഞ്ഞിരംകുന്നം | 500 മീ. |
| 17 | 7 | പണ്ടാരത്തറ | 300 മീ. |
| 18. | 7 | പൊതുകാട് അത്താണിചോട് | 1 കിമീ. |
| 19. | 7 | ധർമ്മനഗർ | 300 മീ. |
| 20. | 4 | ആമ്പ | 1 കിമീ. |
| 21. | 4 | ഞായംകാട് | 750 മീ. |
| 22. | 4 | ഒലശ്ശേരി | 2 കിമീ. |
| 23. | 4 | ലക്ഷംവീട് കാട്ടിരംകുന്നം | 400 മീ. |
| 24. | 4 | കാങ്ങാട്ടുപറമ്പ് | 400 മീ. |
| 25. | 4 | വാക്കിൻപാടം | 300 മീ. |
| 26. | 4 | വെല്ലിക്കുന്നം | 1.5 കിമീ. |
| 27. | 4 | കൊള്ളുകാട് | 1.5 കിമീ. |
| 28. | 4 | കോട്ടാനി മുതൽ വെല്ലിക്കുന്നം വരെ | 1.25 കി.മീ |
| 29. | 5 | കല്ലിങ്കൽ വടക്കുവശം | 400 മീ. |
| 30. | 5 | പാലിയം കാട് | 1.5 കി.മീ |
| 31. | 6 | കാരക്കാട് | 100 മീ |
| 32 | 6 | ചേയ്യാടം | 100 മീ |
| 33. | 9 | ആലംകോട് | 800 മീ |
| 34. | 9 | കല്ലംപൊറ്റ | 500മീ |
| 35. | 5 | കാക്കത്തറ കനാൽ ബണ്ട് | 1500 മീ. |
| 36. | 5 | കഴിക്കുന്നം | 1500 മീ |
| 37. | 9 | ആന്തർക്കാവ് | 200മീ. |

2. സൗജന്യവൈദ്യുതി ഉപയോഗത്തിനുള്ള സ്ലാബ് 30 യൂണിറ്റ് ആക്കി ഉയർത്തണം.
3. പഞ്ചായത്തിലെ അംഗീകൃത ഹരിജൻ കോളനികളിൽ വൈദ്യുത ചാർജ്ജ് സൗജന്യമാക്കണം.
4. തിരുവാലത്തൂരിൽ പട്ടിക ജാതിയിൽപെട്ട 23 വീട്ടുകാർക്ക് വൈദ്യുതി എത്തിക്കണം.
5. വെൽകൃഷിക്കും, തെങ്ങിനും, പച്ചക്കറിക്കൃഷിക്കും സൗജന്യമായി വൈദ്യുതി നൽകണം.
6. പഞ്ചായത്തിൽ എല്ലാ സ്ഥലത്തും നല്ല സൂര്യവെളിച്ചം ലഭിക്കുന്നതിനാൽ സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉണ്ടാക്കി ഗാർഹികാവശ്യത്തിന് സംവിധാനം ഉണ്ടാക്കണം.



# 7. പാർപ്പിടവും സാമൂഹ്യ ക്ഷേമവും

## 1. പാർപ്പിടം


അന്തിയുറങ്ങാൻ സ്വന്തമായൊരു കൂര ഏതൊരു മനുഷ്യന്റേയും ജീവിതാഭിലാഷമാണല്ലോ? പാലക്കാട് മുനിസിപ്പാലിറ്റിയോട് ചേർന്ന് കിടക്കുന്ന കൊടുമ്പ് ഗ്രാമ പഞ്ചായത്തിലും കേരളത്തിലെ മറ്റു ഗ്രാമങ്ങളിലെ പോലെതന്നെ പാർപ്പിട പ്രശ്നം നിലനിൽക്കുന്നുണ്ട്. മുനിസിപ്പാലിറ്റിയിൽ സ്ഥലത്തിന്റെ അമിത വിലയും കെട്ടിടം നിർമ്മിക്കാനുള്ള അനുമതിയും സാധാരണക്കാരന് ബാലികേറാമലയാവുമ്പോൾ തൊട്ടടുത്ത പഞ്ചായത്തുകളിൽ തുച്ഛമായ വിലക്ക് സ്ഥലം കിട്ടുമായിരുന്നതും കെട്ടിട നിർമ്മാണ ചട്ടങ്ങളും മാസ്റ്റർ പ്ലാനുകളും നിലവിൽ വന്നിട്ടില്ലാത്തിനാൽ അനുമതി ആവശ്യമില്ലാത്തതും ഇടത്തരക്കാരേയും ഉദ്യോഗസ്ഥരെയും തൊട്ടടുത്ത പഞ്ചായത്തുകളിലേക്ക് ആകർഷിച്ചിരുന്നു. എന്നാൽ ഇന്നു സമീപ പഞ്ചായത്തുകളിലും സ്ഥലവില ക്രമാതീതമായി ഉയർന്നിട്ടുണ്ട്.

കൊടുമ്പ് പഞ്ചായത്തിലെ 6, 8 വാർഡുകളിൽ ഇത് മൂലം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഉദ്യോഗസ്ഥർ താമസിക്കുന്ന കോളനികൾ ഉയർന്ന് വന്നിട്ടുണ്ട്. അതുകൊണ്ടു തന്നെ പട്ടണത്തിന്റെ ഛായ പതുക്കെ ഈ പഞ്ചായത്തും കൈവരിക്കാൻ തുടങ്ങിയിരിക്കുന്നു. ഇത്തരം കോളനികൾ ഒരു പരിധി വരെ ഗ്രാമീണരുടെ ജീവിതത്തിൽ ചില മാറ്റങ്ങൾക്ക് നാന്ദി കുറിച്ചിട്ടുണ്ട്. പ്രത്യേകിച്ചും പട്ടണങ്ങളിൽ പോയി പണിയെടുക്കാൻ വിമുഖരായ സ്ത്രീ തൊഴിലാളികൾക്ക് വർഷം മുഴുവനും പണി ലഭിക്കുന്നു എന്നത് എടുത്തു പറയേണ്ടതുണ്ട്.

കൂടാതെ കയറ്റിറക്കു തൊഴിൽ മേഖലയിലും കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിൽപ്പന മേഖലയും ഗ്രാമീണ വീടുകളിൽ പാൽ ഉൽപ്പാദനവും സജീവമായി തീർന്നിട്ടുണ്ട്. സാധാരണ ജനങ്ങൾക്ക് അവരുടെ സ്ഥലത്തിന് നല്ല വില കിട്ടാനും ഈ കുടിയേറ്റം സഹായകമായി തീർന്നിട്ടുണ്ട്. എല്ലാറ്റിനുമുപരി വിദ്യാഭ്യാസ മേഖലയിൽ ഗ്രാമീണർക്ക് ഒരുണർവ്വ് പകരാനും ഇത്തരം ഉദ്യോഗസ്ഥ കോളനികൾക്ക് കഴിഞ്ഞിട്ടുണ്ട്.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതവിലയും താങ്ങാനാവാത്ത സ്ഥലത്തിന്റെ വിലയും നിർമ്മാണ കൂലിയും കണക്കാക്കുമ്പോൾ വീട് പണിയുക എന്നത് അസാധ്യം തന്നെയാണ്. ഉദ്യോഗസ്ഥരുടെയും ഇടത്തരക്കാരുടെയും സാധാരണ കോൺക്രീറ്റ് വീടുകളല്ലാതെ കൂറ്റൻ മണിമാളികകളൊന്നും ഈ പഞ്ചായത്തിൽ ദൃശ്യമല്ല. ഗൾഫ് പണത്തിന്റെ സ്വാധീനം തീരെ ഇല്ലയെന്നത് തന്നെയാവണം ഇതിന് കാരണം. സ്ഥലത്തിന്റെ വില കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 1000% ൽ അധികം വർദ്ധിച്ചു എന്നത് ഒരു പക്ഷെ അവിശ്വസനിയമായി തോന്നിയേക്കാം. വയലുകൾ നികത്തി വീട് പണിയുന്ന പ്രവണതകളും ഈ പഞ്ചായത്തിൽ ഏറി വരുന്നുണ്ട്

പഞ്ചായത്തിലെ മൊത്തം വീടുകളിൽ (4156) 73.40% (3049) ഓടിട്ടതും 12.60% കോൺക്രീറ്റും (524) 13.00% ഓലപ്പുരകളും (540) 1% കൂടിലുമണ് (43).




ലോണെടുത്തൊ, സർക്കാർ സഹായത്തോടെയൊ ഒരു വീട് പണിയാനള്ള ജനങ്ങളുടെ ആഗ്രഹങ്ങൾക്ക് നിയമം വിലങ്ങ് തടിയായി നില്ക്കുകയാണ്. ഭവന നിർമ്മാണ വായ്പക്കായി ആരെ സമീപിക്കണം എന്നു പോലും അറിയാത്തവരാണ് ഏറെയും. ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾ താഴെ ചേർക്കുന്നു.

1. പാലക്കാട് കോ_ഓപ്പറേറ്റിവ് ബിൽഡിങ്ങ് സൊസൈറ്റി
2. ജില്ലാ സഹകരണ ബാങ്ക്
3. പൊൽപുള്ളി സർവ്വീസ് സഹകരണ ബേങ്ക്
4. പാലക്കാട് വികസന അതോറിറ്റി
5. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
6. പട്ടിക ജാതി_പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ
7. പെരുവെമ്പ് സർവ്വീസ് സഹകരണ ബാങ്ക്

വായ്പാ പദ്ധതികളുടെ സങ്കീർണ്ണതയും ജാമ്യ വ്യവസ്ഥകളും സാധാരണക്കാരന്റെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ സഹായകമായി വർത്തിക്കുന്നില്ല വായ്പാ അനുവദിച്ചാൽ തന്നെ അപേക്ഷകന് ആവശ്യമുള്ള സമയത്ത് പണം ലഭിക്കാത്തതും ബുദ്ധിമുട്ടായി തുടരുന്നു. സമൂഹത്തിലെ പാവപ്പെട്ടവനടക്കം, നിർമ്മിക്കുന്ന കെട്ടിടം ഈടായി നൽകി വായ്പ ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. സമയത്തു പണം അനുവദിക്കുകയും വേണം. ഹഡ്കോ പോലുള്ള ധനകാര്യ സ്ഥാപനങ്ങൾ പാവങ്ങളുടെ വീടു നിർമ്മാണത്തിന് ഏറെ പരിഗണന നൽകുമ്പോൾ എന്തുകൊണ്ടോ മേൽപറഞ്ഞ ഏജൻസികൾ ഗാർഹിക വായ്പാ സ്കീമിന് വേണ്ടത്ര പരിഗണന നൽകുന്നില്ല എന്നത് ജനപ്രതിനിധികളുടെയും സർക്കാരിന്റെയും അടിയന്തിര ശ്രദ്ധ പതിയേണ്ട വസ്തുതയാണ്. സർക്കാരിന്റെ വിവിധ സ്കീമനുസരിച്ച് പഞ്ചായത്തിൽ പട്ടിക 2_ൽ കാണും വിധം വീടുകൾ അനുവദിച്ചിട്ടുണ്ട്.

1970_71 മുതൽ 1995_96 വരെയുള്ള കെട്ടിട നിർമ്മാണ മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെയും, അവിദഗ്ധ തൊഴിലാളികളുടെയും കൂലി വർദ്ധനവ് താഴെ ചേർക്കുന്നു. കേരളത്തിലെ മറ്റേതൊരു പ്രദേശത്തേക്കാളും വളരെ കുറഞ്ഞ കൂലിയാണ് പാലക്കാട്ടും തൊട്ടടുത്ത പഞ്ചായത്തുകളിലും നിലവിലുള്ളത്. കൂടതൽ കൂലിക്കായി അന്യ സ്ഥലങ്ങളിലേക്ക് പോകുന്ന വിദഗ്ധ തൊഴിലാളികളുടെ എണ്ണം കൂടി വരികയാണ്. തമിഴ് നാട്ടിൽ നിന്നും എത്തിയ തൊഴിലാളികൾ കെട്ടിട നിർമ്മാണ രംഗത്ത് ഒഴിവാക്കാനാവാത്ത ഘടകമായി മാറികഴിഞ്ഞു.

പഞ്ചായത്തിലെ 20 പട്ടികജാതി കോളനികളിലായി 426 വീടുകളുണ്ട്

ഈ പഞ്ചായത്തിലൂടെ ഒഴുകുന്ന ഭാരത പുഴയിൽ നിന്നു ലഭിക്കുന്ന മണലും ഇരു കരകളിലും ഉണ്ടാക്കുന്ന ഇഷ്ടികയും മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വില കുറവിൽ ലഭിക്കുന്നുണ്ട്. പാലക്കാട് പട്ടണത്തിലെയും സമീപ പ്രദേശങ്ങളിലെയും വീടു നിർമ്മാണത്തിന് ആവശ്യമായ ഇഷ്ടിക ഭാരത പുഴയുടെ ഇരു കരകളിലും ഉത്പാദിപ്പിക്കുന്നു. വേനൽക്കാലത്ത് ഗ്രാമീണർക്ക് വേണ്ടത്ര തൊഴിൽ നേടുന്നതിന് ഇഷ്ടികനിർമ്മാണം സഹായകമാകുന്നു. എന്നാൽ ഇന്ന് ഈ മേഖലയിലേക്കും തമിഴ് നാട്ടിൽ നിന്നുള്ള തൊഴിലാളികൾ കടന്നു കയറിയിരിക്കുകയാണ്.


പാർപ്പിട പ്രശ്നത്തിന് ശാശ്വത പരിഹാരത്തിന് സർക്കാർ തലത്തിൽ പഞ്ചായത്തു മുഖേന ദാരിദ്ര്യ രേഖക്കു താഴെയുള്ള

പട്ടിക 1

| വാർഡ് തലത്തിൽ നിലവിലുള്ള വീടുകൾ | | | | | |
|---|---|---|---|---|---|
| വാർഡ് | ഓട് | ഓല | ടെറസ്സ് | കുടിൽ | ആകെ |
| 1 | 370 | 48 | 56 | 13 | 487 |
| 2. | 403 | 31 | 14 | 6 | 454 |
| 3. | 439 | 172 | 42 | | 653 |
| 4. | 368 | 64 | 16 | 2 | 450 |
| 5. | 440 | 68 | 43 | | 551 |
| 6. | 332 | 14 | 197 | 12 | 555 |
| 7. | 237 | 66 | 18 | | 321 |
| 8 | 254 | 45 | 90 | 10 | 399 |
| 9. | 206 | 32 | 48 | | 286 |
| ആകെ | 3049 | 540 | 524 | 43 | 4156 |

പട്ടിക 2

| ഭവന വിതരണ പട്ടിക | | | | |
|---|---|---|---|---|
| വർഷം | IAY | MWS | JRY | Total |
| 90-91 | 5 | 6 | 1 | 12 |
| 91-92 | 2 | 5 | 2 | 9 |
| 92-93 | 6 | 9 | 4 | 19 |
| 93-94 | 2 | 15 | 10 | 27 |
| 94-95 | 7 | 11 | 1 | 19 |
| 95-96 | 23 | 6 | 10 | 39 |
| ആകെ | 45 | 52 | 28 | |



## കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് കഴിഞ്ഞ 10 വർഷത്തിൽ

പട്ടിക 3

| ക്രമനമ്പർ | ഇനം | 1985_86 | 1995_96 | വർദ്ധനവ് |
|---|---|---|---|---|
| 1. | സിമൻറ്/ബാഗ് | 60.00 | 180.00 | 200% |
| 2. | കമ്പി | 11.00 | 16.50 | 500% |
| 3. | മണ്ണ്/ലോറി | 80.00 | 400.00 | 400% |
| 4. | മണൽ/ലോറി | 150.00 | 600.00 | 300% |
| 5. | ഇഷ്ടിക 1000 എണ്ണം | 350.00 | 1500.00 | 330% |
| 6. | കരിങ്കല്ല്/ലോറി | 130.00 | 500.00 | 285% |
| 7. | ഓട്/1000 എണ്ണം | 1000.00 | 2500.00 | 150% |

എല്ലാവർക്കും വീട് സൗജന്യമായോ നാമമാത്രപലിശക്കോ നൽകേണ്ടതുണ്ട്. സർക്കാറിന്റെ പല സ്കീമുകളും യഥാർത്ഥ ഉപഭോക്താക്കളിൽ എത്തിക്കുന്നതിൽ വൻ വീഴ്ച്ച വരുന്നുണ്ട്. ഗ്രാമസഭയിലൂടേയൊ ജനകീയ ആസൂത്രണത്തിന്റെ ഭാഗമായ കർമ്മ സമിതി മുഖേനയോ ഈ പദ്ധതികൾ നടപ്പിലാക്കുന്നത് നന്നായിരിക്കും. ചെലവുകുറഞ്ഞ വീടു നിർമ്മാണത്തിന് പഞ്ചായത്തിൽ വേണ്ടത്ര വേരോട്ടം ലഭിച്ചിട്ടില്ല. എന്നാൽ സിമന്റ് കൊണ്ടുള്ള ജനൽ, കട്ടിള എന്നിവ വ്യപകമായി ഉപയോഗിക്കുന്നുണ്ട്.

എല്ലാറ്റിനുമുപരിയായി വീടു കെട്ടുന്നതിന് ഏറ്റവും അനുയോജ്യരായ വിവിധ മേഖലയിലെ തൊഴിലാളികളെ കണ്ടത്തുക എന്നതും ഇന്നൊരു പ്രശ്നം തന്നെയാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിൽ വിവിധ മേഖലയിലെ തൊഴിലാളികൾക്കെല്ലാം പ്രാതിനിധ്യമുള്ള ഒരു സംഘം രൂപീകരിക്കുക. വീടു കെട്ടുന്നവർക്കാവശ്യമുള്ള എല്ലാതരം തൊഴിലാളികളെയും, ആവശ്യമെങ്കിൽ മേസ്തിരികൾ, കോൺട്രാക്ടർ, കെട്ടിട നിർമ്മാണ സാമഗ്രികളായ ഇഷ്ടിക, മണൽ, മെറ്റൽ മുതലായവയും ഈ സംഘത്തിന്റെ മേൽനോട്ടത്തിൽ എത്തിച്ചു കൊടുക്കാവുന്നതാണ്.

### പ്രശ്നങ്ങൾ

ഗ്രാമ സഭയിലും മറ്റു ചർച്ചകളിലും ഉയർന്നു വന്ന പാർപ്പിട പ്രശ്നങ്ങൾ ഇവയാണ്.

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളിൽ മിക്കവർക്കും വീടില്ല.
2. കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വൻ വിലയാണ്.
3. വിദഗ്ദ്ധ തൊഴിലാളികൾ ടൗണിൽ വൻകിട്ട കെട്ടിടം പണിക്കു പോകുന്നതിനാൽ പഞ്ചായത്തിൽ വേണ്ടത്ര തൊഴിലാളികളെ ലഭിക്കുന്നില്ല.
4. വീടു കെട്ടുന്നതിന് വായ്പാ സൗകര്യം തീരെയില്ല.
5. പരമ്പരാഗത വാസ്തു ശില്പ സമ്പ്രദായം അന്യം നിന്നുപോകുന്നു.
6. ലക്ഷം വീടു കോളനികൾ അപര്യാപ്തമാണ്.
7. *JRY, IAY* പദ്ധതികളിൽ വേണ്ടത്ര വീടുകൾ പഞ്ചായത്തിൽ ലഭിക്കുന്നില്ല.
8. പലരുടെയും കൂട്ടു സ്വത്തായതിനാൽ ചിലർക്ക് സ്വന്തം പേരിൽ സ്വത്തില്ലാത്തതിനാൽ വീടു വെക്കാൻ പറ്റുന്നില്ല. സർക്കാർ സഹായങ്ങളും വായ്പകളും എല്ലാം സ്വന്തം സ്ഥലമുള്ളവർക്കു മാത്രമെ ലഭിക്കുന്നുള്ളു.

## പരിഹാര നിർദ്ദേശങ്ങളും, ആവശ്യങ്ങളും, സാധ്യതകളും

### I. പരിഹാര നിർദ്ദേശങ്ങൾ.

1. ദാരിദ്ര്യ രേഖക്കു താഴെയുള്ള എല്ലാവർക്കും സൗജന്യമായി പഞ്ചായത്ത് മുഖേന സ്ഥലവും വീടും നൽകണം.

2. കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വൻവിലയായതിനാൽ പാവങ്ങൾക്ക് കുറഞ്ഞ നിരക്കിൽ സാധനങ്ങൾ നൽകണം.

3. തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാർക്ക് പഞ്ചായത്ത് തലത്തിൽ സ്റ്റൈപന്റോടുകൂടി കെട്ടിട നിർമ്മാണ മേഖലയിൽ സൗജന്യമായി തൊഴിൽ പരിശീലനം നൽകണം.

4. ഗാർഹിക വായ്പ്പാ സ്കീം നടപ്പിലാക്കുന്നതിന് എല്ലാ ഏജൻസികൾക്കും സർക്കാർ കർശന നിർദേശം നൽകണം. ജന പ്രതിനിധികൾ ഇക്കാര്യം ഗൗരവമായി ഏറ്റെടുക്കണം. വായ്പ്പാ നിബന്ധനകൾ ലഘൂകരിക്കണം. കെട്ടുന്ന വീടു ഈടായി വായ്പ്പ നൽകണം.

5. പരമ്പരാഗത വാസ്തു ശിൽപ കലക്ക് പ്രോൽസാഹനം നൽകണം.

6. പഞ്ചായത്തിൽ 3, 4 വാർഡുകളിൽ ലക്ഷം വീടു കോളനികൾ സ്ഥാപിക്കണം.

7. J.R.Y., I.A.Y പദ്ധതിപ്രകാരം വേണ്ടത്ര വീടുകൾ ബ്ലോക്കു മുഖേന പഞ്ചായത്തിൽ വിതരണം ചെയ്യണം.

8. കൂട്ടു സ്വത്തിൽ നിന്നും സ്വന്തമായി സ്ഥലം ലഭിക്കുന്നതിന് ജനപ്രതിനിധികൾ സഹായിക്കണം.

9. പഞ്ചായത്തിൽ അഗതി മന്ദിരം സ്ഥാപിക്കണം.

**സാധ്യതകൾ ആവശ്യങ്ങൾ .**

1. ചെലവു കുറഞ്ഞതും ആധുനികവുമായ കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന സ്ഥാപനം സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്. ഈ മേഖലയിലെ സ്വകാര്യ കുത്തക അവസാനിപ്പിക്കുവാനും ആവശ്യക്കാർക്ക് ലോൺ വ്യവസ്ഥയിൽ സാമഗ്രികൾ നൽകാനും ഇത് മൂലം കഴിയും.

2. നിർമ്മിതി കേന്ദ്രം പോലുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിൽ സ്ഥാപിച്ച് വീടു നിർമ്മാണത്തിന് വിദഗ്ദ പരിശീലനം നൽകാവുന്നതാണ്.

3. ഹഡ്കോ പോലുള്ള ധനകാര്യ സ്ഥാപനങ്ങൾ ഗാർഹിക വായ്പാ രംഗത്ത് വളരെയേ താൽപ്പര്യത്തോടെ നിൽക്കുമ്പോൾ ഈ സൗകര പരമാവധി ഉപയോഗപ്പെടുത്തി വ്യാപകമായ വായ്പ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇതിന് പാലക്കാ വികസന അതോറിറ്റി, കേരള സംസ്ഥാന നിർമ്മാണ ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് കർശന നിർദേശം നൽകി പഞ്ചായത്തിൽ വേണ്ടത്ര വൽയ്പാ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

4. ഭവന നിർമ്മാണ രംഗത്തെ ദുർവ്യയം തടയുന്നതിന് നിശ്ചിത വിസ്തീർണത്തിലധികമുള്ള വീടുകൾക്ക് വൻ നികുതി സമ്പ്രദായം നടപ്പിലാക്കാവുന്നതാണ്. അതുവഴി ഈ പ്രവണതയ്ക്ക് കടിഞ്ഞാണിടാൻ കഴിയും.

5. പൊതു ജനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് വിവിധ മേഖലകളിൽ ആവശ്യമായ അനുയോജ്യരായ തൊഴിലാളികളെ കണ്ടെത്തി കൊടുക്കുന്നതിന് തൊഴിലാളികളുടെ ഒരു സംഘം രൂപികരിക്കാവുന്നതാണ്. തൊഴിലില്ലാത്തവർക്ക് തൊഴിലും ഉടമകൾക്ക് തൊഴിലാളികളുടെ ചൂഷണത്തിൽ നിന്ന് രക്ഷ നേടാനും ഈ സംവിധാനം ഉപയുക്തമാകും. അതുപോലെ തന്നെ മേസ്തിരി, സൂപ്പർവൈസർ, കോൺട്രാക്ടർ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യത എന്നീ മേഖലയിലും ഈ സംഘത്തിന് പ്രവർത്തിക്കാൻ കഴിയും.

6. സർക്കാർ ലഭ്യമാക്കുന്ന വായ്പാ തുക വർദ്ധിപ്പിക്കണം. IAY, MWS, JRY, RLEGP എന്നിവ 30,000 രൂപയായി ഉയർത്തണം.

7. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി 26,400 രൂപയിൽ നിന്ന് 30,000 രൂപയായി ഉയർത്തണം.

8. പ്രകൃതിക്ഷോഭ പുനഃരധിവാസപദ്ധതി 15,000 രൂപയിൽ നിന്ന് 30,000 രൂപയായി ഉയർത്തണം.

9. വിവിധ വായ്പകൾക്ക് നൽകുന്ന സ്റ്റേജ് സർറ്റിഫിക്കറ്റ് നൽകാനുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്ക് നൽകണം.


10. ഈ പഞ്ചായത്തിൽ കേരള കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കണം.

11. റോഡിൽ നിന്ന് 3 മീറ്റർ വിട്ട് കെട്ടിടം കെട്ടണമെന്ന നിലവിലുള്ള നിയമം നടപ്പിലാക്കാൻ ഏറെ ബുദ്ധിമുട്ടുന്നു.

കാരണം ഉടമകൾ കെട്ടിടം കെട്ടിയതിന് ശേഷം പഞ്ചായത്തിൽ വിവരം അറിയിക്കുന്ന സംവിധാനം മാറ്റി കെട്ടിടം കെട്ടുന്നതിനുമുമ്പ് പഞ്ചായത്തിൽ നിന്ന് അനുമതി വാങ്ങുന്നതിന് കേരള കെട്ടിട നിർമ്മാണ ചട്ടം നടപ്പിലാക്കേണ്ടത് അനിവാര്യമായി തീർന്നിട്ടുണ്ട്.

# സാമൂഹ്യക്ഷേമം

സമൂഹത്തിലെ ദരിദ്രജനവിഭാഗങ്ങളുടെ ക്ഷേമത്തിനും, ഉന്നമനത്തിനും ,സർക്കാർ പ്രഥമപരിഗണന നൽകുന്നുണ്ട് എന്നത് വസ്തുതയാണ്, എന്നാൽ സർക്കാർ ഉദ്ദേശിക്കുന്ന ഗുണം പലപ്പോഴും ഗുണഭോക്താവിലെത്തുന്നില്ല എന്നതാണ് സത്യം. ഗ്രാമതല മേൽനോട്ടത്തിന് മുഴുവൻ സമയഗ്രാമസേവകനും, തങ്ങളാലാവുന്നത് ചെയ്യുന്നുണ്ട്. എന്നാൽ സങ്കീർണ്ണമായ നിയമങ്ങളും, പ്രായോഗികമാവാത്ത നിർദ്ദേശങ്ങളും പാവപ്പെട്ടവന്റെ ആഗ്രഹങ്ങൾക്കു വിലങ്ങുതടിയായി നിലകൊള്ളുന്നു.




കേന്ദ്ര സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും. വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡു വഴി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതിയും, പട്ടികജാതിക്കാരുടെ വികസനത്തിനായി പട്ടികജാതി വികസന കോർപ്പറേഷനും, വനിതകളുടെ പ്രവർത്തനത്തിനായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തനത്തിക്കുന്നുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് വിവിധപദ്ധതികളിലായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഗ്രാമങ്ങളിലെ ജനങ്ങളിലെത്തുന്നുണ്ട്. എന്നാൽ ആവശ്യക്കാരുടെ ബാഹുല്യവും നിയമനവ്യവസ്ഥകളും ഇന്നും പ്രശ്നമായി നിലനിൽക്കുന്നു.

വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമാണ് എന്ന് പറഞ്ഞുകൂടാ. എന്നിരുന്നാലും നല്ലൊരു ശതമാനം തൊഴിലാളികളെ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിൽ മെമ്പർമാരാക്കാൻ അതാതുരംഗത്തെ പ്രസ്ഥാനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്.

പട്ടികജാതി വികസന കോർപ്പറേഷനും വനിതാ വികസന കോർപ്പറേഷനും നിലവിലുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമെന്നു പറഞ്ഞുകൂടാ.....

1992 ലെ *IRDP* സർവ്വേ പ്രകാരവും, കൊടുമ്പ് പഞ്ചായത്തിൽ 472 *SC* കുടുംബങ്ങളടക്കം 1454 കുടുംബങ്ങളും, 95ലെ അഡീഷനൽ സർവ്വേ പ്രകാരം 21 *SC/ST* കുടുംബങ്ങളടക്കം 86 കുടുംബങ്ങളും ഉൾപ്പെടെ മൊത്തം 2540 കുടുംബങ്ങൾ ദാരിദ്രരേഖക്ക് താഴെയുള്ളവരാണ്.

പട്ടിക. 1

*IRDP* സഹായ ലഭ്യതാ കണക്ക്.

| 1. | വർഷം | SC | ST | മറ്റുള്ളവർ | ആകെ | സബ്സിഡി (രൂപാ) | ലോൺ രൂപാ |
|---|---|---|---|---|---|---|---|
| 1. | 1992-93 | 20 | .... | 12 | 32 | 97742 | 152224 |
| 2. | 1993-94 | 26 | .... | 13 | 39 | 137634 | 70240 |
| 3. | 1994-95 | 11 | .... | 18 | 29 | 99086 | 212234 |
| 4. | 1995-96 | 8 | .... | 14 | 22 | 88715 | 256035 |

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയെകുറിച്ച് സർക്കാരിന്റെ നിർവചനം കാലോചിതമായി പരിഷ്കരിക്കണം. ദാരദ്രരേഖയുടെ പരിധി ഉയർത്തണം.

സർക്കാർ വകുപ്പുകൾ അനുവദിക്കുന്ന വായ്പാകൾ ബാങ്കുകൾ മുഖേന ലഭ്യമാക്കുന്നത് ഏറേ പ്രശ്നം സൃഷ്ടിക്കുന്നു. പാവപ്പെട്ടവർ ദേശസാൽകൃത ബാങ്കുകളിലും മറ്റും ചെയ്യുന്നത് തന്നെ അവരുടെ സ്റ്റാറ്റിന് കുറവുണ്ടാക്കുന്നത് പോലെയാണ് ഉദ്യോഗസ്ഥരുടെ പെരുമാറ്റം. ആയതിനാൽ ബാങ്കുകൾ ഒരു കാരണവശാലും ഒഴിഞ്ഞുമാറാൻ പാടില്ലാത്ത വിധം നിയമം കർശനമാക്കണം. അതല്ലെങ്കിൽ ഈ പദ്ധതികൾ ജനപ്രാതിനിധ്യമുള്ള പാവപ്പെട്ടവന് ഒരു പരിധി വരെയെങ്കിലും താങ്ങും തണലും ആയി വർത്തിക്കുന്ന സഹകരണ ബേങ്കുകൾ മുഖേന നടപ്പിലാക്കണം.

സർക്കാരിന്റെ വിവിധ പദ്ധതികളുടെ പ്രവർത്തനം താഴെ വിവരിക്കുന്നു.

1. ട്രൈസം

18 വയസു മുതൽ 35 വയസു വരെയുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം ഈ പദ്ധതിയിലൂടെ വേണ്ടത്ര പ്രായോജനം നല്കാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്.

പട്ടിക 2

ട്രൈസം പരിശീലനം ലഭിച്ചവരുടെ വിവരം

| 1. | വർഷം | പരിശീലനം ലഭിച്ചവർ | | | |
|---|---|---|---|---|---|
| | | SC | മറ്റുള്ളവർ | ആകെ | സ്ത്രീകൾ |
| 1. | 1992-93 | 2 | 5 | 7 | 4 |
| 2. | 1993-94 | .... | 10 | 10 | 10 |
| 3. | 1994-95 | .... | .... | .... | .... |
| 4. | 1995-96 | 2 | 2 | 4 | 4 |

2. DWCRA:

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് *DWCRA* ഈ പദ്ധതിക്കും വേണ്ടത്ര പ്രചരണമോ, പ്രയോജനമോ ലഭിച്ചിട്ടില്ലാ.

പട്ടിക 3

**DWCRA** ലഭ്യതാ കണക്ക്

| വർഷം | തൊഴിൽ മേഖല | സാമ്പത്തിക സഹായം | സംഖ്യ |
|---|---|---|---|
| 1998-89 | മുളപ്പണി (Bamboo Works) | 15 | 19500.00 |
| 1989-90 | ——— | ——— | ——— |
| 1990-91 | ——— | ——— | ——— |
| 1991-92 | ——— | ——— | ——— |
| 1990-92 | ——— | ——— | ——— |
| 1992-93 | ——— | ——— | ——— |
| 1993-94 | ——— | ——— | ——— |
| 1994-95 | അരിവിപണനം (Rice Processing) | 15 | 15000.00 |
| 1994-95 | പ്രതിമാനിർമ്മാണം | 9 | 54000.00 |

3. ടൂൾകിറ്റ്.

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീനതൊഴിലു പകരണങ്ങൾ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയും ഒരു പരിധി വരെ കടലാസു പദ്ധതിക്കപ്പുറം ഗ്രാമീണ ജനങ്ങൾക്കുപകാരപ്രദമായി എന്നു പറഞ്ഞുകൂടാ,

പട്ടിക 4

ടൂൾകിറ്റ് വിതരണ വിവരം

| വർഷം | എണ്ണം | സംഖ്യ |
|---|---|---|
| 92-93 | ..... | ..... |
| 93-94 | 15 | 23000.00 |
| 94-95 | 3 | 6000.00 |
| 95-96 | ..... | ..... |

5. CRSP കക്കൂസുകൾ

ദാരിദ്ര്യ രേഖക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നല്കുന്ന പദ്ധതിയാണിത്. ആവശ്യക്കാരെറെ ഉണ്ടായിട്ടും പദ്ധതിയിലൂടെ നല്കാൻ കഴിഞ്ഞ സേവനം തുച്ഛമാണ്.

പട്ടികാ 5

CRSP കക്കൂസുകൾ വിതരണ പട്ടിക

| വർഷം | എണ്ണം | SC | തുക |
|---|---|---|---|
| 93-94 | 28 | 8 | 56,000.00 |
| 94-95 | 12 | 6 | 24,000.00 |
| 95-96 | 20 | 5 | 40,000.00 |

## റവന്യൂ വകുപ്പു വഴിയുള്ള ക്ഷേമപദ്ധതികൾ

സമൂഹത്തിലെ ദരിദ്രനാരായണൻമാരുടെ ജീവിതത്തിന് താങ്ങും തണലുമായിരിക്കുന്നത് സർക്കാർ വക പെൻഷനുകളാണ്. ജീവിതത്തിന്റെ നല്ല കാലം മുഴുവൻ എല്ലുമുറിയെ പണിയെടുത്ത് സായം സന്ധ്യയിൽ ആരാലും നോക്കാനില്ലാതെ, ആർക്കും വേണ്ടാത്ത കിളവനും കിളവിയും ആയിത്തീരുന്ന ജനവിഭാഗം ആശയോടെ, ആവേശത്തോടെ ആശ്രയിക്കുന്നത് സർക്കാരിന്റെ ഈ സഹായം തന്നെയാണ്.

എന്നാൽ നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന ഈ ജനലക്ഷങ്ങളുടെ കണ്ണീരൊപ്പുവാനും സർക്കാർ ഏറെ വൈകിക്കാറുണ്ട് എന്നത് കഷ്ടം തന്നെയാണ്. ഓണം, വിഷു എന്നീ ആഘോഷങ്ങളെ അടിസ്ഥാനമാക്കി പോലും ഇത്തരം സഹായം വിതരണം ചെയ്യുന്ന പ്രവണതാ ഏറി വരുകയാണ്.

സർക്കാരിന്റെ വിവിധ തരം പെൻഷനുകൾ അനുവദിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും പഞ്ചായത്തിന് അധികാരം നല്കേണ്ടതുണ്ട്.

സാമൂഹ്യക്ഷേമരംഗത്ത് ആശയുടെ കിരണങ്ങൾ ജ്വലിപ്പിച്ച് കൊണ്ട പ്രവർത്തനം കാഴ്ച വെയ്ക്കുന്ന സ്ഥാപനങ്ങളാണ് അങ്കനവാടികൾ. സമൂഹത്തിലെ പാവപ്പെട്ടവന്റെ കുട്ടികളുടെ ഈ ഉല്ലാസനൌകക്കും ഇല്ലായ്മയുടെയും വല്ലായ്മയുടെയും കഥകളെ പറയാനുള്ളൂ. തുച്ഛമായ ശമ്പളത്തിന് സ്വന്തം മക്കളെ പോലെ കുട്ടികളെ ശുശ്രൂഷിച്ച് ഓമനിച്ച് വളർത്തുന്ന അംഗനവാടികൾ അദ്ധ്യാപികമാർ ഈ സമൂഹത്തിന്റെ അനിവാര്യഘടകമായി മാറികഴിഞ്ഞു.

പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം, ഉദ്യോഗസ്ഥ മദ്ധ്യ വർഗ്ഗ മേൽത്തരം ജനതയെ അങ്കനവാടികളിൽ നിന്നകറ്റുന്നു. ആംഗലേയ ഭാഷയോടുള്ള മതിപ്പും, മാതൃഭാഷയോടുള്ള വെറുപ്പും ഏറി വരുകയാണല്ലോ? കഴുത്തിൽ ടൈയിട്ടു മുറുക്കി, സോക്സും, ഷൂസും ധരിച്ചു സായ്പിന്റെ കുട്ടികൾ വിദ്യാഭ്യാസത്തിന് പോകുന്നത് സ്വാതന്ത്രം കിട്ടി അഞ്ചു പതിറ്റാണ്ടു കഴിഞ്ഞിട്ടും നിലനിർത്താൻ കഴിഞ്ഞു എന്നത് ഇംഗ്ലീഷ് ഭരണം ഇന്ത്യയുടെമേൽ അടിച്ചേൽപ്പിച്ച ആശ്രയത്വത്തിന്റെ ആഴം വെളിവാക്കുന്നു. അങ്കനവാടികളിലെ സൗകര്യമില്ലായ്മയും, ഈ കേന്ദ്രങ്ങളെ അനാകർഷകങ്ങളാക്കുന്നു.

തുച്ഛമായ ശമ്പളവും, സേവനവ്യവസ്ഥകളും സഹിച്ച് അങ്കണവാടികളിലെ ജീവനക്കാർ നൽകുന്ന സേവനം ഈ സമൂഹത്തിന് മാതൃകയാണ്. അങ്കനവാടികളിൽ അടിസ്ഥാനസൌകര്യങ്ങളും, ജീവനക്കാർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകിയാലെ ഈ രംഗം ആകർഷകമാകൂ..

പട്ടിക 6

പഞ്ചായത്തിൽ അംഗനവാടികളുടെ സ്ഥിതിവിവരം

| ക്രമ നമ്പർ | അംഗനവാടി നമ്പർ | കുട്ടികൾ | | കെട്ടിടം ഉള്ളത് | സ്ഥലം ഉള്ളത് | കളിപ്പാട്ടം ഉള്ളത് | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത് | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | | | | | | | |
| 1. | 169 | 13 | | ഇല്ല | ഉണ്ട് | ഇല്ല | കെട്ടികൊണ്ടിരിക്കുന്നു. | ഇല്ല | ഇല്ല | ഇല്ല |
| 2. | 170 | 13 | 9 | ടൊസ് | ഉണ്ട് | ഇല്ല | ___ | ഉണ്ട് | ഇല്ല | ഇല്ല |
| 3. | 171 | 7 | 9 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4. | 172 | 8 | 12 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5. | 173 | 16 | 6 | ഇല്ല | ഉണ്ട് | ഇല്ല | അതെ | ഇല്ല | ഇല്ല | ഇല്ല |
| 6. | 174 | 8 | 14 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7. | 175 | 11 | 7 | ഇല്ല | ഇല്ല | ഇല്ല | ___ | ഇല്ല | ഇല്ല | ഇല്ല |
| 8. | 176 | 7 | 16 | ഇല്ല | ഉണ്ട് | ഇല്ല | അതെ | ഇല്ല | ഇല്ല | ഇല്ല |
| 9. | 177 | 13 | 4 | ഉണ്ട് | ഉണ്ട് | ഇല്ല | ___ | ഇല്ല | ഇല്ല | ഇല്ല |
| 10. | 178 | 13 | 21 | ഉണ്ട് | ഉണ്ട് | ഇല്ല | ___ | ഉണ്ട് | ഇല്ല | ഇല്ല |
| 11. | 179 | 6 | 8 | ഇല്ല | ഇല്ല | ഇല്ല | ___ | ഇല്ല | ഇല്ല | ഇല്ല |
| 12. | 180 | 7 | 10 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 13. | 288 | 10 | 10 | ഉണ്ട | ഉണ്ട | ഇല്ല | ___ | ഉണ്ട | ഇല്ല | ഇല്ല |
| 14. | 289 | 9 | 6 | ഉണ്ട | ഉണ്ട | ഇല്ല | ___ | ഇല്ല | ഉണ്ട | ഇല്ല |
| 15. | 291 | 2 | 8 | ഉണ്ട് | ഉണ്ട് | ഉണ്ട് | ___ | ഉണ്ട് | ഉണ്ട് | ഇല്ല |
| 16. | 292 | 12 | 14 | ഉണ്ട് | ഉണ്ട് | ഇല്ല | ___ | ഇല്ല | ഇല്ല | ഇല്ല |
| 17. | 293 | 15 | 7 | ഓട് | ഉണ്ട് | ഉണ്ട് | ___ | ഇല്ല | ഇല്ല | ഇല്ല |
| 18. | 294 | 10 | 8 | ഉണ്ട | ഉണ്ട | ഇല്ല | ___ | ഉണ്ട | ഉണ്ട | ഇല്ല |

അതായത്

| നമ്പർ | സൌകര്യം | ഉള്ളത് | ഇല്ലാത്തത് |
|---|---|---|---|
| 1. | കെട്ടിടം | 9 | 9 |
| 2. | സ്ഥലം | 10 | 8 |
| 3. | കക്കൂസ് | 5 | 13 |
| 4. | കുടിവെള്ളം | 3 | 15 |
| 5. | വൈദ്യുതി | ___ | 18 |
| 6. | കളിപ്പാട്ടം | 3 | 15 |

## പൊതുവിതരണം:

പഞ്ചായത്തിൽ 4 പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ട്. സമയത്ത് സാധനം ലഭിക്കാത്തതും, ആവശ്യമുള്ള സാധനങ്ങൾ കടലാസിലും, പട്ടികകളിലും മാത്രം ലഭിക്കുന്നതും സാധാരണക്കാരനെ ബുദ്ധിമുട്ടിക്കുന്നു. എന്നിരുന്നാലും സാധാരണക്കാർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് പൊതുവിതരണ കേന്ദ്രങ്ങളെത്തന്നെയാണ്..ആയതിനാൽ ഈ കേന്ദ്രങ്ങളിലൂടെയുള്ള വിതരണം സമയാസമയങ്ങളിൽ വേണ്ടത്ര നടത്തണം. ഈ കേന്ദ്രങ്ങളെ സംബന്ധിച്ച് പരാതികളെറെയുണ്ട് എങ്കിലും നടത്തിപ്പുകാരന്റെ ബുദ്ധിമുട്ടു അതിലേറെയത്രേ.

നിലവിലുള്ള പൊതുവിതരണ കേന്ദ്രം

പട്ടിക 8

| നമ്പർ | നമ്പർ | സ്ഥലം |
|---|---|---|
| 1. | ARD 75 | കാടാങ്കോട് |
| 2. | ARD 76 | തിരുവാലത്തൂർ |
| 3. | ARD 77 | കൊടുമ്പ് |
| 4. | ARD 78 | ഓലശ്ശേരി |

കൃത്രിമം കാട്ടിയാലെ നടത്തികൊണ്ടു പോകാൻ കഴിയൂ എന്ന നിലക്ക് എത്തി നിൽക്കുകയാണ് ഈ സമ്പ്രദായം. ഈ സത്യമറിയാവുന്ന അധികൃതർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലയെന്നത് അതിലേറെ വിചിത്രമാണ്. വിതരണത്തിന് ലഭിക്കുന്ന സാധനങ്ങളുടെ തൂക്കക്കുറവും, അളവുകുറവും കേന്ദ്രം നടത്തിപ്പുകാരന്റെ പ്രശ്നങ്ങളാണ്. ഈ മേഖലയിൽ സമൂലമായ ഒരു മാറ്റം വരുത്തി നിലവിലുള്ള നിയമം പൊളിച്ചെഴുതിയെ പറ്റൂ. പല കേന്ദ്രങ്ങളും ഏറ്റെടുക്കാൻ ആളില്ലാത്ത അവസ്ഥയിലാണ്. കാരണം ഈ മേഖലയിലെ പ്രശ്നങ്ങൾ തന്നെ.

## പ്രശ്നങ്ങൾ

1. IRDP സഹായം എല്ലാവർക്കും ലഭിക്കുന്നില്ല.
2. മറ്റു സഹായങ്ങളും കടലാസിൽ നിന്ന് മനുഷ്യനിലേക്ക് വേണ്ടത്ര എത്തുന്നില്ല.
3. വിവിധസഹായങ്ങൾക്കുള്ള നിയമങ്ങളും വ്യവസ്ഥകളും കേട്ടാൽ ആ വഴിക്കു മനുഷ്യൻ പിന്നെ തിരിഞ്ഞു നോക്കില്ല.
4. ബാങ്കുകളുടെ സമീപനവും, പ്രവർത്തനവും ഈ മേഖലയെ ദാരിദ്ര മേഖലയാക്കുന്നു. വായ്പകൾ യഥാസമയം തിരിച്ചടക്കാൻ കഴിയാതെ കടക്കെണിയിൽ പെടുന്നു.
5. സർക്കാർ അനുവദിക്കുന്ന പെൻഷനുകൾ യഥാസമയം ലഭിക്കുന്നില്ല.
6. അർഹരായവർക്ക് പെൻഷൻ ലഭിക്കാതിരിക്കുകയും, അനർഹർക്ക് പെൻഷൻ ലഭിക്കുന്ന പ്രനണത ഏറിവരുകയും ചെയ്യുന്നു.
7. പെൻഷൻ തുക ജീവിതചെലവ് നോക്കുമ്പോൾ വളരെ തുച്ഛമാണ്.
8. സമൂഹത്തിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുത്തൻ രൂപത്തിലും ഭാവത്തിലും പൂർവ്വാധികം ശക്തിയോടെ ഏറി വരുന്നു.
9. സ്ത്രീധനവും സ്ത്രീധനപീഠനവും ഏറി വരുന്നു.
10. മദ്യത്തിന്റെ ആസക്തി സാധാരണക്കാരിൽ ഏറെയാണ്.
11. പല അംഗനവാടികൾക്കും കെട്ടിടമില്ല.
12. അംഗനവാടികളിൽ അടിസ്ഥാനസൗകര്യം തീരെ കുറവാണ്.
13. ആംഗനവാടി വാടകാ 50 രൂപാ വളരെ തുച്ഛമാണ്. വിറകിനും, മസാലക്കും കുട്ടിക്ക് 5 പൈസ എന്നത് വളരെ കുറവാണ്.
14. 8ാം വാർഡിൽ കാടാങ്കോട് പ്രദേശത്ത് അംഗനവാടി ഇല്ലാത്തതിനാൽ കുട്ടികളും അമ്മമാരും ബുദ്ധുമുട്ടുന്നു.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. ആവശ്യക്കാർക്കെല്ലാം സഹായം ലഭിക്കുമാറ് IRDP_യെ സംബന്ധിച്ചുള്ള നിയമങ്ങളിൽ കാതലായ മാറ്റം വരുത്തണം. ധനസഹായം നിഷേധിക്കുവാൻ ബാങ്കുകാർക്ക് സാധിക്കാത്ത വിധത്തിൽ നിയമനിർമ്മാണം നടത്തുവാൻ ആവശ്യമായ നടപടി എടുക്കണം.
2. സർക്കാരിന്റെ ജനക്ഷേമകരങ്ങളായ മറ്റു പദ്ധതികൾ ട്രൈസം, DWCRA മുതലായവ കാലോചിതമായി

## പട്ടിക 9

## 199596ൽ പൊതുവിതരണത്തിന്റെ വിശദവിവരം

| ക്രമ സമ്പർ | റേഷൻഷാപ് | വാർഡ് | കാർഡുടമകൾ | ഗുണഭോക്താക്കൾ | ഭക്ഷ്യവസ്തുക്കൾ (ക്വാൻറലിൽ) | | | | | മണ്ണെണ്ണ വിതരണം (ലിറ്ററിൽ) | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പെർമിറ്റ് എണ്ണം | പെർമിറ്റൽ വിതരണം ചെയ്തത് | കാർഡ് വഴി |
| 1 | ARD 75 കാടാങ്കോട് | 8 | 749 | 3668 | 1990 | 382 | 15 | 70 | 200 | 166 | 15040 | 25600 |
| 2. | ARD 76 തിരുവാലത്തൂർ | 5 | 635 | 233 | 1248 | 376 | 14 | 68 | 160 | 91 | 9210 | 24300 |
| 3. | ARD 77 കൊടുമ്പ് | 2 | 996 | 5027 | 2400 | 384 | 12 | 70 | 252 | 144 | 14260 | 36288 |
| 4. | ARD 78 ഓലശ്ശേരി | 3 | 735 | 4272 | 1136 | 360 | 14 | 64 | 188 | 53 | 4810 | 32200 |
| | ആകെ | | 315 | 16200 | 6774 | 1502 | 55 | 272 | 800 | 454 | 43320 | 118388 |

പരിഷ്കരിച്ച് പ്രായോഗികമായ രീതിയിൽ നടപ്പിലാക്കണം. ഇതിന്റെ ചുമതല മുഴുവൻ പഞ്ചായത്തിന് നല്കണം.

3. അവശജനവിഭാഗങ്ങൾക്കുള്ള പെൻഷൻ തുക ഉയർത്തണം. എല്ലാ മാസവും കൊടുക്കുവാനുള്ള സംവിധാനം വേണം. എല്ലാ പെൻഷനുകളും ഗ്രാമപഞ്ചായത്തിൽ നിന്നനുവദിക്കണം.

4. സമൂഹത്തിനെ കാർന്നുതിന്നുന്ന കാൻസറായി അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും പൂർവ്വാധികം ശക്തിയോടെ സമൂഹത്തിൽ വേരോടി കഴിഞ്ഞിരിക്കുന്നു. ഇതിനെ നിരുൽസാഹ പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ആയതിന് പഞ്ചായത്ത് തലത്തിൽ ശക്തമായ ബോധവൽക്കരണം നടത്തണം. വനിതകളെ ഇക്കാര്യത്തിൽ വേണ്ടും വിധം പ്രോൽസാഹനം നല്കി സഹായിക്കണം.

ആഡംബരങ്ങളായ കല്യാണങ്ങളുടെയും മറ്റും കാര്യം ഏറെ കഷ്ടമാണ്, സമൂഹത്തിലെ മാന്യതക്കു വേണ്ടി പൊങ്ങച്ചം കാട്ടുന്ന പ്രവണത ഏറിവരുന്നു. ഇത്തരം വിവാഹങ്ങൾക്കു വൻനികുതി ഏർപ്പെടുത്തി തരണം.


5. പഞ്ചായത്തിൽ പ്രായോഗികമായ മദ്യനിരോധനം നടപ്പിലാക്കണം.


6. അംഗനവാടികളുടെ ശോചനീയാവസ്ഥ പരിഹരിക്കണം.

7. അംഗനവാടി ജീവനക്കാർക്ക് എല്ലാ സഹായങ്ങളും, പ്രോൽസാഹനവും നൽകി അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

8. 8ാം വാർഡിൽ ഒരു അംഗനവാടി നടപ്പിലാക്കണം.

9. അംഗനവാടികളിൽ പച്ചക്കറി ഉൽപാദിപ്പിക്കുകയും, കുട്ടികൾക്ക് നല്കുകയും ചെയ്യണം.





# 8. സംസ്കാരം ടൂറിസം

കളിയരങ്ങ്

സംസ്കാരത്തിന്റെ തനിമയും പൊലിമയും നിലനിറുത്തിപ്പോന്ന ഒരു ഗ്രാമമാണ് കൊടുമ്പ്. പണ്ടിവിടം പാലക്കാട് രാജാക്കൻമാർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഇടത്തിൽ അച്ചന്മാരുടെയും കൊല്ലങ്കോട് രാജാവിന്റെയും അധീനതയിലായിരുന്നു. നടുവിൽമന, കുറൂർമന, ചൂഢാമണി അയ്യർ എന്നീ ബ്രാഹ്മണാധിപത്യ ജന്മിവ്യവസ്ഥിതിയായിരുന്നു ഇവിടെ നിലനിന്നുരുന്നത്. ജനങ്ങളിൽ സിംഹഭാഗവും തലചായ്ക്കാനിടം പോലുമില്ലാത്തവരായിരുന്നു.

ഇവിടെ രണ്ടുതരത്തിലുള്ള സാംസ്കാരിക പശ്ചാത്തലമാണ് നിലനിന്നുപോന്നത്. ഒന്നു തിരുവാലത്തൂർ ക്ഷേത്രത്തെയും അതിനോടു ലയിച്ചു ചേർന്നതുമായ വരേണ്യവർഗ്ഗസംസ്കാരം. പരശുരാമപ്രതിഷ്ഠിതമെന്നു കേൾവികേട്ട രണ്ടുമൂർത്തിക്ഷേത്രം അക്ഷരാർത്ഥത്തിൽ തന്നെ ആര്യസംസ്കാരത്തിന്റെ പ്രതിച്ഛായയായിരുന്നു. സംസ്കൃതനാടകാഭിനയമായ കൂടിയാട്ടം, കൂത്ത്, എന്നിവ ബ്രാഹ്മണ്യത്തോടു സാദൃശ്യമുള്ള ചാക്യാന്മാരായിരുന്നു അവതരിപ്പിച്ചിരുന്നത്. കഥാകഥനത്തിലൂടെ പുരാണകഥകളുടെ ലോകത്തിലേക്കു ആസ്വാദകനെ ആകർഷിച്ചു കൊണ്ടുപോയിരുന്ന ചാക്യാന്മാർ കൂത്തുനടത്തിയിരുന്ന ഒരു കൂത്തമ്പലം ഇന്നും ഇവിടെ കാലഹരണപ്പെടാതെ നിലനിന്നുപോരുന്നു. ഇതിന്റെ മാതൃകയിലാണ് കേരളകലാമണ്ഡലത്തിലെ കൂത്തമ്പലം പണിതിരിക്കുന്നത് എന്നു പറയപ്പെടുന്നു. പുരാണകഥയിലും സംസ്കൃതഭാഷയിലും നിപുണരായ എത്രയെത്ര ചാക്യാന്മാരാണ് ഇവിടുത്തെ കൂത്തമ്പലത്തിൽ കഥകൾ ചൊല്ലി, വിസ്മൃതിയുടെ തിരശ്ശീലയ്ക്കുള്ളിലൂടെ പോയ്മറഞ്ഞത്. കൂത്തിനും കൂടിയാട്ടത്തിനും കെട്ടിയിരുന്ന ഇവിടുത്തെ മിഴാവ്, കേരളത്തിലെതന്നെ വലിയ മിഴാവുകളിൽ ഒന്നാണ്.

കേരളീയകലകളുടെ രാജ്ഞീപദം അലങ്കരിക്കുന്ന കഥകളിയരങ്ങുകൾ ഇന്നും തിരൂവാലത്തൂരിലെ ഉത്സവരാത്രികളെ ചൈതന്യധന്യമാക്കുന്നുണ്ട്. സംസ്കൃതഭാഷാഭിജ്ഞാനവും സാങ്കേതിക മുറകളും നിറഞ്ഞ കഥകളിയുടെ ആസ്വാദനമേഖല താരതമ്യേന ഉയർന്നതാണ്. അതിനു പുറമെ, അവർണ്ണർക്കു ക്ഷേത്രമതിൽകെട്ടിനുള്ളിൽ പ്രവേശനം ലഭിക്കാതിരുന്നതും ഇതു പോലെയുള്ള വരേണ്യവർഗ്ഗകലകളെ സാധാരണക്കാരന്റെ ആസ്വാദന സീമയിൽനിന്നും മാറ്റിനിറുത്തി. ചരിത്രപ്രസിദ്ധമായ ക്ഷേത്രപ്രവേശനവിളംബരവും കേരളത്തിലങ്ങോളമിങ്ങോളമുണ്ടായ നവോത്ഥാനങ്ങളും ഈ രംഗത്ത് വലിയൊരു മാറ്റത്തിനു വഴിതെളിച്ചു.

മകരകൊയ്ത്ത് കഴിഞ്ഞ് വരണ്ടുകിടക്കുന്ന പാടങ്ങളിൽ പുതുമഴത്തുള്ളികൾ വീണു കുതിർന്നു. പകലന്തിയോളം പണിയെടുത്തു തളർന്ന ഗ്രാമീണർ, കുളിയും കഴിഞ്ഞ്,അര വയർക്കഞ്ഞിയും മോന്തി; കയ്യിൽ ചുരുട്ടിയെടുത്ത പായും വെറ്റിലപ്പൊതിയുമായ് വയൽപരപ്പിൽ താൽക്കാലികമായി കെട്ടി ഉയർത്തിയ വേദിയിലേക്ക് നീങ്ങുകയാണ്. അവിടെ കുരുത്തോലകളും മാവിലകളും കൊണ്ട് തോരണം ചാർത്തിയ നാട്ടരങ്ങ്. കൊളുത്തിവെച്ച റാന്തലിന്റെയോ പെട്രോമാക്സിന്റെയോ പ്രകാശം നിറഞ്ഞു നിൽക്കുന്നു. രംഗപാർശ്വത്തിൽ നിന്ന് ചെണ്ടയുടെയും ഇലത്താളത്തിന്റെയും മേളങ്ങൾ ഉയർന്ന് ഗ്രാമാന്തരീക്ഷത്തെ ഉണർത്തുകയാണ്. ഒരു ഗ്രാമീണ കലയുടെ അരങ്ങൊരുങ്ങുകയാണവിടെ.

രംഗത്ത് പൊറാട്ട് കളിയോ, ആര്യമാല, ഹരിശ്ചന്ദ്ര, മാർക്കണ്ഡേയ, കോവിലൻ കഥകളിൽ ഏതെങ്കിലും ഒന്നിന്റെ സംഗീതനാടകാവിഷകാരമോ ആകാം. സകല ദു:ഖങ്ങളും ജീവിതയാതനകളും തെല്ലിടമറന്ന്, ആ കഥാന്തരീക്ഷം രചിക്കുന്ന പഴമയുടെ ആദർശസുന്ദരമായ കാലത്തിലേക്ക്, അവയിലെ കഥാപാത്രങ്ങളോടൊപ്പം അവർ കടന്നു ചെല്ലുന്നു. ചിലർ സ്വയം ആ കഥാപാത്രങ്ങളുടെ മാനസികഭാവങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നു. അരങ്ങിൽ നിന്നു മുഹൂർത്തങ്ങൾക്കുമിഴിവേകുന്ന ആ കഥാപാത്രങ്ങളായി വേഷമിട്ടിരിക്കുന്നത്, തങ്ങളുടെ തന്നെ കൂട്ടത്തിലുള്ള വരാണെന്ന സത്യം പോലും അവർ മറന്നു പോകുന്നു. അക്ഷരജ്ഞാനം ഇല്ലാത്തവർ പോലും ഇവിടെ കഥാസന്ദർഭങ്ങളോട് മാനസികമായി ഇണങ്ങിച്ചേർന്നിരുന്നു. അത്രമാത്രം സാധാരണക്കാരനും ഈ നാട്ടരങ്ങുകളും തമ്മിൽ ഒരു സുദൃഢമായ ആത്മബന്ധം പുലർത്തിപോന്നിരുന്നു.

പൊറാട്ട്കളി (പുറാട്ടംകളി)

ഗ്രാമത്തിന്റെ ചിന്താധാരകൾക്കൊത്തു സമകാലീനജീവിത പ്രശ്നങ്ങളെയും സാമൂഹിക സ്ഥിതിവിശേഷങ്ങളെയും നർമ്മരസത്തിൽ പൊതിഞ്ഞ് ആസ്വാദകർക്കു നൽകിയിരുന്ന ഒരു കലാരൂപമാണ് പൊറാട്ട്കളി. പുറപ്പാട്ട് കളി എന്ന പദപ്രയോഗം വഴിമാറി പൊറാട്ട്കളിയും പുറാട്ടം കളിയുമായി മാറി. തൃശൂർപൂരത്തിനു പോകുന്ന കുറവനോ കുറത്തിയോ പാണനോ പാട്ടിയോ, മണ്ണാനോ മണ്ണാത്തിയോ, ചക്കിലിയനോ ചക്കിലിച്ചിയോ പരസ്പരം ആൾത്തിരക്കിൽ പെട്ട് വഴിതെറ്റിപോകുന്നതോടെ ഈ കഥയുടെ നാടകീയമുഹൂർത്തങ്ങൾ അരങ്ങേറുന്നു. അധ:കൃതവർഗ്ഗങ്ങളെ പ്രതിനിധാനം ചെയ്യുന്നവരായിരിക്കണം,ഇതിലെ കഥാപാത്രങ്ങളെന്ന "മേലാള" നിയമത്തിന്റെ സ്വാധീനം ഇവിടെ പ്രകടമാവുന്നുണ്ട്. ഈഴവസമുദായത്തെ പ്രതിനിധീകരിക്കുന്ന അച്ചിപെണ്ണ് എന്ന ഒരു കഥാപാത്രം കൂടി ഈ കലാരൂപത്തിലുണ്ട്. നായകകഥാപാത്രം തന്റെ പ്രിയപ്പെട്ടവളെ തേടിയലഞ്ഞ്, ഗ്രാമത്തിലെത്തുന്നു. അവിടെ വെച്ച് രസകരമായ തുടർരംഗങ്ങൾ ആരംഭിക്കുന്നു. ചോദ്യക്കാരനും കണ്ടുവച്ചനും അരങ്ങിൽ സജീവമായ ചലനങ്ങൾ രചിക്കുന്നു തുടർന്ന് നായികാ പ്രവേശമായി. അവിടെയും ചോദ്യോത്തരങ്ങൾ അരങ്ങുതകർക്കുന്നു.

"തെന്മലപ്പുറമാണച്ചോ എന്റെ രാജ്യം
കെട്ടിക്കൊണ്ടുവന്നതാണേ പട്ടിക്കാട്ടിൽ"

എന്നു ചൊല്ലികളിക്കുന്ന നായിക തന്റെ നായകനെ കണ്ടവരുണ്ടോ എന്ന് തേടി അലയുന്നു. അടുത്തഘട്ടത്തിൽ നായികാനായകന്മാരെ രംഗത്തേയ്ക്കു പ്രവേശിപ്പിക്കുന്നതോടെ സഭാതലമാകെ അവരുടെ വാക്കേറ്റത്തിലും സൗന്ദര്യപ്പിണക്കത്തിലും പങ്കു ചേരുന്നു. സഭ്യതയുടെ സീമകൾ കടന്ന പദപ്രയോഗങ്ങളും ആ സന്ദർഭത്തിനു ഹരം പകർന്നുകൊടുക്കുന്നു. എരിതീയിൽ എണ്ണ പകരുന്ന ഗ്രാമത്തിന്റെ മുഖമുദ്രകൾ ഇവിടെ പച്ചയായി ആവിഷ്കരിക്കപ്പെടുന്നു. അവസാനം നാട്ടുകൂട്ടം നായികാനായകന്മാരെ പരസ്പരം കൂട്ടിയിണക്കി, സമംഗളമായ പശ്ചാത്തലമൊരുക്കി അവരുടെ ആനന്ദനൃത്തത്തോടെ ഈ കലാരൂപത്തിനു തിരശ്ശീല വീഴുകയായി.

ഗ്രാമീണരെ ഇത്രയേറെ ആകർഷിച്ച മറ്റൊരു കലാരൂപവും ഇവിടെയുണ്ടെന്ന് തോന്നുന്നില്ല. ജന്മിവ്യവസ്ഥ കൊടികുത്തി വാണിരുന്ന കാലങ്ങളിൽ കർഷകരിലും കർഷകത്തൊഴിലാളികളിലും സാമൂഹ്യമായ മാറ്റത്തിന്റെ കൊടുങ്കാറ്റഴിച്ചു വിട്ടത് പൊറാട്ട്കളിയിലൂടെയാണ്. ജന്മികൾ നിയോഗിക്കുന്ന കിങ്കരന്മാർ പലപ്പോഴും അവിടെ അതിക്രമിച്ചെത്തി, ഈ പാവം കലാകാരന്മാരുടെ അരങ്ങു തകർത്ത്, അവരെ പീഡിപ്പിക്കുക പോലും ചെയ്തകഥകൾ ഇന്നും ഗ്രാമവൃദ്ധന്മാർ അനുസരിക്കുന്നുണ്ട്. പ്രസ്ഥാനങ്ങൾ പടുത്തുയർത്തി സാമൂഹ്യപരിഷ്കരണം നടത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച ഈ കലാകാരന്മാരെയും കലയെയും നെഞ്ചേറ്റിലാളിച്ചു പോരുന്നതും ഇവിടുത്തെ കർഷകരും കർഷകത്തൊഴിലാളികളുമാണ്.

## ഹരിശ്ചന്ദ്രനാടകവും മറ്റുസംഗീതനാടകങ്ങളും

കൊടുമ്പിലെ സുബ്രഹ്മണ്യക്ഷേത്രത്തിന് തമിഴ്നാടകസംഘങ്ങളെയും അവയുടെ ആസ്വാദന മേഖലയെയും വികസിപ്പിക്കുന്നതിൽ ഗണ്യമായ സ്ഥാനമുണ്ട്. കലയുടെയും സംസ്കാരത്തിന്റെയും വിളഭൂമിയായ തമിഴകത്തു നിന്നും കേരളത്തിലേക്കു സംക്രമിച്ച് ഇവിടുത്തെ ജനഹൃദയങ്ങളിൽ വേരുറച്ച് ഒരു വടവൃക്ഷംപോലെ വളർന്നു വികസിച്ച ഒരു പ്രസ്ഥാനമായിരുന്നു തമിഴ് സംഗീതനാടകങ്ങൾ. ദ്രാവിഡ സംസ്കാരം നമുക്കേകിയ അമൂല്യങ്ങളായ സംഭാവനകൾക്കു കേന്ദ്രബിന്ദു കൊടുമ്പും ഇവിടുത്തെ സുബ്രഹ്മണ്യക്ഷേത്രവുമാണ്. തമിഴ് വംശരായ മുതലിയാർമാരാണ് സംഗീത നാടകങ്ങളെ മലയാള മണ്ണിലേക്കുകൊണ്ടുവന്നത് എന്ന് പ്രത്യേകം പ്രസ്താവ്യമാണ്. അതോടൊപ്പം തന്നെ ദ്രാവിഡവാദ്യമായ നാദസ്വരത്തിന്റെ പ്രചാരത്തിലും ഇവർ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

സത്യപാലനത്തിനായ് ചെങ്കോലും കിരീടവും തന്റെ സർവസ്വവുമായ പ്രിയതമയെയും ഓമനപ്പുത്രനെയും വെടിയേണ്ടി വന്ന പുരാണ പ്രസിദ്ധനായ ഹരിശ്ചന്ദ്ര മഹാരാജാവ്, ആയിരമായിരം കൊല്ലങ്ങളുടെ അതിർവരമ്പുകൾ അതിലംഘിച്ച് ഈ നാട്ടിൻപുറങ്ങളിലെ പുരാണകഥാജ്ഞാനം പോലുമില്ലാത്ത ജനഹൃദയങ്ങളിലേക്ക് കടന്നുവന്നത് ഈ നാട്ടരങ്ങുകളിലൂടെയായിരുന്നു. ആ സംഗീതനാടകം ഇവിടുത്തെ ജനങ്ങളിൽ ചെലുത്തിയ സ്വാധീനത്തിന്റെ മകുടോദാഹരണങ്ങൾ ഇന്നും ഈ ഗ്രാമത്തിൽ സജീവമായ് തന്നെ നിലനിൽക്കുന്നു. ചന്ദ്രമതിയുടെ വേഷം കെട്ടി അരങ്ങിൽ ജീവിച്ച നാഗപ്പ മുതലിയാരെ "ചന്ദ്രമതി നാഗപ്പമുതലിയാർ" എന്നു സ്നേഹ ബഹുമാന പുരസ്സരം ഇവിടുത്തുകാർ ഇന്നും അനുസ്മരിക്കുന്നു. അതുപോലെതന്നെ ഇന്നും ആ പഴംകഥയുടെ അരങ്ങു നിറഞ്ഞ മധുരോദാരമായ സ്മരണങ്ങളുമായി ഹരിശ്ചന്ദ്രനാടകത്തിന്റെ ആശാൻ വേലുച്ചാമി മിഥുനം പള്ളത്തുതന്നെയുണ്ട്.

ചിലപ്പതികാരത്തിന്റെ നാടകാവിഷ്കരണമായ കോവിലൻ നാടകത്തിലെ ഗോപാലകൃഷ്ണൻ മുതലിയാരും സംഗീതനാടകത്തിന്റെ വർണ്ണ സ്മൃതികളിൽ നിറഞ്ഞുനിൽക്കുന്ന ഒരു പ്രതിഭാശാലിയാണ്. നടന്മാർ തന്നെ പാടി അഭിനയിച്ചിരുന്ന പഴയകാലങ്ങളിൽ അഭിനയം മാത്രമല്ല, നടന്റെ സംഗീതജ്ഞാനവും ഇതിൽ പ്രധാന പങ്കുവഹിച്ചിരുന്നു. പക്കമേള വിദഗ്ധൻമാർ രംഗപാർശ്വത്തിലിരുന്ന് കഥാപാത്രങ്ങൾ പാടുന്ന സംഭാഷണഗാനം ആവർത്തിച്ച് പാടി ശ്രോതാക്കളിൽ അർത്ഥബോധം വളർത്തിയിരുന്നു. ഈ മേള വിദഗ്ധൻമാർക്കും തങ്ങളുടെ പ്രാഗത്ഭ്യം തെളിയിക്കുവാനുള്ള കഥാസന്ദർഭങ്ങൾ നാടകത്തിൽ പ്രത്യേകിച്ച് ഉണ്ടായിരിക്കും. നടന്മാരും പക്കമേളക്കാരും തങ്ങളുടെ സിദ്ധികളുടെ മാറ്റുരച്ചു കാണിക്കുന്നതു കാണികളുടെ മുന്നിലാണ്. അവരാണ് വിധികർത്താക്കൾ. മേളക്കൊഴുപ്പ്, അഭിനയിക്കുന്നവർക്കും അതോടൊപ്പം കാണികൾക്കും ആവേശവും ഹരവും പകർന്നു കൊടുത്തിരുന്നു. അതുകൊണ്ടാണ് പക്കമേള വിദഗ്ധൻമാരും ഈ രംഗത്ത് ആദരിക്കപ്പെട്ടിരുന്നത്. അതിന്റെ പ്രകടമായ ഒരു ഉദാഹരണമാണ്, മൃദംഗം വേലായുധ മുതലിയാർ.

സംഗീതനാടകങ്ങളുടെ കൂട്ടത്തിൽ എന്നും പ്രഥമസ്ഥാനത്തു ഹരിശ്ചന്ദ്രനാടകം തന്നെയായിരുന്നു. കോവിലൻ നാടകവും, മാർക്കണ്ഡേയനും ഇവിടെ അരങ്ങിൽ ഹർഷപുളകങ്ങൾ ചൊരിഞ്ഞിരുന്നു. നാഗുചോപ്പൻ എഴുതിയ പാട്ട് ആര്യമാലനാടകത്തിനും "പുറാട്ട്" എന്ന കലാരൂപത്തിനും ഉപയോഗിച്ചു വന്നിരുന്നു.

## ആര്യമാല

ഹരിജനങ്ങളുടെ ഇടയിൽ അഭിനയിച്ചു പോന്നിരുന്ന ഒരു പ്രാചീന കലാരൂപമാണ് ആര്യമാല. ഗ്രാമത്തിലെ അരങ്ങുകളെ കീഴടക്കിയിരുന്ന ആ ഗ്രാമീണ നാടകരൂപം ഇന്ന് വിസ്മൃതിയിലേക്കു വഴുതിപ്പോയ്ക്കൊണ്ടിരിക്കുകയാണ്. കാത്തവരായൻ എന്ന രാജാവിന്റെയും ആര്യമാല എന്ന രാജകുമാരിയുടെയും പ്രണയകഥയിലെ സന്ധികളും പ്രതിസന്ധികളും അവയെല്ലാം തരണം ചെയ്ത് ഒടുവിൽ നേടുന്ന പ്രേമസാക്ഷാത്ക്കാരവുമാണ് ഈ കഥ. ഇതിലെ വേഷവിധാനങ്ങൾ ഇന്നും ഇവിടുത്തെ ഉത്സവാഘോഷങ്ങൾക്കു ഹരം പകരുന്ന തട്ടീൻമേൽക്കൂത്തുകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. സംസ്കൃത കലാരൂപമായ കഥകളി അതിന്റെ വേഷക്കോപ്പുകളും ചമയവും ഈ അസംസ്കൃതകലയിൽ നിന്നും സ്വീകരിച്ചുവെന്നതിന് നിരവധി സാദൃശ്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. ഇന്നും ആ പഴംകഥയിലെ കഥാപാത്രങ്ങളെ മറക്കുവാൻ ഗ്രാമചേതനയ്ക്കു കഴിഞ്ഞിട്ടില്ല. കാത്തവരായൻ കെ.തേവനും, ആര്യമാല കറുപ്പനും ഒളിമങ്ങാതെ നിൽക്കുന്ന പ്രതിഭകളാണ്. കറുപ്പനാകട്ടെ ആ പഴയ നാട്ടരങ്ങിലെ അനശ്വരയായ കഥാനായികയ്ക്കു രൂപം നൽകിയ, തന്റെ വർണ്ണാഭമായ പഴയകാലങ്ങളും അയവിറക്കി, ഇന്നും നമ്മോടൊപ്പമുണ്ട്.

ഈ ഗ്രാമീണകലാകാരന്മാരിൽ അധികം പേരും നിരക്ഷരർ ആയിരുന്നുവെന്ന വസ്തുത പ്രത്യേകം സ്മരണീയമാണ്. വായ്മൊഴിയായ് "ചൊല്ലിപഠിച്ച" പാട്ടുകൾ, അർത്ഥരാഹിത്യം കൂടാതെ തന്നെ ചൊല്ലി അരങ്ങ് കൊഴുപ്പിക്കുക മാത്രമല്ല; സന്ദർഭാനുസരണം ചില കാവ്യഭാഗങ്ങൾ ചമയ്ക്കുവാൻ പോലും കഴിവുണ്ടായിരുന്ന നിമിഷകവികളും ഇവർക്കിടയിൽ ഉണ്ടായിരുന്നു. അലിഖിതമായ ആ കലാസംസ്കാരം ഇന്നു നമുക്കു കൈമോശം വന്നിരിക്കുകയാണ്. നാടൻകലയെ നമ്മുടെ പൂർവ്വിക സംസ്കാരത്തിന്റെ നിധികളായ്

കാത്തുസൂക്ഷിക്കുകയും ഇന്നും ജീവിച്ചിരിക്കുന്ന ആ രംഗത്തെ പ്രതിഭാശാലകളെ ആദരിക്കുവാനുമായി നാടൻകലാമേളയും അവശകലാകാരന്മാർക്കുള്ള പെൻഷനും അനുവദിച്ചു കൊടുക്കണം. നാടൻകലയുടെ ക്ഷേത്രകലയുടെയും സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി "ഒരു ഫോക്‌ലോർ അക്കാദമി" സ്ഥാപിച്ച് പ്രവർത്തിക്കണം. വാദ്യകലാകാരന്മാരെയും ഈ ഗണത്തിൽ ഉൾക്കൊള്ളിക്കണം. ഉത്സവമേളകളെ ജീവൻ തുടിക്കുന്ന വേദികളാക്കി മാറ്റിയ എത്രയെത്ര മേളവാദ്യ വിദഗ്ധന്മാരാണ്, ഇന്ന് ആരോരുമറിയാതെ വിസ്മൃതിയിലേയ്ക്കാണ്ടുപോയത്. പഞ്ചവാദ്യ രംഗത്തു കോഴിപ്പറമ്പിലെ ഗോപിനാഥനും, നാദസ്വരം, തകിൽ രംഗങ്ങളിൽ സുബ്ബയ്യസെർവെയും, മാണിക്കസെർവെയും അതുല്യമായ സംഭാവന കാഴ്ച വെച്ചവരാണ്.

കാഞ്ഞിരംകുന്നം പണ്ടാരത്തറയിലെ രാമകൃഷ്ണനും സംഘവും പാവക്കൂത്ത് അവതരിപ്പിക്കുന്ന കലാകാരന്മാരാണ്. നമുക്കു നമ്മുടെ ഗ്രാമത്തിന്റെ ഹൃദയത്തുടിപ്പുകൾപോലും തിരിച്ചറിയുവാൻ കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യം വൈകിയ വേളയിലെങ്കിലും മനസ്സിലാക്കി ഉചിതമായ നടപടികൾ സ്വീകരിക്കണം.

കലാസമിതികളും അവയുടെ പ്രവർത്തനമേഖലകളും

ഇന്നു ജീവിക്കുന്നതും, അർദ്ധപ്രാണനോടെ എവിടേയ്ക്കോ മിഴിയൂന്നിനിൽക്കുന്നതും, സ്പന്ദനംപോലും തളർന്നവയും അടക്കം 29 കലാസമിതികളാണ് ഈ രംഗത്തുള്ളത്. മിക്കവാറും ഈ കലാസാംസ്കാരിക സ്ഥാപനങ്ങളെല്ലാം തന്നെ വെറുമൊരു പേരായി, പണ്ട് നടത്തിയ പ്രവർത്തനങ്ങളൊക്കെ മറന്ന് ഒരുതരം മാന്ദ്യം ബാധിച്ചു നിൽക്കുകയാണ്. എന്താണ് ഈ മാന്ദ്യത്തിനു കാരണമെന്ന് ആത്മവിശകലനം നടത്തുന്നതു നന്നായിരിക്കും.

ഒരിക്കൽ കളിയരങ്ങിൽ തിളങ്ങി നിന്ന കൊടുമ്പിലെ അമേച്വർ കലാകാരന്മാർ, ഇന്ന് നിദ്രവിട്ടുണരാത്ത അവസ്ഥയാണ് ദർശിക്കുവാൻ കഴിയുന്നത്. ശിവരാത്രി ദിവസം സജീവമായിത്തീരുന്ന ഗ്രാമാന്തരീക്ഷം_ അവിടെ ജനാവലി, തങ്ങളുടെ ഗ്രാമത്തിലെ കലാകാരന്മാർ ഒരുക്കുന്ന കലാവിരുന്നിൽ പങ്കാളിയാവാൻ ഒരുങ്ങിയെത്തുന്നു. അവരുടെ വൈകാരികമായ ഒരു ആത്മബന്ധം അവിടെ നടക്കുന്ന കലാപരിപാടികളോടും കലാകാരന്മാരോടുമുണ്ടായിരുന്നു. ഇന്നാകട്ടെ ആ സ്ഥിതിയാകെ മാറിയിരിക്കുന്നു. ദൂരദർശനതരംഗങ്ങൾ സൃഷ്ടിച്ച കൊടുങ്കാറ്റിൽപെട്ട് അമേച്വർ നാടകസംഘങ്ങൾ കരിയിലകൾ പോലെ പറന്നടിയുന്ന ദൂരവസ്ഥയാണ് നമുക്കിവിടെയും കാണുവാൻ കഴിയുന്നത്. നാടകങ്ങളുടെ സ്ഥാനത്തു കേബിൾ ടിവി യിലെ ന ചൂടുപകരുന്ന ഇക്കിളിരംഗങ്ങളും തരംതാണ കോ ഇന്ന് ഒരു പകർച്ചവ്യാധിയായിരിക്കുന്നു.

വർഷങ്ങൾക്കുമുൻപ് ഇവിടുത്തെ അനുഗ്രഹീതരാ കലാകാരന്മാർ, മുഖത്തു ചായം വേഷവിധാനങ്ങളണിഞ്ഞ് രംഗപടങ്ങൾ സൃ സങ്കല്പലോകത്തിൽ അഭിനയത്തിന്റെ മിഴിവ് കാ പകർന്നേകിയിരുന്നുവെന്ന് അനുഭവങ്ങൾ വിളംബരം നാടകവേദിയിൽ ചലനങ്ങൾ സൃഷ്ടിച്ച കർ കനാലിലെ ജനശക്തിയും, കാടാങ്കോട്ടെ കവിത യുവശക്തിയും ഇന്നേതാണ്ട് മാന്ദ്യം ബാധിച്ച് വാർന്ന മിഴികളുമായി കാലത്തിന്റെ മുഖത്തേക്കു ചോദ്യചിഹ്നങ്ങൾപോലെ കലാക്ഷേത്രത്തിനു നിൽക്കുന്നു. ക്ലബുകളിൽ പലതും പ്രവർത്തനരഹി സർവ്വേറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ചുവടെ പട്ടിക ഈ യാഥാർത്ഥ്യത്തിലേക്കു വിരൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളതും രജിസ്റ്റർ ചെയ്ത കലാസമിതികൾ ഈ പഞ്ചായത്തിലുണ്ട്. എത്ര എ കൃത്യമായി പറയുവാൻ വേണ്ട രേഖകൾ ലഭിച്ച വസ്തുതതന്നെ ഈ രംഗത്തോട് യുവതലമുറ മനം മടുപ്പിന്റെയോ ഉദാസീനതയുടെയോ സാക്ഷ്യപ

ഇപ്പോഴും ഈ രംഗത്ത് മിഴിവേകുന്ന കലാസമിതികളിലൊന്നാണ് നഗരത്തിന്റെ നിന്നൊഴിഞ്ഞു നിൽക്കുന്ന അയ്യപ്പൻകാവിലെ കലാസമിതി & റീഡിംഗ്റൂം. വിപുലമായ ഓ പരിപാടികളുടെ ഭാഗമായി കലാകായിക മ നടത്തുന്ന ഈ കലാസമിതിയിലെ പ്രതിഭാ കൊടുമ്പിന്റെ സാംസ്കാരിക രംഗങ്ങളിൽ പങ്കാളിത്തം കാഴ്ച വെച്ചിട്ടുണ്ട്. കേരളോൽ സംസ്ഥാനതലമത്സരത്തിൽ ഏറ്റവും നല്ല തിരഞ്ഞെടുക്കപ്പെട്ടത്, പുഷ്പകകലാസമി സുരേന്ദ്രനായിരുന്നു. 1993-94ൽ സം കേരളോത്സവത്തിൽ സംസ്ഥാന കായികപ്രത രാജീവ്ഗാന്ധി സ്വർണ്ണ മെഡൽ ലഭിച്ചത് തിരു ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബിലെ കുമാരി ച

കലാസമിതികളുടെ ഒരു സമന്വയം ഈ രംഗത്തി ഇവയുടെ പ്രവർത്തനരാഹിത്യത്തിനു കാരണമായ പഞ്ചായത്ത് തലത്തിൽ വളർന്നു വരുന്ന പ കണ്ടെത്തുവാനായി സാഹിത്യശില്പശാലകളും നാടക സംഘടിപ്പിക്കണം. എങ്കിൽ മാത്രമേ ഈ രംഗ നവജീവൻ പകരുവാൻ കഴിയൂ. ശിഥിലീ ആരോഗ്യദായകമായ ഏകീകരണവും കൂട്ടായ്മയു രംഗത്തു ഉണ്ടാകേണ്ടിയിരിക്കുന്നത്. പ്രൊ

## നിലവിലുള്ള കലാസംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ഏതു സ്ഥാപനത്തിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. | പ്രവർത്തനത്തിന്റെ ലഘുവിവരം | ധനസഹായത്തിന്റെ വിവരം |
|---|---|---|---|---|---|---|---|
| 1. | മുരുകൻ പഠിപ്പകം, കൊടുമ്പ്. | ..... | 85 | സ്വന്തം | | വായനാശീലം | ഇല്ല. |
| 2. | മക്കൾ പഠിപ്പകം, കൊടുമ്പ് | ..... | 90 | സ്വന്തം | | ഗ്രന്ഥശാലാ | ഇല്ല. |
| 3. | വിഗ്നേശ്വര, കൊടുമ്പ് | 1993 | 20 | ..... | ..... | ..... | ഇല്ല. |
| 4. | ചാലഞ്ചേഴ്സ് , കാഞ്ഞിരംകുന്നം | 1993 | 22 | ..... | ..... | ഫുട്ബാൾ, അത്ലറ്റ് | ഇല്ല. |
| 5. | യുവചൈതന്യ ആർട്സ് & സ്പോർട്സ് ഊറപാടം | " | 35 | ..... | ..... | കബഡി ടൂർണമെൻറ് | ഇല്ല. |
| 6. | ഫ്രീഡം ഫൈറ്റേഴ്സ്, ചേപ്പിലം തിട്ട | 1990 | 30 | ഇല്ല | ..... | ..... | ഇല്ല. |
| 7. | യുവചൈതന്യ,, ഓലശ്ശേരി | " | 26 | ഇല്ല | ..... | ഫുട്ബാൾ,ആർട്സ് | ഇല്ല. |
| 8. | യുവജനകലാസമിതി, ഓലശ്ശേരി | ..... | 25 | വാടക | ..... | ഫുട്ബാൾ,ആർട്സ് | ഇല്ല |
| 9. | ഗാന്ധി സ്മാരക വായന ശാല, കൊടുമ്പ് | 1980 | 36 | സ്വന്തം | റജിസ്റ്റേർഡ് | റീഡിംഗ് റൂം, കാരംസ് | ഉണ്ട് |
| 10. | യൂത്ത് ക്ലബ്ബ്, കൊടുമ്പ് | 1980 | 16 | സ്വന്തം | റജിസ്റ്റേർഡ് നെഹ്റുയുവകേന്ദ്ര | ആർട്സ് & സ്പോർട്സ് | ഉണ്ട് |
| 11. | ഭഗവതി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, തിരുവാലത്തൂർ | 1990 | 32 | സ്വന്തം | ..... | കലാകായികരംഗം | ഉണ്ട് |
| 12. | തിരുവാലത്തൂർ ആർട്സ് & സ്പോർട്സ് ക്ലബ്ബ് (TASC) | 193/92 | 65 | ..... | രജിസ്റ്റേർഡ് | ഫുട്ബാൾ, കബഡി,വോളിബാൾ, ബാറ്റ്മിൻറൺ, അത്ലറ്റിക്സ്, ആർട്സ്, ഫുട്ബാൾ ടൂർണമെൻറ് | ..... |
| 13. | പുഷ്പക കലാ സമിതി & റീഡിംഗ് റൂം, അയ്യപ്പൻകാവ് | 1986 | 60 | സ്വന്തം | രജിസ്റ്റേർഡ് | ഫുട്ബാൾ, കബഡി,വോളിബാൾ, ബാറ്റ്മിൻറൺ, അത്ലറ്റിക്സ്,ആർട്സ്, ഫുട്ബാൾ ടൂർണമെൻറ് | ഉണ്ട് |
| 14. | റെഡ് സ്റ്റാർ, കല്ലിങ്കൽ | ..... | 18 | വാടക | ..... | വോളിബാൾ, അത്ലറ്റിക്സ് | ..... |
| 15. | പ്രിയദർശിനി,കല്ലിങ്കൽ | ..... | 35 | ..... | ..... | ..... | ..... |
| 16. | ജനശക്തി, കനാൽ | 1980 | 60 | സ്വന്തം | ..... | നാടകം, ഫുട്ബാൾ | ..... |
| 17. | പ്രണവം ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കൊണ്ടിൽത്തറ | ..... | 22 | ..... | ..... | ..... | ..... |
| 18. | ഓലശ്ശേരി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ഓലശ്ശേരി | ..... | 26 | ..... | ..... | ഫുട്ബാൾ, കല | ..... |
| 19. | ബ്ലൂ സ്റ്റാർ, നെല്ലിക്കാട് | ..... | 28 | ..... | ..... | ..... | ..... |
| 20. | ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, അമ്പലപ്പറമ്പ് | ..... | 30 | ..... | ..... | ..... | ..... |
| 21. | യുവരശ്മി,തെയ്യംകുന്നം | ..... | 30 | ..... | ..... | ..... | ..... |
| 22. | ഉദയാ വായനശാല,ചെറുപാടം | ..... | 15 | ..... | ..... | ..... | ..... |
| 23. | എ.കെ.ജി. വായനശാല, നെല്ലിയംപാടം | ..... | 36 | ..... | ..... | ..... | ..... |
| 24. | പാലയംകോട് റീഡിംഗ് റൂം & ലൈബ്രറി | 1963 | 85 | ..... | ലൈബ്രറി കൗൺസിൽ | ..... | ..... |
| 25. | അംബേദ്കർ ആർട്സ് ക്ലബ്ബ്, പൂതൻകോട് | ..... | 26 | ..... | ..... | ..... | ..... |
| 26. | മാണിക്കൻ ആർട്സ് & സ്പോർട്സ് ക്ലബ്,കണ്ടൻകോട് | ..... | 30 | ..... | ..... | ..... | ..... |
| 27. | ചിന്താ യുവശക്തി, കാടംകോട് | ..... | 150 | ..... | ..... | ..... | ..... |
| 28. | കവിതാ, കാടംകോട് | ..... | 125 | സ്വന്തം | ..... | നാടകാവതരണം | ..... |
| 29. | ഫ്ലെയിം, കാടംകോട് | ..... | 26 | ..... | ഖോ_ഖോ ജില്ലാ കമ്മിറ്റി | ഖോ_ഖോ | ഉണ്ട് |

നാടകങ്ങളിലെ ചെലവുകൂടിയ സാങ്കേതികത്വവും ശബ്ദപ്പൊലിമയും പ്രകാശവിന്യാസവും ഇന്നത്തെ നാടകാസ്വാദനമേഖലയുടെ സംവേദനക്ഷമത തന്നെ തകരാറിലായിരിക്കുന്നു. ഈ അവസ്ഥാ വിശേഷത്തിൽനിന്ന് കലാമൂല്യവും ചിന്താശക്തിയുടെ വിശാലമായ മേഖലകളെ വികസിപ്പിക്കുന്നതുമായ അമേച്വർ കലാവേദിയെ എങ്ങിനെ രക്ഷിക്കാമെന്ന് നാം ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു. ഭാവനയുടെ സീമകളെ വിസ്തൃതമാക്കുന്ന നാടകീയഭാവാവിഷ്കാരങ്ങൾക്കു മുൻതൂക്കം നൽകുന്ന നാടകസംസ്കാരമാണ് നാമിനി വളർത്തിയെടുക്കേണ്ടത്. ആത്മാവ് ശുഷ്കമായ പ്രൊഫഷണൽ നാടകവേദിയെയും കമ്പോളവൽക്കരിക്കപ്പെട്ട ടി.വി. സീരിയലുകളെയും ബോധമണ്ഡലത്തിൽ നിന്നും അകറ്റിനിർത്തി നമുക്കു ശക്തവും ഉജ്ജ്വലവുമായ ഒരു കലാസംസ്കാരത്തിന്റെ ദീപശിഖക്കു അഗ്നി പകരാം.

**കളിക്കളം**

കേരളത്തിന്റെ കായികഭൂപടത്തിൽ ശ്രദ്ധേയമായ ഒരു സ്ഥാനമാണ് ഈ പഞ്ചായത്തിന്റേത്. സംസ്ഥാന ദേശീയതലങ്ങളിൽ വളരെയേറെ സംഭാവനകൾ നൽകിയ കായികതാരങ്ങൾ ഈ രംഗത്തുണ്ട്. കാടാങ്കോട് ഫ്ലെയിം സ്പോർട്ട്സ് ക്ലബ് കഴിഞ്ഞ പത്തു വർഷമായി ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നുണ്ട്. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (SAI) സ്കോളർഷിപ്പ് ലഭിക്കുന്ന കേരളത്തിലെ നൂറുകായികതാരങ്ങളിൽ 25 പേർ ഈ പഞ്ചായത്തിനെ പ്രതിനിധാനം ചെയ്യുന്നുവെന്നത് അഭിമാനാർഹമായ നേട്ടമാണ്. ഖോ-ഖോ രംഗത്തു ഏറ്റവും നല്ല കളിക്കാരിയായി തെരഞ്ഞെടുക്കപ്പെട്ട കുമാരി സി.പ്രജിതയും കുമാരി കെ.അനിതയും ഈ രംഗത്തെ പ്രതിഭകളാണ്. നിരവധി വിദ്യാർത്ഥികൾക്കു സ്പോർട്സ് കാട്ടയിലൂടെ ഉന്നതവിദ്യാഭ്യാസ രംഗത്തേക്കു പ്രവേശിക്കുവാൻ ഈ കായികരംഗം വഴിയൊരുക്കിയിട്ടുണ്ട്. കായികാധ്യാപകനായ കെ.ഭാസ്കരൻ, മണികണ്ഠൻ, ശെൽവൻ, പ്രസാദ് തുടങ്ങിയവർ ഖോ-ഖോ രംഗത്തിന് മികച്ച സംഭാവനകൾ നൽകിയവരാണ്. 1992-ലെ സംസ്ഥാന ഖോ-ഖോ-ചാമ്പ്യൻഷിപ്പ് കാടങ്കോട്ടെ, സ്വകാര്യഹൗസിംഗ് പ്ലോട്ടിലാണ് നടന്നത്. ഈ കായികരൂപത്തിന് പൊതുജനങ്ങളിൽ നിന്നോ, സർക്കാരിൽ നിന്നോ ഇതരകായികമേഖലക്കു നൽകുന്ന പ്രോത്സാഹനം ലഭിക്കുന്നില്ല. പാലക്കാട് ജില്ലയ്ക്കനുവദിച്ച രണ്ട് കോച്ചിംഗ് സെന്ററുകളിൽ ഒന്നുപോലും കാടാങ്കോട്ടിനു ലഭിക്കാതെ പോയത്, നിർദ്ദിഷ്ടമായ ഒരു സ്ഥലം ചൂണ്ടിക്കാണിക്കാനില്ലാത്തതുകൊണ്ടാണ്. ആ കുറവു നികത്തുവാനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്താൽ വിവിധ കായികമേഖലകളുടെ പോഷണത്തിനായ് കോച്ചിംഗ് സെന്ററുകൾ അനുവദിച്ചു കിട്ടും.

തിരുവാലത്തൂർ ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് (TASC) എന്നറിയപ്പെടുന്ന സംഘടന കഴിഞ്ഞ പത്തു വർഷങ്ങൾക്കിടയിൽ ഈ മേഖലയിൽ സജീവ പങ്കാളിത്തം പുലർത്തിക്കൊണ്ടുവരുന്നു. ക്ലബിന്റെ ആഭിമുഖ്യത്തിൽ കെ.എൻ.ഗോപാൽ-കെ.സി. കൃഷ്ണൻ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റ് നല്ല നിലയിൽത്തന്നെ മറ്റു ക്ലബ്ബുകളെ പങ്കെടുപ്പിച്ച് നടത്തിവരുന്നു. കേരളോൽസവത്തിൽ തുടർച്ചയായി രണ്ടുതവണ ഈ ക്ലബ് കലാകായികരംഗങ്ങളിൽ ഓവറാൾ കിരീടം കരസ്ഥമാക്കി. ക്ലബ്ബംഗമായ പി.കണ്ണദാസ് സംസ്ഥാനതലമത്സരത്തിൽ പുരസ്കാരം നേടി.

ഊറപ്പാടത്തെ യുവചൈതന്യ ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് കബഡി രംഗത്തു തനതായ വ്യക്തി മുദ്രപതിപ്പിച്ചിട്ടുണ്ട്. ക്ലബിന്റെ ആഭിമുഖ്യത്തിൽ മൂന്നുവർഷമായി പഞ്ചായത്ത്തല കബഡിമത്സരം നടത്തിവരുന്നു.

കാറ്റിൽ റേസ് ക്ലബിന്റെ അംഗങ്ങളും ഈ പഞ്ചായത്തിലുണ്ട്. 1978ൽ ആൾ ഇന്ത്യാ കാറ്റിൽ റേസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടന്ന ആയിരം മീറ്റർ കാളവണ്ടി ഓട്ടമത്സരത്തിൽ തിരുവാലത്തൂരിലെ കെ.കെ.ഹരിഹരനാഥൻ ഒന്നാം സമ്മാനമായ റോളിംഗ് ട്രോഫിയും ആയിരം രൂപയും നേടി.

**കേരളോത്സവം**

പഞ്ചായത്ത്തലത്തിൽ നടത്തുന്ന കേരളോത്സവം ഒരുപരിധിവരെയെങ്കിലും ഈ രണ്ടു രംഗങ്ങളിലുമുള്ള പ്രതിഭകൾക്കു അംഗീകാരം നൽകി ആദരിക്കുവാൻ ഉപകരിച്ചിട്ടുണ്ട്. എങ്കിലും സ്ഥിരം സർക്കാർ പരിപാടികളുടെ നിരുത്തരവാദിത്വവും അലസതയും പ്രചരണക്കുറവും ഈ രംഗത്തിന്റെ ഒരു ന്യൂനതയാണ്. വളരെ തുച്ഛമായ ഒരു സംഖ്യയാണ് ഈ മേള നടത്തുവാൻ പഞ്ചായത്തിനായ് മാറ്റിവെയ്ക്കപ്പെട്ടിരിക്കുന്നത്. ഇതെല്ലാം കേരളോത്സവത്തിന്റെ നിറപ്പകിട്ട് ചോർന്നുപോകാൻ സാഹചര്യം ഒരുക്കുന്നു.

പഞ്ചായത്തുകൾക്ക് കൂടുതൽ തുക അനുവദിച്ച് ഉത്സവകാലമായ ഓണക്കാലത്ത് കേരളോത്സവം സംഘടിപ്പിച്ചാൽ കൂടുതൽ ആവേശം പകരുവാൻ സാധിക്കും.

നിർദ്ദേശങ്ങൾ

1. സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള തിരുവാലത്തൂർ ക്ഷേത്രത്തോടനുബന്ധിച്ച് ക്ഷേത്രകലകൾ പരിപോഷിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന ഒരു "ഫോക്‌ലോർ അക്കാദമി" രൂപികരിക്കുക.

a) ക്ഷേത്രകലകളുടെ പരിശീലനത്തിനായി ഒരു കലാപീഠം സ്ഥാപിക്കുക.

b) നാടൻ പാട്ടുകൾ, കലാരൂപങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകുകയും കലാകാരന്മാരെ ആദരിക്കുന്ന ചടങ്ങുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

c) വർഷംതോറും ക്ഷേത്ര കലാമേളയും നാടൻ കലോത്സവവും സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുക.

d) ഒരു പൊതു ഗ്രന്ഥശാലക്ക് രൂപം നൽകുകയും നല്ല പുസ്തകങ്ങൾ വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

2. അക്ഷരനഗറിലെ മിച്ചഭൂമിയിൽ ഒരു ചിൽഡ്രൻസ് പാർക്കും ചിൽഡ്രൻസ് ലൈബ്രറിയും ചിൽഡ്രൻസ് ആർട്ട് സെൻറ്ററും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

3. കായിക താരങ്ങളുടെ പരിശീലനത്തിനായി കോൽക്കാട്ടിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുകയും സംസ്ഥാന തലത്തിൽ കോച്ചിങ്ങ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഒരു ജിംനേഷ്യം സ്ഥാപിക്കുകയും ചെയ്യുക, അതോടനുബന്ധിച്ച് വിശ്രമമന്ദിരവും സ്ഥിരം കോച്ചിങ്ങ് ക്യാമ്പും സ്ഥാപിക്കുക.

4. അമച്വർ നാടകങ്ങളും മറ്റു കലാ പരിപാടികളും അവതരിപ്പിക്കാനുതകുന്ന ഒരു ഓപ്പൺ എയർ ആഡിറ്റോറിയം സ്ഥാപിക്കുക.

5. കലാ സമിതികളുടെ ഒരു കോർഡിനേഷൻ കമ്മിറ്റി, സാംസ്ക്കാരിക നിലയം കേന്ദ്രമാക്കി സ്ഥാപിക്കുക, നാടകക്കളരി, സർഗസാഹിത്യ ശിൽപ്പശാല, കലാ സാഹിത്യ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാൻ ശ്രമങ്ങൾ നടത്തുകയും ചെയ്യുക.

6. ഒരു ഫൈൻ ആർട്സ് സൊസൈറ്റിയും ഫിലിം സൊസൈറ്റിയും രൂപീകരിക്കുക.

7. മദ്യം, മയക്കുമരുന്ന്, എയ്ഡ്സ് തുടങ്ങിയ സാമൂഹ്യ വിപത്തുകൾക്കെതിരെ ബോധവൽക്കരണ സെമിനാറുകളും കലാ മൽസരങ്ങളും സംഘടിപ്പിക്കുക.

8. പൗരാണിക പരിവേഷമുള്ള തിരുവാലത്തൂർ ക്ഷേത്രത്തിന്നരികിൽ ചെക്ക്ഡാം നിർമ്മിക്കുകയാണെങ്കിൽ ശോകനാശിനിയിലെ ജലവിതാനം ഉയരുകയും അവിടം ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുകയും ചെയ്യാം.

a) കളിവള്ളങ്ങളും ബോട്ടുയാത്രകളും കൊണ്ട് ജലപ്പരപ്പ് ആകർഷകമാക്കാം.

b) നദീ തീരത്ത് ഇതിഹാസങ്ങളിലേയും ചരിത്ര കഥകളിലെയും അവിസ്മരണീയ മുഹൂർത്തങ്ങൾ ആലേഖനംചെയ്ത ഒരു ചിത്രഗ്യാലറിയും ശിൽപ്പഗ്യാലറിയും സ്പോൺസർ പ്രോഗ്രാമിലൂടെ സംഘടിപ്പിക്കുക യാണെങ്കിൽ വിനോദസഞ്ചാരികളുടെ ആകർഷണ കേന്ദ്രമായിമാറും.

c) മനോഹരമായ ഒരു പൂങ്കാവനവും നാശോന്മുഖമായ ഔഷധ സസ്യങ്ങളുടെ ഉദ്യാനവും നിർമ്മിക്കുക.

d) നദിയുടെ ഇരു തീരങ്ങളിലായി ചിത്ര ശിൽപ്പ കലാകാരന്മാരുടെ ഗ്രാമവും സാഹിത്യ കാരന്മാരുടെ സർഗസാധനാഗ്രാമവും ആസൂത്രണം ചെയ്താൽ ഇവിടം അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രശസ്തമായിത്തീരും. വർഷത്തിൽ ഒരിക്കൽ ഭാരതീയ സാഹിത്യ കാരൻമാരുടെയും ചിത്ര കാരന്മാരുടെയും സാംസ്കാരിക വിനിമയ മേള സംഘടിപ്പിച്ചാൽ ഇത് വഴി ദേശിയോദ്ഗ്രഥന ലക്ഷ്യം നേടാനും ഭാരതത്തെ തിരിച്ചറിയുവാനുള്ള കർമ്മപദ്ധതികൾക്ക് കളമൊരുക്കുകയും ചെയ്യാം.

9. വായനാശീലം കുറഞ്ഞുവരുന്ന ഈ കാലയളവിൽ പ്രത്യേകിച്ച് സ്ത്രീകൾക്കുവേണ്ടി ഒരു ഹോം ലൈബ്രറി പദ്ധതി ആവിഷ്ക്കരിച്ച് നല്ല പുസ്തകങ്ങൾ വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുക.

**വിനോദ സഞ്ചാരം _ സാധ്യതകൾ**

പശ്ചിമഘട്ടത്തിലെ മലയാള മണ്ണിലേക്കുള്ള കവാടം തെൻമലയും വടമലയും ചേർന്ന് സൃഷ്ടിച്ച വലിയ കൽമതിലിനകത്ത് സ്വച്ഛമായൊഴുകുന്ന ഭാരതപ്പുഴയുടെ ഈ തീരം, പച്ച നെൽപ്പാടങ്ങളും കരിമ്പനകളും കൊണ്ട് സമൃദ്ധമാണ്. പ്രകൃതി കനിഞ്ഞരുളിയ സൗന്ദര്യമത്രയും ചോർന്നുപോകാതെ ഇന്നും നിലനിൽക്കുന്നു. ഗ്രാമത്തനിമയും സംസ്ക്കാരവും പഴമയുടെ ഓർമ്മക്കുറിപ്പുകളായി അവശേഷിക്കുന്നു.

മലയാള സാഹിത്യത്തിന്റെ കളിത്തൊട്ടിലായ ഭാരതപ്പുഴ, ഇരുകരകളിലുമായി ഭാഷയുടെ വിവിധ മേഖലകളിൽ ലബ്ധ പ്രതിഷ്ഠരായ സർഗാത്മക പ്രതിഭകൾക്ക് ജന്മം നൽകുകയോ തണലേകുകയോ ചെയ്തിട്ടുണ്ട്.

ആനമലയിൽ നിന്ന് തുടങ്ങുന്ന ഭാരതപ്പുഴയുടെ പ്രയാണം ശോകനാശിനിയായി പ്രകൃതിയുടെ സർവാനുഗ്രഹങ്ങളോടെ ഈ ഗ്രാമ ഭൂമിയിലൂടെ തുടരുന്നു. ഇപ്പോൾ വർഷത്തിൽ ഏറിയകൂറും ശോഷിച്ച ശരീരത്തോടെയാണ് പുഴ ഒഴുകുന്നത്. കാലവർഷം തുടങ്ങുമ്പോൾ പുഴ പഴയ ആരോഗ്യം വീണ്ടെടുക്കുന്നു. മഴ ഒഴിയുന്നതോടെ ശുഷ്കമായ ശരീരത്തിലെ എല്ലുകൾപോലെ വികൃതമായ പുൽത്തിട്ടകളും മണൽ വാരിയെടുത്ത കുഴികളും പുഴയെ ഒരു പേക്കോലമാക്കുന്നു.

ശോകനാശിനിക്ക് കുറുകെ, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ചെക്ക് ഡാം പുഴയുടെ ഇന്നത്തെ ശോചനീയാവസ്ഥക്ക് ഏറെ മാറ്റം വരുത്താൻ സഹായകമാകും. നിർദ്ദിഷ്ട ചെക്ക്ഡാം വരുന്നതോടെ പുഴ ഇന്നത്തെ ദാരിദ്ര്യം കൈവിട്ട് ഇരു കരകളിലും കൈയെത്തിപ്പിടിച്ച് മുന്നോട്ടൊഴുകാൻ തുടങ്ങും. ജല ദൗർലഭ്യത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ ഇതുവഴി സാധിക്കും. ജലസേചനത്തിനുള്ള സാഹചര്യം കൃഷിയുടെ സാധ്യതകൾ വർദ്ധിപ്പിക്കാനും അതുവഴി സമൃദ്ധിയിലേക്ക് വഴി തെളിയിക്കാനും ഉതകുന്നു.

സ്വതേ പ്രകൃതി സുന്ദരമാണ് ഈ തീരഭൂമി. ഗതകാല സ്മരണകളിൽ മൂടിപ്പുതച്ച്കിടക്കുന്ന തിരുവാലത്തൂർ രണ്ടുമൂർത്തിക്ഷേത്രം നിർദ്ദിഷ്ട ചെക്ക്ഡാമിനോട് ചേർന്ന് സ്ഥിതിചെയ്യുന്നു. ചെക്ക്ഡാം വരുന്നതോടെ ഉയരുന്ന ജലനിരപ്പ് ഇരു കരകളിലുമായി ഉയർന്നു നിൽക്കുന്ന പാറക്കെട്ടുകളെ ടൂറിസത്തിന്റെ അനന്ത സാധ്യതകളിലേക്ക് ഉയർത്തും. പാഴായി കിടക്കുന്ന ഏറെ തരിശുഭൂമി ഇരു കരകളിലുമുണ്ട്. പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ടതെന്ന് ഐതിഹ്യത്തിൽ പ്രതിപാദിക്കപ്പെടുന്ന തിരുവാലത്തൂർ ദുർഗ്ഗാ ക്ഷേത്രത്തോട് ചേർന്ന് ശോകനാശിനിയുടെ ഇരു കരകളിലുമായി സാംസ്കാരിക വിനിമയത്തിനും, സർഗ്ഗ സംവാദങ്ങൾക്കുമായി വേദികൾ ഒരുക്കി യെടുക്കാവുന്നതാണ്.

നദിയുടെ ഒരു വശത്ത് കരയോടു ചേർന്ന് ശിൽപ്പ ചിത്ര പ്രദർശനങ്ങൾക്കായി ഒരു കലാഗ്രാമം _ ചരിത്രേതിഹാസങ്ങളുടെ വിസ്മയങ്ങൾ സർഗസൃഷ്ടികളുടെ ഭാഷയിൽ വരുംതലമുറക്ക് വിജ്ഞാനത്തിന്നും വിനോദത്തിനും ഉതകുന്ന രീതിയിൽ പ്രദർശിപ്പിക്കാവുന്നതാണ്. ദേശീയാന്തർദേശീയ രംഗത്തെ പ്രശസ്തരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ശിൽപ്പശാല നടത്തിയശേഷം ലഭിക്കുന്ന സൃഷ്ടികൾ ഈ ആവശ്യത്തിനായി ഉപയോഗിക്കാം. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട പുറമെ നിന്നുള്ള ശിൽപ്പങ്ങളും ചിത്രങ്ങളും കൂടി ഉൾപ്പെടുത്തി ശേഖരം വിപുലമാക്കാം. സർഗ്ഗസംവാദത്തിനും സാംസ്ക്കാരിക വിനിമയത്തിനും ഉതകുന്ന ഇത്തരം ഒരു വേദി നഗരത്തിന്റെ പുകപടലങ്ങളിൽ നിന്ന് വിട്ടുമാറി, എന്നാൽ ഏറെ ദൂരെയല്ലാതെ സ്ഥിതി ചെയ്യുന്ന ഈ കൊച്ചു ഗ്രാമത്തിന് ഒരു സായൂജ്യമാകുകതന്നെചെയ്യും ഈ വേദി സ്ഥിരമായി സാംസ്കാരിക സമന്വയത്തിനുതകുന്ന രീതിയിൽ സർക്കാർ, അർദ്ധ_സർക്കാർ സ്ഥാപനങ്ങൾ, സമാനസ്വഭാവമുള്ള സാംസ്കാരിക സംഘടനകൾ എന്നിവയെ ഉൾപ്പെടുത്തി സെമിനാറുകളും ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്താവുന്നതാണ്. എല്ലാ പ്രാഥമിക സൗകര്യങ്ങളോടും കൂടിയ പർണ്ണശാലകൾ താമസസൗകര്യത്തിനായി ഒരുക്കണം. ഒന്നിച്ചു കൂടുന്നതിനായി ഓഡിറ്റോറിയവും പ്രകൃതി ഭംഗിയിൽ ഒട്ടും കുറവ് വരാതെ തീർക്കാവുന്നതാണ്. ബേക്കർ മാതൃകയിലുള്ള വാസ്തു ശിൽപ്പങ്ങൾ ഇത്തരുണത്തിൽ സ്മരണീയമാണ്.

നിറഞ്ഞു നിൽക്കുന്ന ശോകനാശിനിയായ പുഴയുടെ നടുവിൽ പ്രകൃതി ദൃശ്യങ്ങളോടിണങ്ങുന്ന രീതിയിൽ ഒരു തുരുത്തിൽ മഴുവേന്തി നിൽക്കുന്ന പരശുരാമന്റെ ശിൽപ്പം തീർക്കാവുന്നതാണ്. തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന തിരുവാലത്തൂർ ക്ഷേത്ര പുരാണവുമായി അഭേദ്യ ബന്ധമുള്ള കഥാപാത്രമാണല്ലോ പരശുരാമൻ. സർഗ്ഗ ചൈതന്യം വിളയുന്ന തീരത്തുനിന്ന് സായൂജ്യമടയുന്നവരിൽ ഈ കരിങ്കൽ ശിൽപ്പവും ഭാഗഭാക്കാവും. സമാന സ്വഭാവമുള്ള മറു കരയിലും സാഹിത്യാദി കലകൾക്കായി പർണ്ണശാലകളുടെ രീതിയിൽ തീർത്ത ചെറിയ കുടിലുകൾ ഉൾക്കൊള്ളുന്ന ഒരു സമുച്ചയം പണിതുയർത്താവുന്നതാണ്. കലാദേവിയുടെ കൈകരങ്ങൾ പോലെ

ചിത്ര ശിൽപ്പ രംഗവും സാഹിത്യാദി കലകളും ഇരു കരകളേയും ധന്യമാക്കും. നേരത്തേ പറഞ്ഞതുപോലെ സാഹിത്യ അക്കാദമി, മറ്റു സർക്കാർ ഇതര സംഘടനകളുമായി ചേർന്ന് സംവാദം, ചർച്ചാ ക്ളാസുകൾ, പഠന ക്യാമ്പുകൾ എന്നിവകൊണ്ട് സർഗ്ഗാത്മകതയുടെ സജീവ സാന്നിദ്ധ്യം നിലനിർത്താം.

ചെക്ക് ഡാം വരുന്നതോടെ ഉയരുന്ന ജലപ്പരപ്പിൽ കളിവള്ളങ്ങളും ബോട്ടുകളും വിനോദയാത്രയ്ക്കായി ഉപയോഗിക്കാം. പ്രകൃതി വരദാനമായി ഇരു കരകളിലും തീർത്ത ദൃശ്യ ഭംഗി ആസ്വദിക്കാൻ ഇതു സഹായകമാകും. ഫലഭൂയിഷ്ടമായ നദീ തീരത്ത് ഔഷധ സസ്യങ്ങൾ വെച്ചു പിടിപ്പിക്കാനുള്ള ഒരു ബൃഹദ് പദ്ധതിക്ക് രൂപം നൽകാവുന്നതാണ്. താൽക്കാലികമായി തിരിച്ചു നൽകുന്ന ഭൂമിയിൽ വിദഗ്ദ്ധ മേൽനോട്ടത്തിൽ അപൂർവമായ പച്ച മരുന്നുകൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതോടെ തൊഴിൽ സാദ്ധ്യതയും വർദ്ധിക്കുന്നു. ഒപ്പം മറവിയുടെ അകത്തളങ്ങളിലേക്ക് ഒതുങ്ങിക്കൂടിയ ഒരു കാലത്ത് കേരളീയ ജീവിത രീതിയുടെ സത്തയും ആത്മാവുമായിരുന്ന ആയൂർവേദ ഔഷധങ്ങളേക്കുറിച്ച് സാമാന്യ ജനങ്ങുടെ അറിവ് പുഷ്കലമാക്കാൻ ഈ ഉദ്യമം സഹായകമാകും..

കേരളത്തിലെ പ്രധാന വ്യവസായ മേഖലയായി വളർന്നുവരുന്ന കഞ്ചിക്കോടിനോട് ചേർന്നുകിടക്കുന്ന പ്രദേശമാകയാൽ ഒരു ഒഴിവുകാല വിനോദ കേന്ദ്രമെന്ന നിലയിൽ ശ്രദ്ധയാകർഷിക്കാൻ ഈ പ്രദേശത്തിന് ഏറെ സമയം വേണ്ടിവരില്ല. വിദേശകമ്പനികൾ അടക്കമുള്ള പ്രമുഖ വ്യവസായ ശൃംഖലകൾക്കും മറ്റും പ്രാതിനിധ്യമുള്ളതിനാൽ, ഏറെ ദൂരത്തല്ലാതെ ഇത്തരം ഒരു വിശ്രമ വിജ്ഞാന വിനോദ കേന്ദ്രത്തിന്റെ പ്രസക്തി വളരെ വലുതാണ്. ഇത്തരം വ്യവസായ ശൃംഖലകളുടെ സഹകരണത്തോടെ ഏറെ വികസനം പിന്നീട് സാധ്യമാക്കാവുന്നതാണ്. ഇതിനുള്ള ഒരു ഒതുക്കുകല്ലായി, സർക്കാർ തലത്തിൽ നീക്കങ്ങളുണ്ടായാൽ വിനോദ സഞ്ചാര ഭൂപടത്തിലെ ഒരു നാഴിക കല്ലായി ഈ പ്രദേശം മാറുമെന്നത് നിസ്തർക്കമായ വസ്തുതയാണ്. ഓറഞ്ച് _ തേയിലത്തോട്ടങ്ങൾ സമൃദ്ധമായി നിറയുന്ന നെല്ലിയാമ്പതി മലകൾ, മലമ്പുഴ ഡാം, ചരിത്രമുറങ്ങുന്ന ടിപ്പുവിന്റെ കോട്ട, മീങ്കരഡാം, വാളയാർ ഡിയർ പാർക്ക് എന്നീ സമീപസ്ഥ പ്രദേശങ്ങൾ സംയോജിപ്പിച്ച് ഒരു വിനോദ സഞ്ചാര ശൃംഖലയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

കേരളത്തിന്റെ സമകാലീന സാഹിത്യ കലാദികളുടെ അമ്മയെന്ന് വിശേഷിപ്പിക്കാവുന്ന ഭാരതപുഴയുടെ മൂലാധാരമാണ് ശോകനാശിനിയായി ആനമലയിൽനിന്നും ഒഴുകിയിറങ്ങിയെത്തുന്നത്. കലയുടെ കേളികൊട്ടും പദചലനങ്ങളും ഉണർത്തു പാട്ടും പുഴയിൽ പുതിയ ഉറവകൾ തീർക്കട്ടെ. കാറ്റിൽ വിറതുള്ളുന്ന കരിമ്പനക്കു കീഴെ ഇത്തിരി ത്തണലിൽ വിശ്രമിക്കുന്ന കർഷകനും, സൂര്യനുണരും മുമ്പേ തെളിഞ്ഞ പുഴനീരിൽ മുങ്ങിനിവരുന്ന ശുദ്ധഹൃദയരായ ഗ്രാമീണരും ദൃശ്യവിസ്മയങ്ങളാകുന്നു. ഈ ഗ്രാമത്തിന്റെ സൗഭാഗ്യങ്ങൾക്കായി ഒരു മുന്നേറ്റം ആവശ്യമാണ്. പ്രക്ഷുബ്ധമായ മനുഷ്യ മനസ്സുകളിൽ സാന്ത്വനത്തിന്റെ ഇളം കാറ്റു നിറയ്ക്കാൻ, പ്രചണ്ഡമായ അന്തരീക്ഷത്തിലേക്ക് ഒരു നിശ്വാസമായി പെയ്തിറങ്ങാൻ, ഗ്രാമങ്ങളെ ഒരുക്കിയെടുക്കുന്ന പ്രക്രിയക്ക് എളിയ ശ്രമങ്ങൾ നമുക്കാരംഭിക്കാം.





# 9. വനിത

സാമൂഹ്യ പരിഷ്ക്കരണത്തിൽ സ്ത്രീകൾക്കുള്ള പങ്കും, നേതൃത്വവും അംഗീകരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ ഇന്നത്തെ സ്ഥിതി, സ്വന്തം ഗാർഹികാന്തരീക്ഷത്തിൽ ഒതുങ്ങിക്കൂടുകയെന്ന പ്രവണതയിൽ കുടുങ്ങിക്കിടക്കുന്നു. എന്നാൽ ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള ദരിദ്ര ഇടത്തരം വിഭാഗത്തിൽ പ്പെട്ടവർ കാർഷിക തൊഴിലുമായി ബന്ധപ്പെട്ട സംഘടനയിലൂടെ സംഘബോധവും, അവകാശബോധവും, സാമൂഹ്യബോധവും ഒരളവുവരെ നേടിയതിന്റെ ഗുണഫലം അവരുടെ നിത്യജീവിതത്തിൽ പ്രതിഫലിച്ചിട്ടുണ്ട്.

ആയിരത്തിതൊള്ളായിരത്തി എഴുപതുകളുടെ തുടക്കം ദളിത പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസരംഗത്തുണ്ടായ പുരോഗതിയുടെ ഹരിശ്രീ കുറിക്കുകയുണ്ടായി ആയിരത്തിതൊള്ളായിരത്തി എൺപതുകളിലാകട്ടെ, തിരുവാലത്തൂർ ഹൈസ്ക്കൂളിന്റെ സ്ഥാപനവും, പിൽക്കാലത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള സൌകര്യവും കൂടി ഉണ്ടാകുകയും ചെയ്തതോടെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം ഉയരുന്നതിന്ന് ഇടയാക്കി. ഇപ്പോൾ ബിരുദ-ബിരുദാനന്തര വിദ്യാഭ്യാസം വരെ പൂർത്തിയാക്കിയ SC വിഭാഗത്തിൽപ്പെട്ട പത്തിലധികം വിദ്യാർത്ഥികൾ വരെ ഈ പഞ്ചായത്തിൽ ഉണ്ടെന്നത് ഗുണപരമായ വസ്തുതയാണ്. ഇന്നത്തെ കമ്പോള മാധ്യമസംസ്ക്കാരം ഇവരെ നാശത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു.

ത്രിതല പഞ്ചായത്തുകളിലേക്ക് നിയമം അനുശാസിക്കുന്നതരത്തിൽ മൂന്നിലൊരുഭാഗം തിരഞ്ഞെടുക്കപ്പെടാൻ നിർബ്ബന്ധിക്കപ്പെട്ടതുമൂലം, കുറേയേറെകാര്യങ്ങൾ സ്ത്രീകൾക്കും മനസ്സിലാവുമെന്നും, തീരുമാനമെടുത്തുനടപ്പിലാക്കാൻ കരുത്തുണ്ടെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സൌകര്യത്തെപ്പോലും ക്രിയാത്മകമായി പ്രയോജനപ്പെടുത്താത്തവർ സമൂഹത്തോടുള്ള കടമ വിസ്മരിക്കുന്നു വെന്നുകരുതേണ്ടിവരും. പാർലമെന്റ്, നിയമസഭാസീറ്റുകളിലും മൂന്നിലൊരുഭാഗം സംവരണം സ്ത്രീകൾക്കു വേണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിയമ നിർമ്മാണം നടക്കാനിരിക്കുന്ന സന്ദർഭത്തിൽ, സ്ത്രീകൾ

അവസരത്തിനൊത്ത് ഉയരേണ്ടതുണ്ട്.

സവർണ്ണരായ പ്രമാണി കുടുംബത്തിന്റെ ആധിപത്യം താഴ്ന്ന സമുദായങ്ങളിൽ തങ്ങളുടെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സ്വാധീനിച്ചിരുന്നു. വസ്ത്രധാരണം, വിവാഹം, ആചാരക്രമങ്ങൾ എന്നിവയിലെല്ലാം ആ സ്വാധീനം നിഴലിച്ചിരുന്നതിന്റെ ഉദാഹരണങ്ങൾ കാണാം. ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ അദൃശ്യമായ ആചങ്ങലക്കെട്ടുകളുടഞ്ഞു തകർന്നതിന്റെ സ്വാതന്ത്ര്യബോധം പുത്തൻ തലമുറയിൽ ദൃശ്യമാണ്.

സ്വാതന്ത്ര്യസമരചരിത്രത്തിൽ കൊടുമ്പ് ഗ്രാമ പഞ്ചായത്തിനും നിർണ്ണായപങ്കുണ്ട്. എന്നാൽ സ്ത്രീകളുടെ എടുത്തുപറയത്തക്ക പങ്കൊന്നും ചൂണ്ടിക്കാണിക്കാനില്ല. സ്വാതന്ത്ര്യസമരസേനാനികളെ വാത്സല്യത്തോടെ പോറ്റിവളർത്തി. ബ്രിട്ടീഷ് പോലീസിന്റെ ഭീഷണിക്കുമുമ്പിൽ ഒന്നുമറിയാത്ത കുടുംബിനികളായിനടിച്ച് തള്ളക്കോഴികുഞ്ഞുങ്ങളെയെന്ന പോലെസംരക്ഷി ച്ചു നിർത്തി. മലബാറിലെ അന്നത്തെ വനിതാ നേതാക്കളായ ആനക്കരവടക്കത്ത് കുട്ടിമാളു അമ്മ, അമ്മു സ്വാമിനാഥൻ, ലക്ഷ്മിസൈഗാൾ എന്ന ക്യാപ്റ്റൻ ലക്ഷ്മി എന്നിവരുടേയും ധീരോദാത്തമായ പ്രവർത്തനങ്ങളുടെ കഥകൾ ഇവിടത്തെ അമ്മമാർക്കും, സഹോദരിമാർക്കും പ്രചോദനമായിരുന്നിരിക്കണം.

1920-30 കാലഘട്ടത്തിൽ ജന്മികുടുംബത്തിലെ പെൺകുട്ടികളെ അത്യാവശ്യം എഴുത്തും വായനയും ആശാനെ ഉപയോഗപ്പെടുത്തി പഠിപ്പിക്കുകയും, പുരാണഗ്രന്ഥപാരായണത്തിന് പ്രാപ്തരാക്കുവുകയും ചെയ്യുകയല്ലാതെ പള്ളിക്കൂടക്കൂടങ്ങളിൽ അയച്ചിരുന്നില്ല.

1964 ൽ ആദ്യത്തെ കൊടുമ്പ് പഞ്ചായത്ത് തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഭരണസമിതിയിലേക്ക് ഒരു വനിതാ

**തൊഴിൽ മേഖലസ്ത്രീപങ്കാളിത്തം.**
**1991 ലെ സെൻസസ്സ് പട്ടിക താഴെ.**

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കർഷകൻ | 143 | 591 |
| കർഷക തൊഴിലാളി | 1804 | 1246 |
| പ്രധാന പണിക്കാർ | 2397 | 4582 |
| നാമമാത്ര തൊഴിലാളികൾ | 507 | 138 |
| കെട്ടിട നിർമ്മാണം | 12 | 227 |
| സാക്ഷരതാ നിരക്ക് | 68.15 | 84.42 |
| മറ്റു കാര്യങ്ങൾ | | |

പ്രതിനിധിയെ നോമിനേറ്റ് ചെയ്യണമെന്നുവന്നപ്പോൾ ശ്രീമതിലക്ഷ്മീദേവി അമ്മ മാണിക്കുളത്തു വീട്, തിരുവാലത്തൂർ എന്നവരെയാണ് നിർദ്ദേശിക്കപെട്ടത്. അധ്യാപനരംഗത്ത് ഇന്ന് ഭൂരിപക്ഷവും സ്ത്രീകളാണ്. ഇതു കൊടുമ്പ് പഞ്ചായത്തിലെ മാത്രമല്ല, കേരളത്തിന്റെ മൊത്തം പ്രതിഭാസത്തിന്റെ ഭാഗവുമാണ്.

തോഴിൽ മേഖലയിൽ സ്ത്രീക്കും, പുരുഷനും തമ്മിൽ വേതനത്തിലുള്ള ഭീമമായ വ്യത്യാസം നിലനില്ക്കുന്നു. തുല്യജോലിക്കു തുല്യവേതനം എന്ന തത്വം സർക്കാർ സേവന മേഖലകളിൽ മാത്രമേ നിലവിലുള്ളു. ഇതു മാറ്റാനുള്ള അവബോധം വളർന്നുവരണം. അതിന് അർപ്പണ ബോധമുള്ള സാമൂഹ്യ സംഘടനകൾ ബോധപൂർവ്വം വനിതകളെ സംഘടിപ്പിക്കണം. ജനാധിപത്യ മഹിളാ അസോസിയേഷന്റേ ഒരു വില്ലേജ് കമ്മറ്റിനിലവിലുണ്ട്. രണ്ടു മഹിളാസമാജങ്ങൾ ഉണ്ട്. വിദ്യാസമ്പന്നകളായ യുവതികളെ ഇലക്ട്രോണിക്ക് വ്യവസായ രംഗത്തുള്ള കുത്തകകമ്പനികളുടെ ആവശ്യാർത്ഥം കോൺട്രാക്ടർമാർ അസംബ്ലിങ്ങ് യൂണിറ്റുകളിൽ നാമമാത്ര വേതനത്തിന്ന് പണിയെടുപ്പിക്കുന്ന കടുത്ത ചൂഷണം നിലനില്ക്കുന്നുണ്ട്. കൊടുമ്പ് ഗ്രാമപഞ്ചാത്തിലെ മിക്കവാറും വീടുകളുടെ ഭരണകർത്താക്കൾ സ്ത്രീകളാണെന്നു കണക്കുകൾ കാണിക്കുന്നു. പഠിത്തത്തിൽ പെൺകുട്ടികളാണ് മുൻപന്തിയിലെങ്കിലും SSLC യോടെ അവസാനിക്കുകയാണ് പതിവ്. വളരെ ദുർല്ലഭം പേർ മാത്രമാണ് ഉന്നതവിദ്യാഭ്യാസരംഗത്തെത്തുന്നത്. സ്പോർട്ട്സ് രംഗത്ത് സ്റ്റേറ്റ് നിലവാരത്തിൽ നീന്തൽ, ഓട്ടം, ഖോ ഖോ എന്നിവയിൽ പ്രഗത്ഭം തെളിയിച്ചകുട്ടികൾ പഞ്ചായത്തിലുണ്ട്. അവർ പ്രോത്സാഹനമർഹിക്കുന്നു. സ്ത്രീപീഡന കേസ്സുകൾ പൊതുവെ കുറവാണ്. പത്തുകൊല്ലത്തിനിടയിൽ മൂന്നുകേസ്സുകൾ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. നിരോധിക്കപ്പെട്ടതെങ്കിലും സ്ത്രീധന സമ്പ്രദായം നിലവിലുണ്ട് എന്നത് ഒരു വസ്തുതയാണ്.

## പ്രശ്നങ്ങൾ

കുടുംബത്തിന്റെ ഉത്തരവാദിത്വം പുരുഷൻ മാത്രം കയ്യാളുന്നതു മൂലമുണ്ടാകുന്ന താളപ്പിഴകൾ പരസ്പരം ചർച്ച ചെയ്ത് കുടുംബപ്രശ്നങ്ങൾ പരിഹരിക്കാനുള്ള താല്പര്യക്കുറവ്.

സാമ്പത്തിക പരാധീനതയുള്ള കുടുംബത്തിൽ തൊഴിലില്ലായ്മ മൂലം അനുഭവിക്കേണ്ടിവരുന്ന ദാരിദ്ര്യദുഃഖം. വല്ലപ്പോഴും കിട്ടുന്ന തൊഴിൽ. അതിൽനിന്നുള്ളതുകൊണ്ട് അരിഷ്ടിച്ചു ജീവിക്കേണ്ട സ്ഥിതിയോടൊപ്പം മാനസിക അസ്വാസ്ഥ്യം തീർക്കാൻ മദ്യത്തെ ആശ്രയിക്കുക കൂടിചെയ്യുമ്പോഴുണ്ടാകുന്ന തീരാത്ത ദുരിതങ്ങൾ സ്ത്രീകളെ ആത്മഹത്യക്കുപോലും പ്രേരിപ്പിക്കുന്നു.

വിദ്യാസമ്പന്നകളായ കൌമാരപ്രായക്കാർ മുതൽ മുതിർന്നവർ വരെയുള്ള സ്ത്രീകൾ പൈങ്കിളി പ്രസിദ്ധീകരണങ്ങളോടും, അശ്ലീല സാഹിത്യത്തോടും കാണിക്കുന്ന അപകടകരമായ താല്പര്യം യുവമനസ്സുകളിൽ ആത്മഹത്യാപ്രവണതയും, കുടുംബാന്തരീക്ഷത്തിൽ അരാജകത്വവും സൃഷ്ടിക്കുന്നു. ഇതിനെതിരെ ബോധപൂർവ്വം പ്രതികരിക്കാൻ പുരുഷന്മാർ ഉൾപെടെയുള്ള സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തയ്യാറാകുന്നില്ല.

ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ അതിപ്രസരം. പാശ്ചാത്യ മുതലാളിത്ത ജീർണ്ണസംസ്കാരത്തിലേക്കുള്ള ആകർഷണം.

നേതൃത്വം ഏറ്റെടുത്ത് മുമ്പോട്ടു വരുന്നതിൽ പുരുഷനോടൊപ്പം നില്പുറപ്പിക്കാനുള്ള ബുദ്ധിയും, സാമർത്ഥ്യവും സ്ത്രീകൾ ആർജ്ജിച്ചുവെങ്കിലും അതു പ്രകടിപ്പിക്കാൻ തന്റേടം കാണിക്കുന്നതിൽ മടികാണിക്കുന്നു ഇതിന്നു പരിഹാരം- സ്വന്തം കഴിവും, അവകാശവും തിരിച്ചറിയുകയും, സംഘടിച്ച് ശക്തരായി മറ്റു സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തോടൊപ്പം നീങ്ങണമെന്ന തിരിച്ചറിവ് സ്ത്രീകൾക്കുണ്ടാവുകയും, മോചനം അതിലൂടെ മാത്രമാണെന്നു ധരിക്കുകയും വേണം.

## സാധ്യതകൾ

1 സാമൂഹ്യരംഗത്തുള്ള സ്ത്രീകളുടെ പദവിഉയർത്തുന്നതിനുള്ള ബോധപൂർവ്വമായ സംഘടനാപ്രവർത്തനം നടത്തണം. അതിനുള്ള എല്ലാഭൌതിക സാഹചര്യങ്ങളും ഇന്ന് ഉപയോഗപ്പെടുത്താൻ കഴിയും.

2 വനിതകളുടെ സ്വന്തം സംഘടനയുടെ നേതൃത്വത്തിൽ സ്ത്രീകൾക്കു പ്രയോജനകരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും വിജയകരമായി നടത്തിമാതൃക കാണിക്കുകയും ചെയ്യുക.

3 കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം സ്ത്രീകളും കർഷകതൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ എന്നീ വിഭാഗത്തിൽപ്പെട്ടവരാണ്. പഞ്ചായത്തിലെ വികസന പ്രവർത്തനത്തിന് പദ്ധതിതയ്യാറാക്കുമ്പോൾ ഗ്രാമീണതൊഴിലാളികൾക്കു തൊഴിൽ ലഭിക്കും വിധം പരിപാടി ആവിഷ്കരിക്കുക.

4 സാധ്യതയുള്ളടത്തോളം സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുക ചെറുകിട വനിതാവ്യവസായ യൂണിറ്റുകൾ സംഘടിപ്പിക്കുക പച്ചക്കറിതോട്ടം, കുറ്റിമുല്ലകൃഷി റെഡിമേയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കൽ, കരകൗശലവസ്തുനിർമ്മാണം വീട്ടുപകരണങ്ങൾ നിർമ്മിക്കൽ ഖാദി വില്ലേജ് ഇന്റസ്ട്രീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് തേനീച്ച വളർത്തൽ, ഖാദിനൂൽനൂൽപ്, ചന്ദനത്തിരി, മെഴുകുതിരി നിർമ്മാണം എന്നിവക്കുള്ള സാധ്യത ഉപയോഗിക്കുക.

5 ബുക്ക് ബൈൻഡിംഗ്, അച്ചടിവേലകളിൽ പരിശീലനം നൽകി പുതിയ തൊഴിൽ മേഖല കണ്ടെത്തണം. അച്ചാർ, കറിപൗഡർ, പപ്പടം, വറ്റൽ തുടങ്ങിയവയുടെ ഉല്പാദനവും വിപണനവും, വനിതാവ്യവസായ യൂണിറ്റായോ, സഹകരണരംഗത്തോ സംഘടിപ്പിക്കുക.

6 ക്രഷേ വാർഡടിസ്ഥാനത്തിൽ സംഘടിപ്പിച്ചുതൊഴിലിന്നു പോകുന്ന സ്ത്രീകളെ സഹായിക്കുക.

7 ആരോഗ്യപരിപാലനത്തിൽ സ്ത്രീകളെ ബോധവതികളാക്കുന്നതിന്ന് ക്ലാസ്സുനടത്തുക എല്ലാ വീട്ടിലും കക്കൂസ് എന്നത് ഒരു നിർബ്ബന്ധമുദ്രാവാക്യമായി എടുത്ത് നടപ്പാക്കാൻ ഏർപ്പാടുണ്ടാക്കണം വിധവകളുടെ കുടുംബസ്ഥിതി പരിശോധിച്ച് സഹായിക്കാൻ പദ്ധതി ഉണ്ടാക്കണം. സഞ്ചരിക്കുന്ന വായനശാല ഏർപ്പെടുത്തി നല്ലപുസ്തകങ്ങൾ വീട്ടിലെത്തിച്ച് ഗുണപരമായ വായനാശീലം വളർത്താൻ സഹായിക്കുക.

8 സ്ത്രീപീഡനത്തിനെതിരേയും സ്ത്രീധന സമ്പ്രദായത്തിനെതിരേയും ശക്തമായ നടപടി സ്വീകരിക്കുക.

9 എല്ലാതരം മദ്യം, മയക്കുമരുന്ന്, എന്നിവ ഇല്ലാതാക്കാൻ പഞ്ചായത്തുമുഖേന നടപടി സ്വീകരിക്കുക.

10 ആനുപാതികമായി പറ്റാവുന്ന മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ ഏർപ്പെടുത്തുക.

11 നിലവിലുള്ള സ്കീമുകളുടെ പ്രവർത്തന രീതികളും, നടത്തിപ്പു് സംബന്ധിച്ചുള്ള ബോധവൽക്കരണവും പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പാക്കുക. (IRDP, DWCRA).

12 സ്ത്രീകളെ പൊതുരംഗത്തിറക്കുന്നതിന്നുള്ള സാധ്യതകൾ, ആവശ്യകത എന്നിവ പുരുഷന്മാരെകൂടി ബോധ്യപ്പെടുത്താൻ സെമിനാറുകൾ സംഘടിപ്പിക്കണം.

13 വനിതകൾക്കു പരിശീലനം നൽകി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് സർക്കാർ തലത്തിൽ വിപണികണ്ടെത്താൻ സഹായിക്കണം.

14 അംഗൻവാടികളുടെ സ്ഥിതി മെച്ചപ്പെടുത്തുക ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുക. മഹിളാസമാജങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുക.

15 വനിതകൾക്ക് കൂടുതൽ തൊഴിൾ സാധ്യതയുള്ള ഇലക്ട്രോണിക്ക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന്ന് ദേശസാൽകൃത ബാങ്കുകളിൽ നിന്ന് ധനസഹായം കിട്ടുമാറാക്കുക.

16. അദ്ധ്യാപികമാർ ദീർഘകാല പ്രസവാവുധിയിൽ പോകുമ്പോൾ കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങാതിരിക്കുന്നതിന്ന് യോഗൃതയുള്ള താല്കാലികാദ്ധ്യാപികമാരെ നിയമിക്കാൻ പഞ്ചായത്തുകൾ ശ്രദ്ധിച്ച് നടപടിസ്വീകരിക്കുക.

17. സ്ത്രീപുരുഷഭേദമന്യേ വാർദ്ധക്യകാലസംരക്ഷണം ഉറപ്പുവരുത്തുന്ന ആതുരാലയം ആധുനികസൌകര്യങ്ങളോടെ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

18 സമൂഹത്തിൽ സ്ത്രീകളെ തരംതാഴ്ത്തിക്കാണിക്കുന്ന അശ്ലീലപോസ്റ്ററുകൾ നിരോധിക്കുന്നതിന്നു പഞ്ചായത്തുകൾ നടപടിസ്വീകരിക്കുക.

19 മഹിളാസമാജങ്ങൾ വാർഡ് അടിസ്ഥാനത്തിൽ രൂപീകരിച്ച് അതു വഴി വിവിധരംഗങ്ങളിൽ സ്ത്രീകളെ ബോധവൽക്കരിക്കാൻ വഴിയൊരുക്കണം. സമാജത്തിന്റെ പ്രവർത്തനങ്ങനത്തിനു ഗ്രാൻഡും അനുവദിക്കുക.

## വനിതകളുടെ പ്രശ്നപരിഹാരത്തിന് ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ

൨൦ സ്വയം തൊഴിൽ സംരംഭങ്ങൾ വ്യക്തിപരമായോ, സഹകരണാടിസ്ഥാനത്തിലോ സ്ഥാപിച്ച് പരമാവധി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക.

൨൧ വനിതാതൊഴിൽ പരിശീലനം നടത്തി തൊഴിൽ പരിചയം നേടാൻ സഹായിക്കുക. (ഉദാ: തയ്യൽ പരിശീലനം നടത്തി, സൗജന്യമായി തുന്നൽ മെഷീൻവിതരണം ചെയ്ത് റെഡിമേയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കാം)

൨൨ തുല്ല്യ ജോലിക്ക് തുല്യവേതനം നടപ്പിലാക്കാൻ ശ്രമിക്കുക.

൨൩ തൊഴിലവസരങ്ങൾ, സാധ്യതകൾ, മറ്റുസാങ്കേതിക കാര്യങ്ങൾ എന്നിവയെ കുറിച്ച് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വിവരം ലഭിക്കാൻ ഡാറ്റാബാങ്ക് സൗകര്യപ്പെടുത്തുക.

൨൪ വനിതാ തൊഴിൽ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം കിട്ടുന്നതിന്ന് ഇന്നുള്ള തടസ്സം തീർക്കുക.

൨൫ വിധവ, അഗതി കുടുംബസഹായ പദ്ധതി ആനുകൂല്യം അർഹതയുള്ള മുഴുവൻ കുടുംബങ്ങൾക്കും ഗ്രമപഞ്ചായത്തുമുഖേന ലഭ്യമാക്കുക.

൨൬ അംഗൻവാടി സൗകര്യം മെച്ചപ്പെടുത്തുക ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുക.

൨൭. സഞ്ചരിക്കുന്ന വായനശാല (ഹോം ലൈബ്രറി) ആരംഭിച്ച് നല്ല പുസ്തകങ്ങൾ വീട്ടിലെത്തിച്ച് ഗുണപരമായ വായനാശീലം വളർത്താൻ സഹായിക്കുക.





# 10. സഹകരണം

സഹകരണ പ്രസ്ഥാനത്തിന് ഇന്ത്യയിൽ ആരംഭം കുറിച്ചത് 1904ലാണ്. കേരളത്തിലും സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ സഹകരണ പ്രസ്ഥാനത്തിന് വേരോട്ടം ലഭിച്ചിരുന്നു. എന്നാൽ 1950കളിലാണ് കൊടുമ്പിൽ സഹകരണ പ്രസ്ഥാനം ജൻമം കൊണ്ടത്.

ഇന്ന് ഈ പ്രസ്ഥാനം പടർന്ന് പന്തലിച്ച് ഒരു വടവൃക്ഷമായി വളർന്നിരിക്കുന്നത് കേരളത്തിൽ മാത്രമാണ്. കേരളം ഇക്കാര്യത്തിൽ ഇന്ത്യക്കു മാത്രമല്ല ലോകത്തിനുതന്നെ മാതൃകയായി തീർന്നിരിക്കുന്നു എന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള സകല മേഖലയിലും സഹകരണ പ്രസ്ഥാനം ഇന്ന് കടന്നു ചെന്നിരിക്കുന്നു. സാധാരണക്കാരായ ഗ്രാമീണരുടെ ജീവിതവുമായി ഇത്രയേറെ ഇടപഴകിയ മറ്റൊരു പ്രസ്ഥാനം ഇന്നീ രാജ്യത്തിൽ നിലവിലില്ല. കേരളത്തിന്റെ തീരാശാപമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും സഹകരണ പ്രസ്ഥാനം അതിന്റേതായ കഴിവുകൾ നിർവ്വഹിക്കുന്നുണ്ട്.

പട്ടിക **1**

**1992** മുതൽ **1996** വരെ കൊടുമ്പ് പഞ്ചായത്തിൽ വിതരണം ചെയ്ത വായ്പ

| No. | ബാങ്ക് | കാർഷിക വായ്പ ലക്ഷത്തിൽ | കാർഷികേതര വായ്പ ലക്ഷത്തിൽ | നിക്ഷേപം |
|---|---|---|---|---|
| 1. | പെരുവെമ്പ് സർവ്വീസ് സഹകരണ ബാങ്ക്, ഓലശ്ശേരി ബ്രാഞ്ച്. | 9.08 ലക്ഷം | ~~7.71 ലക്ഷം~~ 65.76 ലക്ഷം | 87.68 |
| 2. | പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക്, കൊടുമ്പ് ബ്രാഞ്ച്. | 9.02 ലക്ഷം | ~~17.36 ലക്ഷം~~ 67.83 ലക്ഷം | 176.54 |
| 3. | ജില്ലാ ഭൂപണയ ബാങ്ക് | 7.70 ലക്ഷം | ഇല്ല | |
| 4. | ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് | ലഭ്യമല്ല | ലഭ്യമല്ല | |
| 5. | ബാങ്ക് ഓഫ് ഇന്ത്യ | 32.55 ലക്ഷം | 42.14 ലക്ഷം | |
| 6. | നെടുങ്ങാടി ബാങ്ക് | 9.36 ലക്ഷം | 37.37 ലക്ഷം | |
| 7. | പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | ലഭ്യമല്ല | ലഭ്യമല്ല | |
| 8 | കൊടുമ്പ് പൂക്കോട്ടുകുറുശ്ശി ബാങ്ക് | ഇല്ല | 48.24 ലക്ഷം | 39.71 |

കേരളത്തിൽ കൂണുപോലെ വളർന്ന സഹകരണ സംഘങ്ങൾ സഹകരണ പ്രസ്ഥാനത്തിനു കളങ്കമേല്പിക്കാനും തുടങ്ങിയിരിക്കുന്നു. ജീവനക്കാരുടെ ആത്മാർത്ഥമില്ലായ്മയും, മാനേജ്മെൻറിൻെറ പിടിപ്പുകേടും, സഹകരണ നിയമത്തിലെ അപാകതകളും, ഈ പ്രസ്ഥാനത്തിൻെറ നിലനില്പിനെ തന്നെ ബാധിച്ചിട്ടുണ്ട്. ബഹുരാഷ്ട്രകുത്തകകളുടെ കടന്നുകയറ്റവും, കമ്പോളവൽക്കരണവും ഇന്നീ രാജ്യത്ത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഏറെയാണ്. അതുകൊണ്ടുതന്നെ കാലത്തിന് അനുസരിച്ച് സഹകരണ നിയമത്തിൻെറ അലകും പിടിയും മാറ്റി ഒരു പൊളിച്ചെഴുത്തിന് സമയമായി.

## സഹകരണ പ്രസ്ഥാനം കൊടുമ്പ് പഞ്ചായത്തിൽ :-

സ്വാതന്ത്ര്യ പൊൻപുലരിയിലാണ് (1947 48) പൊൽപ്പുള്ളി, പനയൂർ, കൊടുമ്പ്, തിരുവാലത്തൂർ, എന്നീ അംഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പൊൽപ്പുള്ളി ആസ്ഥാനമായി ഉൽപാദക ഉപഭോക്തൃ സഹകരണ സംഘം ആദ്യമായി രൂപീകരിച്ചത്. സ്ഥാപക പ്രസിഡണ്ട് കൊടുമ്പ് കുറൂർ മനയ്ക്കൽ അഷ്ടമൂർത്തി നമ്പൂതിരിപ്പാടും, സെക്രട്ടറി ശ്രീനാരായണൻ നായരുമായിരുന്നു. പിന്നീട് ഇതിൻെറ പ്രവർത്തനം കൃഷിക്കാരിൽ നിന്ന് നെല്ലു സംഭരിച്ച് അരിയാക്കി സർക്കാരിൻെറ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെൻറിലേക്ക് നല്കലായിരുന്നു. 1956ലാണ് ഈ സ്ഥാപനം പൊൽപ്പുള്ളി ക്രെഡിറ്റ് കോ -ഓപ്പറേറ്റീവ് ബാങ്ക് ആയി രൂപാന്തരപ്പെട്ടത്. ഇതിൻെറ സ്ഥാപക പ്രസിഡണ്ട് ശ്രീ ടി.പി. ദാമോദരനും സെക്രട്ടറി ശ്രീ ചക്രപാണിയുമായിരുന്നു.

1947ൽ തന്നെ കൊടുമ്പ് അംഗത്തിൽ ശ്രീ അഷ്ടമൂർത്തി നമ്പൂതിരിപ്പാട് പ്രസിഡണ്ടായും, സ്വാതന്ത്യസമരസേനാനി ശ്രീ ഗോവിന്ദസ്വാമി മാസ്റ്റർ സെക്രട്ടറിയായും കൊടുമ്പ് നെയ്ത്തുകാർ ഉൽപ്പാദക വിതരണ സഹകരണ സംഘം രൂപീകൃതമായി.

## കൊടുമ്പ് പഞ്ചായത്തിന് മാത്രമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ

താഴെ ചേർക്കുന്നു.

1) **പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്കിൻെറ**

3) **കൊടുമ്പ് ശാഖ** വ) **ഇരട്ടയാൽ ശാഖ**

2) **പെരുവെമ്പ് സർവ്വീസ് സഹകരണ ബാങ്കിൻെറ ഓലശ്ശേരി ശാഖ.**

3) **കൊടുമ്പ് നെയ്ത്തുകാർ ഉൽപ്പാദക വിതരണ സഹകരണ സംഘം.**

4) **പാലക്കാട് കളിമൺ വ്യവസായ സഹകരണ സംഘം.**

5) **കരിങ്കരപ്പുള്ളി ക്ഷീര വ്യവസായ സഹകരണ സംഘം.**

6) **കൊടുമ്പ് ഹരിജൻ വനിതാ സോപ്പ് നിർമ്മാണ സഹകരണ സംഘം.**

7) **പാലയങ്കാട് ക്ഷീര വ്യവസായ സഹകരണ സംഘം.**

8) **കൊടുമ്പ് ഹരിജൻ ഹാൻറി ക്രാഫ്ട് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.**

9) **SAICO** (ഷെഡ്യൂൾഡ് കാസ്റ്റ് ആർട്ടിസാൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.)

10) **ഗോപാൽ മെമ്മോറിയൽ ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.**

11) **കൊടുമ്പ് സോൺ പ്രൈമറി സ്ക്കൂൾ കോംപ്ലക്സ് സഹകരണ സംഘം.**

ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും സേവനം ചെയ്യുന്ന മറ്റു സഹകരണ സംഘങ്ങൾ താഴെപ്പറയുന്നവയാണ്.

1) **പാലക്കാട് ജില്ലാ സഹകരണ ബാങ്ക്**

2) **പാലക്കാട് കോ-ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക്.**

(1, 2, 6, 8 **എന്നീ വാർഡുകളിലേക്ക്**)

3) **പാലക്കാട് കാർഷിക വികസന1 സഹകരണ**

ബാങ്ക്

4) പാലക്കാട് സഹകരണ ഹൗസിങ്ങ് സൊസൈറ്റി.

5) പാലക്കാട് സർവ്വീസ് സഹകരണ ബാങ്ക്

(പഞ്ചായത്തിലെ കാടാങ്കോട്, കരിങ്കരപ്പുള്ളി പ്രദേശങ്ങളടങ്ങുന്ന 6, 8 വാർഡുകളിലേക്ക്)

6) പാലക്കാട് ജില്ലാ സഹകരണ ആശുപത്രി.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ സംക്ഷിപ്ത രൂപം

1) ക്രെഡിറ്റ് മേഖല

2) നോൺ ക്രെഡിറ്റ് മേഖല

1) ക്രെഡിറ്റ് മേഖല :-

1) പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക്

ജില്ലയിലെ ഏറ്റവും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന ബാങ്കുകളിൽ ഒന്നാണ്. 1956ലാണ് ഈ ബാങ്ക് സർവ്വീസ് സഹകരണ ബാങ്കായി രൂപാന്തരപ്പെടുന്നത്. ഈ ബാങ്കിന്റെ പ്രവർത്തന പരിധി പൊൽപ്പുള്ളി പഞ്ചായത്ത് മുഴുവനും കൊടുമ്പ് പഞ്ചായത്തിലെ ഓലശ്ശേരി തസ്രാക്ക്, കരിങ്കരപ്പുള്ളി എന്നീ പ്രദേശങ്ങൾ ഒഴികേയുള്ള പ്രദേശങ്ങളുമാണ്. നിലവിൽ 8000ത്തിലധികം ഏ ക്ലാസ്സ് മെമ്പർമാരുണ്ട്. കൊടുമ്പ്, എരട്ടയാൽ, അത്തിക്കോട് എന്നീ മൂന്ന് ശാഖകൾ പ്രവർത്തിച്ചുവരുന്നു. എരട്ടയാൽ ശാഖക്കൊഴികെ മറ്റുള്ളവക്കെല്ലാം സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ട്.

## കൊടുമ്പ് - എരട്ടയാൽ ശാഖകൾ

1977ൽ കൊടുമ്പ് ശാഖ വാടകക്കെട്ടിടത്തിൽ ആരംഭിക്കുകയും പിന്നീട് സ്വന്തമായ കെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തു. എരട്ടയാൽ ശാഖ 1989ലാണ് ആരംഭിച്ചത്. ഈ രണ്ടു ശാഖകളിലും കൂടി ഏകദേശം 2500ഓളം ഏ ക്ലാസ്സ് മെമ്പർമാരുണ്ട്. കൃഷിക്കാർക്ക് കാർഷികവായ്പയും ക്യാഷ് ക്രെഡിറ്റ് ഗോൾഡ് ലോൺ എന്നിവയും, മറ്റംഗങ്ങൾക്ക് കൺസ്യൂപ്ഷൻ ലോൺ എന്നിവയും, ബിസിനസ്സ് ലോൺ, കല്ല്യാണ ലോൺ, മരണാനന്തരക്രിയകൾക്കുള്ള വായ്പ ജീവനക്കാർക്കുള്ള വായ്പ എന്നിവയും നൽകി വരുന്നുണ്ട്. ലോക്കർ സൗകര്യവും വിവാഹം, സമ്മേളനം എന്നിവ നടത്തുന്നതിനുള്ള ഹാൾ സൗകര്യവും കൊടുമ്പ് ശാഖയിലുണ്ട്. ഇതിനു പുറമേ രാസവളം, കീടനാശിനി, സിമൻറ് എന്നിവയുടെ വില്പനയും ഈ ബ്രാഞ്ചിൽ നടത്തി വരുന്നുണ്ട്. അംഗങ്ങൾ എടുത്ത വായ്പകൾ യഥാസമയം തിരിച്ചടക്കുന്നതിൽ വീഴ്ചവരുത്തുന്നതു മൂലവും നിക്ഷേപങ്ങൾ വേണ്ട വിധത്തിൽ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യവും ബാങ്കുകളുടെ ഭരണചിലവിൽ വന്ന വർദ്ധനയും ബാങ്കിന്റെ നിലനില്പിനെതന്നെ അപകടപ്പെടുത്തുന്ന അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കാർഷികമേഖലയ്ക്ക് ആവശ്യമായ എല്ലാത്തരം വായ്പകളും നല്കുവാൻ ഇന്ന് സഹകരണനിയമം അനുവദിക്കുന്നില്ല. ഇതിനു മാറ്റം വരണം.

## പെരുവെമ്പ് സർവ്വീസ് സഹകരണ ബാങ്ക്

### ഓലശ്ശേരി ശാഖ

1983ലാണ് ഓലശ്ശേരി ശാഖ പ്രവർത്തനം ആരംഭിച്ചത്. ബാങ്കിന് സ്വന്തമായി കെട്ടിടമുണ്ട്. കൺസ്യൂമർ സ്റ്റോറും, രാസവളം, കീടനാശിനി എന്നിവ വില്പനയും ഉണ്ട്. കാർഷിക വായ്പ, ഘടകഅഥ വായ്പ, സ്വർണ്ണാഭരണ വായ്പ എന്നിവ നൽകി വരുന്നുണ്ട്. ഭൂരിപക്ഷം കർഷകർ ഉൾക്കൊള്ളുന്ന പ്രദേശത്താണ് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന ഈ ശാഖ സ്ഥിതി ചെയ്യുന്നത്.

## പാലക്കാട് സർവ്വീസ് സഹകരണ ബാങ്ക്

ഈ പഞ്ചായത്തിലെ കരിങ്കരപ്പുള്ളി എന്ന ചെറിയ ഒരു പ്രദേശം മാത്രമാണ് ഈ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ വരുന്നത്. മുനിസിപ്പൽ പ്രദേശം, മരുതറോഡ് പഞ്ചായത്ത് മുതലായവയാണ് ബാങ്കിന്റെ പ്രവർത്തനപരിധിയിൽ വരുന്ന മറ്റു പ്രദേശങ്ങൾ. ഈ പ്രദേശത്തെ ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നിയമതടസ്സം മൂലം ചെയ്തു കൊടുക്കുവാൻ കഴിയാത്ത ഒരു സ്ഥിതി നിലനിൽക്കുന്നുണ്ട്.

## ദീർഘകാല വായ്പ

ദീർഘകാല വായ്പകൾക്ക് കൂടുതലായി കർഷകർ ആശ്രയിക്കുന്നത് പാലക്കാട് ഭൂവികസന ബാങ്ക്, പാലക്കാട് ജില്ലാ ബാങ്ക്, പാലക്കാട് അർബൻ ബാങ്ക് എന്നിവയാണ്. ഭൂരിപക്ഷം ചെറുകിട കൃഷിക്കാർക്കും ഈ ബാങ്കുകളിൽ നിന്നും അനുകൂല്യം ലഭിക്കുവാൻ വളരേയേറെ പ്രയാസങ്ങളുണ്ട്.

## നോൺ ക്രെഡിറ്റ്

### കൊടുമ്പ് നെയ്ത്തുകാർ ഉൽപാദന വിപണന സഹകരണസംഘം 1312

1947 ലാണ് ഈ സംഘം സ്ഥാപിതമായത്. സ്വകാര്യ വ്യക്തികളുടെ ചൂഷണം മൂലം പൊറുതി മുട്ടിയ ദേശാഭിമാനികളായ നാട്ടുകാരുടെയും സ്വാതന്ത്ര്യ സമര സേനാനികളായ ശ്രീ: ബാലകൃഷ്ണൻ നായർ മുതലായവരുടെ നേതൃത്വവും ഈ രൂപീകരണത്തിന് വളരെയേറെ സഹായിച്ചിട്ടുണ്ട്.

ആദ്യകാലത്ത് സംഘത്തിൽ **അംഗങ്ങളാകാതിരിക്കാൻ നെയ്ത്തുകാരെ സ്വകാര്യ വ്യാപാരികൾ ഭീഷണിപ്പെടുത്തിയിരുന്നു. അതുമൂലം സംഘത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിന് വളരെയേറെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നു. 1975 ന് ശേഷമാണ് സംഘത്തിന് സ്വന്തം കാലിൽ നിൽക്കുവാനുള്ള സാഹചര്യങ്ങളായ റിബേറ്റ് ക്രെഡിറ്റ് മുതലായ ആനുകൂല്യങ്ങൾ സർക്കാർ നൽകിത്തുടങ്ങിയത്. നൂലിന്റേയും, ചായത്തിന്റേയും അമിതമായ വിലവർധനയും, ഉൽപന്നങ്ങളുടെ കെട്ടികിടപ്പും,** റിബേറ്റ് കുടിശ്ശിക കാലാകാലങ്ങളിൽ കിട്ടായ്മയും സംഘങ്ങളുടെ മുന്നോട്ടുള്ള പുരോഗതിയെ വളരെയേറെ ബാധിച്ചിരിക്കുന്നു. ഒരു കാലഘട്ടത്തിൽ 300 റോളം കുടുംബങ്ങൾ ഈ തൊഴിലിനെ ആശ്രയിച്ച് ജീവിച്ചിരുന്നുവെങ്കിലും മേൽപറഞ്ഞ കാരണങ്ങളാൽ അവരിൽ ഭൂരിപക്ഷവും മറ്റുതൊഴിലുകൾ തേടി സ്ഥലം വിടുകയാണ് ഉണ്ടായത്. ഇപ്പോൾ എകദേശം നൂറുകുടുംബങ്ങൾ മാത്രമെ ഈ തൊഴിലിനെ ആശ്രയിച്ച് ജീവിച്ച് വരുന്നുള്ളൂ. ഒരു കുടുംബം മുഴുവനും മുഴുവൻ ദിവസവും ഈ തൊഴിലിനെ ആശ്രയിച്ച് പ്രവർത്തിച്ചിട്ടും ന്യായമായ രീതിയിൽ നിത്യ ചെലവുകൾ നടത്താൻ കഴിയാത്ത ഒരു അവസ്ഥയാണ് ഇന്നുള്ളത്.

### പാലക്കാട് കളിമൺ വ്യവസായ സഹകരണസംഘം

1978 ലാണ് സംഘം രൂപീകരിചത്. 139 അംഗങ്ങളാണ് ഉള്ളത് നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു. ഈ വ്യവസായത്തിന് അനുയോജ്യമായ സ്ഥലത്താണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത് ഏകദേശം നാല്പതുപേർക്ക് തൊഴിൽ നൽകി വരുന്നുണ്ട്. പ്രധാനമായും അലങ്കാര ഓട്, ഇഷ്ടിക, കണ്ണാടിഓട്, മേച്ചിൽഓട് എന്നിവയാണ് നിർമ്മിക്കുന്നത്. വനിതകളാണ് കൂടുതലായി ജോലിചെയ്യുന്നത്. ഭരണസമിതിയുടേയും ജീവനക്കാരുടെയും ആത്മാർത്ഥമായ സേവനത്തിന്റെ ഫലമായാണ് ഇന്ന് ഈ നിലയിൽ എത്തിയിട്ടുള്ളത്.

### കൊടുമ്പ് ഹരിജൻ വനിതാ സോപ്പ് നിർമാണ സഹകരണസംഘം

1989 ലാണ് ഈ സ്ഥാപനം സ്ഥാപിച്ചത് നാല്പതംഗങ്ങളുണ്ട്. സെക്രട്ടറിയും 15 പേരുമാണ് ജോലി ചെയ്യുന്നത്. ഇത്തരം വ്യവസായങ്ങളുടെ രൂപീകരണത്തിൽ കാണിക്കുന്ന താല്പര്യം തുടർന്നു നൽകുന്നതിൽ കാണിക്കുന്ന അനാസ്ഥ സംഘത്തിന്റെ തകർച്ചക്ക് പ്രധാന കാരണമാണ്. ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്നും വിപണനമേഖല കണ്ടെത്തുന്നതിലും ഉള്ള വീഴ്ചയും മറ്റു അസംസ്കൃത പദാർത്ഥങ്ങൾ കാലാകാലങ്ങളിൽ ലഭിക്കായ്കയും ഈ വ്യവസായത്തെ നാശത്തിലേക്ക് നീക്കികൊണ്ടിരിക്കുകയാണ്.

### പുൽപ്പായ നെയ്ത (കൊടുമ്പ് ഹരിജൻ ഹാൻറി ക്രാഫ്ട് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.)

**1983 ലാണ് ഈ സംഘം രൂപീകൃതമായത്. 25 അംഗങ്ങളാണ് ഉള്ളത്. സ്വകാര്യ വ്യക്തികളുടെ മത്സരവുമായി സംഘത്തിന് പ്രവർത്തനം നടത്തികൊണ്ടുപോകുവാൻ കഴിയാത്ത അവസ്ഥ സംജാതമായി തന്മൂലം സംഘത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്.**

**SAICO** (ഷെഡ്യൂൾഡ് കാസ്റ്റ് ആർട്ടിസാൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.)

1996 ലാണ് 25 അംഗങ്ങളുമായി പ്രവർത്തനം

**ആരംഭിച്ചത്. ആധുനികവും ചിലവുകുറഞ്ഞതും ഈടുറ്റതുമായ ചിലവുകുറഞ്ഞ** കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണവും വിപണനവും ഉദ്ദേശിച്ചാണ് ഈ സംഘം രൂപീകൃതമായിട്ടുള്ളത്. പ്രവർത്തനത്തിന്റെ ശൈശവം താണ്ടിയിട്ടലാത്ത ഈ സംഘം ശുഭാപ്തി വിശ്വാസത്തോടെ മുന്നേറാനുള്ള തീവ്ര യത്നത്തിലാണ്.

## കരിങ്കരപ്പുള്ളി ക്ഷീരോല്പാദക സഹകരണസംഘം.

1965 ൽ സ്ഥാപിച്ചു 2, 6, 8 എന്നീവാർഡുകളാണ് പ്രവർത്തന പരിധി 480 അംഗങ്ങളുണ്ട്. നല്ലനിലയിൽ പ്രവർത്തിച്ചുവന്നിരുന്ന സ്ഥാപനമായിരുന്നു. മാനേജ് മെന്റിന്റെ നിരുത്തരവാദപരമായ നടപടികൾമൂലം സ്ഥാപനത്തിന്റെ പ്രവർത്തനം ദൈനദിനം നാശത്തിലേക്ക് നീങ്ങുകയും അവസാനം 92 93 ഓടു കൂടി പ്രവർത്തനം സ്തംഭിക്കുകയും അടച്ചു പൂട്ടുകയും ചെയ്തു. സഹകരണ ഡിപ്പാർട്ടുമെന്റിന്റേയും ഡയറിഡവലപ്പ് മെന്റിന്റേയും നാട്ടുകാരുടേയും ശ്രമഫലമായി 1996 ആരംഭത്തോടുകൂടി വീണ്ടും പ്രവർത്തനം ആരംഭിച്ചു നാമമാത്രമായി പ്രവർത്തിക്കുന്നണ്ട്.

## പാലയംകാട് ക്ഷീരസഹകരണസംഘം

രാമചന്ദ്രപണിക്കരുടെ നേതൃത്വത്തിൽ 1962 ലാണ് സംഘം പ്രവർത്തനം തുടങ്ങിയത്. 188 അംഗങ്ങളുണ്ട് 3 ാം വാർഡാണ് പ്രവർത്തനപരിധി അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ് പ്രവർത്തകരുടെ ആത്മാത്ഥതയില്ലായ്മയും ഉല്പാദകരുടെ സത്യസന്ധത കുറവും ഈ വ്യവസായത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്

## സ്കൂൾ സൊസൈറ്റികൾ

### കൊടുമ്പ് സോൺ പ്രൈമറി സ്കൂൾ കോപ്പക്സ് സഹകരണ സംഘം.

1976 ലാണ് ഈ സംഘം രൂപീകരിച്ചത് പൊൽപുള്ളി യു. പി, കൊടുമ്പ് **AGMUP**, ഓലശ്ശേരി **UP** തിരുവാലത്തൂർ, കരിംങ്കരപ്പുള്ളി എന്നീ രണ്ട് **LP** സ്കൂളുകളുമടങ്ങിയതാണ് പ്രവർത്തന പരിധി വിദ്യാർത്ഥികൾക്ക് പാത്രം, പുസ്തകങ്ങൾ എന്നിവ സർക്കാരിൽ നിന്ന് വാങ്ങി വിതരണം ചെയ്യുക എന്നതാണ് പ്രധാനപ്പെട്ട ഉദ്ദേശം ഈ സംഘം നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു. 25000 രൂപ വരെ സർക്കാർ ഈ സംഘങ്ങൾക്ക് ക്രെഡിറ്റ് നൽകുന്നുണ്ട്.

### ഗോപാൽ മെമ്മോറിയൽ ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

ഹൈസ്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റി 1985 പ്രവർത്തനമാരംഭിച്ച സ്ഥാപനം വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ, യൂണിഫോം എന്നിവ വാങ്ങി വിതരണം ചെയ്യുക എന്നതാണ് ഉദ്ദേശം. 25000 രൂപവരെ സർക്കാർ സംഘത്തിന് ക്രഡിറ്റ് നൽകുന്നുണ്ട്.

## നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും ക്രെഡിറ്റ് മേഖല

1. കൊടുമ്പ് പഞ്ചായത്തിലെ 9 വാർഡുകളിലെയും പെട്ടജനങ്ങൾ വിവിധതരം വായ്പകൾക്കായി പൊൽപുള്ളി സർവീസ് സഹകരണ ബാങ്ക്, പാലക്കാട് സർവീസ് സഹകരണ ബാങ്ക്, പെരുവെമ്പ് സർവീസ് സഹകരണ ബാങ്ക് എന്നിവയേയാണ് സമീപിക്കുന്നത്. ഇത് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് പലതരത്തിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അതിനുള്ള ഏക പരിഹാരം കൊടുമ്പ് പഞ്ചായത്തിനു മാത്രമായി ഒരു സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപിക്കുക എന്നതുമാത്രമാണ്.

2. കൃഷിക്കാർക്കും മറ്റുള്ളവർക്കും ആവശ്യമായ എല്ലാതരം വായ്പകളും സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്നും നിയമതടസ്സംമൂലം ലഭിക്കുന്നില്ലാ. ദീർഘകാല വായ്പ, ഭവനനിർമ്മാണ വായ്പ, വാഹന വായ്പ, എന്നിവ അനുവദിക്കുവാൻ കഴിയുന്നില്ല. കാർഷിക ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ കൊടുക്കാൻ കഴിയണം. മേൽ പ്രസ്താവിച്ച വായ്പകൾ എല്ലാം തന്നെ സർവ്വീസ് സഹകരണ ബാങ്കുകൾ മുഖാന്തിരം കൊടുക്കുവാനുള്ള സഹകരണ നയമ ഭേദഗതി ഉണ്ടാവേണ്ടിയിരിക്കുന്നു. എന്നാൽ ഇന്ന് സർവ്വീസ് സഹകരണ ബാങ്കുകളിൽ ഉള്ള മിച്ച ധനം (~~ഫ്രീക്വന്റ്~~ ഫ്രീസ്) ലാഭകരമായി വിനിയോഗിക്കാൻ സാധിക്കുന്നതാണ്.

3. സഹകരണ സംഘങ്ങളിൽ നിക്ഷേപങ്ങൾക്ക് നൽകിവരുന്ന പലിശ നിരക്ക് എല്ലാ സഹകരണ സംഘങ്ങൾക്കും നിർബ്ബന്ധമായും ഏകീകൃതമായിരിക്കണം റജിസ്റ്റർമാരുടെ സർക്കുലർ അനുസരിച്ച് നിർബന്ധമായും നടപ്പിലാക്കാനുള്ള നിയമ വ്യവസ്ഥ ഉണ്ടായിരിക്കണം. പലിശ നിരക്ക് ഇടക്കിടെ മാറ്റിക്കൊണ്ടിരിക്കുന്ന ഇന്നത്തെ രീതിമാറ്റി

പട്ടിക 2

കൊടുമ്പ് പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ (ക്രൈഡിറ്റ്)

| No. | ബാങ്കിന്റെ പേര് | പ്രവർത്തന പരിധി | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം ലക്ഷ്യം | സർക്കാർ ഓഹരി | നിക്ഷേപം ലക്ഷ്യം | പ്രവർത്തന മൂലധനം | പ്രവർത്തനമേഖല | ലാഭം, നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക്, കൊടുമ്പ് ശാഖ ~~പൊൽപ്പുള്ളി ശാഖ~~ | കൊടുമ്പ് പഞ്ചായത്തിലെ 1,2,5,7,9 എന്നീ വാർഡുകൾക്ക് | ~~1956~~ 1977 1989 | 2439 | 60185 | ഇല്ല | 176.54 ~~(H.O)~~ 39.71 | – | കാർഷികവായ്പ, സ്വർണ്ണവായ്പ, പണയവായ്പ, IRDP ഭവന വായ്പ, വളം വിൽപ്പന, മാവേലി സ്റ്റോർ. | നഷ്ടം | 5 |
| 2. | പെരുവെമ്പ് സർവ്വീസ് സഹകരണ ബാങ്ക്, ഓലശ്ശേരി ബ്രാഞ്ച്, No.F.1648 | ഓലശ്ശേരി തസ്രാക്ക് | 1983 | 1836 | 120 | 1,00,000/- | ~~8.77~~ 87.70 | ~~3.80~~ 2.08 | കാർഷികവായ്പ, സ്വർണ്ണവായ്പ, പണയവായ്പ, IRDP | ലാഭം, | 3 |
| 3. | ബാങ്ക് ഓഫ് ഇൻഡ്യ, കൊടുമ്പ് ബ്രാഞ്ച്. | കൊടുമ്പ് പഞ്ചായത്ത് മുഴുവൻ | – | നാഷണലൈസ്ഡ് ബാങ്ക് | | | | | കാർഷികവായ്പ, സ്വർണ്ണവായ്പ, IRDP, വ്യവസായ വായ്പ, മറ്റു വായ്പ. | ലഭ്യമല്ല | 7 |
| 4. | നെടുങ്ങാടി ബാങ്ക്, കൊടുമ്പ് ബ്രാഞ്ച്. | കൊടുമ്പ് പഞ്ചായത്ത് മുഴുവൻ | – | ഷെഡ്ഡ്യൂൾഡ് ബാങ്ക് | | | | | കാർഷികവായ്പ, സ്വർണ്ണവായ്പ, IRDP, വ്യവസായ വായ്പ, മറ്റു വായ്പ | ലഭ്യമല്ല | ലഭ്യമല്ല |
| 5. | പാലക്കാട് ഭൂവികസന ബാങ്ക്. | കൊടുമ്പ് പഞ്ചായത്ത് മുഴുവൻ | – | ലഭ്യമല്ല | | | | | കാർഷികവായ്പ | ലഭ്യമല്ല | ലഭ്യമല്ല |
| 6. | പാലക്കാട് ജില്ല സർവ്വീസ് സഹകരണ ബാങ്ക് | ഒന്നും ലഭ്യമല്ല. | | | | | | | | | |
| 7. | പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | ഒന്നും ലഭ്യമല്ല. | | | | | | | | | |

## പട്ടിക 3

### കൊടുമ്പ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ (നോൺ ക്രൈഡിറ്റ്)

| No | സഹകരണ സ്ഥാപനം | പ്രവർത്തനപരിധി | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം ലക്ഷം | സർക്കാർ ഓഹരി | നിക്ഷേപം | പ്രവർത്തന മൂലധനം ലക്ഷം | പ്രവർത്തന മേഖല | ലാഭം/ നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | കൊടുമ്പ് കൈത്തറി നെയ്ത്ത് സഹകരണ സംഘം | കൊടുമ്പ്, ഓലശ്ശേരി, പള്ളത്തേരി, പനയൂർ. | 1947 | 381 | 6 | 0.10 | – | 6.02 | കൈത്തറി തുണികൾ നെയ്തു വിൽക്കുക | ലാഭം | 4 |
| 2. | പാലക്കാട് കളിമൺ വ്യവസായ സഹകരണ സംഘം No.K.V. IND(P) 17 | കൊടുമ്പ്, പൊൽപ്പുള്ളി, കണ്ണാടി, ചിറ്റൂർ, തത്തമംഗലം മുനിസിപ്പാലിറ്റി. | 1978 | 139 | 2.50 | – | 23,000/- | 25 Lakhs | അലങ്കാര ഓട്, ചില്ല ഓട്, പൂച്ചട്ടി, മിഷ്യൻ കല്ല്, തുടങ്ങിയവ. | ലാഭം | സ്ഥിരം 3 താൽക്കാലികം 30 |
| 3. | ഹരിജൻ വനിതാ സോപ്പ്വ്യവസായ സഹകരണസംഘം No.K.V. IND(P) 76 | കൊടുമ്പ് പഞ്ചായത്ത് മുഴുവൻ | 1984 | 40 | 40,000/ | 25,000/- | – | 4,08,000/- | സോപ്പ് നിർമ്മാണം | ലാഭം | 15 |
| 4. | ഹരിജൻ വനിതാ ഹാൻഡിക്രാഫ്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഓലശ്ശേരി. | കൊടുമ്പ് പഞ്ചായത്ത് മുഴുവൻ | 1983 | 25 | – | – | – | – | പുൽപ്പായ നെയ്ത്ത് | ലഭ്യമല്ല | ലഭ്യമല്ല |
| 5. | SAICO ഷെഡ്യൂൾഡ് കാസ്റ്റ് ആർട്ടിസാൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | കൊടുമ്പ് പഞ്ചായത്ത് മുഴുവൻ | 1996 | 25 | – | – | – | – | കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുക | ലഭ്യമല്ല | ലഭ്യമല്ല |
| 6. | പാലയങ്കാട് ക്ഷീര വ്യവസായ സഹകരണ സംഘം, പാലയങ്കാട്. | പഞ്ചായത്തിലെ മൂന്നാം വാർഡ് | 1962 | 188 | – | – | – | – | ക്ഷീരോല്പാദനം | – | 2 |
| 7. | കരിങ്കരപ്പുള്ളി ക്ഷീര വ്യവസായ സഹകരണ സംഘം, | 2,6,8 എന്നീ വാർഡുകൾ. | ------ | ലഭ്യമല്ല | – | – | – | – | ക്ഷീരോല്പാദനം | – | 1 |
| 8. | കൊടുമ്പ് സോൺ പ്രൈമറി സ്കൂൾ കോംപ്ലക്സ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. No.P. 737 | കൊടുമ്പ്, പൊൽപ്പുള്ളി, ഓലശ്ശേരി, കരിങ്കരപ്പുള്ളി, തിരുവാലത്തൂർ. | 1976 | 214 | 5,000/- | ഇല്ല | ഇല്ല | 1100/- | സ്കൂളിൽ മാത്രം | – | ഹോണറി |
| 9. | G. M.ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ സൊസൈറ്റി, തിരുവാലത്തൂർ. No.P.886 | തിരുവാലത്തൂർ ഹൈസ്കൂൾ | 1985 | 585 | 5,000/- | 5,000/- | – | 1625/- | സ്കൂളിൽ മാത്രം | – | ഹോണറി |

വർഷത്തിലൊരിക്കൽ മാറ്റുന്ന രീതിയാക്കണം.

4. വായ്പകുടിശ്ശിക വസൂലാക്കുന്നതിന്നു വേണ്ടി ഇന്ന് കൈകൊണ്ടുവരുന്ന നിയമ നടപടി മൂലം പ്രസ്തുത കുടിശ്ശിക വസൂലാക്കുന്നതിൽ വളരെയേറെ കാല താമസം വരുന്നുണ്ട്. ദേശസാൽകൃത ബാങ്കുകൾക്കും, വാണിജ്യബാങ്കുകൾക്കും ഇന്ന് വായ്പ കുടുശ്ശിക വസൂലാക്കുവാൻ അനുവദിച്ചിട്ടുള്ള നിയമ വ്യവസ്ഥ സഹകരണ സംഘങ്ങൾക്കും ബാധകമാവണം (റവന്യൂ റിക്കവറി തുടങ്ങിയവ).

5. ഒരു സഹകരണ സംഘത്തിന് ഒരു മോഡേൺ റൈസ് മില്ലെങ്കിലും ഉണ്ടായിരിക്കണം സ്ഥലം വാങ്ങി മിൽ കെട്ടാനും, അതാത് പഞ്ചായത്തിലെ കൃഷിക്കാരുടെ നെല്ല് വാങ്ങി സംഭരിക്കുവാനും അരിയാക്കിയോ മറ്റോ വില്ക്കുവാനുമുള്ള അനുവാദത്തിന് സഹകരണ നിയമത്തിൽ ഭേദഗതി വരുത്തണം. ഇതിന് ~~ഗണങ്ങണ~~ LSDP യിൽ നിന്ന് വായ്പയും, സബ്സിഡിയും അനുവദിച്ചു കിട്ടണം. പ്രവർത്തന മൂലധനം സംസ്ഥാനസഹകരണ ബാങ്കിൽ നിന്നോ, സർക്കാരിൽ നിന്നോ ചുരുങ്ങിയ പലിശക്ക് വായ്പയായി അനുവദിക്കുകയും വേണം.

6. സംഘങ്ങളിൽ വായ്പ വിതരണം ചെയ്യുന്ന രീതിക്കനുസരിച്ച് വായ്പ തിരിച്ചടവിനുള്ള പ്രവർത്തനം നടക്കുന്നില്ല. ഇതുമൂലം വായ്പ തിരിച്ചടവിൽ നല്ലൊരു ശതമാനം കുടിശ്ശികയായി വരുന്നു. അസി.സെക്രട്ടറിയിൽ കുറയാത്ത തസ്തികയിൽപ്പെട്ട ഒരു ഉദ്യോഗസ്ഥന് വായ്പ തിരിച്ചടവിനുള്ള **ഉത്തരവാദിത്വം** നിയമം മൂലം ചുമതലപ്പെടുത്തുകയും, അതാത് പ്രദേശത്തെ ഭരണ സമിതി അംഗങ്ങളുടെ പരിപൂർണ്ണ സഹകരണം തിരിച്ചടവിന്റെ കാര്യത്തിൽ ഉണ്ടായിരിക്കുകയും വേണം.

7. പഞ്ചായത്തിനു കീഴിലുള്ള സഹകരണ സംഘങ്ങളിൽ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് യാതൊരു ബന്ധവുമില്ല.: ആയതിനാൽ പഞ്ചായത്തു പ്രസിഡൻറിനെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ സഹകരണ സംഘങ്ങളുടെയും രക്ഷാധികാരിയായി നിയമിക്കണം. ആയതിന് ആവശ്യമായ നിയമഭേദഗതി വരുത്തണം.

**മേൽപ്രസ്താവിച്ച കാര്യങ്ങൾ നടപ്പിലാക്കുകയാണെങ്കിൽ ഇന്ന് സഹകരണ സംഘങ്ങളിൽ നിയമദൃഷ്ടി ~~ജി ഹോൾഡ്~~ as per audit ഉണ്ടാവുന്ന നഷ്ടം ഒരു പരിധി വരെ ഇല്ലാതാക്കുവാനും സംഘങ്ങളുടെ പ്രവർത്തനം ലാഭകരമാക്കുവാനും കഴിയുന്നതാണ്.**

## നോൺ ക്രെഡിറ്റ് മേഖല

1. അസംസ്കൃത സാധനങ്ങളുടെ അമിതമായ വിലക്കയറ്റവും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിഷമവും സംഘത്തെ സാരമായി ബാധിക്കുന്നു. മിതമായ നിരക്കിൽ അസംസ്കൃത സാധനങ്ങൾ സർക്കാർ വാങ്ങി സഹകരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

2. **വ്യവസായ സഹകരണ സംഘങ്ങളിലെ ഉല്പന്നങ്ങൾ വാങ്ങി വിതരണം നടത്തുവാനുള്ള ഒരു സംവിധാനം (~~ഹോർട്ടികോർപ്പ് ഏജൻസി എന്നിവയെപ്പോലെ~~ multi apex societies) രൂപീകരിക്കുകയും സംഘങ്ങളുടെ ഉല്പന്നങ്ങളുടെ വില ഉടൻ തന്നെ കൊടുത്തു തീർക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.**

3. എല്ലാ വ്യവസായ സഹകരണ സംഘങ്ങളിലെ ഉല്പന്നങ്ങൾക്കും ഉൽസവ കാലങ്ങളിൽ റിബേറ്റ് വില്പന അനുവദിക്കണം. (ഖാദി, കൈത്തറി) എന്നിവയിലെ പോലെ.

4. കാലാ കാലങ്ങളിലെ പ്രവർത്തനങ്ങൾക്ക് വിദഗ്ദ പരിശീലനം കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ആവശ്യമായ സമയങ്ങളിൽ വിദഗ്ദൻമാരുടെ മേൽനോട്ടം ഏർപ്പെടുത്തുകയും വേണം.

5. സർക്കാർ ഗ്രാൻറ്, സബ്സിഡി, ചുരുങ്ങിയ പലിശക്കുള്ള വായ്പ എന്നീ സൗകര്യങ്ങൾ നല്കി സ്ഥാപനങ്ങളെ നിലനിർത്തിക്കൊണ്ടുവരണം.

## ക്ഷീരവ്യവസായ സഹകരണ സംഘം

ക്ഷീരവ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാരും, വേൻണ്ടർമാരും, ഉല്പാദകരും, ഭരണസമിതിയും ആത്മാർത്ഥമായും, സത്യസന്ധമായും കൂട്ടായ പ്രവർത്തനവും കാഴ്ച വെച്ചാൽ മാത്രമേ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് അറുതി വരുത്തുവാൻ കഴിയുകയുള്ളൂ. ഉല്പാദകനിൽ തുടങ്ങുന്ന വീഴ്ച വേൻണ്ടറിൽ കൂടി സംഘത്തെ ബാധിക്കുന്നു. പാലിന്റെ ഗുണനിലവാരം കുറയാൻ ഇടയാവുന്നു.

ഉല്പാദനം വർധിക്കുന്ന കാലങ്ങളിൽ സംഘങ്ങളിലെ മുഴുവൻ പാലും മിൽമ ഏറ്റെടുക്കുന്നില്ല. ഉല്പാദകന് വേണ്ട സമയത്ത് വായ്പ ലഭിക്കുന്നില്ല. ഉല്പാദനത്തിൽ വിടവ് ഉണ്ടാവുകയും താൽപര്യം കുറയുകയും ചെയ്യുന്നു.

സംഘം മുഖേന വായ്പ എടുത്ത് വാങ്ങിച്ചിട്ടുള്ള കറവ പശുക്കൾക്ക് എല്ലാം ഇൻഷൂറൻസ് നടപ്പിലാക്കുകയും അവക്ക് എന്തെങ്കിലും അത്യാഹിതം സംഭവിക്കുകയാണെങ്കിൽ ലളിതമായ രീതിയിൽ ഇൻഷൂറൻസ് തുക തിരിച്ചു കിട്ടുവാനുള്ള സംവിധാനം ഉല്പാദകന് ഉണ്ടാവുകയും വേണം.

പഞ്ചായത്തിൽ ഒരു പാൽവിതരണ സംഘവും വാർഡുകൾ തോറും സബ്സെൻററുകളും രൂപീകരിക്കുക. വാർഡുകളിലെ ഉല്പാദകർ സബ്സെൻററുകളിൽ പാൽ എത്തിക്കുകയും സബ്സെൻററിൽ നിന്ന് ഒരു വേൻണ്ടർ മുഖേന ഗുണനിലവാര പരിശോധന നടത്തി പഞ്ചായത്തിലെ പാൽ സൊസൈറ്റിയിൽ എത്തിക്കുകയും ചെയ്യുക.

1. ഗുണനിലവാരമുള്ള കാലിത്തീറ്റകൾ പഞ്ചായത്തിലെ പാൽ സൊസൈറ്റിയിൽ വരുത്തി. സബ്സെൻററുകൾ മുഖേന വിതരണം ചെയ്യുക.

2. സൊസൈറ്റിയിൽ മിൽമയുടെ നെയ്യ്, തൈര്, സംഭാരം, എന്നിവ വിതരണം ചെയ്യുക.

3. ഫാമുകളിൽ നിന്ന് സങ്കര ഇനം പശുക്കുട്ടികളെ സബ്സിഡി നിരക്കിൽ പാൽ സൊസൈറ്റി മുഖാന്തിരം ഉല്പാദകർക്ക് വിതരണം നടത്തുക.

4. പശുക്കളുടേയും പശുക്കുട്ടികളുടേയും പ്രദർശന മൽസരങ്ങളും സെമിനാറുകളും മൃഗസംരക്ഷണ വകുപ്പിൻെറയും സൊസൈറ്റികളുടേയും നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ നടത്തണം. സിനിമകൾ കാണിക്കുകയും സമ്മാനങ്ങൾ നൽകുകയും വേണം.

## സ്ക്കൂൾ കോംപ്ലക്സ്

പാഠപുസ്തകങ്ങൾ വിദ്യാലയ വർഷാരംഭത്തിൽ തന്നെ വിദ്യാലയങ്ങളിൽ വിതരണം നടത്തുവാനുള്ള സംവിധാനം ഉണ്ടാവണം. നോട്ടുപുസ്തകങ്ങൾ പൊതു മാർക്കറ്റിലെ നിരക്കിനേക്കാൾ ചുരുങ്ങിയ വിലക്ക് ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. സ്ക്കൂൾ സഹകരണ സംഘങ്ങളിൽ വിദ്യാർത്ഥികൾക്ക് മാത്രം സമ്പാദ്യ ശീലം വളർത്തുന്നതിനായി സേവിങ്ങ്സ് അക്കൗണ്ടിൽ സംഘം നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കണം.

## പഞ്ചായത്തിൽ പുതുതായി രൂപീകരിക്കേണ്ട സഹകരണസംഘങ്ങൾ

1. കൊടുമ്പ് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്ക് കൊടുമ്പിൽ രൂപീകരിക്കണം.

2. സഹകരണ മേഖലയിൽ ഒരു മോഡേൺ റൈസ്മിൽ സ്ഥാപിക്കണം.

3. സഹകരണ കാലിത്തീറ്റ സംസ്ക്കരണ കേന്ദ്രം.

4. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ക്ഷീരോല്പാദക സഹകരണ സംഘം.

5. 51% സഹകരണ മേഖലക്കും 49% സർക്കാരിന്നും ഓഹരിയുള്ള ഒരു സഹകരണ ജൈവവള ഫാക്ടറി സ്ഥാപിക്കുക. ഫാക്ടറിക്കുവേണ്ട സ്ഥലം കാക്കത്തറ പുഴയോരത്ത് ഉണ്ട്.

6. സഹകരണ മേഖലയിൽ കരിങ്കരപ്പുള്ളി കനാലിനു സമീപമുള്ള പഞ്ചായത്ത് ഭൂമിയിൽ ഒരു കല്ല്യാണമണ്ഡപവും ഷോപ്പിങ്ങ് കോംപ്ലക്സും നിർമ്മിക്കുക.

7. സഹകരണ വനിതാ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

8. ഒരു സഹകരണ എംപ്ലോയീസ് കൺസ്യൂമർ സ്റ്റോർ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

9. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.

10. വിവിധോദ്ദേശ കൈത്തൊഴിൽ സഹകരണ സംഘം രൂപീകരിക്കുക.

11. വിവിധതരം തൊഴിലാളികൾക്ക് പ്രാതിനിധ്യമുള്ള

ഒരു ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം രൂപീകരിക്കുക.

12. സഹകരണ വനിതാ പ്രിൻറിങ്ങ് പ്രസ്സ് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

13. ഒരു സഹകരണ ആശുപത്രി പഞ്ചായത്തിൽ തുടങ്ങുക.

14. പുളി ധാരാളം കിട്ടുന്ന പഞ്ചായത്തിൽ പുളി സംസ്ക്കരിക്കുന്നതിന് ഒരു ഫാക്ടറി സഹകരണ അടിസ്ഥാനത്തിൽ തുടങ്ങുക.

**മേലെഴുതിയ തൊഴിൽ സാധ്യതയുള്ള സഹകരണ സ്ഥാപനങ്ങൾ നടപ്പിലാക്കുകയാണെങ്കിൽ** ഈ പഞ്ചായത്തിലെ 300 പേർക്കെങ്കിലും നേരിട്ട് തൊഴിൽ നൽകുവാനും 200 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നതിനും സാധ്യത കാണുന്നുണ്ട്.





# 11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 20.21% പട്ടികജാതി വിഭാഗമാണ്. ആകെ 742 വീടുകളിലായി 800 കുടുംബങ്ങളും 20 അംഗീകൃതകോളനിയും 19 കോളനികൾ അംഗീകാരത്തിന് സമർപ്പിച്ച കോളനികളിലുമായി ഇടകലർന്ന് ജീവിച്ചു വരുന്ന ആകെ 3639 പട്ടികജാതി അംഗങ്ങൾ ഉണ്ട്. വിദ്യാഭ്യാസ സാമൂഹ്യമേഖലകളിൽ പിന്നോക്കാവസ്ഥയും, സാമ്പത്തിക രംഗത്ത് ഒട്ടും പുരോഗതി നേടാൻ കഴിയാത്ത ഈ വിഭാഗം നിരവധി കാലം ചൂഷണത്തിന് വിധേയമായിരുന്നു. കുടിയിരുപ്പും മിച്ചഭൂമിയും ലഭിച്ചവർക്ക് ഒരു പരിധി വരെ സാമൂഹിക പുരോഗതി ഉണ്ടായിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കു വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായി മാത്രമേ ലഭിച്ചിട്ടുള്ളൂ. കൂടുതൽ നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്.

നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാനാവാതെ നിലനില്ക്കുന്നുണ്ട്. ലഭ്യമായ കണക്കു പ്രകാരം കോളനികളടക്കം ജനസംഖ്യ 3639 ആണ്. അംഗീകാരത്തിന്ന് സമർപ്പിച്ച കോളനികൾ അംഗീകരിച്ച് കിട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. 10ാം ക്ലാസ്സ് എത്തുന്നതിന് മുമ്പു തന്നെ അനവധി കുട്ടികൾ പഠിത്തം ഉപേക്ഷിച്ച് പോകുന്നു. എസ്സ്.

എസ്സ്. എൽ.സി. ക്കു തന്നെ വളരെ കുറച്ചു കുട്ടികൾ മാത്രമാണ് വിജയം കൈവരിക്കുന്നത്. തോറ്റ വിദ്യാർത്ഥികൾ തുടർന്ന് പഠിക്കുവാൻ കൂട്ടാക്കുന്നില്ല. പഠിപ്പിക്കുവാൻ വേണ്ട സാമ്പത്തികശേഷിയും ഇല്ല. എസ്സ്. എസ്സ്. എൽ.സി. ക്ക് വിജയിച്ച കുട്ടികൾ തന്നെ പ്രീ.ഡിഗ്രിയോടെ പഠിത്തം നിർത്തുന്നു. കാരണം വിജയം കൈവരിക്കാൻ സാദ്ധ്യമാകാത്തതുകൊണ്ട് രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള സിലബസിലെ പാഠങ്ങളുടെ എണ്ണം കുറക്കേണ്ടതാണ്.

12 വർഷത്തോളം ക്ലാസ്സുമുറികളിൽ ഉല്പാദനരംഗവുമായി ബന്ധപ്പെടാത്ത സിലബസ്സ് പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് കാർഷികരംഗവുമായി ബന്ധപ്പെട്ട തൊഴിലുകളോട് ശാരീരികവും മാനസികവുമായ വിമുഖതയാണ് ഇന്നുള്ളത്. ശാരീരികമായ വളർച്ചക്കു കായികമായ പരിശീലനത്തിലൂടെ അവരുടെ കഴിവ് വികസിച്ചു കായികരംഗങ്ങളിൽ നല്ല പ്രകടനം കാഴ്ചവെയ്ക്കാൻ സൗകര്യം ഉണ്ടാക്കികൊടുക്കുകയും അതൊടൊപ്പം മാനസികമായ വളർച്ച മെച്ചപ്പെടുത്താനും കഴിയും. ശാരീരികമായ ആഭിമുഖ്യകുറവ് യന്ത്രവൽക്കരണം മൂലം പരിഹരിക്കാമെങ്കിലും മാനസികമായ ആഭിമുഖ്യ കുറവിന്ന് പരിഹാരമായി 7ാം ക്ലാസ്സു മുതൽ ഉല്പാദന മേഖലയുമായി ബന്ധപ്പെട്ട് വിഷയങ്ങൾ സിലബസിൽ ഉൾപ്പെടുത്തുകയും കൃഷി ഭവൻ മൃഗാസ്പത്രി തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ദർ പ്രായോഗികപരിശീലനം ആഴ്ചയിൽ ഒരിക്കലെങ്കിലും നല്കുന്നത് പുതിയ തലമുറക്ക് ഒരു തൊഴിൽ സംസ്ക്കാരം വളർത്തിയെടുക്കാൻ കഴിയും.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിലെ സ്ത്രീ പുരുഷൻമാർ ഭൂരിപക്ഷവും കാർഷികമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവന്നിരുന്നവരാണ്. അടുത്തകാലത്തായി കാർഷികമേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ചെയ്തു. തകർച്ചക്ക് പ്രധാനമായ കാരണം ജലസേചനം കാലാകാലങ്ങളിൽ ചിറ്റൂർ പുഴ പദ്ധതിയിൽ നിന്നും മലമ്പുഴ, വാളയാർ പദ്ധതിയിൽ നിന്നും ലഭിക്കാത്തതുകൊണ്ടുമാണ്. ഇതുമൂലം തൊഴിൽ തേടി മറ്റു മേഖലയിലേക്കു (കൺസ്ട്രക്ഷൻ) പോകുന്ന സ്ഥിതിയാണ്. ഈ മേഖലയിൽ സ്ത്രീകൾക്ക് 60 രൂപയും പുരുഷന് 100 രൂപയും കൂലി ലഭിക്കുന്നുണ്ട്. തൃപ്തികരമായ കൂലി ലഭിക്കാത്തതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷികമേഖല ഉപേക്ഷിക്കുന്നു.

പുരുഷൻമാരെ കാർഷികപ്രവർത്തികൾക്ക് ഒട്ടും ലഭിക്കുന്നുമില്ല. തൊഴിൽ എന്നതിലുപരി ഭക്ഷ്യ ഉൽപാദനങ്ങളുടെ വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്. ഈ വിഭാഗത്തിന് തൊഴിൽ ആരംഭിക്കുന്നതിനുള്ള സംവിധാനം കാണേണ്ടതാണ്.

## പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും ഒരുപരിധി വരെ സർക്കാർ ഏജൻസികൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക പട്ടികജാതി കോളനികളിലും പ്രാഥമിക ആവശ്യങ്ങൾക്കുള്ള കക്കൂസ്, കുടിവെള്ളം, വൈദ്യുതി,റോഡ് എന്നിവ പ്രായോഗിക തലത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇവരിൽ പലരും വിവിധഏജൻസികൾ നടപ്പിലാക്കി വരുന്ന വായ്പയെടുത്ത് കടക്കെണിയിൽ അകപ്പെട്ടുപോയിട്ടുണ്ട്. കൈവശഭൂമിയുടെ രേഖകൾ ഓഫീസുകളിൽപ്പെട്ടു പോയതിനാൽ മറ്റാനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീടുനിർമ്മാണത്തിന്നാവശ്യമായ തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീടു വെയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവെയ്ക്കാനാവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമേ ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. ലക്ഷം വീടു കോളനികളിൽ പ്രാഥമിക സൌകര്യങ്ങൾ നിലനിൽ ഒന്നും തന്നെയില്ല. കക്കൂസ്, കുടിവെള്ളം, വൈദ്യുതി, വീട് എന്നിവ അനുവദിച്ച് പുരോഗതി ഉണ്ടാക്കേണ്ടതാണ്.

**പട്ടിക 1**

**അംഗീകരിച്ച പട്ടികജാതി കോളനികളിലെ ഭൗതിക സാഹചര്യങ്ങൾ ഒറ്റനോട്ടത്തിൽ**

| ഇനം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| വീട് | 426 | 108 |
| കക്കൂസ് | 83 | 343 |
| വൈദ്യുതി | 225 | 201 |

പട്ടിക 2

അംഗീകൃത പട്ടികജാതി കോളനികളുടെ വിശദവിവരം

| ക്രമ നമ്പർ | വാർഡ് നമ്പർ | അംഗീകാരമുള്ള കോളനികൾ | ആകെ വീട് | ഓട് | ഓല | ടെറസ് | കക്കൂസ് ഉള്ളവർ | കക്കൂസ് ആവശ്യമുള്ളവർ | കറൻറ് ഉള്ളവർ | കറൻറ് ആവശ്യമുള്ളവർ | വീട് വേണ്ടവർ | വീടും സ്ഥലവും വേണ്ടവർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | 1 | നെല്ലിക്കാട് | 39 | 30 | 9 | - | 2 | 37 | 20 | 19 | 9 | 3 |
| 2. | 1 | ചേപ്പിലംതിട്ട | 25 | 22 | 3 | - | 6 | 19 | 19 | 6 | 5 | 1 |
| 3. | 1 | മണമ്പ്രാട്ട്കളം | 13 | 12 | 1 | - | 2 | 11 | 8 | 5 | 1 | 1 |
| 4. | 2 | കോഴിപ്പറമ്പ് | 11 | 9 | 2 | - | - | 11 | 4 | 7 | 3 | 1 |
| 5. | 2 | കണക്ക് പറമ്പ് | 21 | 15 | 6 | - | 3 | 18 | 15 | 6 | 4 | 1 |
| 6. | 2 | ചക്കിങ്കൽച്ചള്ള | 14 | 12 | 2 | - | 4 | 10 | 3 | 11 | 3 | 1 |
| 7. | 3 | പുളയപ്പാടം | 33 | 24 | 9 | - | - | 33 | 10 | 23 | 10 | 2 |
| 8. | 3 | കുന്നുകാട് | 26 | 18 | 8 | - | - | 26 | - | 26 | 10 | 2 |
| 9. | 3 | നെല്ലിയംപാടം | 25 | 20 | 5 | - | 10 | 15 | 25 | - | 4 | 1 |
| 10. | 4 | കൊണ്ടിൽത്തറ | 31 | 31 | - | - | 3 | 28 | 20 | 11 | 9 | 7 |
| 11. | 3 | പാലയംകാട്തെക്കുമുറി | 18 | 16 | 2 | - | 3 | 15 | 8 | 10 | 8 | 2 |
| 12. | 5 | കണക്ക് വളപ്പ് | 21 | 18 | 3 | - | 2 | 19 | 10 | 11 | 6 | - |
| 13. | 6 | അമ്പലപ്പറമ്പ് | 12 | 12 | - | - | 4 | 8 | 12 | - | 5 | 3 |
| 14. | 6 | കാരക്കാട്ട് | 43 | 37 | 4 | 2 | 15 | 28 | 25 | 18 | 8 | 6 |
| 15. | 7 | പൂങ്ങോട്ട്കവറത്തറ | 13 | 8 | 5 | - | 5 | 8 | 4 | 9 | 2 | 5 |
| 16. | 7 | പൊതുകാട് | 10 | 8 | 2 | - | 3 | 7 | 2 | 8 | 5 | 5 |
| 17. | 8 | അയ്യപ്പൻകാവ് | 13 | 6 | 6 | 1 | 5 | 8 | 7 | 6 | 7 | 4 |
| 18. | 9 | മന്ദാട്ടുതറ | 28 | 20 | 8 | - | 10 | 18 | 15 | 13 | 5 | 2 |
| 19. | 9 | മുല്ലേരി | 18 | 12 | 4 | 1 | 4 | 14 | 10 | 8 | 2 | 1 |
| 20. | 9 | താങ്കുറിശ്ശി | 12 | 10 | 2 | - | 2 | 10 | 8 | 4 | 2 | 1 |
| | | **ആകെ** | 426 | 340 | 82 | 4 | 83 | 343 | 225 | 201 | 108 | 49 |

പട്ടിക 3

അംഗീകാരം ആവശ്യമുള്ള പട്ടികജാതി കോളനികൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനി | ആകെ വീട് | ഓട് | ഓല | ടെറസ് | കക്കുസ് ഉള്ളവർ | കക്കുസ് ഇല്ലാ-ത്തവർ | കറൻറ് ഉള്ളവർ | കറന്റ് ഇല്ലാ-ത്തവർ | വീട് ആവശ്യ മുള്ളവർ | സ്ഥലവും വീടും ആവശ്യ മുള്ളവർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | 1 | കണ്ണമ്പരിയാരം | 10 | 8 | 1 | 1 | 4 | 6 | 3 | 7 | 2 | - |
| 2. | 3 | പൂതങ്കാട് | 12 | 9 | 3 | - | 1 | 11 | 7 | 5 | 5 | - |
| 3. | 3 | മാവത്ത് പാടം | 13 | 9 | 3 | - | - | 13 | 4 | 9 | 3 | 1 |
| 4. | 3 | തിരുവോണപ്പുറം | 10 | 5 | 5 | - | - | 10 | - | 10 | 10 | 2 |
| 5. | 3 | പ്ലാക്കാട് | 13 | 7 | 6 | - | 3 | 10 | - | 13 | 4 | 2 |
| 6. | 4 | കാട്ടിരംകുന്നം | 10 | 10 | - | - | 1 | 9 | - | 10 | 3 | 2 |
| 7. | 4 | ആലയംകാട്, വെളുങ്കാട് | 18 | 15 | 3 | - | - | 18 | 5 | 13 | 8 | 2 |
| 8. | 4 | ഞായംങ്കാട് | 10 | 9 | 1 | - | 10 | 4 | 6 | 6 | 1 | - |
| 9. | 4 | ആമ്പ | 10 | 9 | 1 | - | 1 | 10 | 3 | 7 | 5 | 2 |
| 10. | 4 | നെല്ലിക്കുന്നം | 12 | 9 | 3 | - | 1 | 11 | 5 | 7 | 4 | 4 |
| 11. | 5 | കൂന്നംകാട് | 15 | 10 | 5 | - | - | 15 | 5 | 10 | 6 | - |
| 12. | 5 | മണ്ണാൻതറ | 10 | 9 | 1 | - | 1 | 9 | 3 | 7 | 6 | - |
| 13. | 6 | കരിപ്പാലി | 11 | 9 | - | 3 | 6 | 10 | 1 | 5 | 4 | 2 |
| 14. | 6 | ചേമ്പാടം | 10 | 10 | - | - | 8 | 2 | 9 | 1 | 2 | 2 |
| 15. | 7 | അത്തിക്കാട് | 10 | 7 | 3 | - | 3 | 7 | 2 | 7 | 4 | 5 |
| 16. | 7 | കോറങ്കാട് | 10 | 8 | 2 | - | 2 | 8 | 1 | 8 | 4 | 5 |
| 17. | 8 | കോൽക്കാട് | 11 | 8 | 2 | 1 | 5 | 6 | 7 | 4 | 5 | 3 |
| 18. | 9 | തെയ്യംകുന്നം | 25 | 20 | 5 | 1 | 5 | 11 | 15 | 10 | 2 | 2 |
| 19. | 9 | കല്ലംപൊറ്റ | 10 | 8 | 2 | - | 2 | 6 | 4 | 8 | 1 | 1 |
| | | **ആകെ** | 230 | 179 | 46 | 5 | 53 | 177 | 82 | 148 | 78 | 37 |

പട്ടിക 4

പൊതുടാപ്പുകൾ സ്ഥാപിക്കേണ്ട കോളനികൾ

| | |
|---|---|
| വാർഡ് 1 | മണമ്പ്രാട്ട് കളം, കണ്ണമ്പരിയാരം |
| വാർഡ് 2 | കോഴിപ്പറമ്പ്, കണക്ക് പറമ്പ്, ചക്കിങ്കൽപള്ള |
| വാർഡ് 3 | പൂതങ്കാട്, മാവത്ത് പാടം, പുളയപ്പാടം |
| വാർഡ് 4 | ആമ്പ, ഞായങ്കാട് |
| വാർഡ് 6 | കാരക്കാട്, കരിപ്പാലി |
| വാർഡ് 7 | കോരൻകാട് , അത്തിക്കാട് |
| വാർഡ് 8 | കോൽക്കാട് |

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.

2. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. കാർഷികമേഖലയിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു. തൊഴിൽ ദിനങ്ങൾ കുറഞ്ഞു വരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്കു നീങ്ങുന്നു.

3. എല്ലാവർക്കും സ്വന്തമായി വീട് ഇല്ല. വീടു വെക്കാൻ സ്ഥലമില്ല. വീടു നിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.

4. വൈദ്യുതി മുഴുവൻ പ്രദേശങ്ങളിൽ എത്തിയിട്ടില്ല.

5. കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാനുണ്ട്.

6. ആരോഗ്യസംരക്ഷണസംവിധാനം മെച്ചപ്പെട്ടതല്ല.

7. നിർദ്ധനകുടുംബത്തിലെ അംഗങ്ങളുടെ ചികിൽസക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

8. ഐ.ആർ.ഡി.പി. പദ്ധതിയും മറ്റും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

9. പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്രയില്ല.

10. പട്ടികജാതി വികസന കോർപ്പറേഷനും, ഹരിജന ക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

11. കടക്കെണിയിൽ ബഹുഭൂരിപക്ഷം പേരും പെട്ടു പോകുന്നു.

12. പൊതുശ്മശാനങ്ങൾ ഇല്ല.

## സാദ്ധ്യതകൾ

### വൈദ്യുതി :-

പഞ്ചായത്തിൽ 20 അംഗീകൃത കോളനികളും 19 അംഗീകരിക്കേണ്ട കോളനികളും ഉണ്ട്. ഇതിൽ 312 വീട് വൈദ്യുതികരിച്ചതാണ് 354 വീട് വൈദ്യുതീകരിക്കാനുണ്ട്. 100 ഓളം വീടുകളിൽ വൈദ്യുതി സൗജന്യ പരിധിയിലാണ്. കുന്നുകാട്, ആമ്പ, പ്ലാക്കാട്, ഞായൻകാട്, വളപ്പ്, പൊതുകാട്, കാട്ടിരംകുന്നം ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കേണ്ടതുണ്ട്. ആയതിനാവശ്യമായ പദ്ധതിക്ക് രൂപം നൽകണം.

### കുടിവെള്ളം :-

കോളനികളിൽ പലതിലും കുടിവെള്ളപ്രശ്നം രൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിനായി പഞ്ചായത്ത്, ബ്ലോക്ക് എന്നീ ഏജൻസികൾ മുഖേന കിണറുകളും കുഴൽകിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാണ്. 20ം വാർഡിലെ കോഴിപ്പറമ്പ്, കണക്ക് പറമ്പ് പ്രദേശങ്ങൾ കുഴിച്ചാൽ പാറയായതിനാൽ കുടിവെള്ളപ്രശ്നം പൂർത്തിയാക്കി തീർക്കണമെങ്കിൽ നല്ല ഒരു പദ്ധതി പ്ലാൻ ചെയ്തു കൊണ്ട് ഇതിനു പരിഹാരം കാണേണ്ടതായിട്ടുണ്ട്.

### റോഡുകൾ:-

പഞ്ചായത്തിൽ പല കോളനികളിലും റോഡ് ഗതാഗതസൗകര്യമില്ലാത്തവയാണ്. ഇതിൽ പ്രധാനമായും കാട്ടിരംകുന്നം, പുളയംപാടം, പൂതംകാട്, കണക്ക് പറമ്പ്, കാരക്കാട്, BPL ജംഗ്ഷൻ, ചെമ്പലോട്, അത്തിക്കാട്, ഞായൻകാട് ഭാഗങ്ങളിൽ റോഡ് നിർബന്ധമായും പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കേണ്ടതാണ്. നിലവിലുള്ള റോഡുകൾ തന്നെ മഴയിൽ കുത്തി ഒലിച്ച് പോയി ഗതാഗതയോഗ്യമല്ലാത്തവയാണ് ഇതുകൂടി പരിഹരിക്കേണ്ടതാണ്

ക്ഷേമപദ്ധതികൾ:-

ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായകരമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേതാണ്. പട്ടികജാതി ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഹരിജനക്ഷേമ വകുപ്പും, പട്ടികജാതി കോർപ്പറേഷനും നടപ്പിലാക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയെ കഴിയൂ. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് കഴിയും.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക

2. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം രൂപീകരിക്കുക

3. സഹകരണ മേഖലയിൽ സങ്കരയിനം പശുക്കളെ വളർത്തുവാനുള്ള ഒരു സ്കീം നടപ്പിലാക്കുക

4. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിന് എല്ലാവിധ സഹായവും നൽകുക.

5. കാർഷികതൊഴിലാളികളുടെ വീട്ടിലെ 3 വയസ്സിനു താഴെയുള്ള കുട്ടികളെ നോക്കുവാൻ (തൊഴിലാളി ജോലിക്കു പോകുന്ന സമയത്ത്) ഡേ കെയർ സെന്റർ സ്ഥാപിക്കുക.

6. അന്ധവിശ്വാസം, സാമൂഹ്യ അനീതി, പരിസര മലിനീകരണം, വിദ്യാഭ്യാസത്തിന്റെ ആവശ്യകത, ശുചിത്വം എന്നിവയെക്കുറിച്ച് വാർഡ്തല ബോധവൽക്കരണ ക്ലാസുകൾ മാസത്തിൽ ഓരോ തവണയും നടത്തുക.

7. വീട് നിർമ്മാണ ഉപകരണ സഹകരണസംഘം രൂപീകരിക്കുക

8. അഭ്യസ്തവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകി വരുന്ന (പട്ടികജാതി വികസന വകുപ്പ്, ഹരിജൻ കോർപ്പറേഷൻ) വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

9. സ്ഥലം പഞ്ചായത്ത് പാട്ടത്തിന് എടുത്ത് പച്ചക്കറി തോട്ടം നിർമ്മിക്കുകയും അവ വിറ്റഴിക്കുവാനുള്ള ചന്തകൾ ഏർപ്പെടുത്തുകയും ചെയ്യുക.

10. S.S.L.C തോറ്റ മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും തുടർന്ന് പഠിപ്പിക്കുവാനുള്ള ധനസഹായം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റോ പഞ്ചായത്തോ അനുവദിക്കുക.

11. S.S.L.C പാസായ വിദ്യാർത്ഥികൾക്ക് സൌജന്യമായി കംപ്യൂട്ടർ കോഴ്സ് ഏർപ്പെടുത്തുക.

12. മാരകരോഗങ്ങൾ ബാധിച്ച പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുക.

13. പട്ടയം ലഭിക്കാത്തവർക്ക് പട്ടയം ലഭിക്കുവാനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് സമയബന്ധിതമായി എല്ലാവർക്കും പട്ടയം നൽകുക

14. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി കോളനികളിലെ റോഡുകളിലും സ്ട്രീറ്റ് ലൈറ്റ് അനുവദിക്കുക

15. ലക്ഷം വീട് കോളനികളിലും 4 സെൻറ് കോളനികളിലും വീട് പുതുക്കിപ്പണിയുന്നതിനും, ഓടു മേയുന്നതിന്നും ധനസഹായം നൽകുക.

16. സർക്കാർ ഏറ്റെടുത്ത് അവരുടെ ആവശ്യം കഴിഞ്ഞ് ബാക്കി നിൽക്കുന്ന തസ്രാക്ക് ലിഫ്റ്റ് ഇറിഗേഷനും കരിങ്കരപ്പുള്ളി 8ാം വാർഡിൽ കനാൽ ബണ്ടിനു സമീപമുള്ള സ്ഥലവും പഞ്ചായത്ത് ഏറ്റെടുത്ത് ഭൂരഹിത പട്ടികജാതിക്കാർക്ക് കൊടുക്കുക.

17. അഭ്യസ്ഥവിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ പ്രയോജനപ്പെടുത്തുക.

18. കണ്ണമ്പരിയാരം പട്ടികജാതി കോളനിറോഡും നെല്ലിക്കാട് പട്ടികജാതി കോളനിറോഡും തമ്മിൽ ബന്ധപെടാൻ കുറുകെ ഒഴുകുന്ന തോട്ടിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുക.

19. പ്ലാക്കാട്, പുളയപ്പാടം കോളനിയും പാലയങ്കാട് തിരുവോണപുറം കോളനിയും തമ്മിൽ ബന്ധിപ്പിക്കുന്നതിന്ന് ശോകനാശിനി പുഴക്ക് കുറുകെ ഒരു പാലം നിർമ്മിക്കുക.

20. പഞ്ചായത്ത് തലത്തിൽ ഒരു ബോഡിംഗ് സ്കൂൾ സ്ഥാപിക്കുക.


21. പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ അടുത്ത് മദ്യഷാപ്പുകൾ ഉണ്ടെങ്കിൽ അവ മാറ്റുക.

22. സാക്ഷരതാപ്രവർത്തനവും തുടർവിദ്യാഭ്യാസവും കോളനികളിൽ സജീവമായി നടത്തണം.

23. മിശ്രവിവാഹിതരാകുന്നവർക്ക് പുനരധിവാസത്തിന് വേണ്ട നടപടി സ്വീകരിക്കുക.

24. പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിന് ജനപങ്കാളിത്തം ഉറപ്പുവരുത്തുക.





# വിഭവസമാഹരണം

**ആമുഖം**

വികസനം ജനപങ്കാളിത്തത്തോടെയെന്നു വെച്ചാൽ ജനങ്ങളുടെ സമഗ്രമായ പങ്കാളിത്തം എന്നുതന്നെയാണ് അർത്ഥമാക്കുന്നത്. ഗ്രാമീണ ഹ്രദയങ്ങളിൽ ഉറങ്ങുന്ന ചെറുതും വലുതുമായ സ്വപ്നങ്ങൾക്ക് നിറംകൊടുക്കുകയും തിരിച്ചറിയുകയും ചെയ്യുക, അത്തരം മോഹങ്ങളുടെ സാക്ഷാത്കരണത്തിനായ് ഒന്നിച്ചൊരു മനസ്സുമായ് പണിയെടുക്കുക എന്നതും ജനകീയ ആലോചന വിഭാവനം ചെയ്യുന്നു.

നമ്മുടെ രാജ്യം വികസ്വരമാണ്. ജനങ്ങളിലെ ഭൂരിഭാഗവും കാർഷിക മേഖലയെ ആശ്രയിച്ച് കഴിയുന്നു. ഗ്രാമ്യസംസ്ക്കാരമാണ് നമ്മുടെത്. ഗ്രാമങ്ങൾ അർദ്ധ പട്ടിണിയിൽ കഴിയുന്നവയാണ്. ഗ്രാമീണ മേഖല തൊഴിലില്ലായ്മ, ഭാഗികമായ തൊഴിലില്ലായ്മ എന്നീ സാമ്പത്തിക രോഗങ്ങൾക്ക് വിധേയമാണ്. നിരക്ഷരതയും ദാരിദ്രവും ഗ്രാമങ്ങളിൽ കൂടുതൽ ആണ്.

വികസന സാധ്യതകളുടെ അഭാവം കൊണ്ടല്ല നമ്മുടെ ഗ്രാമങ്ങൾ അവികസിതമായി തുടരുന്നത്. നമ്മുടെ ഗ്രാമങ്ങൾ വിഭവസമൃദ്ധമാണ്. തോടും പുഴയും തെങ്ങും കവുങ്ങും തിരയും തീരവും മലഞ്ചെരിവുകളും പുൽത്തകിടികളും എല്ലാം ഇവിടെ സുലഭമാണ് നമ്മുടെ ഗ്രാമങ്ങൾ പൊന്നുവിളയുന്ന ഫലഭൂയിഷ്ഠത നമ്മുടെ മണ്ണിന്റെ പ്രത്യേകതയാണ് എന്നിട്ടും

ഗ്രാമങ്ങൾ അവികസിതമായി തുടരുന്നത് കുറ്റകരമായ അനാസ്ഥയാണെന്നതിൽ സംശയമില്ല.

കനിഞ്ഞരുളിയ പ്രകൃതി സൗഭാഗ്യത്തെയും മനുഷ്യശക്തിയെയും ലഭ്യമായ സാങ്കേതിക ബുദ്ധിയെയും പൂർണ്ണമായി ചൂഷണം ചെയ്യുന്ന ഒരുകർമ്മ പരിപാടി ആസൂത്രണം ചെയ്തെങ്കിൽ മാത്രമേ നിലവിലുള്ള ഈ മുരടിപ്പ് ഭേദിച്ച് പുറത്തുകടക്കാൻ സാധ്യമാവൂ. നമ്മുടെത് ഒരു ദരിദ്രരാഷ്ട്രമാണ് ഉല്പാദനോപാധികളും വിഭവങ്ങളും വളരെ പരിമിതമാണ്. എന്നാൽ മനുഷ്യാവശ്യങ്ങൾ പരകോടിയുമാണ്. പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ പോലും പൂർത്തീകരിക്കാനാവാതെ കഴിയുന്നവരാണ് ഭൂരിഭാഗവും. അതുകൊണ്ട് അളവറ്റആവശ്യങ്ങളുടെ പരിഹാരത്തിനായി വളരെ പരിമിതമായി വിഭവങ്ങളെ എറ്റവും ഫലവത്തായ രീതിയിൽ ഉല്പാദനപരമായി ക്ഷേമദായകമായി ഉപയോഗപ്പെടുത്തുക എന്നതു തന്നെയാണ് ജനകീയ പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള വിഭവങ്ങൾ കണ്ടെത്തുക എന്നതും ഇതിന്റെ ഭാഗമാണ്. ധൂർത്തും അനാവശ്യ ചിലവുകളും ഒഴിവാക്കുക, ചിലവ് നിയന്ത്രിക്കുകയും കുറയ്ക്കുകയും ചെയ്യുക അതുവഴി വിഭവസമാഹരണം വർദ്ധിപ്പിക്കുക ഇവയൊക്കെ ജനകീയ പദ്ധതിയുടെ അടിസ്ഥാന പ്രവർത്തനരീതിയാണ്. എല്ലാത്തിനുമുപരി ഗ്രാമങ്ങളിലെ ഓരോ സാമ്പത്തിക പ്രവർത്തനത്തിലും ഓരോ രൂപ സമാഹരിക്കുമ്പോഴും അത് ചിലവ് ചെയ്യുമ്പോഴും ഓരോ സാധാരണക്കാരനും അറിയാനിടവരുന്ന സുതാര്യത ജനകീയ പങ്കാളിത്തത്തോടെയുള്ള ഈ ആലോചനക്ക് ഉറപ്പു വരുത്തേണ്ടതാണ്.

### വിഭവസമാഹാരത്തിന്റെപ്രശ്നങ്ങൾ

കൊടുമ്പു പഞ്ചായത്തിന്റെ വിഭവസമാഹരണവും വിനിയോഗവുമാണ് ഈ പഠനത്തിന്റെ വിഷയം. ഏതെല്ലാം വിഭവങ്ങൾ എവിടെ നിന്നെല്ലാമാണ് സ്വരൂപിച്ചിരിക്കുന്നത്; എങ്ങിനെ അവ ഉപയോഗിക്കുന്നു _ പ്രത്യുല്പാദനപരമായവ, അല്ലാത്തവ _ ദൈനംദിനചിലവുകൾ _ ആന്തരികഘടന വികസിപ്പിക്കാൻ _ തുടങ്ങിയവ പരിശോധനക്ക് വിഷയമാക്കിയിരിക്കുന്നു. അതു പോലെ ഗ്രാമപഞ്ചായത്തിന്റെ ചിലവുകൾ _ അവയുടെ ഗതി _ പരസ്പര അനുപാതം _ പ്രവണതകൾ എന്നിവയും പരിശോധന വിധേയമാക്കിയിരിക്കുന്നു. അവസാനമായി, പുതിയ വിഭവങ്ങൾ കണ്ടെത്തുന്നതിനുള്ള സാധ്യതകൾ ചൂണ്ടിക്കാണിക്കുന്നതിനും ഈ പഠനത്തിൽ ശ്രമിക്കുന്നുണ്ട്.

### പഠനകാലം

1986_87 മുതൽ 1995_96 വരെയുള്ള പത്തുവർഷക്കാലത്തെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെയാണ് അപഗ്രഥനം ചെയ്യുന്നത്.

### ആധാരമായ വസ്തുതകൾ

ഗ്രാമപഞ്ചായത്തിൽ നിന്നു ലഭിച്ച 86 87 മുതൽ 95 96 വരെയുള്ള 10 വർഷക്കാലത്തെ ധനാഗമന വിനിയോഗ ദ്വിതീയ വസ്തുതകളാണ് ഈ പഠനത്തിന് അവലംബം.

### വിശകലന രീതി

ധനാഗമനത്തിന്റെയും ഉപയോഗത്തിന്റെയും ഗതി വിഗതികൾ കണ്ടെത്തുക, അവയുടെ പ്രവണതകൾ കണ്ടെത്തുക, ചിലവുകളുടെയും വരുമാനത്തിന്റെയും പരസ്പരബന്ധം നിശ്ചയിക്കുക, അവയുടെ പരസ്പരാനുപാതം സ്ഥാപിക്കുക തുടങ്ങിയ രീതികളാണ് ഈ പഠനത്തിൽ സ്വീകരിച്ചിട്ടുള്ളത്.

### പഠനത്തിന്റെ പ്രാധാന്യം

ഗ്രാമപഞ്ചായത്തിന്റെ വിഭവ സമാഹരണ വിനിയോഗ പ്രശ്നങ്ങളിലേക്ക് ഈ പഠനം വെളിച്ചം വിതറുമെന്നു പ്രത്യാശിക്കുന്നു. ഇതുവരെയും കണ്ടെത്താത്ത വിഭവങ്ങൾ കണ്ടെത്താൻ ഈ പഠനം സഹായിക്കേണ്ടതാണ് നിലവിലുള്ളതും എന്നാൽ പൂർണ്ണമായും ഫലപ്രദമായും ഉപയോഗപ്പെടുത്താത്ത വിഭവങ്ങളെ പ്രത്യുൽപ്പാദനപരമായി ചൂഷണം ചെയ്യാൻ ഈ പഠനം ഉപകരിക്കേണ്ടതാണ്. അമിതമായ ചിലവുകൾ നിയന്ത്രിക്കാനും, ലഘൂകരിക്കാനും അതുവഴി വിഭവ സമാഹരണം ത്വരിതപ്പെടുത്താനും ഈ പഠനം ഉപയോഗപ്പെടേണ്ടതാണ്.

### പരിമിതികൾ

ഈ പഠനത്തിനാധാരമായ വസ്തുതകൾ എല്ലാം ദ്വിതീയമാണ് എന്നത് ഈ വിശകലനത്തിന്റെ ഒരു പരിമിതിയാണ് വളരെ ഉയർന്നതും സങ്കീർണവുമായ ആധുനിക അന്വേഷണ രീതികളും ഇവിടെ സ്വീകരിച്ചിട്ടില്ല എന്നുള്ളത് ഈ പഠനത്തിന്റെ മറ്റൊരു പരിമിതിയാണ്. വെറും 10 വർഷത്തെ മാത്രം .വസ്തുതകളെ

വെച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ വിഭവസമാഹരണത്തെക്കുറിച്ച് അവസാന വാക്ക് പറയാൻ സാധ്യമല്ല എന്നുള്ളതും ഒരു പരിമിതിയാണ്. ബാങ്ക് വായ്പകളെക്കുറിച്ചുള്ള വസ്തുതകൾ, ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് തുടങ്ങിയവയും ലഭ്യമായിട്ടില്ല എന്നുള്ളതു കൊണ്ട് വളരെ ആഴത്തിലുള്ള ഒരു സാമ്പത്തിക വിശകലനം അസാദ്ധ്യമായി എന്നുള്ളതും ഈ പഠനത്തിന്റെ പരിമിതിയായി കണക്കാക്കേണ്ടതുണ്ട്.

## ധനാഗമനം വിനിയോഗം : ഒരു പഠനം

പുതിയ സാധ്യതകൾ കണ്ടെത്തുന്ന പ്രക്രിയ സുഖമമാകണമെങ്കിൽ കഴിഞ്ഞകാലം പ്രവർത്തനങ്ങളിലേക്കുള്ള ഒരു തിരനോട്ടം ഒഴിവാക്കാൻ ആവാത്തതാണ്. ശക്തിയും ദൗർബ്ബല്ല്യവും കണ്ടെത്താൻ അതുപകരിക്കുമെന്നതിൽ തർക്കമില്ല.

### വരവ്

കഴിഞ്ഞ പത്തുവർഷത്തെ വരുമാനത്തെ സംബന്ധിച്ച വിവരമാണ് പട്ടിക 1_ൽ കൊടുത്തിട്ടുള്ളത്. മൊത്തം വരുമാനത്തെ രണ്ടായി തരംതിരിക്കാവുന്നതാണ്.

ഒന്ന് തനതു വരുമാനം, രണ്ട് പൊതു വരുമാനം. ഗ്രാമപഞ്ചായത്തിന്റെ സ്വന്തം തീരുമാനത്തിനും നയത്തിനും വിധേയമായിട്ടുണ്ടാവുന്ന വരുമാനമാണ് തനതു വരുമാനം. മറിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും പൊതുവിൽ ബാധകമായ ബാഹ്യഘടകങ്ങൾക്ക് വിധേയമായ വരുമാനമാണ് പൊതു വരുമാനം. പൊതു വരുമാനം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിനുമധീതമാണ്.

ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് കൂടുതലായും ആശ്രയിക്കേണ്ടിവരിക തനതു വരുമാനമാണ്. കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ് പ്രധാനപ്പെട്ട തനതു വരുമാന മാർഗ്ഗങ്ങൾ.

സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും പദ്ധതികൾക്ക് അനുസൃതമായി എത്തിച്ചേരുന്ന നിധികളാണ് പൊതുവരുമാനത്തിൽ പ്രധാനമായവ. ഉദാഹരണമായി ഗ്രാന്റുകൾ മറ്റു അൺടൈഡ് ഫണ്ടുകൾ എന്നിവ. ഇതിന്റെ ഗതിവിഗതികൾ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അനിശ്ചിതമാണ്. സ്പെഷൽ ഫണ്ടുകൾ മറ്റൊരു ഇനമാണെങ്കിലും അവയുടെ ഉപയോഗത്തിൽ ഗ്രാമ പഞ്ചായത്തിനു വിവേചനാവകാശമില്ല.

പട്ടിക 1 ശ്രദ്ധിക്കുക. 1986_ 87 ൽ മൊത്തം വ രൂപയാണെങ്കിൽ 1995_96 ൽ അത് 23,45,065 രൂപ വരുമാനത്തിൽ കഴിഞ്ഞ 10 വർഷക്കാലത്തിനു അതായത് 834 ശതമാനം വർദ്ധനവുള്ളതായി കാ തനതു നികുതി 86_87 ൽ മൊത്തം 1,32,528.76 95_96 ൽ അത് 5,94,901.25 രൂപയാണ്. തനതു നി അല്ലെങ്കിൽ 4 ഇരട്ടി വർദ്ധിച്ചിരിക്കുന്നു. മൊത്തം ഉണ്ടായ വർദ്ധനവ് തനതു വരുമാനത്തിൽ ഉണ ഇത് കാണിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ വരുമാനം പൊതുവെ പ്രവണതയാണ് കാണിക്കുന്നത്. പട്ടിക 2 വ്യക്തിഗതമായ പ്രവണതകളാണ് സൂചിപ്പിക്കുന്നത് ശരാശരി 22.12% വർദ്ധനവ് പൊതുവിൽ കാണിക നികുതിയും വിനോദനികുതിയും യഥാക്രമം 18.4 ശതമാനവും വർദ്ധനവ് കാണിക്കുന്നു.

ലൈസൻസ് ഫീസ് 36.83%വും വസ്തു കൈമാറ്റ സർക്കാർ ഗ്രാന്റുകൾ 46 ശതമാനവും ഡെപ്പോസി വർദ്ധിച്ചിട്ടുണ്ട്. തനതു വരുമാനത്തിൽ കെട്ട ഭേദപ്പെട്ട വർദ്ധനവ് കാണിക്കുന്നത്. തനതു വർദ്ധനവ് മറ്റു വരുമാനങ്ങളുമായി താരതമ്യ വളരെ കുറവാണ്.

വരുമാനം പൊതുവെ വർദ്ധിക്കുകയാണെങ്കിലു വർദ്ധനനിരക്ക് കുറഞ്ഞ അളവിലാണ്. എന്നാ വരുമാനം കുത്തനെ ഉയരുന്നതായാണ് കാ ചിത്രം നോക്കുക.

86_87, 88_89, 89_90 എന്നീ വർഷങ്ങളിൽ ചിലവ് കൂടുതലാണ്.

മൊത്തം വരുമാനത്തിന്റെ ശരാശരി 17% മാ നികുതി. തൊഴിൽ നികുതിയും വിനോദ നികുത 1.5%വും 6%വുമാണ്. തനതുനികുതി ആകെ ശരാശരി 38% മാത്രമാണ്. ( പട്ടിക 3 നോക്കു

### ചിലവുകൾ

86_87 മുതൽ 95_96 വരെയുള്ള കാലയളവിലെ പട്ടിക 4 ൽ കൊടുത്തിട്ടുള്ളത്. 86_87ലെ 6 2,94,409.47 രൂപയാണ്. 95_96 ലെ ചില കൊടുത്തപ്രകാരം 19,19,863.20 രൂപയാണ്. 652% ഇരട്ടിയാണ് വർദ്ധനവ്.

ചെലവുകളിൽ പൊതുമരാമത്ത് ആണ് പ്രധാനമ

പട്ടിക 1

വരവ്

| | | 86-87 | 87-88 | 88-89 | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|---|---|---|---|---|
| 1. | കെട്ടിടനികുതി | 50406.67 | 80078.61 | 89067.09 | 103648.18 | 124322.52 | 133321.63 | 160953.16 | 252088.00 | 239208.00 | 300201.46 |
| 2. | ലൈബ്രറി സെസ്സ് | | | | | | | | | 7873.53 | 14893.54 |
| 3. | തൊഴിൽ നികുതി | 54549.00 | 72941.00 | 83488.00 | 91938.00 | 104865.00 | 143445.00 | 140230.00 | 166400.00 | 200541.00 | 239695.00 |
| 4. | വിനോദനികുതി | 16252.10 | 26016.29 | 19278.59 | 27771.97 | 23167.24 | 22889.84 | 23234.26 | 29532.98 | 32380.55 | 32906.73 |
| 5. | അധികവിനോദനികുതി | 9949.74 | 15862.42 | 11736.52 | 16810.37 | 14054.89 | 13983.06 | 14494.84 | 18415.30 | 19896.90 | 19832.06 |
| 6. | പ്രദർശന നികുതി | 1097.00 | 1066.00 | 1093.00 | 1082.00 | 1051.00 | 1085.00 | 1082.00 | 1499.00 | 2184.00 | 2176.00 |
| 7. | പ്രദർശന നികുതിയിലും ഉയർന്ന ചാർജ്ജ് | 274.25 | 266.50 | 273.75 | 270.50 | 262.75 | 271.75 | 270.50 | 374.75 | 546.00 | 544.00 |
| 8. | ലൈസൻസ് ഫീസ് | 4535.00 | 4249.00 | 8119.50 | 22658.50 | 33607.50 | 31696.50 | 19130.00 | 35450.75 | 26879.50 | 27883.00 |
| 9. | വസ്തുകൈമാറ്റനികുതി 75% | 84084.00 | 116855.00 | 47634.00 | 96034.00 | 93731.00 | 75393.00 | 115322.00 | 181519.00 | 98171.00 | 76621.00 |
| 10 | വസ്തുകൈമാറ്റനികുതി 25% | | | | | | 25000.00 | | | | 210000.00 |
| 11. | സർക്കാർഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 34061.65 | 74235.00 | 59202.00 | 31157.00 | 29811.00 | 28798.00 | 386860.00 | 268777.00 | 399754.00 | 1339264.96 |
| 12. | ഡെപ്പോസിറ്റുകൾ | 7076.00 | 3140.00 | 23609.95 | 5578.00 | 9020.00 | 4825.00 | 7759.30 | 25901.95 | 27576.00 | 81017.95 |
| 13. | മറ്റുള്ളവർ | | | | | | | | | | |
| 14. | സംഭാവന | | | | | | | | | | |
| | വിനോദനികുതി | 27573.09 | 43211.21 | 32381.86 | 45934.84 | 38535.88 | 38229.65 | 39081.60 | 49822.03 | 55007.45 | 55004.79 |
| | വസ്തുകൈമാറ്റനികുതി | _____ | 49235.00 | _____ | _____ | 2322117.00 | 100393.00 | 71233.00 | | | 286621.00 |
| | മറ്റു പലവക | | | | | | 83704.00 | | | | 1257688.90 |
| | **ആകെ** | **281075.26** | **445347.75** | **475379.10** | **469310.60** | **789473.70** | **801761.75** | **981517.80** | **1257832.60** | **1633322.75** | **2345065.70** |

നികൂതി വരവിനത്തിലുള്ള വർഷാനുക്രമ വർദ്ധനവ് അല്ലെങ്കിൽ കുറവു നിരക്ക്

1987_88 മുതൽ 95_96 വരെ

പട്ടിക 2

| No. | ഇനങ്ങൾ | 87-88 | 88-89 | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 | ശരാശരി വർദ്ധനവ് |
|---|---|---|---|---|---|---|---|---|---|---|---|
| 1. | കെട്ടിട നികുതി | 58% | 0.1% | 16.37% | 20% | 7.23 | 21% | 57% | -5% | 24.4% | 22.12% |
| 2. | തൊഴിൽ നികുതി | 33.7% | 14.45 | 10.12 | 14.06 | -0.89 | 35.55 | 18.66 | 20.52 | 19.52 | 18.4% |
| 3. | വിനോദനികുതി | 57% | -25 | 42 | -16 | -0.79 | 2.2 | 27.48 | 12 | -0.005 | 11% |
| 4. | ലൈസൻസ് ഫീസ് | -6.3% | 91 | 179 | 48 | -6.28 | -39 | 85.31 | -24 | 3.73 | 36.83 |
| 5. | വസ്തു കൈമാറ്റനികുതി | 38.97 | -59.2 | 101.6 | -2.4 | 7.1 | 14.87 | 57.40 | -45.92 | 191.96 | 33.82% |
| 6. | സർക്കാർ ഗ്രാൻറുകളും | -27 | 137 | -47 | 112 | 209 | 55 | -15 | 48 | -80 | 46% |
| 7. | ഡെപ്പോസിറ്റുകൾ | -55.6 | 651.9 | -76.37 | 62 | -47 | 61 | 233.8 | 6.46 | 193.8 | 114.45% |

മൊത്തവരവിൽ തനത് വരവിന്റെ

കെട്ടിട നികുതി,തൊഴിൽ നികുതി, വിനോദനികുതി എന്നിവയുടെ അനുപാതം 1987_1988 വരെ

പട്ടിക 3

| No. | ഇനങ്ങൾ | 86-87 | 87-88 | 88-89 | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 | ശരാശരി വർദ്ധനവ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | കെട്ടിട നികുതി | 18% | 18% | 19 | 22 | 16 | 17 | 16 | 15 | 15 | 13 | 17% |
| 2 | തൊഴിൽ നികുതി | 19 | 16 | 18 | 20 | 13 | 13 | 14 | 13 | 12 | 10 | 15% |
| 3 | വിനോദനികുതി | 10 | 10 | 7 | 10 | 15 | 5 | 4 | 4 | 3 | 2 | 6% |
| | ആകെ | 47 | 44 | 44 | 52 | 34 | 35 | 34 | 37 | 30 | 25 | 38% |

## കൊടുമ്പ് ഗ്രാമപഞ്ചായത്ത്

പട്ടിക 4

### ചെലവുകൾ

| | 86-87 | 87-88 | 88-89 | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|---|---|---|---|
| 1. ഭരണം | 120258.05 | 179263.10 | 179112.75 | 212257.70 | 247088.15 | 319673.90 | 296099.10 | 343604.20 | 386393.00 | 458821.95 |
| 2. പൊതുമരാമത്ത് | 26225.00 | 1495.50 | 73836.00 | 69496.00 | 226806.85 | 114844.80 | 95350.50 | 365753.75 | 207531.00 | 629867.20 |
| 3. വിദ്യാഭ്യാസം | _____ | 731.00 | 5077.75 | 7914.00 | 19161.50 | 17078.00 | 23768.50 | 44254.80 | 34575.00 | 519980.00 |
| 4. ജലവിതരണം, പൊതുജനാരോഗ്യം ഓടകൾ | 19698.64 | 2304.00 | 26152.60 | 43431.90 | 35641.05 | 29654.00 | 49955.00 | 39717.25 | 49208.00 | 37845.00 |
| 5. തെരുവ് വിളക്കുകൾ | 40557.88 | 41133.00 | 13778.35 | 44657.00 | 43508.00 | 80052.75 | 106142.00 | 128827.00 | 94104.00 | 78872.70 |
| 6. മറ്റുള്ളവ | 20879.00 | 30147.70 | 180504.00 | 67666.20 | 18122.65 | 64277.00 | 42923.75 | 269008.00 | 640821.00 | 662476.85 |
| **ആകെ** | **294409.47** | **304369.65** | **617630.50** | **488332.80** | **653830.15** | **649633.80** | **647188.55** | **1253270.00** | **1412632.00** | **1919863.20** |

## ചെലവിനത്തിൽ വർഷാനുക്രമ വർദ്ധനവ് അല്ലെങ്കിൽ കുറവു നിരക്ക്

1987 മുതൽ 1995_96 വരെ


പട്ടിക 5

| No. | ഇനങ്ങൾ | 87-88 | 88-89 | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 | ശരാശരി വർദ്ധനവ് |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ഭരണം | 49 | -0.08 | 19 | 16 | 29 | 7 | 16 | 12 | 20 | 17% |
| 2. | പൊതുമരാമത്ത് | -94 | 4837 | -6 | 226 | -49 | -17 | 284 | -43 | 204 | 594% |
| 3. | വിദ്യാഭ്യാസം | ___ | 595 | 56 | 142 | -11 | 39 | 86 | -22 | 50 | 104% |
| 4. | ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം | -88 | 1035 | 62 | -18 | -17 | 68 | -20 | 24 | -23 | 114% |
| 5. | തെരുവ് വിളക്കുകൾ | 1.4 | -67 | 224 | -2.5 | 84 | 33 | 21 | -27 | -16 | 28% |
| 6. | മറ്റുള്ളവ | 44 | 499 | -63 | -73 | 255 | -33 | 527 | 138 | 3 | 144% |

## മൊത്തം ചെലവിന്റെ ആനുപാതിക പട്ടിക

പട്ടിക 6

| No. | ഇനങ്ങൾ | 86-87 | 87-88 | 88-89 | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 | ശരാശരി |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ഭരണം | 41 | 59 | 29 | 43 | 38 | 49 | 46 | 27 | 27 | 24 | 38% |
| 2. | പൊതുമരാമത്ത് | 9 | 0.5 | 12 | 14 | 35 | 18 | 15 | 29 | 14 | 34 | 18% |
| 3. | വിദ്യാഭ്യാസം | ___ | 0.2 | 0.8 | 2 | 3 | 3 | 4 | 4 | 2 | 3 | 2% |
| 4. | ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം | 7 | 0.8 | 4 | 9 | 5 | 5 | 8 | 3 | 3 | 2 | 5% |
| 5. | തെരുവ് വിളക്കുകൾ | 14 | 14 | 2 | 9 | 7 | 12 | 16 | 10 | 6 | 4 | 9% |
| 6. | മറ്റുള്ളവ | | | | | | | | | | | |



Y
In lakhs
രേഖാ ചിത്രം 1
വരവ്
ചെലവ്
24
22
20
18
16
14
12
10
8
6
4
2
Receipts and expenses
X
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96
Period

കാലയളവിൽ ശരാശരി 594% വർദ്ധനവാണ് ഈ ഇനത്തിൽ ഉണ്ടായിട്ടുള്ളത്. (പട്ടിക 5 കാണുക)

ജലവിതരണം, പൊതുജനാരോഗ്യം എന്നീ ഇനത്തിൽ 114% വിദ്യാഭ്യാസരംഗത്ത് 104% തെരുവുവിളക്കുകൾക്കായുള്ള ഇനത്തിൽ 28%വും ഭരണച്ചിലവിൽ 17%വും വർദ്ധനവ് കാണുന്നു. ഭരണച്ചിലവിന്റെ വർദ്ധന നിർക്ക് മറ്റു ചിലവുകളെ അപേക്ഷിച്ച് കുറവാണ്.

പട്ടിക 6 അനുസരിച്ച് മൊത്തം ചിലവിൽ 38% വും ഭരണച്ചിലവാണ്. വളരെ അപ്രധാനമായ 2% മാത്രമാണ് വിദ്യാഭ്യാസത്തിന്റെ പങ്ക്. ജലവിതരണവും പൊതുജനാരാരോഗ്യവും 5% ആണെങ്കിൽ പെതുമരാമത്ത് 18% മാത്രമാണ്. മൊത്തം ചിലവിന്റെ 9% തെരുവ് വിളക്കുകൾക്കായി ചിലവ് ചെയ്തിരിക്കയാണ്.

86*87 ൽ ഭരണചിലവ് 41% ആയിരുന്നത് 95*96 ൽ 24% ആയി ചുരുങ്ങിയിട്ടുണ്ട്. പൊതുമരാമത്ത് ചിലവുകൾ 9% ത്തിൽ നിന്ന് 34% ആയി ഉയർന്നിട്ടുണ്ട്.




തെരുവ് വിളക്കുകൾക്കായി മൊത്തം ചിലവിന്റെ 14% 86*87ൽ ഒടുക്കിയപ്പോൾ 95_96 ൽ അത് വെറും 4% മാത്രമായി ചുരുങ്ങി.

ജലവിതരണം, ആരോഗ്യം എന്നീ മേഖലകളിൽ 7% ൽ നിന്ന് 2%_മായി കുറഞ്ഞിരി ക്കുകയാണ്.

രേഖാ ചിത്രത്തിൽ കാണുന്ന പോലെ വരവിനും ചിലവിനും അനുകൂലമായ ഒരു ബന്ധം കാണാൻ കഴീയുന്നു. വരവിനനുസരിച്ച് ചിലവും വർദ്ധിച്ചിട്ടുള്ളതായി കാണാം. കഴിഞ്ഞ 10 വർഷമായി ചിലവുകൾ വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. എങ്കിലും 92_93 വരെ ചിലവുകൾ വർദ്ധിക്കുന്നത് കുറഞ്ഞ നിരക്കിലാണെന്നും ചിത്രത്തിൽ നോക്കിയാൽ കാണാം. 92_93 നു ശേഷമാണെങ്കിൽ ചിലവുകൾ കുത്തനെ അഭൂതപൂർവമായി വരവിനെ പിൻതുടരുന്നത് കാണാം. 86_87, 88_89, 89_90 കാലങ്ങളിൽ ചിലവ് വരുമാനത്തിനേക്കാൾ കൂടുതലാണ്. എങ്കിൽ 92_93, 94_95, 95_96 എന്നീ വർഷങ്ങളിൾ ചിലവുകൾ വരവിനെക്കാൾ വളരെ പിറകിലാണ്. പൊതുവിൽ ചിലവുകൾ വരവിനെ പിൻതുടരുന്നുവെന്ന് രേഖാ ചിത്രത്തിൽ നിന്ന് മനസ്സിലാക്കാം.

**കണ്ടെത്തലുകൾ, നിർദ്ദേശങ്ങൾ, സാധ്യതകൾ.**

കഴിഞ്ഞകാല സാമ്പത്തിക പ്രവർത്തനങ്ങളുടെ വിശകലനത്തിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന അന്വേഷണത്തിലൂന്നിയ നിരന്തരമായ ചർച്ചകളിൽ നിന്നും കണ്ടെത്തലുകളും സാധ്യതകളും ആണ് ചുവടെ ചേർക്കുന്നത്. വിഭവ സമാഹരണത്തിന് സാധ്യമായ മേഖലകളെയാണ് താഴെ ചൂണ്ടിക്കാണിക്കുന്നത്. വിഭവസമാഹരണം പലതരത്തിലുമാകാം. പുതിയ വിഭവങ്ങൾ കണ്ടെത്തൽ, പഴയവ പൂർണ്ണമായി ഉപയോഗപ്പെടുത്തൽ, ചിലവ് ചുരുക്കൽ ഇവയൊക്കെ വിഭവസമാഹരണത്തിന്റെ മാർഗ്ഗങ്ങളാണ്. ഗ്രാമപഞ്ചായത്തിന്റെ മുഖ്യമായ വിഭവസ്രോതസ്സുകൾ തനതു നികുതികൾ, ലൈസൻസ് ഫീസുകൾ, വസ്തു കൈമാറ്റനികുതികൾ, സർക്കാർ ഗ്രാന്റുകൾ, ഡെപ്പോസിറ്റുകൾ, സംഭാവനകൾ എന്നിവയാണ്. ഇവയ്ക്കു പുറമെ പഞ്ചായത്ത തിർത്തിയിലുള്ള കച്ചവട ബാങ്കുകൾ, സഹകരണ ബാങ്കുകൾ, മറ്റു ധന സ്ഥാപനങ്ങൾ, നാടൻ പണമിടപാടുകാർ, ഗൾഫു മലയാളികളുടെ പണം എന്നിവയും ധനസ്രോതസ്സുകളാണ്.

**കെട്ടിടനികുതി :**

മൊത്തം വരവിന്റെ ശരാശരി 17% മാത്രമാണ് ഇപ്പോൾ ഈ ഇനത്തിൽ വരുന്നത്. 95_96ൽ പ്രത്യേകിച്ച് ഇതിന്റെ നിരക്ക് 13% ആണ്. 86_87ൽ 18% ആയിരുന്നത് 95_96 ആവുമ്പോഴേക്ക് 13% ആയി കുറഞ്ഞത് ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതാണ്. (പട്ടിക 3 നോക്കുക) ഈ കുറവിന് രണ്ട് കാരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞേക്കും. ഒന്ന്: എല്ലാ വീടുകളും കെട്ടിട നികുതിക്ക് കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. രണ്ടാമതായി, കെട്ടിടങ്ങളുടെ മൂല്യം പുതുക്കി നിശ്ചയിച്ചിട്ടില്ല. ഈ രണ്ട് കാര്യങ്ങളും നടപ്പിൽ വരുത്തുകയാണെങ്കിൽ കെട്ടിട നികുതിയിനത്തിന്റെ ശതമാനം ഇനിയും

വർദ്ധിപ്പിക്കാൻ കഴിമെന്നാണ് വസ്തുതകൾ പറയുന്നത്. അതുകൊണ്ട് നിലവിലുള്ള കെട്ടിടങ്ങളുടെ വാടകമൂല്യം പതുക്കി നിശ്ചയിക്കുകയും എല്ലാ കെട്ടിടങ്ങളെയും നികുതിക്കു വിധേയമാക്കുകയും ചെയ്യുകയാണെങ്കിൽ അധികമായി വരുമാനം കണ്ടെത്താൻ ഇതുവഴി ഗ്രാമ പഞ്ചായത്തിന് കഴിയുന്നതാണ്.

### തൊഴിൽ നികുതി

പട്ടിക 3_ൻ പ്രകാരം തൊഴിൽ നികുതി ഇപ്പോൾ മൊത്തം വരവിന്റെ ശരാശരി 15% ആകുന്നു. 86 87 ൽ ഇത് 19% ആയിരുന്നെങ്കിൽ 95 96 ൽ വെറും 10% മാത്രമാണ്. അതായത് മൊത്തം വരുമാനത്തിൽ തൊഴിൽ നികുതി അപ്രധാനമായി ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത് വസ്തുതകൾക്ക് നിരക്കുന്നതല്ല. തൊഴിൽ ചെയ്യുന്ന എല്ലാവരെയും ഇതിന്റെ കീഴിൽ കൊണ്ടുവരാൻ കഴിയാത്തത് ഇതിന് ഒരു കാരണമാണ്. നിരവധി കച്ചവടക്കാരും വ്യക്തികളും ഇപ്പോഴും തൊഴിൽ നികുതി കൊടുക്കാത്തവരായിട്ടുണ്ട്. അതു പോലെ തന്നെ ഇന്നത്തെ തൊഴിൽ നികുതി നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയേണ്ടതുണ്ട്. അങ്ങനെ ചെയ്യുകയാണെങ്കിൽ ഇതുവഴി പഞ്ചായത്തിന് അധിക വരുമാനം ഉണ്ടാക്കാൻ കഴിയുന്നതാണ്.

### വിനോദനികുതി

വിനോദനികുതി ഇപ്പോൾ മൊത്തം വരവിന്റെ ശരാശരി 6% മാത്രമാണ്. 95_96 ലാണെങ്കിൽ വെറും 2%. 86_87 ൽ 10% ആയിരുന്നതാണ് 2% ആയി കുറഞ്ഞിരിക്കുന്നത്. ഈ ഇനത്തിന്റെ പ്രാധാന്യവും ഇല്ലാതെ പോയിരിക്കുകയാണ്. എന്നാൽ വസ്തുതയെന്താണ്. വിനോദ നികുതി ഈടാക്കുന്ന കാര്യത്തിൽ കടുത്ത അലംഭാവം പ്രകടമാണ്. സിനിമാ തിയേറ്ററുകളിൽ അച്ചടിച്ചിറക്കുന്ന ടിക്കറ്റുകൾ പലപ്പോഴും കള്ള ടിക്കറ്റുകളാണെന്നത് സംസ്ഥാനമാകെ ഉയർന്നു വന്നിട്ടുള്ള സത്യമാണ്. അതുകൊണ്ട് ഇന്നത്തെ നിയമം തന്നെ ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ വിനോദ നികുതി ഈടാക്കാൻ പഞ്ചായത്ത് മുതിരേണ്ടതാണ്. ഇതുവഴി പഞ്ചായത്തിന് അധികമായി വരുമാനം കണ്ടെത്താൻ കഴിയും.

### ലൈസൻസ് ഫീസ്

ഈ ഇനത്തിൽ എല്ലാ സ്ഥാപനങ്ങളെയും കർശനമായി ഉൾക്കൊള്ളിച്ചതായി കാണുന്നില്ല. പഞ്ചായത്തതിർത്തിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നിർബന്ധമായും ഫീസ് വസൂലാക്കുകയാണെങ്കിൽ പഞ്ചായത്തിന് ഈ ഇനത്തിലും അധിക വരുമാനം ഉണ്ടാക്കാൻ കഴിയുന്നതാണ്.

### സ്റ്റാമ്പ് ഡ്യൂട്ടി

സ്റ്റാമ്പ് ഡ്യൂട്ടിയിൽ കാലോചിതമായ പരിഷ്കരണം വരുത്തുകയാണെങ്കിൽ അധിക വരുമാനം ഉണ്ടാക്കാൻ കഴിയുന്നതാണ്.

### ഇഷ്ടിക നിർമ്മാനം

നമ്മുടെ പഞ്ചായത്തിൽ പല തലങ്ങളിലും ചെങ്കല്ലു ചൂളകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ രംഗത്ത് ഇപ്പോഴും നികുതി പിരിവ് കർശനമാക്കിയിട്ടില്ല. ഇഷ്ടിക നിർമ്മാണരംഗത്ത് നികുതി പിരിവ് ഊർജ്ജിതമാക്കുകയാണെങ്കിൽ പഞ്ചായത്തിന് അധിക വരുമാനം ഉണ്ടാക്കാൻ കഴിയുന്നതാണ്.

### ആഴ്ച്ച ചന്തകൾ

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നാലു സ്ഥലങ്ങളിൽ ഇപ്പോൾ പതിവായി ആഴ്ച്ച ചന്തകൾ നടക്കാറുണ്ട്. ഇതു പോലുള്ള ചന്തകൾ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്തിനു കഴിയേണ്ടതുണ്ട്. ഈ ചന്തകളിലെ കച്ചവടക്കാരിൽ നിന്നും ഫീസായി ഒരു നല്ല തുക ഈടാക്കാൻ അതുവഴി പഞ്ചായത്തിന് കഴിയുന്നതാണ്.

### കല്യാണ മണ്ഡപം

കരിങ്കരപ്പുള്ളി കനാലിനു സമീപം പഞ്ചായത്ത് വക സ്ഥലത്ത് ഒരു കല്യാണ മണ്ഡപം നിർമ്മിക്കേണ്ടതാണ്. ആ പ്രദേശത്തുള്ള സാധാരണക്കാർക്ക് ഇത് വളരെ ഉപകാരപ്രദമായിരിക്കും. അതേ സമയം പഞ്ചായത്തിന് വാടകയിനത്തിൽ പ്രതിവർഷം നല്ലൊരു വരുമാനം പ്രതീഷിക്കാവുന്നതാണ്. ഇത് പഞ്ചായത്തിന്റെ വരുമാന സാദ്ധ്യയുള്ള നിക്ഷേപമായി കരുതേണ്ടതാണ്.

### വെയ്റ്റിംഗ് ഷെഡ് കം ഷോപ്പിംഗ് കോംപ്ലക്സ്

ഇത് ഒരു വരുമാന സാധ്യതയുള്ള നിക്ഷേപമാണ്. നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് മുകളിൽ ഒരു നിലകൂടി പണിതു വാടകക്ക് നൽകിയാൽ വാടകയിനത്തിൽ നല്ല വരുമാനം പ്രതീഷിക്കാവുന്നതാണ്. അതുപോലെ വെയ്റ്റിംഗ് ഷെഡുകൾക്ക് മുകളിലും മുറികൾ നിർമ്മിച്ച് വാടകക്ക് നൽകുന്നത് അധിക വരുമാനം ഉണ്ടാക്കാൻ സഹായിക്കുന്നതാണ്. കരിങ്കരപ്പുള്ളി കനാലിലെ ഷോപ്പിംഗ് കോംപ്ലക്സിനു മുകളിൽ മുറികൾ പണിത് വാടകക്ക് നൽകാവുന്നതാണ്. കൊടുമ്പിൽ നിലവിലുള്ള വെയിറ്റിംഗ്

ഷെഡിന്റെ മുകളിലും നിർമ്മാണത്തിലിരിക്കുന്ന കരിങ്കരപ്പുള്ളി പോളിടെക്നിക് സ്റ്റോപ്പ് വെയ്റ്റിംഗ് ഷെഡിന്റെ മുകളിലും ഓലശ്ശേരി,മമ്പറം എന്നീ സ്ഥലങ്ങളിലെ വെയിറ്റിംഗ് ഷെഡുകൾക്ക് മുകളിലും ഇതു പോലെ ചെയ്യാവുന്നതാണ്. കൊടുമ്പ് ആൽത്തറയിൽ പഞ്ചായത്ത് വക സ്ഥലത്ത് വെയ്റ്റിംഗ് ഷെഡ്_കം_കോപ്ലക്സ് നിർമ്മിക്കാവുന്നതുമാണ്.

### കെട്ടിട നിർമ്മാണ ക്രമീകരണ നിയമം

ഈ നിയമം ഇപ്പോൾ നമ്മുടെ പഞ്ചായത്തിനു ബാധകമല്ലാത്ത ഒരവസ്ഥയാണ്. അതുകൊണ്ട് തന്നെ ഇഷ്ടം പോലെ കെട്ടിടങ്ങൾ പഞ്ചായത്തിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ നിയമം പഞ്ചായത്തിൽ കൂടെ ബാധകമാക്കുകയാണെങ്കിൽ അധികവരുമാനം ഉണ്ടാക്കുന്നതിന് പഞ്ചായത്തിന് കഴിയുന്നതാണ്.

### സംഭാവനകൾ

നിർമ്മാണപ്രക്രിയകൾക്കും വികസനപ്രവർത്തനങ്ങൾക്ക് സാമ്പത്തികമായി കഴിവുള്ള ആളുകളിൽ നിന്നും സംഭാവനകൾ പഞ്ചായത്തിനു സംഘടിപ്പിക്കാവുന്നതാണ്. ഇതൊരു വിഭവസ്രോതസ്സാണ്. എന്നാൽ പഞ്ചായത്ത് ഈ സ്രോതസ്സ് ഇതു വരെയും ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. പൊതുകാര്യങ്ങളിൽ സംഭാവന സ്വീകരിക്കുന്നതു വഴി വിഭവസമാഹരണത്തിനു ആക്കം കൂട്ടാനും ജനപങ്കാളിത്തം കൂടുതൽ ഉറപ്പിക്കാനും കഴിയുന്നതാണ്.

### പൊതുമരാമത്ത് ജോലികൾ ശരാശരി

മൊത്തം ചിലവിന്റെ 18% ഈ ഇനത്തിൽ ആണ് ചെലവ് ചെയ്യുന്നത്. 95_96 ൽ ഇത് 34% ആണ്. 86_87 ൽ ഇത് വെറും 9% മാത്രമായിരുന്നു. (പട്ടികാ _6) വർദ്ധിച്ചു വരുന്ന ഈ ചിലവ് ചുരുക്കാൻ ശ്രമിക്കുന്നതും വിഭവസമാഹരണത്തെ സഹായിക്കുന്നതാണ്.

പൊതുമരാമത്ത് ജോലികൾ ഇപ്പോൾ കരാറുകാരും കൺവീനർമാർ മുഖാന്തിരവും പഞ്ചായത്ത് നേരിട്ടുമൊക്കെയാണ് നടത്തുന്നത്. ഇത്തരം ജോലികളിൽ കുറെയെങ്കിലും ശ്രമദാനത്തിലൂടെ നിർവ്വഹിക്കുകയാണെങ്കിൽ ഈ ഇനത്തിലുള്ള ചെലവു ചുരുക്കാൻ കഴിയുന്നതാണ്. ഇതിനായി കലാ സമിതികളെയും സ്പോർട്സ് ക്ലബ്ബുകളെയും സന്നദ്ധ സേവാ സംഘങ്ങളെയും പഞ്ചായത്തിന് സമീപിക്കാവുന്നതാണ്. അതിനനുയോജ്യമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കുകയും വേണം.

### സഹകരണബാങ്കുകൾ, മറ്റു കച്ചവടബാങ്കുകൾ

പഞ്ചായത്തിൽ 3 സഹകരണബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്.. പുറമെ, രണ്ടു കച്ചവട ബാങ്കുകളും. ഈ ബാങ്കുകളിൽ നിന്നും കാർഷിക_വ്യവസായിക വായ്പകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നുണ്ട്. എന്നാൽ നിലവിലുള്ള വായ്പകളുടെ അളവ് പര്യാപ്തമാണെന്ന് പറഞ്ഞുകൂടാ. പുതിയ വ്യാവസായിക യൂണിറ്റുകൾ തുടങ്ങുന്നതിന് പ്രേരകമായ ഒരു സാമ്പത്തിക ചുറ്റുപാട് ഉണ്ടാക്കാൻ ഈ ബാങ്കുകളുടെ സഹായത്തോടെ കഴിയേണ്ടതാണ്. പുതിയ സംരംഭകർക്ക് ആവശ്യമായ പ്രവർത്തനമൂലധനം പ്രദാനം ചെയ്യാൻ കച്ചവട ബാങ്കുകൾക്ക് ഇനിയും സാധിക്കേണ്ടതാണ്.

കാർഷിക വായ്പകൾ ഇപ്പോഴും അപര്യാപ്തമാണ്. കർഷകർ മധ്യവർത്തികളുടെയും നാടൻ പണമിടപാടുകാരുടെയും കടക്കെണിയിൽ അകപ്പെട്ടിരിക്കുകയാണ്. സഹകരണബാങ്കിന്റെ ഇപ്പോഴത്തെ കാർഷിക വായ്പാ രീതി പരിഷ്കരിക്കുകയും കർഷകരുടെ മുഴുവൻ ആവശ്യങ്ങളെയും ഉൽപാദനപരവും അല്ലാത്തതുമായ _ തൃപ്തിപ്പെടുത്തുന്ന ഒരു പുത്തൻ രീതി ആവിഷ്കരിക്കുകയും ചെയ്യേണ്ടത് ഈ ഗ്രാമപഞ്ചായത്തിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുവാൻ ആവശ്യമാണ്.

ഈ ഗ്രാമപഞ്ചായത്തിൽ ഉദ്ദേശം 25 നാടൻ പണമിടപാടുകാർ പ്രവർത്തിക്കുന്നുണ്ട്. ഏറെക്കുറെ 50 ലക്ഷത്തിലധികം രൂപയുടെ ധനപ്രവാഹം ഈ വഴി ഉണ്ടാകുന്നുണ്ട്. കർഷകർ, ചെറുകിട കച്ചവടക്കാർ എന്നിവരാണ് ഇവരുടെ പ്രധാനപ്പെട്ട ഇരകൾ. പലിശനിരക്ക് 50% മുതൽ 75% വരെയാണ് ഇത്തരം കടങ്ങൾക്ക്. സഹകരണ ബാങ്കുകളും കച്ചവടബാങ്കുകളും പുറം തിരിഞ്ഞു നില്ക്കുന്ന ആവശ്യങ്ങൾക്കാണ് ഈ ധനസഹായം ഉപയോഗപ്പെടുത്തുന്നത്. ബാങ്കുകൾ കുറെക്കൂടി ശുഷ്കാന്തി പ്രകടിപ്പിക്കുകയാണെങ്കിൽ നാടൻ പണമിടപാടുകാരിൽ നിന്നും കുറെയാളുകളെ മോചിപ്പിക്കാൻ കഴിയുന്നതാണ്.

### ഗൾഫ് മലയാളികളുടെ വരുമാനം

ഈ ഗ്രാമപഞ്ചായത്തിൽ 65പേർ ഗൾഫിലാണ്. അവരിൽ നിന്നും കുറഞ്ഞത് 40 ലക്ഷം രൂപയെങ്കിലും ഇവിടെയ്ക്ക് ഒഴുകുന്നുണ്ട്. പഞ്ചായത്ത് ഈ ഫണ്ട് വിഭവസമാഹരണത്തിന്റെ ഭാഗമാക്കേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു ശ്രമവും ഇതു വരെ ഉണ്ടായിട്ടില്ല. ഗൾഫ് പണം പ്രത്യുൽപാദനപരമായി ഈ ഗ്രാമപഞ്ചായത്തിൽ നിക്ഷേപിക്കുന്നതിന് ആവശ്യമായത് ചെയ്തു കൊടുത്താൽ


വികസനപ്രവർത്തനം ത്വരിതപ്പെടുത്തുവാൻ സാധിക്കുന്നതാണ്.


## സംക്ഷിപ്തം

ഗ്രാമപഞ്ചായത്തുകളുടെ വികസനത്തിനാവശ്യമായ വിഭവങ്ങൾ സ്വരൂപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ഒരു ശ്രമമാണ് ഈ പഠനം. പുതിയ നികുതികൾ ഫലപ്രഥമായി നടപ്പിലാക്കുന്നത് ഗ്രാമീണരെ ബുദ്ധിമുട്ടിക്കാതെ ധനസമാഹരണം നടത്തുന്നതിന് സഹായകരമാവുന്നതാണ്. പ്രത്യുൽപാദനപരമായ നിക്ഷേപങ്ങൾ ഗ്രാമപഞ്ചായത്തിൽ കൊണ്ടു വരുന്നത് വികസനത്തിന് സഹായിക്കും. കൂടുതൽ ബാങ്ക് ക്രെഡിറ്റ് ലഭ്യമാക്കുന്നതും ഈ വഴിക്ക് ഗുണം ചെയ്യുന്നതാണ്. കല്യാണമണ്ഡപങ്ങൾ, വെയ്റ്റിംഗ് ഷെഡുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവ ജനോപകാരപ്രദവും അതേസമയം പ്രത്യുൽപാദനപരവുമാണ്. ലൈസൻസ് ഫീസ്, തൊഴിൽ നികുതി, വിനോദ നികുതി എന്നിവ പഴുതില്ലാതെ നടപ്പിലാക്കുന്നതും വികസനഫണ്ട് വർദ്ധിപ്പിക്കാൻ സഹായിക്കും. ജനോപകാരപ്രദമായ സംരംഭങ്ങൾക്ക് മൂലധനം സ്വരൂപിക്കാൻ "സംഭാവന" യെന്ന സ്രോതസ്സ് ഉപയോഗപ്പെടുത്തേണ്ടതാണ്. ശ്രമദാനം അലസതൊഴിൽ ശക്തിയെ മൂലധനവൽക്കരിക്കാൻ സഹായിക്കുന്നതാണ്. സന്നദ്ധസംഘങ്ങളുടെ സേവന മനോഭാവം വികസന ലക്ഷ്യത്തിലേക്ക് തിരിച്ചു വിടാൻ കഴിയേണ്ടതാണ്.

## ഉപസംഹാരം

ചുരുക്കത്തിൽ നിലവിലുള്ള വിഭവങ്ങളെ പരമാവധി ചൂഷണം ചെയ്യുകയും പുതിയ വിഭവങ്ങൾ കണ്ടെത്തുകയും നിലവിലുള്ള ചെലവുകൾ കുറക്കുകയും പുതിയ ചെലവുകൾ ഒഴിവാക്കുകയും ചെയ്യുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ മൊത്തം വിഭവം പരമാവധിയിലെത്തുന്നതാണ്. ഇത് വിഭവസമാഹരണത്തിന്റെ ഒന്നാം ഘട്ടം. ത്യാഗപൂർവ്വം സ്വരൂപിച്ച വളരെ പരിമിതവും അതു കൊണ്ടു തന്നെ വിലപിടിപ്പുള്ളതുമായ ഈ വിഭവങ്ങളെ സമർത്ഥമായി വിവേകപൂർവ്വം സാധാരണക്കാരുടെ ഏറ്റവും അടിയന്തിരമായ ആവശ്യങ്ങളുടെ പൂർത്തികരണത്തിനായി നിക്ഷേപിക്കേണ്ടതാണ്. ഇത് വിഭവ സമാഹരണത്തിന്റെ രണ്ടാം ഘട്ടം.





# ദർപ്പണം

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യവുമായി ജനങ്ങളിലേക്കിറങ്ങിച്ചെന്ന് ജനകീയാസൂത്രണ പ്രസ്ഥാനം വഴി സ്വന്തം ഗ്രാമത്തിന്റെ ഇല്ലായ്മകളും, വല്ലായ്മകളും, ഏറ്റുവാങ്ങി ഗ്രാമത്തിലെ വന്ദ്യ വയോധികരിലുറങ്ങിക്കിടന്ന ചരിത്രം പൊടി തട്ടിയെടുത്ത് തയ്യാറാക്കിയതാണീ ശിൽപം.


ഈ ശില്പനിർമ്മാണത്തിൽ അത്യുൽസാഹത്തോടെയും ആകാംക്ഷയോടെയും പങ്കെടുത്ത ഓരോരുത്തരെയും ഇവിടെ നന്ദിയോടെ സ്മരിക്കുകയാണ്. കൊടുമ്പ് ഗ്രാമത്തിന്റെ പ്രശ്നങ്ങൾക്കും, പരിഹാരങ്ങൾക്കുമുപരി എഴുതപ്പെട്ട ഒരു ചരിത്രം എന്നതിനും ഏറെ ഊന്നൽ നൽകിയിട്ടുണ്ട്.

പൂർണ്ണമായും കുറ്റമറ്റതാണീ റിപ്പോർട്ട് എന്നവകാശപ്പെടുന്നില്ല. കിട്ടിയ സമയത്തിനുള്ളിൽ ഏറെ ശ്രമിച്ചിട്ടുണ്ട്. സ്ഥിതിവിവരക്കണക്കുകൾ വേണ്ടത്ര ലഭിക്കാത്തത് ഉള്ളടക്കത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. പദ്ധതികളുടെ ചരിത്രത്തിൽ കേട്ടു കേൾവിപോലുമില്ലാത്ത ഈ പുത്തൻ കാൽവയ്പിനും വിമർശനങ്ങളും, സഹകരണമില്ലായ്മയും, പതിവു സർക്കാർ പദ്ധതി എന്ന ഓമനപ്പേരും ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്. സ്വന്തം നാടിനോടുള്ള കടമ നിർവ്വഹിക്കാൻ ലഭിച്ച ഈ സുവർണ്ണാവസരം പരമാവധി വിനിയോഗിക്കാൻ എല്ലാവരും ശ്രമിച്ചോ എന്നതും ഓരോരുത്തരും സ്വയം വിമർശനവിധേയമാക്കട്ടെ-ഈ റിപ്പോർട്ടിൽ ക്രോഡീകരിച്ച കൊടുമ്പ് ഗ്രാമത്തിന്റെ മുഴുവൻപ്രശ്നങ്ങൾക്കും ഒമ്പതാം പദ്ധതിക്കാലത്ത് പരിഹാരം കാണാൻ സാധ്യമല്ല എന്നറിയാമല്ലൊ ? കൊടുമ്പ് ഗ്രാമത്തിന്റെ വിവിധ മേഖലയിലെ പ്രശ്നങ്ങളും പരാധീനതകളും ഒരു ചട്ടക്കൂടിലാക്കാൻ കഴിഞ്ഞു എന്നതും നേട്ടംതന്നെയാണ്. ആവശ്യങ്ങളുടെ പട്ടികയിൽ മുൻഗണനാക്രമമനുസരിച്ച് ചിട്ടയായ പ്രവർത്തനത്തിലൂടെ ലക്ഷ്യത്തിലെത്താനുള്ള പ്രയാണം. അതാണ് ലക്ഷ്യം. ജാതി-മത, കക്ഷി-രാഷ്ട്രീയ പരിഗണനകൾക്കതീതമായ് കൊടുമ്പ് ജനതയുടെ മൊത്തം ക്ഷേമത്തിനും ഐശ്വര്യത്തിനും പ്രവർത്തിക്കാൻ നമുക്കുകഴിയണം. അതിന് ഈ സംരംഭം-ജനകീയാസൂത്രണ പ്രസ്ഥാനം-ഒരളവുവരെ ഹേതുഭവിച്ചിട്ടുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു.

ഈ ശില്പനിർമ്മാണത്തിന് രാവുകളെ പകലാക്കി കഷ്ടപ്പെട്ടവർ ഏറെയില്ല. എന്നാലൊ ആത്മാർത്ഥമായി സഹകരിച്ച ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നാട്ടുകാരും ഏറെയാണ് ആരുടെയും പേരുകൾ എടുത്തു പറയുന്നില്ല. ഓരോരുത്തരോടുമുള്ള നന്ദി വാക്കുകൾക്കതീതമാണ്.

ഏറെ അഭിമാനത്തോടെയും, അതിലേറെ ആവേശത്തോടെയും സർവ്വോപരി ആത്മവിശ്വാസത്തോടെയും ഈ റിപ്പോർട്ട് തുറന്ന ചർച്ചക്കും, ക്രിയാത്മക വിമർശനത്തിനും സമർപ്പിക്കുന്നു.

സ്നേഹാഭിവാദനങ്ങളോടെ
പി.പി.കിട്ട
പ്രസിഡണ്ട്
കൊടുമ്പ് ഗ്രാമ പഞ്ചായത്ത്



*ഉണരുണരൂ.....തുയിലുണരൂ.....*
*ഗ്രാമഹൃദന്തം.....തുയിലുണരൂ.....*


---

**പേജ് 19–ലെ ചിത്രം:**

തിരുവാലത്തൂർ രണ്ടുമൂർത്തിക്ഷേത്രച്ചുവരിൽ,
മലയാളഭാഷാപ്പിറവിക്കു മുമ്പ് നിലവിലിരുന്ന കോലെഴുത്ത് ലിപിയിലെ ശിലാലേഖം.

" ശ്രീധരാമൃതകർദ്ദന്തി
സുരേശ്വരാനുശയോത്ഭവ:
വഹ്നിസന്തപ്തപുരം ദേവ്യാ:
യഥാപൂർവ്വം അകാരയത് "

( പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ടതും ശ്രീശങ്കരാചാര്യ ശിഷ്യനായ
സുരേശ്വരാചാര്യനാൽ നിർമ്മിക്കപ്പെട്ടതുമായ
ഈ ദേവീക്ഷേത്രം അഗ്നിബാധക്കിരയായി.
അത് പൂർവ്വരൂപത്തിൽത്തന്നെ പുനർനിർമ്മിച്ചിരിക്കുന്നു.)



സ്വാതന്ത്ര്യം അടിത്തട്ടിൽ
നിന്നാരംഭിക്കണം. അങ്ങനെ
ഓരോ ഗ്രാമവും പൂർണ്ണമായ
അധികാരങ്ങളുള്ള ഓരോ
റിപ്പബ്ലിക്കോ പഞ്ചായത്തോ
ആകും

ഗാന്ധിജി.



SINCERE OFFSET, PALAKKAD. Ph: 530164, 539032, 520176